ഒൻപതാം പദ്ധതി
ഇനകീയ പദ്ധതി



വിളയൂർ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട് 1996



1970 ലെ കർഷകസമരത്തിൽ പങ്കെടുത്തവർ



പഞ്ചായത്ത് തല പരിശീലനം ഒരു ദൃശ്യം

ഉള്ളടക്കം

ആമുഖം

പൊതുവിവരണം

സാമൂഹ്യ സാംസ്കാരിക ചരിത്രം

ഭൂപ്രകൃതിയും വിഭവങ്ങളും

1. കൃഷിയും, ജലസേചനവും
2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
3. വിദ്യാഭ്യാസം
4. കുടിവെള്ളവും, പൊതുജനാരോഗ്യവും
5. വ്യവസായം
6. ഗതാഗതവും, ഊർജ്ജവും
7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണമേഖല
11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം
13. അനുബന്ധം
14. വികസനറിപ്പോർട്ട് തയ്യാറാക്കിയവർ.

ആമുഖം

പുതിയ നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തിൽ പ്രബുദ്ധമായ കേരളം ഒരു നൂതന മാതൃക രൂപപ്പെടുത്തുന്ന ശ്രമത്തിലാണല്ലോ. ഭരണഘടനാ ഭേദഗതിയോടെ കൈവന്ന പുത്തൻ സാഹചര്യം ഏറ്റവും ഗുണപരമായി പ്രയോഗത്തിലെത്തിക്കുക എന്ന ദൗത്യമാണ് ഈ യുഗസന്ധ്യയിൽ കേരള മൊട്ടാകെ നെയ്തെടുക്കുന്ന പുതിയ പാത മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നു വിഭിന്നമായി ഒട്ടേറെ സവിശേഷതകൾ നിലനിൽക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. സർവ്വരാജ്യം. പ്രകീർത്തിക്കപ്പെടുന്ന "കേരള മോഡൽ വികസനം" ഇന്ന് പ്രതിസന്ധികളുടെ നീർച്ചുഴിയിലാണ്. ഈ പ്രതിസന്ധിയെ തരണം ചെയ്യാനുള്ള സാമൂഹികാന്വേഷണത്തിന്റെ ഒരു ചെറിയ ഭാഗമാണീ റിപ്പോർട്ട്.

കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളും നടന്നു കഴിഞ്ഞത് കേന്ദ്രീകൃതമായാണ്. ആദ്യം കേന്ദ്രത്തിലും പിന്നീട് സംസ്ഥാനത്തിലും തീരുമാനിച്ചത്. വിവിധ വകുപ്പുകളിലൂടെ നടപ്പാക്കുകയായിരുന്നു അവക്കെല്ലാം പ്രാദേശിക വിഭവങ്ങളൊ, സാദ്ധ്യതകളോ, മുൻഗണനാക്രമങ്ങൊളൊന്നും ഒന്നും തന്നെ പരിഗണിക്കാത്തത് കൊണ്ട് തന്നെ പദ്ധതികൾ പലതും ലക്ഷ്യം നേടിയില്ല. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തികച്ചും ജനകീയ ഇടപെടൽ അന്യമാവുകയും യാന്ത്രികമാവുകയും ചെയ്തു.


കേരളമിന്ന് അതിരൂക്ഷമായ മുരടിപ്പിന്റെ പിടിയിലാണ്. കാർഷിക, ഉൽപാദന മേഖലകളിലെ തകർച്ച, വ്യവസായ മേഖലകളിലെ സ്തംഭനാവസ്ഥ തൊഴിൽ മണ്ഡലത്തിലെ അസ്വസ്ഥകൾ. സർവ്വോപരി സേവനരംഗങ്ങളിലെ നിലവാരത്തകർച്ച ഇവയൊക്കെ തന്നെ നമ്മളകപ്പെട്ട പ്രതിസന്ധിയുടെ സൂചകങ്ങളാണ്. പ്രശ്നങ്ങളുടെ പരിഹാരം കണ്ടെത്തുകയെന്നത് ദേശീയവും പ്രാദേശികവുമായ അനിവാര്യതയായിമാറുന്നു. ഈ അനിവാര്യതയിൽ നിന്നാണ് ജനകീയ പദ്ധതി രൂപംകൊള്ളുന്നത്. ആസൂത്രണത്തിലും നിർവഹണത്തിലും സമഗ്രതയും വികേന്ദ്രീകരണവും ആത്മാർത്ഥയും ജനപങ്കാളിത്വവും പുലർത്തുന്ന ജനകീയ വികസന പദ്ധതിയാണിത്. അധികാരവികേന്ദ്രീകരണത്തോടൊപ്പം പദ്ധതി വിഹിതത്തിന്റെ 40%ത്തോളം വരുന്ന ഫണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ അനുവദിക്കാൻ സംസ്ഥാന സർക്കാരും, പ്ലാനിങ്ങ് ബോർഡും തീരുമാനിച്ചിരിക്കുകയാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളെ വികസനത്തിന്റെ കണ്ണികളാക്കിമാറ്റിക്കൊണ്ട് ഒരു പുത്തൻ വികസന സംസ്കാരം രൂപപ്പെടുത്താൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം. ഈ പശ്ചാതലത്തിൽ സംസ്ഥാനത്താകെ രൂപപ്പെടുന്ന ജനകീയാസൂത്രണ പ്രക്രിയ വിളയൂർ പഞ്ചായത്തും തുടക്കം കുറിച്ചു.

വിളയൂർ ഗ്രാമ പഞ്ചായത്തിന്റെ 30.8.96ന് ബോർഡുയോഗത്തിൽ വെച്ച് ജില്ലാതല പരിശീലന ക്യാമ്പാലിക്കേ് D.R.P. മാരായി ആറ് (6) പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ സംഘടിപ്പിച്ച ക്യാമ്പിൽ 5 പേർ സംബന്ധിച്ചു-തുടർന്നു പ്രാദേശിക പരിശീലന ക്യാമ്പ് സംഘടിപ്പിക്കാനുള്ള ശ്രമമാരംഭിച്ചു. പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ, സാമൂഹ്യ സാംസ്കാരിക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ വിപുല മായ യോഗത്തിൽ വെച്ച് സ്വാഗത സംഘം രൂപീകരിച്ചു. 21.9.96 ന് വിളയൂർ ജി.എം.യു.പി. സ്കൂളിൽ പ്രാദേശിക പരിശീലന ക്യാമ്പ് നടന്നു. 114 പുരുഷന്മാരും 22 സ്ത്രീകളും ക്യാമ്പം ഗങ്ങളായി. ഇവരിൽ 8 വാർഡുമെമ്പർമാർ DRP മാർ 13 ഉദ്യോഗസ്ഥർ എന്നിവരും ഉൾപ്പെ ടുന്നു. പ്രാദേശിക പരിശീലന ക്യാമ്പിന്റെ സമാപനത്തിൽ കലാപരിപാടികൾ അരങ്ങേറി തുടർന്ന് ഗ്രാമസഭകൾക്ക് പരമാവധി പ്രചരണം നൽകാനുള്ള ശ്രമങ്ങൾ നടന്നു. ഗ്രാമിക പഞ്ചായത്തു തലത്തിൽ 9 വാർഡുകളിലും സ്വീകരണങ്ങൾ സംഘടിപ്പിച്ചുകൊണ്ടുള്ള വിക സന പദയാത്ര 21-9-96 ന് നടത്തി. വിവിധ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്ത കർ വികസനം പദയാത്രയുമായി ബന്ധപ്പെട്ടത് ഗ്രാമസഭകളിൽ നിഴലിച്ചുകണ്ടു. സ്കൂൾ വിദ്യാർത്ഥികൾക്കായി ഗ്രാമസഭ ക്വിസ് പഞ്ചായത്തിലെ 10 വിദ്യാലയങ്ങളിലും നടന്നു. ഗ്രാമസഭയിൽ പങ്കാളികളാവുനുള്ള സന്ദേശമടങ്ങുന്ന ബാഡ്ജുകൾ ധരിച്ച് വിദ്യാർത്ഥികൾ ഇതിന്റെ സന്ദേശവാഹകരായി. വിവിധ സ്കൂൾ അസംബ്ലികളിൽ കൂടിയും പ്രചരണം നട ത്തി. ചില വാർഡുകളിൽ ഗ്രാമസഭകളുടെ വിജയത്തിനായി മൈക്ക് പ്രചരണവും നടത്തി. 1996 സെപ്റ്റംബർ 21 മുതൽ വിശേഷാൽ ഗ്രാമസഭകൾ ചേർന്നു തുടങ്ങി. ഒൻപതു ഗ്രാമസ ഭകളിലായി 1318പേർ കൂടിയിരുന്നു. 1064 പുരുഷന്മാർ, 254 സ്ത്രീകൾ) ഏറ്റവും കൂടുതൽ പങ്കെടുത്തത് 7-ാം വാർഡിലും കുറവ് 3-ാം വാർഡിലുമായിരുന്നു. ഗ്രാമപഞ്ചായത്തു പ്രസിഡ ണ്ടടക്കം മെമ്പർമാർ, 95 ഉദ്യോഗസ്ഥർ, മൂന്ന് ബ്ലോക്ക് പഞ്ചായത്തു മെമ്പർ എന്നിവർ ഗ്രാമസഭകളിൽ പങ്കാളികളായി. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസനത്തെ സംബ ന്ധിച്ച് സജീവമായ ചർച്ച നടന്നു.

DRP മാരായി രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തിൽ 10 പേർ പങ്കെടുത്തു. 5.11.96ന് വിളയൂർ ജി.എം. യു.പി സ്കൂളിൽ പ്രാദേശിക വികസന ശിൽപശാല സംഘടിപ്പിച്ചു. ശിൽപശാലയിൽ 82 പേർ സന്നിഹിതരായി. പഞ്ചായത്ത് വികസന റിപ്പോർട്ട് രൂപപ്പെടു ത്താനുള്ള തയ്യാറെടുപ്പോടെ ശിൽപശാല സമാപിച്ചു. വിവിധ സബ്ബ് കമ്മിറ്റികളിലൂടെ ഒരാഴ്ചക്കാലം വിവരശേഖരണം നടത്തി. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ നെടുകെയും കുറുകെയും നടന്നുള്ള വസ്തുതാ ശേഖരണം നടത്തി. രണ്ടു സംഘത്തിലായി

29 പേർ (19 പു. + 10 സ്ത്രീ) സജീവമായി പങ്കെടുത്തു. ഒന്നാം സംഘം കണ്ടേങ്കാവ് കൊള്ളിത്തോടിൽനിന്ന് യാത്രതിരിച്ചപ്പോൾ രണ്ടാം സംഘം കരിങ്ങനാട് കൊഴിഞ്ഞപ്പറമ്പിൽ നിന്നും പര്യടനം തുടങ്ങി. 9 മണിമുതൽ 6 മണിവരെ നടന്ന ശേഷം പഠന റിപ്പോർട്ടും, വിശകലന റിപ്പോർട്ടും തയ്യാറാക്കി. അടുത്തപടിയായി അദിമുഖങ്ങൾ, നാടൻപാട്ടുകൾ, വിവിധ വിവരണങ്ങൾ എന്നിവ ശേഖരിച്ച് കുറിപ്പുകൾ എഴുതിയുണ്ടാക്കി. വിവിധ വിഷയ സംഘങ്ങൾ 8-11-96 മുതൽ കൂടിയിരുന്നു. പേരടിയൂർ ACPLS ലും, വിളയൂർ G.M.U.P.S ലും പഞ്ചായത്ത് കോൺഫ്രൻസ് ഹാളിലുമായി നിരവധി തവണ ചർച്ചകൾ നടന്നു വികസന റിപ്പോർട്ട് തയ്യാറാക്കൽ എഴുത്ത് എഡിറ്റിംഗ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് 23 യോഗങ്ങൾ നടന്നു.

ജനപങ്കാളിത്തത്തോടെയുള്ള സന്നദ്ധപ്രവർത്തനത്തിലൂടെയാണ് ഇതെല്ലാം നടത്തിയത്. സാക്ഷരതാ പ്രവർത്തനത്തിൽ നാം കണ്ട ജനകീയ സംഘബലം വീണ്ടും ഉണർത്തിയെടുക്കേണ്ട ശ്രമകരമായ ദൗത്യമാണ് ഇന്നു നമ്മുടെ മുന്നിലുള്ളത്. പരിമിതികൾ ഏറെയുണ്ട് ബൃഹത്തും മഹത്വവുമായ കർമ്മപാതയാണിത്. നിറഞ്ഞ ആത്മാർത്ഥതയും തുടിക്കുന്ന ക്രിയാശേഷിയും സഹവർത്തിത്വവുംആവശ്യവുമാണ്. കഴിഞ്ഞകാല അനുഭവങ്ങൾ, സാക്ഷരത, ആയൂർവ്വേദ ആശുപത്രി, പഞ്ചായത്തു കളിസ്ഥലം, സാംസ്കാരിക നിലയം, ഒടുവിൽ തടയണ ആവേശത്തിന്റെയും അനുഭവത്തിന്റെയും പ്രകാശിത രൂപങ്ങൾ മുന്നിലുണ്ട്. അവയിൽ നിന്നും നിറഞ്ഞ ശുഭപ്രതീക്ഷ നമുക്കു വെച്ചുപുലർത്താം.



സമത്വം
സുന്ദരം

പൊതുവിവരണം

വിളയൂർ ഒറ്റനോട്ടത്തിൽ

പഞ്ചായത്തിന്റെ പേര്	:	വിളയൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	വിളയൂർ
ബ്ലോക് ഡിവിഷൻ	:	വിളയൂർ, കുലുക്കല്ലൂർ, തിരുവേഗപ്പുറ.
ജില്ലാ ഡിവിഷൻ	:	തിരുവേഗപ്പുറ
അസംബ്ലി നിയോജക മണ്ഡലം	:	പട്ടാമ്പി
പാർളിമെന്റ് നിയോജക മണ്ഡലം	:	ഒറ്റപ്പാലം
ബ്ലോക്ക് പഞ്ചായത്ത്	:	പട്ടാമ്പി
താലൂക്ക്	:	ഒറ്റപ്പാലം
ജില്ല	:	പാലക്കാട്
വിസ്തീർണ്ണം	:	17.78 ച.കി.മീ.

അതിരുകൾ

വടക്ക്	-	കുന്തിപ്പുഴ
തെക്ക്	-	കൊപ്പം, തിരുവേഗപ്പുറ, പഞ്ചായത്തുകൾ
കിഴക്ക്	-	കുലക്കല്ലൂർ പഞ്ചായത്ത്
പടിഞ്ഞാറ്	-	കുന്തിപ്പുഴ, തിരുവേഗപ്പുറ പഞ്ചായത്തുകൾ


ജനസംഖ്യ 1991 സെൻസസ്

പുരുഷന്മാർ	-	8543
സ്ത്രീകൾ	-	9330

പ്രസിഡണ്ട്	-	കെ. കൃഷ്ണൻകുട്ടി
വൈസ് പ്രസിഡണ്ട്	-	വി. റംലത്ത്

സ്റ്റാൻറിംഗ് കമ്മറ്റി

ചെയർമാൻ	-	എം.കെ. ലീല
മെമ്പർമാർ	-	സി.പി. രാജൻ, കെ.വി. ഹംസ.



വിളയൂർ പഞ്ചായത്ത് ഭരണചരിത്രം

1962 വർഷത്തിലാണ് ഈ പഞ്ചായത്ത് നിലവിൽ വന്നത്. അതിന്ന് ശേഷം നടന്ന ആദ്യത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് 1963ൽ നടത്തപ്പെടുകയും ശ്രീ. എൻ.പി. വാസുദേവമേനോൻ പ്രഥമ പ്രസിഡണ്ടായി ഭരണ സമിതി നിലവിൽ വരികയും ചെയ്തു. തുടർന്ന് 1979ൽ നടന്ന രണ്ടാമത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കെ.കൃഷ്ണൻകുട്ടി പ്രസിഡണ്ടായും, സി.കുഞ്ഞുണ്ണി വൈസ് പ്രസിഡണ്ടായും 1988ൽ നടത്തപ്പെട്ട 3-ാമത്തെ തിരഞ്ഞെടുപ്പിൽ കെ.കൃഷ്ണൻകുട്ടി പ്രസിഡണ്ടും എസ്. ശങ്കരനുണ്ണി നമ്പ്യാർ വൈസ് പ്രസിഡണ്ട് ആയും ഉള്ള ഭരണ സമിതികൾ നിലവിൽ വന്നു.

1995 വരെ പഞ്ചായത്ത് ജനസംഖ്യാനുപാതികമായി 8 വാർഡുകളായി വിഭജിക്കപ്പെട്ടിരുന്നു. 1995ൽ വാർഡുകൾ പുനർവിഭജിച്ച് 9 വാർഡുകളായി വർദ്ധിപ്പിച്ചു. 1995 സെപ്തംബർ മാസത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ കെ. കൃഷ്ണൻകുട്ടി പ്രസിഡണ്ടും വി. റംലത്ത് വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. ആ ഭരണ സമിതിയാണ് ഇപ്പോൾ ഭരണം നടത്തി കൊണ്ടിരിക്കുന്നത്.

പഞ്ചായത്തിൽ ആകെ ഒരു ഹൈസ്കൂളും ഒരു യു.പി. സ്കൂളും, എട്ട് എൽ.പി. സ്കൂളുകളുമായി 10 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളുകളിൽ 3402 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നുണ്ട്. അദ്ധ്യാപകരായി ആകെ 118 പേർ ജോലി ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 16 അംഗനവാടികളിലായി ആകെ 480 കുട്ടികൾ പഠിക്കുന്നുണ്ട്.

ആരോഗ്യ പരിപാലരംഗത്ത് ഒരു ഗവ. ആയുർവ്വേദ ഡിസ്പൻസറിയും, 4 അലോപ്പതി സബ്സെന്ററുകളും, 1 മൃഗാശുപത്രിയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വില്ലേജ് ഓഫീസ് 1 കൃഷിഭവൻ 1 രജിസ്റ്റർ ഓഫീസ് 1 പഞ്ചായത്ത് ഓഫീസ്, VEO ഓഫീസ് 1. പോസ്റ്റാഫീസ് 3. നാഷ്ണലൈസ്ഡ് ബാങ്ക് 1. എന്നീ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. സഹകരണ മേഖലയിൽ ഒരു ബാങ്കിന്റെ ശാഖ ഈ പഞ്ചായത്തിലെ കൂരാച്ചിപ്പടി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്.

1963 മുതൽ 1995 വരെയുള്ള കാലത്തെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

വർഷം	പ്രസിഡണ്ട്	വൈസ് പ്രസിഡണ്ട്	അംഗങ്ങൾ
1963-79	N.P. വാസുദേവമേനോൻ	M.P. രാമൻകുട്ടി എഴുത്തശ്ശൻ	V.T. വിരാലി K.P. മൊയ്തുട്ടിഹാജി V.P. കുഞ്ഞിമൊയ്തീൻ ഹാജി T. ഗോപിനാഥമേനോൻ K. കാളി N. ദേവിനാഥൻ
1979 മുതൽ	K കൃഷ്ണൻകുട്ടി	C. കുഞ്ഞുണ്ണി	C.P. മുഹമ്മദ് M.P. രാമൻകുട്ടി എഴുത്തശ്ശൻ അമ്മുകുട്ടി അമ്മ ടീച്ചർ V.K. കോയാമ്മു C.P. അയ്യപ്പൻ
1988 മുതൽ	K കൃഷ്ണൻകുട്ടി	P ശങ്കരനുണ്ണി നമ്പ്യാർ	T.B. നബീസ P. കുഞ്ഞാൻ V. അഹമ്മദ് കുഞ്ഞി M. തിത്തുട്ടി V.P. കുഞ്ഞിമൊയ്തീൻ ഹാജി A. സുകുമാരൻ മാസ്റ്റർ


നിലവിലുള്ള ഭരണ സമിതി



ശ്രീ. കെ. കൃഷ്ണൻകുട്ടി
പ്രസിഡണ്ട്



ശ്രീമതി. വി. രാധത്ത്
വൈസ് പ്രസിഡണ്ട്



ശ്രീ. സി.പി. മുഹമ്മദ്
മെമ്പർ



ശ്രീ. പി.എം. കൃഷ്ണൻ നമ്പൂതിരി
മെമ്പർ



ശ്രീ. കെ.വി. ഹംസ
മെമ്പർ



ശ്രീമതി. റ്റി. പാത്തുമ്മ
മെമ്പർ




ശ്രീ. വി.പി. കുഞ്ഞുമൊയ്തീൻ ഹാജി
മെമ്പർ



ശ്രീ. സി.പി. രാജൻ
മെമ്പർ



ശ്രീമതി. എം.കെ. ലീല
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



സാമൂഹ്യസാംസ്കാരിക ചരിത്രം

കേരള സംസ്ഥാന രൂപീകരണത്തിനു മുമ്പ് പഴയ മദിരാശി സംസ്ഥാനത്തിന്റെ മലബാറിൽപ്പെട്ട വള്ളുവനാട് താലൂക്കിന്റെ ഭാഗമായിരുന്നു വിളയൂർ. ഒരു വള്ളുവനാടൻ ഗ്രാമത്തിന്റെ മുഴുവൻ നിറവുകളും ചൂടി നിൽക്കുന്ന ഈ ഗ്രാമത്തിന് എങ്ങിനെ ഈ പേർ ലഭിച്ചു എന്നതിന് കൃത്യമായ വിവരങ്ങളൊന്നും ലഭ്യമല്ല. പുഴയുടെ സാമീപ്യമുള്ളതുകൊണ്ട് ഈ നാമം ഉണ്ടായി എന്ന് പൊതുഭാഷ്യം. വിളയൂരിന്റെ തന്നെ കൊച്ചു കൊച്ചു പ്രദേശങ്ങളുടെ പേരിനു പിന്നിൽ ഭാവനാത്മകങ്ങളായ കഥകളുടെ നിഴലടിപ്പുകൾ കാണാവുന്നതാണ്. കുപ്പകുന്ന് കുപ്പൂത്തായതും, അമ്മച്ചിക്കണ്ടവും അമ്മച്ചിക്കല്ലും കരിങ്ങനാടും ഒക്കെ ഉദാഹരണങ്ങളാണ്.

ഭൂപ്രദേശങ്ങളത്രയും സാമൂതിരി കോവിലകം, ദേവസ്വം ബ്രഹ്മസ്വം, മനകൾ, എന്നിവരുടെ അധീനതയിൽ കേന്ദ്രീകരിച്ചിരുന്നു. രായിരനെല്ലൂർ, പുലാശ്ശേരി, വിളയൂർ എന്നീ മൂന്നു അംശങ്ങളും പുലാശ്ശേരി, കരിങ്ങനാട്, വിളയൂർ, വേരിയൂർ, എടപ്പലം രായിരനെല്ലൂർ എന്നീ 6 (ആറ്) ദേശങ്ങളിലുമായി കിടന്നിരുന്നുവെന്ന് റവന്യൂ സെറ്റിൽമെന്റ് രേഖകൾ പറയുന്നു. 1962 നു ശേഷം വിളയൂർ അംശവും കരിങ്ങനാട് പേരടിയൂർ, വിളയൂർ, എടപ്പലം എന്നീ ദേശങ്ങളുമായി നില നിൽക്കുന്നു.

മറ്റേതൊരു വള്ളുവനാടൻ ഗ്രാമം പോലെ തന്നെ ഇവിടേയും ക്ഷേത്രങ്ങളും മറ്റ് ആരാധനാലയങ്ങളും നിറഞ്ഞു നിൽക്കുന്നു. ആചാരങ്ങളിലും, ആഘോഷങ്ങളിലും നിർവൃതി കണ്ടെത്തുന്ന ഒരു ഗ്രാമീണ മനസ്സ് ഇന്നും നഷ്ടമായിട്ടില്ല. ആഘോഷങ്ങളുടെ പിന്നിലും ആചാരങ്ങളുടെ പിന്നിലും ഐതിഹ്യങ്ങളും പഴങ്കഥകളും കെട്ടുപിണഞ്ഞു കിടക്കുന്നു. നല്ല വിളവുണ്ടാകാനും, കൃഷി ഭൂമിയിൽ വന്യമൃഗങ്ങൾ ഇറങ്ങാതിരിക്കുവാനുമായി വിചിത്രമായ ഒരാചാരം നമ്മുടെ പഞ്ചായത്തിൽ നില നിന്നിരുന്നു. ഹരിജൻ വിഭാഗത്തിൽപ്പെട്ട ആളുകൾ കളിമൺ നായക്കോലങ്ങളെ കുടിയിരുത്തുന്ന വഴിപാട് നടത്തിയിരുന്നതിന് തെളിവുകളുണ്ട്. ചളംബ്രയിലെ മാളം കോട്ടയിൽ കാണുന്നതായ രൂപങ്ങൾ ഇതിന്റെ അവശിഷ്ടങ്ങളാണ്. നോമ്പ് നോറ്റ് കൊട്ടിയാടിയിരുന്ന കൂടാന്മാരെ കള്ളാടികൾ

എന്നു വിളിച്ചിരുന്നു. നായ പ്രതിമകളെ ഉണ്ടാക്കിയിരുന്നത് ആന്ധ്രാ നായന്മാരായിരുന്നു.

പന്തീർകുലത്തിലെ ഭ്രാന്തന്റെ ഐതീഹ്യവുമായി നമ്മുടെ ഗ്രാമം ബന്ധപ്പെട്ടു കിടക്കുന്നു. നാറാണത്തു ഭ്രാന്തൻ കല്ലുരുട്ടികയറ്റിയ മലയും ദേവീ ദർശനം ലഭിച്ചെന്നു പറയുന്ന മലയും വിളയൂരിന്റെ മണ്ണിലും കൂടി വ്യാപിച്ചു കിടക്കുന്നു. നാറാണാത്തു ഭ്രാന്തന്റെ പിൻമുറക്കാരെ നമുക്ക് ഇന്നുമിവിടെ കണ്ടെത്താനാകും. പ്രസിദ്ധമായ ചെറുമുക്കു മനയും നമ്മുടെ ഗ്രാമത്തിലാണ്. പ്രസ്തുത മനയിലെ വല്ലഭൻ സോമയാജിപ്പാടും അദ്ദേഹത്തിനുമുമ്പുള്ള തലമുറയും വൈദിക കാലഘട്ടത്തിൽ നടത്തിയിരുന്ന യാഗങ്ങൾക്ക് കാർഷികത്വം വഹിച്ചിരുന്നു. 1975ൽ പാഞ്ഞാളിൽ നടന്ന അതിരാത്രത്തിലും എറണാകുളത്തു നടന്ന പുത്രകാമേഷ്ടി യാഗത്തിലും ഇവർ പ്രമുഖ പങ്ക് വഹിച്ചിരുന്നു.

ഹിന്ദുക്കളും, മുസ്ലീകളും ഇടതിങ്ങി പാർക്കുന്ന ഈ ഉൾനാടൻ ഗ്രാമ വിശുദ്ധിയിൽ പറയത്തക്ക അസ്വസ്ഥതകളൊന്നു് ഇതുവരെ ഉണ്ടായിട്ടില്ല. അമ്പലങ്ങളുടെ ഉത്സവത്തിനും പള്ളികളുടെ നേർച്ചകൾക്കും സമസ്ത ജനവിഭാഗങ്ങളും സഹിഷ്ണുതാപരമായ സഹവർത്തിത്വം നില നിർത്തുന്നു.

സാമൂഹ്യതിന്മകളുടെ കൊടിയേറ്റം മറ്റു കേരളീയ ഗ്രാമത്തിലെ പോലെ തന്നെ ഇവിടേയും ദൃശ്യമാണ്. വേഷത്തിൽ, ഭാഷയിൽ, ജീവിരീതിയിൽ തുടങ്ങി എല്ലാ തുറകളിലും വേർതിരിവ് പ്രകടമായിരുന്നു. സാമൂഹ്യ മതിലുകളുടെ കെട്ടിൽപ്പെട്ട് ചതഞ്ഞരഞ്ഞ ഗ്രാമ മുഖമാണ് പിന്നിലേക്കു നടന്നാൽ നമ്മളെ എതിരേൽക്കുക. ചൊവ്വയും, ഗുളികനും, ചുടല ഭദ്രകാളിയും, മറുതലകളും, കരിംകുട്ടിയും, പറക്കുട്ടിയും, ഗന്ധർവ്വൻമാരും, തിമിർത്തു തിറയാട്ടം നടത്തിയ ഗ്രാമഭൂമി ഇന്നു പോലും നേരിയ അനുരണനം സൃഷ്ടിക്കുന്നു. സാക്ഷരതാ പ്രവർത്തനത്തിലും മറ്റു ജനകീയ മുന്നേറ്റങ്ങളിലും ആശാവഹമായ നിലപാടുള്ളപ്പോഴാണ് നമ്മളെ ഒട്ടാകെ നിരാശയിലാഴ്ത്തിയ "ഒടിയൻ സംഭവം" അരങ്ങേറിയത്. വിളയൂരിന്റെ സാംസ്കാരിക മനസാക്ഷിയെ വേദനിപ്പിക്കുന്ന ഓർമക്കുറിപ്പായി പ്രസ്തുത വിഷയം.

ജന്മികുടിയാൻ ബന്ധത്തിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യ അടിത്തറ തന്നെയാണ് ഈ നനഞ്ഞ മണ്ണിലും നിലനിന്നിരുന്നത്. കുടിയന്മാരെ പോലെ തന്നെ തൊഴിലാളികളുടെ സ്ഥിതിയും ഏറെ പരിതാപകരമായിരുന്നു. തമ്പ്രാന്റെ പോത്തു ചത്താൽപോലും മാറത്തടിച്ചു കരഞ്ഞു കാണിക്കേണ്ട ഗതികേടുണ്ടായിരുന്നു കാർഷിക തൊഴിലാളി പിന്മുറയെ ഇന്നും കാണാം.

അക്കാലത്ത് ജീവിക്കാനുള്ള ഏക മാർഗ്ഗം കൃഷിയും അതുമായി ബന്ധപ്പെട്ടതൊഴിലുകളുമായിരുന്നു കാർഷിക വൃത്തി കൂടാതെ നാമമാത്രമായ കച്ചവടവും നടത്തിയിരുന്നു. കൃഷിയിൽതന്നെ പ്രധാന്യം നെല്ലുൽപാദനത്തിനും അല്പം സ്വല്പം തെങ്ങും, കവുങ്ങും, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങളും, ഉണ്ടായിരുന്നു. കാർഷിക വിഭവങ്ങൾ ജലഗതാഗതം വഴി പൊന്നാനിയിൽ എത്തിക്കുകയും അവിടെനിന്ന് നമുക്കാവശ്യമുള്ള പല സാധനങ്ങളും ഇങ്ങോട്ട്

കൊണ്ടുവരികയും ചെയ്തിരുന്നു. കരിങ്ങനാട്, കൈപ്പുറം, അങ്ങാടിപ്പുറം തുടങ്ങിയ ചന്തകളിൽ നിന്ന് തലച്ചുമടായും കാളവണ്ടികളിലും സാധനങ്ങൾ എത്തിച്ച് ചെറുകച്ചവടക്കാർ വിൽപന നടത്തുകയും ചെയ്തിരുന്നു.

കാർഷിക മേഖലയിൽ പാട്ടകുടിയാന്മാർ ദുരിതമനുഭവിക്കുന്നവരായിരുന്നു. അവരുണ്ടാക്കുന്ന വിളവിൽ നിന്നും ജന്മിതൊട്ട് ദൈവത്തിനു വരെ നിരവധി വിഭാഗക്കാർക്ക് വീതം വെച്ച് നൽകേണ്ടിയിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റേയും നവോത്ഥാനത്തിന്റേയും അലയൊലികൾ വിളയൂരിന്റെ മനസ്സിലും പ്രകടമാകാതിരുന്നില്ല. 1933ൽ ഗാന്ധിജി പട്ടാമ്പിയിലെത്തിയതോടെ ഒരു പുത്തനുണർവ്വ് ഈ പ്രദേശവും ഏറ്റുവാങ്ങി. ഗാന്ധിജിയെ കാണാൻ പോയ ശ്രീ. എൻ. ശങ്കരമേനോൻ ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്. ശ്രീ ആക്കതടത്തിൽ മാധവമേനോൻ, ശ്രീ പരമനെഴുത്തുശ്ശൻ, ജനാബ്, പി.സി. കലന്തർ, കെ.പി. ആലി കെ.പി. അറവാൻകുട്ടി ഹാജി, കെ.പി. മൊയ്തീൻ കുട്ടി ഹാജി എന്നിവരൊക്കെ ഏറിയും കുറഞ്ഞും ദേശീയ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചവരായിരുന്നു. 1933ൽ കോൺഗ്രസ്സ് അദ്ധ്യക്ഷൻ ഡോ. രാജേന്ദ്രപ്രസാദ് ചുണ്ടമ്പറ്റയിൽ വന്നിരുന്നു. ഡോ. രാജേന്ദ്രപ്രസാദിനെ കാണാൻ പോയതിന്റെ പേരിൽ സ്കൂൾ വിദ്യാഭ്യാസം നിർത്തേണ്ടി വന്നയാളാണ് ശ്രീ. കുട്ടികൃഷ്ണൻ നായർ. ഇന്നത്തെ പുലാമന്തോൾ പഞ്ചായത്തിൽ നിന്നും ചെറുകാട്, കെ.പി. രാമൻമാസ്റ്റർ, ആർ.പി. എന്നറിയപ്പെടുന്ന രാഘവ പിഷാരടി, സി.രാമൻ കുട്ടിനായർ തുടങ്ങിയവരും ദേശീയ പ്രസ്ഥാനത്തിലെ സമുന്നതരായ ഇ.എം.എസ്സ്. ഇ.പി. ഗോപാലൻ തുടങ്ങിയവരുടെയും പ്രവർത്തനവും നേതൃത്വവും ഈ പുഴയോര ഗ്രാമത്തിൽ ആവേശമുണർത്തിയിട്ടുണ്ട്.

വിളയൂർ സെന്ററിൽ നിന്നും ഏതാനും വാര അകലത്തിൽ സ്ഥിതിചെയ്യുന്ന ബംഗ്ലാവ് കുന്ന് വൈദേശിക ആധിപത്യത്തിന്റെ ഓർമക്കുറിപ്പാണ് സായിപ്പന്മാർ യാത്രാ മദ്ധ്യേ ഇവിടം തങ്ങിയിരുന്നുവെന്നും നാട്ടിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിച്ചിരുന്നുവെന്നും പറയപ്പെടുന്നു. പുലാമന്തോൾ പാലവും ബ്രിട്ടീഷുകാരുടെ ഓർമ്മ നിലനിർത്തുന്നു. സമീപ പ്രദേശങ്ങളിൽ ഒന്നും അക്കാലത്ത് റോഡുണ്ടായിരുന്നില്ല. 1924ൽ ഉൽഘാടനം ചെയ്യപ്പെട്ട പാലം ഇന്നത്തെ മലപ്പുറം ജില്ലയുമായി വിളയൂരിനെ ബന്ധിപ്പിച്ചു. അക്കാലത്തു പട്ടാള ക്യാമ്പിലെ ആവശ്യത്തിന് തൂതപ്പുഴയിൽ നിന്നും കൊപ്പത്തേക്ക് വെള്ളം പമ്പുചെയ്തിരുന്നു. വിളയൂരിലെ പഴക്കം ചെന്ന സ്ഥാപനങ്ങളിലൊന്നായ വിളയൂർ സബ്ബ് റജിസ്റ്റർ ആഫീസ് ദേശിയ സമര സ്മരണയും ബ്രിട്ടീഷ് സ്മരണയും ഒപ്പം നിലനിർത്തുന്നു. മലബാർ ലഹള കാലത്ത് പ്രസ്തുത ആഫീസ് തീവെച്ചു നശിപ്പിക്കപ്പെട്ടു. 1919ൽ ലാണ് ഇതു സ്ഥാപിച്ചത്.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം പോലും ജാതി വ്യവസ്ഥ ഇവിടെ നിലനിന്നിരുന്നു. താഴ്ന്ന വിഭാഗത്തിൽപ്പെട്ടവർ മാറു മറച്ചതിന് പിഴ ഒടുക്കിയ വാർത്തകൾ കാരണവന്മാർ പറഞ്ഞു കേൾക്കുന്നു. ക്ഷേത്ര പ്രവേശന നിരോ

ധനം നിലവിലില്ലാതിരുന്നിട്ടുകൂടി എല്ലാവർക്കും അമ്പലത്തിൽ കയറാൻ അനുവാദമുണ്ടായിരുന്നില്ല. 1973ൽ ആണ് താഴ്ന്ന ജാതിക്കാർ കളരിക്കൽ ക്ഷേത്രത്തിൽ ആദ്യമായി പ്രവേശിച്ചത്. അതും ക്ഷേത്രോത്സവത്തോടനുബന്ധിച്ച്.

വിളയൂരിന്റെ പുരോഗമനപാത രൂപപ്പെടുന്നത് തൊള്ളായിരത്തി എഴുപതിനു ശേഷമാണ്. അതിനുമുമ്പ് ഭൂപരിഷ്കരണ നിയമം വന്നിട്ടുപോലും കർഷകർ ഏറെ കഷ്ടതകനുഭവിച്ചിരുന്നു. ലോക മഹായുദ്ധങ്ങളുടെ കെടുതി ഭക്ഷണക്ഷാമം, വെള്ളപൊക്കദുരിതങ്ങൾ തുടങ്ങി നമ്മളനുഭവിച്ച ദുരിതങ്ങൾക്ക് വ്യാപ്തി ഏറെയാണ്.

1960ൽ ആരംഭിച്ച പാട്ടക്കുടിയാന്മാരുടെ ഭൂമിക്കുവേണ്ടിയുള്ള ആവേശം, ഒരു ജനകീയ കർഷക പ്രസ്ഥാനമായി രൂപം കൊണ്ടു. 1960 കളിൽ അവധി പാട്ടക്കുടിയാന്മാർ ഒഴിപ്പിക്കലിനും, ഭീഷണിക്കും വശം വദരായി.

1970 മെയ് 3 ന് ഭൂമി ഒഴിപ്പിക്കിലിന് എതിരായുള്ള കൃഷിക്കാരുടെ ചെറുത്തു നിൽപിൽ സൈതാലിക്കുട്ടി എന്ന ഒരു ദരിദ്ര മുസ്ലീം കർഷകൻ രക്തസാക്ഷിയായി. ഈ സംഭവം വിളയൂരിൽ പിന്നീടുണ്ടാകുമായിരന്നു ഒഴിപ്പിക്കലിന് അന്ത്യം കുറിച്ചുവെന്ന് പറയാം.

ആദ്യകാലങ്ങളിൽ നായന്മാരുടെ ഇടയിൽ മരുമക്കത്തായ സമ്പ്രദായമാണ് ഇവിടേയും നിലിവിലുണ്ടായിരുന്നത്. നാട്ടു ചികിത്സാ രീതികളും നാട്ടുവൈദ്യന്മാരും ഇവിടെയും നിലവിലുണ്ടായിരുന്നു. ഇന്നും കഴിവുള്ള നാട്ടുവൈദ്യന്മാർ ഇവിടെയുണ്ട്.


1962ൽ നമ്മുടെ പഞ്ചായത്ത് നിലവിൽ വന്നു. 1963ൽ പ്രഥമ തിരഞ്ഞെടുപ്പും നടന്നു. ജില്ലയുടെ ഏറ്റവും അറ്റത്തായത് കാരണം വികസനത്തിൽ നാം വളരെ പിന്നിലാണ്. ജില്ലാ തിർത്ഥിയായ ഇവിടെ നിന്നും ജില്ലാ ആസ്ഥാനത്തേക്ക് 70ൽ കി.മീ. അധികം ദൂരമുണ്ട്. കാലാകാലങ്ങളിലെ വികസനത്തിനൊപ്പമെത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. സമീപകാലത്തായി നാം സന്നദ്ധപ്രവർത്തനങ്ങളിലൂടെ ഒട്ടേറെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. പഞ്ചായത്ത് റോഡ്നിർമ്മിതിയിൽ ഗുണഭോക്താക്കളുടെ സജീവപങ്കാളിത്തം ഉറപ്പിക്കാൻ നാം യത്നിച്ചിട്ടുണ്ട്. കേരളമാകെ തൊട്ടുണർത്തിയ സാക്ഷരതാ പ്രവർത്തവത്തിൽ വിളയൂർ ഗ്രാമപഞ്ചായത്തും പരമാവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. സർവ്വെയിലൂടെ കണ്ടെത്തിയ നിരക്ഷരരെ സാക്ഷരരാക്കുന്നതിനും മറ്റു ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും നാം ഒത്തൊരുമിച്ചു നടന്നുകയറി.

പഞ്ചായത്തിന്റെ കളിസ്ഥലം രൂപപ്പെടുത്തുന്നതിനും സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനും സന്നദ്ധപ്രവർത്തനം തന്നെയാണ് നമ്മുടെ മുന്നിലുണ്ടായത്. പട്ടാമ്പി കോളേജിലെ N.S.S യൂണിറ്റ്, സാക്ഷരതാ സമിതി, വിളയൂരിലെ വികസനസേന തുടങ്ങിയവരുടെ ശ്രമഫലമായി ആയിരക്കണക്കിനു രൂപയുടെ അസ്ഥാനമൂല്യം സ്വരൂപിക്കാനായി. പഞ്ചായത്തിലെ ആയൂർവ്വേദ ഡിസ്പെൻസറിയും ഇത്തരത്തിൽ രൂപപ്പെടുത്തിയതാണ്.

സമീപകാലത്തായി 1995ൽ തൂതപ്പുഴയിൽ നാം തീർത്ത തടയണ മാതൃകാപരമായ പ്രവർത്തനമാണ്. രണ്ടു ദിവസങ്ങളിലായി 800ൽ അധികം ആളുകൾ കൈമെയ് മറന്ന് നാടിന്റെ വികസന

പാതയിൽ പുതുരൂപം തീർത്തത് വിളയൂരിന്റെ സാമൂഹ്യ, സാംസ്കാരിക മനസ്സ് എക്കാലവും ഓർമ്മിക്കുക തന്നെ ചെയ്യും. വിശേഷാൽ ഗ്രാമ സഭകളിൽ നിന്നുമായി ഒട്ടനേകം സന്നദ്ധ പ്രവർത്തനങ്ങൾ വാർഡുകളിൽ രൂപപ്പെട്ടുവരുന്നുണ്ട്.

മറ്റു ഗ്രാമ പ്രദേശങ്ങളെപ്പോലെത്തന്നെ നമ്മുടെ പ്രദേശത്തും നിരവധി രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക പ്രസ്ഥാനങ്ങൾ നിലവിലുണ്ട്. സി.പി.ഐ., സി.പി.എം., കോൺഗ്രസ്സ് (എസ്സ്), മുസ്ലീംലീഗ്, ബി.ജെ.പി. ഐ.എൻ.എൽ. തുടങ്ങിയ രാഷ്ട്രീയ പാർട്ടികൾ ഏറിയും കുറഞ്ഞും ഇവിടെ പ്രവർത്തിക്കുന്നു. വികസന രംഗത്ത് പ്രവർത്തിക്കുന്ന അഭയം, ശാസ്ത്ര പ്രചരണരംഗത്ത് പ്രവർത്തിക്കുന്ന ശാസ്ത്രസാഹിത്യപരിഷത്ത്, ഗ്രാമിക, നവശക്തി, തനിമ, 7-ാം വാർഡ് പൗരസമിതി തുടങ്ങി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകൾ സജീവസാന്നിദ്ധ്യം പ്രകടമാക്കുന്നു.



ഭൂപ്രകൃതിയും വിഭവങ്ങളും

ഭാരതപ്പുഴയുടെ ഒരു പോഷകനദിയായ കുന്തിപ്പുഴയുടെ തീരത്ത് മലപ്പുറം ജില്ലയോട് അടുത്ത് കിടക്കുന്ന ഒരു പഞ്ചായത്താണ് വിളയൂർ. പാലക്കാട് ജില്ലയുടെ വടക്ക്പടിഞ്ഞാറ് ഭാഗത്താണ് ഇത് സ്ഥിതിചെയ്യുന്നത്. കുന്തിപ്പുഴ പാലക്കാട് മലപ്പുറം ജില്ലകളുടെ അതിർത്തിയിലൂടെ ഒഴുകുന്നു. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് കുന്തിപുഴയും, അതിനോട് ചേർന്ന്കിടക്കുന്ന മലപ്പുറം ജില്ലയുടെ പുലാമന്തോൾ, മൂർക്കനാട് എന്നീ പഞ്ചായത്തുകളുമാണ്. കിഴക്കുഭാഗത്ത് കുലുക്കല്ലൂർ പഞ്ചായത്തും തെക്കുഭാഗത്ത് കൊപ്പം, തിരുവേഗപ്പുറം പഞ്ചായത്തുകളുംമാണ് സ്ഥിതിചെയ്യുന്നത്.

1924ൽ പൂർത്തിയായ വിളയൂരിനും, പുലാമന്തോളിനും ഇടക്ക് കുന്തിപ്പുഴക്കുവിലങ്ങനെ നിർമ്മിച്ച പാലമാണ് പാലക്കാട്, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പുക്കുന്നത്. ഈ പാലം സമീപപ്രദേശങ്ങളിലെ ഏറ്റവും ഉയരം കൂടിയ പാലമാണ്.

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ ചളമ്പറക്കുന്ന് പ്രകൃതിരമണീയമാണ്. അവിടെ മയിലുകളെ കാണപ്പെടുന്നുണ്ട്. റബ്ബറാണ് ഇവിടുത്തെ മുഖ്യവിള.

നിമ്നോന്നതയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 50 മീറ്ററിനു താഴെ50 മീറ്ററിനും, 60 മീറ്ററിനും ഇടയിൽ, 60 മീറ്ററിനു മുകളിൽ എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. കുന്നിൻ പ്രദേശങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

(ആവലംബം റവന്യൂ രേഖകൾ, പഠനപര്യടനം)

വിളയൂർ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 17.78 ച കി.മീറ്ററാണ്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ നാലായി തരംതിരിക്കാം.

1. പുഴയോരപ്രദേശം
2. സമതല പ്രദേശം
3. ചെരിവു പ്രദേശം
4. കുന്നിൻ പ്രദേശം

ഈ പഞ്ചായത്തിന്റെ 6 കി. മീറ്ററോളം ഭാഗം കുന്തിപ്പുഴയുടെ തീരപ്രദേശമാണ്. ഇവിടെ ഫലഭൂയിഷ്ഠമായ പശിമരാശിമണ്ണാണ് കാണപ്പെടുന്നത്. ഇത് പഞ്ചായത്തിന്റെ മൊത്തം പ്രദേശത്തിന്റെ 15% ത്തോളം വരും. 30%ത്തോളം വരുന്ന പ്രദേശത്ത് നെൽകൃഷിക്കനുയോജ്യമായ മണ്ണ് കാണപ്പെടുന്നു. ബാക്കിവരുന്ന 50%ത്തോളം പ്രദേശത്ത് വെട്ടുകല്ലും, Claterate. 5% പ്രദേശത്ത് പാറയും കാണപ്പെടുന്നു.

ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ വിളയൂർ പഞ്ചായത്തിന്റെ കൃഷിയിടങ്ങളിൽ ജലലഭ്യതയനുസരിച്ച് തേയിലയൊഴികെ കേരളത്തിലെ മറ്റെല്ലാ കൃഷികൾക്കും അനുയോജ്യമായ മണ്ണാ ണ് ഉള്ളത്. കൃഷിഭവൻ രേഖ പഞ്ചായത്ത് വടക്ക്പടിഞ്ഞാറോട്ട് ചെരിഞ്ഞാണ് കിടക്കുന്നത്. അതുകൊണ്ട് നീരൊഴുക്ക് വടക്ക്പടിഞ്ഞാറോട്ടായി കാണപ്പെടുന്നു. പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ എല്ലാം വടക്കുപടിഞ്ഞാറോട്ടൊഴുകി കുന്തിപ്പുഴയിൽ ചെന്നുചേരുന്നു. പഞ്ചായത്തിലെ വെള്ളത്തിന്റെ85%വും കുന്തിപ്പുഴയിൽലാണ് ചെന്നുചേരുന്നത്.

പട്ടിക 1

പഞ്ചായത്തിലെ പ്രധാന കുന്നുകളും ഉയർന്ന പ്രദേശങ്ങളും

	കുന്നിന്റെ പേര്	വാർഡ് നമ്പർ
1.	പൂക്കാടംകുന്ന്	I
2.	മഞ്ചേരിക്കുന്ന്	II
3.	വലിയാട് കുന്ന്	II
4.	നെല്ലിക്കുന്ന്	II
5.	ബംഗ്ലാവിൻ കുന്ന്	III
6.	പുത്തൂർകുന്ന്	III
7.	മാട്ടായൻ കുന്ന് (ചോലപ്പാറ)	IV
8.	ചളമ്പ്രക്കുന്ന് (ഏറ്റവും ഉയരം കൂടിയത്)	IX
9.	ഭൂതത്താൻ കോട്ട	V
10.	പനമ്പറ്റകുന്ന്	V
11.	പുവ്വാനിക്കുന്ന്	V
12.	ആലുംകുന്ന് (ഓട്ടുപാറ)	V
13.	വേങ്ങക്കാട് കുന്ന്	IX
14.	വരെക്കുന്ന്	VII
15.	കോട്ടേകുന്ന് & കൊടവൻകുന്ന്	VII
16.	മുള്ളംമടക്കുന്ന്	VII
17.	മാങ്കുറ്റിക്കുന്ന് (നായാടികുന്ന്)	VIII
18.	ചലാംകുന്ന്	VIII
19.	അമ്പാടിക്കുന്ന്	VIII
20.	മലപ്പുറം കുന്ന്	VIII
21.	മയിലാടിക്കുന്ന്	VIII
22.	കളപ്പറക്കുന്ന്	III
23.	പെരുമ്പാലിക്കുന്ന്	VI
24.	ചെവിടൻകുന്ന്	IX

നമ്മുടെ പഞ്ചായത്ത് കാർഷികമേഖലയിൽ സെന്ട്രൽ മിഡ്ലാന്റ് സോൺ വിഭാഗത്തിൽപെട്ടതാണ്. (Land Resources of Kerala എന്ന പുസ്തകം അവലംബം) അതുകൊണ്ടുതന്നെ നെല്ല്, തെങ്ങ്, കവുങ്ങ് തുടങ്ങിയവയാണ് പ്രധാന വിളകൾ.

കാലാവസ്ഥ

നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം 2329 മില്ലി മീറ്റർ മഴ ലഭിക്കുന്നുണ്ട്. പ്രതിമാസതോത് 19.4 സെ. മി. ആണ്. ശരാശരി അന്തരീക്ഷ ഊഷ്മാവ് 27.4° ആകുന്നു ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സാമാന്യം നല്ല മഴയും ഒക്ടോബർ, നവംബർ മാസങ്ങളിൽ ഭാഗികമായും മഴലഭിക്കുന്നു. ഡിസംബർ, ജനുവരി മാസങ്ങളിൽ തണുപ്പുകാലവും, ഫെബ്രുവരി മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അതികഠിനമായ ചൂടും അനുഭവപ്പെടാറുണ്ട്.

ജലലഭ്യത

പഞ്ചായത്തിനെ കുളിരണിയിച്ചുകൊണ്ട് കുന്തിപ്പുഴ വടക്കുപടിഞ്ഞാറ് ഭാഗത്തുകൂടി ഒഴുകുന്നു. പഞ്ചായത്തിലെ എല്ലാതോടുകളും വടക്കുപടിഞ്ഞാറോട്ടൊഴുകി കുന്തിപ്പുഴയിൽ ചെന്ന് ചേരുന്നു. ഇതിൽ പ്രധാനപ്പെട്ട തോടുകൾ കയനിപ്പാലം തോട്, മഞ്ചേരിതോട്, മൂതിക്കൽതോട്, പേരടിയൂർ ചിറക്കൽ തോട്, എടമനത്തോട്, മുച്ചാർ തോട് എന്നിവയാണ്.

തോടുകളുടെയും, കുളങ്ങളുടെയും വിശദ വിവരങ്ങളടങ്ങിയ പട്ടിക ജലസേചനം എന്ന അദ്ധ്യായത്തിൽ കൊടുത്തത് നോക്കുക.

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശത്തും ഉള്ള കിണറുകളിൽ നിന്നാണ് ശുദ്ധജലം ലഭിക്കുന്നത്. എങ്കിലും ചിലപ്രദേശങ്ങളിൽ രൂക്ഷമായി ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ആണ് ഇത് രൂക്ഷം. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടതാണ്. കുന്നിൻപ്രദേശങ്ങളും, ചെരിവുകളും പാറയുമുള്ള പ്രദേശങ്ങളിലാണ് സാധാരണയായി ജലക്ഷാമം കണ്ടു വരുന്നത്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചില പ്രത്യേക പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. കുന്തിപ്പുഴയിൽ നിന്ന് പൈപ്പ് വഴി ലഭിക്കുന്ന ശുദ്ധജലവും ഇതിന് പരിഹാരമാകുന്നില്ല.

മഴക്കാലത്ത് പുഴവെള്ളം കയറിനിൽക്കുന്ന പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. എടപ്പലം, ആലിക്കപ്പള്ളിയാൽ, പേരടിയൂർ കളരിക്കൽ, കോപ്പാടം, കരിങ്ങനാട് എന്നീ പ്രദേശങ്ങളിലുള്ളപാടശേഖരങ്ങളിൽ ദിവസങ്ങളോളം പുഴവെള്ളം കെട്ടി നിന്ന് നെൽകൃഷി നശിക്കാറുണ്ട്.

മണ്ണ്

ജില്ലയിലെ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്ത് താഴ്ന്നപ്രദേശമാണ്. കുന്നിൻ പ്രദേശങ്ങളിൽ വെട്ടുകല്ലും, സമതലപ്രദേശങ്ങളിൽ പശിമയുള്ള മണ്ണും, ചരൽമണ്ണും കാണപ്പെടുന്നു. പാടങ്ങളിലും, താഴ്ന്നപ്രദേശങ്ങളിലും ഇഴുക്കമുള്ള മണൽകലർന്ന ചരൽമണ്ണാണുള്ളത്. മണ്ണിന്റെ PH മൂല്യം 4.8 ആണ്.

ഭൂവിനിയോഗം

കൃഷിഭവൻ രേഖ പ്രകാരം പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ ഏകദേശം 1054.55 ഹെക്ടർ കൃഷിഭൂമിയും, 599.3 ഹെക്ടർ കാർഷികേതര ഭൂമിയും 106.25 തരിശുഭൂമിയും ആണ്. കൃഷി ഭൂമിയിൽ 312 ഹെക്ടർ നെൽകൃഷിയും ബാക്കി തെങ്ങ്, കവുങ്ങ്, റബ്ബർ മുതലായ നാണ്യവിളകളുമാണ്. മണ്ണിന്റെ PH മൂല്യം 4.8 ആണ് അമ്ല ഗുണമുള്ള വെട്ടുകൽ മണ്ണിൽ കുമ്മായത്തിന്റെ ആവശ്യം കൂടുതലാണ്. പൊതുവെ വളക്കൂറ് കുറവുള്ള ഈ മണ്ണിൽ ജൈവളത്തിനോടൊപ്പം ആവശ്യത്തിന് രാസവളങ്ങളും ഉപയോഗിക്കേണ്ടതാണ്. എന്നാൽ അശാസ്ത്രീയമായ രാസവള പ്രയോഗം മണ്ണിന്റെ ഘടനയെ ആകെ താറുമാറാക്കുന്നു. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലായ് മാസത്തിലാണ്. ഏകദേശം 638 mm മുതൽ 686 mm വരെ മഴ ലഭിക്കുന്നു.

പട്ടിക - 2 മഴ ലഭ്യത

മാസം	ജനു.	ഫിബ്രു.	മാർ.	ഏപ്രി.	മെ.	ജൂൺ	ജൂലാ.	ആഗ.	സെ.	ഒക്.	നവ.	ഡിസം.
ലഭ്യ.മഴ.	8	9	27	87	161	477	683	349	165	249	136	28

പട്ടിക - 3 താപനില

മാസം	ജനു.	ഫിബ്രു.	മാർ.	ഏപ്രി.	മെ.	ജൂൺ	ജൂലാ.	ആഗ.	സെ.	ഒക്.	നവ.	ഡിസം.
May OL Min	32.9	35.1	37.3	348	34.2	29.2	28.1	29.2	31.1	31.9	30.9	30.9
	22	22.9	23.5	23.9	24.2	22.5	22.4	22.1	22.5	22.9	21.7	

ജൈവ സമ്പത്ത്

നെല്ല്, തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക്, വാഴ, കശുമാവ്, പച്ചക്കറികൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കൃഷികൾ. പ്ലാവ്, മാവ്, പുളി, നെല്ലി, കടച്ചക്ക തുടങ്ങിയ ഫലവൃക്ഷങ്ങളും പഞ്ചായത്തിൽ മിക്കവാറും സ്ഥലങ്ങളിലുണ്ട്. വ്യാപകമായ മരംവെട്ടൽമൂലം മരങ്ങളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.. ചളമ്പറക്കുന്നിന് സമീപം വിശാലമായ പുൽപ്രദേശം ശ്രദ്ധയിൽപെട്ടു. ആടുവളർത്തൽകേന്ദ്രത്തിന് പറ്റിയ സ്ഥലമാണ്. V ാം വാർഡിലെ കണ്ടേങ്കാവിൽ ഇന്ത്യൻ ലൈലാക്ക് എന്ന ഒരു അപൂർവ്വ മരമുണ്ട്.

പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ ആട്, പോത്ത്, പശു എന്നിവയാണ്. കാള, കോഴി, മുയൽ എന്നിവയേയും അപൂർവ്വമായി വളർത്തുന്നുണ്ട്. കാടിന്റെ വിസ്തൃതി കുറഞ്ഞതോടെ മുമ്പുണ്ടായിരുന്ന വളർത്തുമൃഗങ്ങളായ മുയൽ, മുള്ളൻപന്നി എന്നീ മൃഗങ്ങൾ ഏറെക്കുറെ ഇല്ലാതായിരിക്കുന്നു. കുന്തിപ്പുഴതീരത്തുള്ള കവുങ്ങിൻ തോട്ടങ്ങളിൽ പാറ്റാട, വെരുക്, പനവെരുക് എന്നിവയെ കാണപ്പെടുന്നുണ്ട്. ചളമ്പറക്കു സമീപവും, പഞ്ചായത്തിന്റെ ചാല ഒഴിഞ്ഞ പ്രദേശങ്ങളിലും കുറുക്കൻമാരെ കണ്ടുവരുന്നു. കീരി, ചമ്മലക്കോഴി, കാട എന്നിവയെ ചിലപ്രദേശങ്ങളിൽ കണ്ടുവരുന്നു. പഞ്ചായത്തിലെ ജൈവസമ്പത്തിനെക്കുറിച്ച് ഇനിയും പഠിക്കേണ്ടതാണ്.

മനുഷ്യവിഭവം

1991ലെ സെൻസസ് കണക്കുപ്രകാരം വിളയൂരിലെ ജനസംഖ്യ 17873 ആയിരുന്നു. ഇതിൽ 8543 പുരുഷന്മാരും 9330 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ. ആകെ വീടുകൾ 2927 ആയിരുന്നു. ശരാശരി വീടൊന്നിന് 610 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിൽ ആയിരുന്നു. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 3098 ആണ്. ഇതിൽ ആൺകുട്ടികൾ 1589ഉം പെൺകുട്ടികൾ 1509ഉം ആണ്. പട്ടികജാതി ജനസംഖ്യ 2038 ആണ്. അതിൽ 986 പുരുഷൻമാരും 1052 സ്ത്രീകളുമാണ്.

പട്ടിക 4

വിളയൂർ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ
(കൃഷിഭവൻ രേഖ)
ഭൂവിനിയോഗം

ആകെ ഭൂമി	1165.08 ഹെക്ടർ
കൃഷി ഭൂമി	1054.55 ഹെക്ടർ
കാർഷികേതരം	599.03 ഹെക്ടർ
തരിശുഭൂമി	106.25 ഹെക്ടർ
നെൽകൃഷി	312 ഹെക്ടർ

പട്ടിക 2 ഭൂമി സംബന്ധിച്ച വിവരങ്ങൾ (കൃഷിഭവൻ രേഖ)

ഇനം	വിസ്തീർണ്ണം
നിലം	312 ഹെക്ടർ
പുരയിടം	142.55 ഹെക്ടർ
പുറംപോക്ക്	5 ഹെക്ടർ
കൃഷിയോഗ്യ തരിശ്ശ്	80.83 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്ശ്	25.42 ഹെക്ടർ
ആകെ	1165.8 ഹെക്ടർ

1990ലെ സാക്ഷരതായജ്ഞത്തിനുവേണ്ടി നടത്തിയ സർവ്വെ പ്രകാരം 2713 നിരക്ഷരരാണ് പഞ്ചായത്തിലുണ്ടായിരുന്നത്. ഇതിൽ 52% പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.

വിദ്യാഭ്യാസരംഗത്ത് പാലക്കാട് ജില്ലയിൽ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് വിളയൂർ അതിന് ഒരു കാരണം പഞ്ചായത്തിൽ 1995 വരെ ഹൈസ്കൂൾ ഉണ്ടായിരുന്നില്ല എന്നുള്ളതാണ്. വിദ്യാഭ്യാസം നേടുന്നതിൽ മുമ്പത്തേക്കാൾ എണ്ണം കൂടുന്നുണ്ട് എങ്കിലും പഠനനിലവാരത്തിൽ പിന്നോക്കമാണ്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്

അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വ്യാപകമായാലെ ഇതിനൊരു അറുതി വരുത്താനാവുകയുള്ളു.

മുൻപ് ജനങ്ങളുടെ പ്രധാന ജീവിതോപാധിയായിരുന്ന കാർഷികരംഗം ലാഭകരമല്ല.

11

കൃഷിയും, ജലസേചനവും



കുന്തിപ്പുഴയുടെ തലോടലേറ്റ് കിടക്കുന്ന പ്രകൃതി രമണീയമായ ഒരുൾനാടൻ കാർഷിക ഗ്രാമമാണ് വിളയൂർ. കുന്നുകളും, കുന്നിൽചെരിവുകളും, സമതലങ്ങളും, കുന്തിപ്പുഴയുടെ തീരപ്രദേശങ്ങളും അടങ്ങിയതാണ് ഇവിടത്തെ ഭൂപ്രകൃതി. ഈ ഗ്രാമപഞ്ചായത്തിലെ 80% ആളുകളും കൃഷി ഒരു പ്രധാന വരുമാനമാക്കി സ്വീകരിച്ച് ജീവിക്കുന്ന നാമമാത്ര കർഷകരാണ്. ഉൽപാദനച്ചെലവിലുണ്ടായ വർദ്ധനവ്, കുറഞ്ഞ വിളവെടുപ്പ് ഉൽപാദനങ്ങളുടെ വിലയിടിവ്, വിവിധതരം രോഗങ്ങൾ, തുണ്ടവൽ കരിക്കപ്പെട്ട കൃഷി ഭൂമി ജലസേചന സൗകര്യക്കുറവ് അറിവും പരിചയവുമുള്ള തൊഴിലാളികളുടെ അഭാവം അദ്ധ്വാനിക്കുന്ന കൃഷിക്കാരനുള്ള താൽപര്യക്കുറവ് എന്നീ കാരണങ്ങളാൽ കാർഷിക രംഗം മുരടിപ്പിനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു.

ആദ്യകാലങ്ങളിൽ കൃഷിഭൂമികൾ മുഴുവനും ബ്രഹ്മസ്വം, ദേവസ്വം, കോവിലകങ്ങൾ എന്നീ വിഭാഗങ്ങളുടെ ജന്മ സ്വത്തായിരുന്നു. നിത്യവൃത്തിക്കുവേണ്ടി രാപകലില്ലാതെ മണ്ണിനോട് മല്ലിട്ടുകൊണ്ട് കഴിഞ്ഞിരുന്ന കുടിയാന്മാരുടെ ജീവിതം നരക തുല്യമായിരുന്നു. വെറും പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്തിരുന്ന കർഷകരുടെ സ്ഥിതിയും ഇതിൽ നിന്ന് മറിച്ചായിരുന്നില്ല. കൃഷിയെ മാത്രം അവലംബിച്ചു ജീവിതം നയിച്ചിരുന്ന അക്കാലത്ത് കൃഷി ഭൂമി ഏതു സമയത്തും ഒഴിപ്പിച്ചെടുക്കുന്ന സ്ഥിതിവിശേഷമായിരുന്ന നിലനിന്നിരുന്നത്. അതുകൊണ്ടുതന്നെ തെങ്ങ്, കവുങ്ങ് തുടങ്ങിയ ദീർഘകാല വിളകൾ കൃഷിചെയ്യാൻ ആരും താൽപര്യപ്പെട്ടിരുന്നില്ല.

മുൻകാലങ്ങളിൽ കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിലുകളുമായിരുന്നു ജനങ്ങളുടെ ജീവിതമാർഗ്ഗം നെൽപ്പാടങ്ങൾ മുഴുവനും ഇരുപ്പു കൃഷി സ്ഥലങ്ങളായിരുന്നു. ചിലയിടങ്ങളിൽ മുന്നു വിളകളും എടുത്തിരുന്നു. അത് പൂർണ്ണായും മഴയെ ആശ്രയിച്ചായിരുന്നു കൃഷി ചെയ്തിരുന്നത്. കുളം, കിണർ, തോട് എന്നീ ജല സ്രോതസ്സുകളെ കൃഷിക്കുവേണ്ടി ഫലപ്രദമായി ഉപയോഗിച്ചിരുന്നു. അക്കാലത്തെ കൃഷി രീതി വളരെ ലളിതമായിരുന്നു. ജൈവവളങ്ങളാണ് മുഖ്യമായും ഉപയോഗിച്ചിരുന്നത്. നിലം ഉഴുതുമറിക്കാൻ പോത്തുകളെയും കാളകളെയും ആണ് ആശ്രയിച്ചിരുന്നത്. കുളം, കിണർ, തോട് എന്നിവക്കുപുറമെ മൺചിറ, പാത്തിച്ചിറ എന്നിവ കെട്ടിയുണ്ടാക്കി വെള്ളം സംഭരിച്ച് ഏത്തം, കയറ്റുകൊട്ട, വേത്ത്, പനംപോളം എന്നിവ ഉപയോഗിച്ച് തേവി കൃഷിക്ക് വെള്ളം ഉപയോഗപ്പെടുത്തിയിരുന്നു.

ആദ്യകാലത്ത് നെൽകൃഷിയ്ക്ക് ഒന്നാംവിളയിൽ (വിരിപ്പ്) ഉപയോഗിച്ചിരുന്നത് ആര്യൻ, പൊന്നാര്യൻ, വലിയ ആര്യൻ, ചെമ്പാൻ, തെക്കംചീര, പറമ്പു ചീര, ചീരാ ചെമ്പാൻ, വട്ടൻ, തവളക്കണ്ണൻ, പറമ്പുവ ട്ടൻ, കറുത്തവട്ടൻ, ചുവന്ന വട്ടൻ, തൊണ്ണൂ റാം മോടൻ, കുട്ടിമോടൻ കറുത്ത നവര, ചുവന്ന നവര, ആനക്കൊമ്പൻ, വെട്ടേരി എന്നിവയായിരുന്നു. രണ്ടാം വിളക്ക് (മുണ്ട കൻ) തെക്കൻ, വെള്ളരി വെമ്പാല, മുണ്ട കൻകുട്ടി, കുമ്പളോം, പൊക്കാളി, വെള്ളരി, ബീവി, തെക്കൻ ബീവി, ചിറ്റെനി കഴമ, ഉറു ണിയൻ കഴമ എന്നിവയാണ് കൃഷി ചെയ്തി രുന്നത്. കൂടാതെ പറമ്പുകളിൽ മോടൻ വിത ക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു. ചാമ, എള്ള്, മുതിര, ഉഴുന്ന്, രാഗി എന്നിവ പാട ത്തും, പള്ള്യാലിലും പറമ്പിൽ പൂളക്കിഴങ്ങ് ചക്കരക്കിഴങ്ങ്, തൊപ്പക്കിഴങ്ങ്, കൂർക്ക, ചേന, ചേമ്പ്, കാവത്ത്, മുളക്, വെണ്ട, വഴുതിന, അമര, കോഴ, എന്നിവയും വ്യാപ കമായി കൃഷിചെയ്തിരുന്നു.

മകരകൊയ്ത്തു കഴിഞ്ഞാൽ പച്ചക്കറി കൃഷി ചെയ്യാനാരംഭിക്കും. ഏത്തം തേവി തനച്ചാണ് പച്ചക്കറി കൃഷി ചെയ്തിരുന്ന ത്. വെള്ളരി, കുമ്പളം, ചിരങ്ങ, കയ്പ, മത്തൻ, പടവലം വെണ്ട, ചോളം മുതലായ വയായിരുന്നു പ്രധാന പച്ചക്കറി കൃഷിയിന ങ്ങൾ. ആവശ്യംകഴിഞ്ഞുള്ള പച്ചക്കറികൾ കരിങ്ങനാട്, കയ്പ്പുറം എന്നീ ആഴ്ചച്ചന്ത കളിലും, കുന്നത്തു പറമ്പിലും (പൂലാമന്തോൾ) അങ്ങാടിപുറത്തും തലച്ചുമടായിക്കൊണ്ടു പോയി വിറ്റിരുന്നു. വിളവെടുപ്പിനുശേഷം കതിർക്കുലകളും, വേനൽക്കാല പച്ചക്കറി കളായ വെള്ളരിക്ക, കുമ്പളങ്ങ, മത്തൻ എന്നിവകളും കർഷകരുടെ വീടുകളിൽ കെട്ടി ത്തൂക്കിയിരുന്ന കാഴ്ച ഏറെ ഹൃദ്യമായിരു ന്നു. പൂളക്കിഴങ്ങ് ചക്കരക്കിഴങ്ങ് എന്നിവ കച്ചവടക്കാർ വാങ്ങി കുന്തിപ്പുഴയിലൂടെ വഞ്ചിയിൽക്കയറ്റി പൊന്നാനിയിലേക്ക്കൊ ണ്ടുപോകുകയായിരുന്നു പതിവ്. വളരെയേറെ കഠിനാദ്ധ്വാനം ചെയ്തിരുന്ന അക്കാലത്ത് കർഷകത്തൊഴിലാളികളുടെ അവസ്ഥ ദയ നീയമായിരുന്നു. പഞ്ഞമാസങ്ങളിൽ പട്ടിണി യിൽ നിന്നും രക്ഷനേടാൻ പനംപൊടി, കൊട പ്പനപ്പൊടി, കൂവപ്പൊടി, താള്, തകര, കാട്ടു ചേന, ചക്ക എന്നിവ ഭക്ഷണത്തിനായി ഉപ യോഗിച്ചിരുന്നു. "പനയും, പട്ടയും പത്തുദി വസം, താളും, തകരയും പത്തുദിവസം, അങ്ങനെയും, ഇങ്ങനെം പത്തുദിവസം" എന്ന ഒരു പഴയമൊഴി പ്രസിദ്ധമായിരുന്നു. കർക്കകമാസത്തെ 30 ദിവസവും അങ്ങിനെ കഴിയുമെന്നാണ് കാരണന്മാർ പറഞ്ഞിരുന്ന ത്.

ആദ്യകാലങ്ങളിൽ നെൽപ്പാടങ്ങളിലും, കുളങ്ങൾ, തോടുകൾ, കിണറുകൾ എന്നി വിടങ്ങളിലും ധാരാളം മത്സ്യങ്ങളെ കണ്ടി രുന്നു. കണ്ടങ്ങൾ വറ്റിച്ചും, കുരുത്തിവെച്ചും, വലവീശിയും, ചൂണ്ടയിട്ടും മത്സ്യം പിടിച്ചി രുന്നു. മത്സ്യത്തിന്നുപുറമെ നെൽപ്പാടങ്ങ ളിൽ ധാരാളമായി കണ്ടുവന്നിരുന്ന ജീവി

കളായിരുന്ന ഞെണ്ട്, ഞൗഞ്ഞ് തവള എന്നിവ.

മകരകൊയ്ത്തുകാലത്ത് പാടങ്ങളിൽ രാത്രി സമയത്ത് മാടംകെട്ടി നെല്ലിന്നു കാവൽ കിടക്കുന്ന സമ്പ്രദായം അവസാനിച്ചിട്ട് അധിക കാലമായിട്ടില്ല. കഠിനാദ്ധ്വാനം ചെയ്തിട്ടും പട്ടിണി മാറ്റാൻ കഴിയാതിരുന്ന അക്കാലത്ത് കള്ളന്മാരെ പേടിച്ചായിരുന്നു രാത്രികാലങ്ങളിൽ കാവൽ കിടന്നിരുന്നത്. കൊയ്തുകഴിഞ്ഞ കണ്ടത്തിൽ കറ്റയെടുത്തതിനുശേഷം കർഷകത്തൊഴിലാളി സ്ത്രീകൾ അടിച്ചുവാരിയും എലിമട തുരന്നും നെല്ല് ശേഖരിക്കുന്ന പതിവുണ്ടായിരുന്നു.

ആദ്യകാലങ്ങളിൽ തൊഴിലാളികൾക്കു കൂലി നെല്ലായിട്ടാണ് നൽകിയിരുന്നത്. ആണിന്ന് രണ്ടുനാരായവും പെണ്ണിന് ഒരു നാരായവും ആയിരുന്നു അന്നത്തെ കൂലി കന്നുകാലികളെ നോക്കുന്നതിന് ഓരോ പൂവിലും ഓരോ പറനെല്ല് കൂലിക്കുപുറമെ കൊടുത്തിരുന്നു. പണിമേലാളായി 'പണി' ചെറുമൻ ഉണ്ടായിരുന്നു. പണിക്കാരെ വിളിച്ചുകൂട്ടുന്നത് അയാളുടെ ചുമതലയായിരുന്നു. അതിന് ഒരു പൂവ്വിൽ ഒരു പറ നെല്ല് അവകാശമായിക്കൊടുത്തിരുന്നു. ഓണത്തിന്ന് ജന്മിയുടെ വകയായി പണിക്കാർക്ക് ഒരു സദ്യ കൊടുക്കുന്ന പതിവുണ്ടായിരുന്നു. ഓണം ആഘോഷിക്കാൻ ചുരുങ്ങിയതോതിൽ നെല്ല്, തെങ്ങ, മുണ്ട് എന്നിവ നൽകിയിരുന്നു. 1960ന് ശേഷമാണ് സ്ത്രീകൾ മാറുമറക്കാൻ വ്യാപകമായി ആരംഭിക്കുന്നത്.

അന്നത്തെ പ്രധാന കാർഷികവിനോദം കാള പൂട്ടു മത്സരമായിരുന്നു. വലിയ കണ്ടങ്ങളിലും, വേനൽക്കാലത്ത് കുന്തിപ്പുഴയിലും വെച്ചാണ് മത്സരം നടത്തിയിരുന്നത് രണ്ടാം വിളയിറക്കിയശേഷം തുലാം മാസത്തിൽ പണി തീച്ച കഴിച്ചിരുന്നു. അതിന്റെ പിറ്റെദിവസം പണിക്കാർക്ക് നെല്ലുകൊടുക്കുന്ന ഒരു സമ്പ്രദായം നിലനിന്നിരുന്നു.

ഹരിത വിപ്ലവത്തിന്റെ ഭാഗമായി 1958ൽ NES ബ്ലോക്കുകൾ നിലവിൽ വന്നതിനു ശേഷമാണ് പഞ്ചായത്തിൽ സർക്കാർ കൃഷിക്കാരെ സഹായിക്കാൻ ആരംഭിക്കുന്നത്. ഗ്രാമസേവകൻ (ഇന്നത്തെ VEO) മുഖേനയാണ് സർക്കാർ ഇതു നടപ്പാക്കിയത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം ജനങ്ങളെ (കൃഷിക്കാരെ) വിളിച്ചുകൂട്ടി പുതിയ കൃഷിസമ്പ്രദായങ്ങൾ കർഷകരിലേക്കു പകർന്നുകൊടുത്തു. അന്ന് ഒരു പുതിയ വളമായി കടല പിണ്ണാക്ക് ഉപയോഗിച്ചിരുന്നു എന്നു പറയപ്പെടുന്നു. ജലസേചനത്തിനുപയോഗിച്ചിരുന്ന തോടിന്റെ വക്കുകളിൽ കയ്തവെച്ചു പിടിപ്പിച്ചിരുന്നു. ഓലമുള എന്നിവ ഉപയോഗിച്ച് ചിറകെട്ടിയാണ് കൃഷിക്ക് ജലസേചനം നടത്തിയിരുന്നത്. കൃഷി നശിപ്പിക്കുന്ന എലികളെ പിടിക്കാൻ വെട്ടുകെണി, മുളംകുറ്റി കെണി എന്നിവ ഉപയോഗിച്ചിരുന്നു. ചാഴിയെ നശിപ്പിക്കാൻ ചാഴിവലയും ഇലചുരുട്ടിപുഴുവിനെ നശിപ്പിക്കാൻ മുറവീശലും നടത്തിയിരുന്ന ചാഴിയെ വിലക്കാനുള്ള മന്ത്രവാദം നടത്തുന്നവരും ഉണ്ടായിരുന്നു.

ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടെയാണ് തെങ്ങ്, കവുങ്ങ്, എന്നിവ കൃഷിചെയാൻ ആരംഭിച്ചത്. കുന്തിപ്പുഴയുടെ തീരങ്ങളിൽ 50 വർഷങ്ങൾക്കുമുമ്പുതന്നെ അവ കൃഷി ചെയ്തുവന്നിരുന്നു. കൃഷിഭൂമി

സ്വന്തമായ കർഷകർക്ക് എഴുപതുകളിൽ പഴയ കാല കൃഷിമുറകൾ കൊണ്ടുതന്നെ മെച്ചപ്പെട്ട വിള ഉൽപാദിപ്പിക്കാൻ കഴിഞ്ഞിരുന്നുവെന്നാണ് അനുഭവസ്ഥർ പറയുന്നത്. ജൈവവളങ്ങളാണ് അന്നുപയോഗിച്ചിരുന്നത്. ഈ കാലയളവിലാണ് സ്വന്തായി ലഭിച്ച കൃഷിഭൂമി വിറ്റ് ചിലർ ഗൾഫുനാടുകളിൽ പോകാൻ ആരംഭിച്ചത് ഇത് ഒരു മാറ്റത്തിന് നാന്ദിക്കുറിക്കലായിരുന്നു. ഈ പ്രവണത വർദ്ധിച്ചതോടെ കൃഷിഭൂമിയുടെ ഉടമസ്ഥതയിലും മാറ്റത്തിന് ആരംഭം കുറിച്ചു. അതുവരെ കൃഷിചെയ്തു ജീവിച്ചിരുന്ന കുടുംബങ്ങളിലെ യുവാക്കൾ പലരും പുതിയ മേഖലകളിലേക്ക് തിരിഞ്ഞത് കാർഷിക രംഗത്തിന് ക്ഷീണമുണ്ടാക്കി.

1967-1972 വരെയും പഴയ കൃഷിരീതികൾ നില നിന്നിരുന്നുവെന്ന് പറയാം. പുതിയ കൃഷി സമ്പ്രദായം ആരംഭിച്ച എൺപതുകളിലെ പ്രാരംഭത്തിൽ നല്ല വിള കിട്ടിയിരുന്നുവെങ്കിലും, ആ സ്ഥിതി അധിക കാലം നിലനിൻത്താനായില്ല. ഈ കാലയളവിൽ നെല്ലിന് നല്ല വില കിട്ടിയിരുന്നു. അതുകൊണ്ട് കവുങ്ങ് കൃഷി മാറ്റി നെല്ല് കൃഷി ചെയ്യാൻ ആരംഭിച്ചു എന്നാൽ ഇതും ഏറെ കാലം തുടരാനായില്ല. കാർഷിക രംഗത്തെ ഈ മുരടിപ്പ് വർഷംതോറും ഏറിവരികയാണ് ചെയ്തത്. ഈ കാലഘട്ടത്തിലാണ് കവുങ്ങിൽ തോട്ടത്തിൽ ഇടവിളയായി കൊക്കൊ കൃഷി ചെയ്യാൻ ആരംഭിക്കുന്നത്. അതിന്റെ വിലയിടിവ് കാരണം അതും ക്രമേണ അപ്രത്യക്ഷമായി.

കൃഷിഭൂമി തുണ്ടവൽക്കരിക്കപ്പെട്ടതോടെ പലയിനം വിത്തുകൾ ഒരേ പ്രദേശത്ത് കൃഷിചെയ്യാൻ ആരംഭിച്ചു. ഇത് നെല്ലിന്റെ രോഗാതുരത വർദ്ധിപ്പിക്കാൻ കാരണമാക്കി. അതോടൊപ്പം രാസവളങ്ങളുടെ അശാസ്ത്രീയമായ ഉപയോഗം മണ്ണിന്റെ ഘടനക്കു മാറ്റം വരുത്തി. കൃഷിയിടങ്ങൾ നികത്തി കെട്ടിടങ്ങൾ വെക്കാൻ ആരംഭിച്ചു. പഴയകിണറുകളും, കുളങ്ങളും നികത്തപ്പെട്ടു. തോടും, നീർചാലുകളും സംരക്ഷിക്കാതെയായി. ഇതെല്ലാം നീർകെട്ടുകൾക്ക് തടസ്സമായി. സാർവ്വത്രികമായ വിദ്യാഭ്യാസത്തിന്റെ ഫലമായി മുൻപത്തെപ്പോലെ അറിവും, പരിചയവുമുള്ള കർഷകത്തൊഴിലാളികളെ കിട്ടാത്ത സ്ഥിതിവന്നു. കൂലിവർദ്ധിച്ചു അതോടുകൂടി ചിലർ കൃഷിചെയ്യാതെ സ്ഥലം തരിശ്ശിടാൻ തുടങ്ങി. കൃഷിച്ചെലവ് വർദ്ധിച്ചതിനനുസരിച്ച് ഉൽപന്നങ്ങൾക്ക് വില കിട്ടാത്ത അവസ്ഥ വന്നു. കൃഷി ആകർഷലാഭകരമല്ലാത്ത ഒരേർപ്പാടായി അധഃപതിച്ചു. ഈ രംഗത്തുണ്ടായിരുന്ന തൊഴിലാളികൾ മറ്റുമേഖലകളിലേക്ക് കൂടിയേറി. ഇതോടെ കാർഷികരംഗം മുരടിച്ചു. ഇപ്പോഴും അതു തുടർന്നുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം ഭൂഉടമകളും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമി കൈവശമുള്ള നാമമാത്ര കർഷകരാണ്. ഇത് സംബന്ധിച്ച് വിവരം താഴെകൊടുക്കുന്നു.

കൃഷിഭവൻ രേഖ പട്ടിക I

നാമമാത്ര കർഷകർ	ചെറുകിട കർഷകർ	വൻകിട കർഷകർ
(1ഹെ.താഴെ)	(1-2ഹെ.)	(2.ഹെ.മുകളിൽ)
ആകെ 2435	145	95

പഞ്ചായത്തിലെ ഇന്നത്തെ മുഖ്യവിളകൾ [കൃഷിഭവൻ രേഖ] പട്ടിക II

വിള	വിസ്തീർണ്ണം Ha	മൊത്തം ഉത്പാദനം ടൺ	ഉത്പാദന ക്ഷമത Kg/Ha
നെല്ല് 1-ാം വിള	307	872	2840.39
നെല്ല് 2-ാം വിള	309	954	3087.38
നെല്ല് 3-ാം വിള	3	6	2000
പയർ	20	16	800
എള്ള്	15	5	333
പച്ചക്കറികൾ	40	47	1.18 ടൺ/Hq
തെങ്ങ്	355	3.62 Millian Nuts	50/ ഒരു തെങ്ങിൽ നിന്നും
വാഴ	40	550	13 ടൺ/Hq
മരച്ചീനി	35	500	14.29 "
കുരുമുളക്	22	16	7.27 "
പ്ലാവ് (ചക്ക)	2	20	10 "
കശുമാവ്	65	120	1846
റബ്ബർ	150	400	2666
മാവ്	65	1000	15 ടൺ/Hq
കവുങ്ങ്	145	74.8 Millian Nuts	125 /കവുങ്ങ് ഒന്നിന്

ഉൽപ്പാദന ക്ഷമത

നെൽകൃഷിക്ക് മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ഉൽപാദന ക്ഷമത കുറവാണ്. താൽപര്യം കുറഞ്ഞതും, ശരിയായ പരിചയക്കുറവുമാണ് ഇതിന്നു കാരണം. മാത്രമല്ല കിടബാധമുഞ്ഞരോഗം എന്നിവയും വിളവിനെ സാരമായി ബാധിക്കുന്നു. ജലദൗർലഭ്യം വിവിധ തരം രോഗങ്ങൾ എന്നിവ കാരണം തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ എന്നിവയുടെ ഉൽപാദന ക്ഷമതയും കുറഞ്ഞുകൊണ്ടിരിക്കുന്നു. റബ്ബർ മാത്രമാണ് ഉൽപ്പാദനക്ഷമത കുറയാതെ നിലനിൽക്കുന്നത്.

നെൽകൃഷി

ആകെ കൃഷിഭൂമിയുടെ ഭൂരിഭാഗം പ്രദേശത്തും നെൽകൃഷിയാണ് ചെയ്യുന്നതെങ്കിലും, പാടങ്ങളും, പള്ള്യാലുകളും നികത്തി വീടുകൾ വെക്കുന്ന പ്രവണത കൂടിക്കൂടിവരുന്നു. അതിന്റെ ഫലമായി കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു. എങ്കിലും നെൽകൃഷിക്കാണ് പ്രാമുഖ്യം നൽകുന്നത് എന്നുള്ളത് നേരിയ ഒരാശ്വാസത്തിനു വകനൽകുന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളും മറ്റും ഉപയോഗിച്ച് കൃഷി ചെയ്യുന്നുണ്ടെങ്കിലും ഈ രംഗത്ത് ഉദ്ദേശിക്കുന്നത്ര പുരോഗതിയുണ്ടാകുന്നില്ല. ഇത് ഈ രംഗത്തുനിന്ന് കർഷകരെ പിൻതിരിപ്പിക്കാനിട നൽകുന്നു. ഉൽപാദന ക്ഷമതയില്ലായ്മ, രോഗബാധ, ജലദൗർല്ലഭ്യം, അറിവും പരിചയ സമ്പന്നരുമായ തൊഴിലാളികളുടെ ലഭ്യകക്കുറവ്, ഉൽപാദ

നചിലവിന്റെ ആധിക്യം എന്നിവ കാരണം നെൽ കൃഷി ഇന്ന് ആദായകരമല്ലാതായിത്തീർന്നിരിക്കുന്നു. നെൽകൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ സ്ഥിതി ഇന്ന് വളരെ ദയനീയമാണ്.

ഇപ്പോൾ പഞ്ചായത്തിൽ നെൽകൃഷിക്കുപയോഗിച്ചുവരുന്നത് കൈരളി, ആതിര, കാഞ്ചന, ജയ, IR.100, ത്രിവേണി, ജ്യോതി, ആശ, അശ്വതി, റോക്കറ്റ് എന്നീ നൂതനയിനം വിത്തുകളാണ്.

പട്ടിക 3

നെല്ല് (കൃഷിഭവൻ രേഖ)

	വിസ്തീർണ്ണം Ha	മൊത്തം ഉൽപാദനം ടൺ	ഉൽപാദനം ഹെക്ടറിൽ
1-ാം വിള	307	872	2840.39 Kg Hq
2-ാം വിള	309	954	3087.38 Kg Hq
3-ാം വിള	3	6	2000 Kg Hq

പദ്ധതിയുടെ അവലോകനം

എട്ടാം പഞ്ചവത്സരകാലത്ത് കൃഷിഭവനിലൂടെ നടപ്പിലാക്കിയതും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ ചില പദ്ധതികളെ കുറിച്ചാണ് താഴെ സൂചിപ്പിക്കുന്നത്.

1. പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതി (SCP) ഈ പദ്ധതി പ്രകാരം പട്ടികജാതിയിൽപ്പെട്ട കർഷകർക്ക് താഴെ വിവരിക്കുന്നവ സൗജന്യമായി നൽകുന്നു.

a. കിണർ കുഴിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും സാമ്പത്തിക സാഹയം.

b. തെങ്ങിൻ തൈകൾ കുരുമുളക് തൈയ്കൾ മുതലായവ നടീൽ വസ്തുക്കൾ.

c. തെങ്ങ്, കുരുമുളക് എന്നിവക്ക് വളം.

d. തെങ്ങ്, കുരുമുളക് എന്നിവ സംരക്ഷിക്കുന്നതിന് ചിലവ്.

e. കാർഷിക ഉപകരണങ്ങൾ

f. പമ്പുസെറ്റുകൾ

g. ബയോഗ്യാസ് പ്ലാന്റുകൾ

2. സമഗ്രനാളികേര വികസനം (CCDP)

സ്വന്തം പേരിൽ ചുരുങ്ങിയത് 30 സെന്റ് ഭൂമിയുള്ള തെങ്ങു കർഷകർക്ക് ഈ കൃഷിയുടെ ഉന്നമനത്തിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ നടത്തിയിരുന്നു.

a. ജലസേചന സൗകര്യത്തിനുവേണ്ടി കിണർ കുഴിക്കുന്നതിന് 2500/- രൂപ സബ്സിഡി നൽകുന്നു.

b. പമ്പുസെറ്റു സ്ഥാപിക്കുന്നതിന് 2500/- രൂപ സബ്സിഡി നൽകുന്നു.

c. കൂടാതെ കണികജലസേചനം (Drip Irrigation) തെങ്ങിൻ തോട്ടത്തിൽ നടപ്പിലാക്കുന്നതിന് കർഷകർക്ക് ആകർഷണീയമായ സബ്സിഡികൾ നൽകിവരുന്നു.

13. നെൽകൃഷി വികസനത്തിനുള്ള പ്രത്യേക പദ്ധതികൾ.

(a) നെൽകൃഷി വികസനത്തിനുള്ള പ്രത്യേക പദ്ധതി.

നെല്ലിന്റെ കലവറ എന്നറിയപ്പെടുന്ന പാലക്കാടു ജില്ലയിലുള്ള ഈ പദ്ധതിയി

ലുണ്ട് താഴെ പറയുന്നവ നടപ്പിലാക്കുന്നു.

(a) ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കിണർ കുഴിക്കുന്നതിനും, പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും മൊത്തംതുകയുടെ 50% ശതമാനമോ അല്ലെങ്കിൽ 5000/- രൂപയിൽ കവിയാത്ത തുക സബ്സിഡി നൽകുന്നു.

2. സസ്യസംരക്ഷണ മരുന്നുകൾ പകുതി വിലക്കോ അല്ലെങ്കിൽ ഹെക്ടറിന് 200 രൂപയിൽ കവിയാതെ സബ്സിഡി നൽകുന്നു.

3. പൊതുഞാറ്റടി ഉണ്ടാക്കുന്നതിന് ഹെക്ടറിന് 2000 രൂപ സബ്സിഡി നൽകുന്നു.

4. കളനാശിനികൾ, കുമ്മായം, സ്പ്രയർ എന്നിവ പകുതി വിലക്ക് നൽകുന്നു. ഈ പദ്ധതി ഇപ്പോഴും തുടരുന്നു.

b. ചെറുകിട നാമമാത്രകർഷകർക്ക് വേണ്ടി പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി.

കൃഷിയിൽ യന്ത്രവത്കരണം നടത്തുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം മെതിയന്ത്രം, കുളങ്ങൾ, കിണർ പമ്പുസെറ്റുകൾ എന്നിക്ക് സഹായം നൽകി. കൂടാതെ ഒന്നിന് 10,000 രൂപ വില വീതം മൂന്നു പവർ ടില്ലറുകൾ മാങ്കുറ്റി, ചിറക്കൽ, വള്ളിയത്ത് എന്നീ പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ തുടരുന്നില്ല.

c. ഗ്രൂപ്പ് ഫാമിങ്ങ്

പത്ത് പാടശേഖരസമിതികളിലായി മൊത്തം 312 ഹെക്ടർ നെൽകൃഷിയാണ് ഈ പഞ്ചായത്തിൽ ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി പ്രകാരം നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഈ പദ്ധതിയിലൂടെ പാടശേഖര സമിതികൾക്ക് പൊതുഞാറ്റടി തായ്യാറാക്കുന്നതിന് സബ്സിഡി നൽകുന്നു. കൂടാതെ, കുമ്മായം, കീടനാശിനികൾ സൗജന്യ നിരക്കിൽ നൽകുന്നു. ട്രാക്ടർ വാങ്ങുന്നതിന് ഈ പദ്ധതി പ്രകാരം 10,000 രൂപ സബസ്സിഡി നൽകിയിരുന്നു. (വ്യക്തികൾക്ക്) ഇപ്പോൾ ഈ പദ്ധതിയിലൂടെ ട്രക്ടർ വാങ്ങുന്നതിന് (സമിതികൾക്ക്) 88,000 രൂപയും ട്രില്ലറിന് (സമിതികൾക്ക്) 33,000 രൂപായും സബ്സിഡി നൽകുന്നു. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു.

d. നെൽക്കൃഷി വികസനത്തിനുള്ള സമഗ്ര പദ്ധതി.

ഈ പദ്ധതി പ്രകാരം നല്ലയിനം നെൽവിത്തുകൾ കളനാശിനി, കീടനാശിനി, സ്പ്രേയറുകൾ, പവർ ട്രില്ലറുകൾ എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നു. ഈ പദ്ധതിയിലൂടെ പവർ ട്രില്ലറുകൾ വാങ്ങുന്നതിന് (വ്യക്തികൾക്ക്) 12,000 രൂപ സബ്സിഡി നൽകുന്നു. 92-93 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ നിലവിൽ ഇല്ല.

e. ഉൽപാദനബോണസ് വിതരണം

ഒരു ഏക്കറിന് നൂറുരൂപ നിരക്കിൽ നെൽകൃഷി കർഷകർക്ക് ഉൽപാദന ബോണസ് രണ്ടു വിളക്കും നൽകി വരുന്നു.

4. സുഗന്ധ വ്യജ്ഞന കൃഷി വികസനത്തിനുള്ള സമഗ്ര പദ്ധതി.

ഈ പദ്ധതിയിലൂടെ കുരുമുളക്, ജാതി,

ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ ധനസഹായം നൽകുന്നു.

പുതിയ കുരുമുളക് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഉൽപാദനക്ഷമതയില്ലാത്ത കുരുമുളക് തോട്ടങ്ങൾ മാറ്റി അത്യുൽപാദനശേഷിയുള്ള പുതിയ കുരുമുളക് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും ധനസഹായം നൽകുന്നു.

ഇഞ്ചി കൃഷി വ്യാപിപ്പിക്കുന്നതിന് 25 സെന്റുകൾ വീതമുള്ള പ്ലോട്ടുകൾ ഉള്ള കർഷകരെ തെരഞ്ഞെടുക്കുകയും അവർക്ക് കൃഷിചെയ്യുവാനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.

5. തരിശുഭൂമി വികസന പദ്ധതി

ഈ പദ്ധതി പ്രകാരം തരിശു ഭൂമിയിൽ തെങ്ങിൻ തൈയ്യുകൾ വയ്ക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് സൗജന്യമായി തെങ്ങിൻ തൈകൾ നൽകുന്നു. മറ്റുള്ളവർക്ക് 50% ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

6. സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്ത് വിതരണം.

പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി ഈ പദ്ധതി പ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്ത് സൗജന്യമായി വിതരണം ചെയ്യുകയും നന്നായി കൃഷിചെയ്യുന്ന കുട്ടികൾക്ക് പ്രോൽസാഹനസമ്മാനം നൽകുകയും ചെയ്യുന്നു.

7. സ്കൂളുകളിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ

ഈ പദ്ധതി പ്രകാരം സ്കൂൾതന്നെ പച്ചക്കറി തോട്ട് ഉണ്ടാക്കുവാനുള്ള വിത്ത്, വളങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ സൗജന്യമായി നൽകുന്നു.

8. പച്ചക്കറി വികസനം മഹിള സമാജങ്ങളിലൂടെ:

രജിസ്റ്റേഡ് മഹിളാ സ്മാജങ്ങളിലേക്ക് പച്ചക്കറി വിത്ത്, വളം, കീടനാശിനി, എന്നിവ സൗജന്യ നിരക്കിൽ നൽകുകയും കൂടാതെ കീടനാശിനികൾ ഉപയോഗിക്കുന്നതിന് സ്പേയറുകൾ സൗജന്യ നിരക്കിൽ നൽകുകയും ചെയ്യുന്നു

9. പച്ചക്കറി വികസനം സാംസ്കാരിക ക്ലബ്ബുകളിലൂടെ:

ഈ പദ്ധതി പ്രകാരം സാംസ്കാരിക ക്ലബ്ബുകളിലൂടെ പച്ചക്കറി വിത്ത് സൗജന്യമായി നൽകുകയും ഈ കൃഷിക്കാവശ്യമായ കീടനാശിനികൾ, വളം, എന്നിവ സൗജന്യ നിരക്കിൽ നൽകി സഹായിക്കുകയും ചെയ്യുന്നു.

10. കശുമാവ് വികസന പദ്ധതി

ഈ പദ്ധതി പ്രാകരം കശുമാവ് തോട്ടം ഉണ്ടാക്കുന്നതിന് ആദ്യത്തെ നാലു വർഷം വളം, കീടനാശിനികൾ എന്നിവ സൗജന്യമായി നൽകുന്നു.

കശുവണ്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവ് പൂക്കുന്ന സമയങ്ങളിൽ ആക്രമിക്കുന്ന കീടങ്ങളെ നശിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 300 രൂപയിൽ കവിയാതെ കീടനാശിനി സൗജന്യമായി നൽകുന്നു. ഈ പദ്ധതി ഇപ്പോഴും തുടരുന്നു.

11. പയർവർഗ്ഗ വികസന പദ്ധതി

ഈ പദ്ധതി പ്രാകരം, പയർ, ഉഴുന്ന് എന്നിവയുടെ വിത്ത് സബ്സിഡി നിരക്കിൽ നൽകുന്നു കൂടാതെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനായി "റൈസോബിയം കൾച്ചർ" എന്നിവയും ഇതിനോടപ്പം വിതരണം ചെയ്യുന്നു.

ഹ്രസ്വകാല എണക്കുരു വികസന പദ്ധതി

ഈ പദ്ധതി പ്രകാരം എള്ളിന്റെ മിനിറ്റുകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നു. ഈ പദ്ധതി ഇപ്പോഴും തുടരുന്നു.

13. കവുങ്ങ് വികസന പദ്ധതി

ഈ പദ്ധതി പ്രകാരം മഹാളി രോഗത്തിനെതിരെ മരുന്നുതെളിക്കുന്നതിന് കീടനാശിനികൾ, സ്പ്രയറുകൾ എന്നിവ സൗജന്യ നിരക്കിൽ നൽകുന്നു. ഈ പദ്ധതി ഇപ്പോഴും തുടരുന്നു.

14. ജൈവവളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കാനുള്ള പദ്ധതി

a. കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് പ്രോത്സാഹന സമ്മാനമെന്ന നിലയിൽ ഒരു കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിന് 25രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

b. പച്ചിലവളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷിഭവനിലൂടെ സബ്സിഡി നിരക്കിൽ പച്ചിലവളത്തിന്റെ വിത്തുകൾ വിതരണം ചെയ്യുന്നു.

15. ഫലവൃക്ഷ വികസന പദ്ധതി

ഈ പദ്ധതിയിലൂടെ തെങ്ങ്, ഒട്ടുമാവ്, പ്ലാവ്, മാതളം, മുതലായവയുടെ തൈകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു.

16. നടീൽ വസ്തുക്കളുടെ വിതരണം.

ഈ പദ്ധതിപ്രകാരം കൃഷിഭവനിലൂടെ അതുൽപാദന ശേഷിയുള്ള തെങ്ങിൻ തൈയ്യുകൾ (TXD, WCT, DXT) കമുക്, (മംഗള, സുമംഗള, ശ്രീമംഗള) കുരുമുളക് (പന്നിയൂർ1 കരിമുണ്ട) മുതലായവ വിതരണം ചെയ്തു വരുന്നു.

17. പോഷക തോട്ട നിർമ്മാണം

ഈ പദ്ധതിപ്രകാരം കൃഷിഭവനിലൂടെ പൈനാപ്പിൾ പേരകം, സപ്പോട്ട, നാരകം മുതലായ്വയുടെ തൈകൾ വിതരണം ചെയ്യുന്നു.

18. വിത്തുവിതരണം

ഉൽപ്പാദം പരമാവധി വർദ്ധിപ്പിക്കുന്നതിനുവേണ്ടി അത്യുൽപാദനശേഷിയുള്ള നെൽവിത്തിനങ്ങൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നു.

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

ഈ പദ്ധതി പ്രകാരം 2m^3 പ്ലാന്റ് നിർമ്മിക്കുന്ന കർഷകന് 2400 രൂപ വരെ സബ്സിഡി നൽകുന്നു. പാചക ഗ്യാസിനും അടപ്പുകത്തിക്കാനും വിറകിനും വില കൂടുതലുള്ള ഈ സാഹചര്യത്തിൽ ബയോഗ്യാസ് പ്ലാന്റുകളുടെ ഉപയോഗം വളരെ ലാഭകരമാണ്.

വിള ഇൻഷൂറൻസ് പദ്ധതി

ഈ പദ്ധതി പ്രാകരം ഈ പഞ്ചായത്തിലുള്ള എല്ലാപദ്ധതികൾക്കും ഇൻഷൂറൻസ് പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നു. വളരെ ചുരുങ്ങിയ തുക മാത്രം പ്രീമിയം അടക്കേണ്ട ഈ പദ്ധതിയിൽ എല്ലാ കർഷകർക്കും അംഗങ്ങളാകാവുന്നതാണ്. ഇതിൽ

നിന്ന് കിട്ടുന്ന നഷ്ടപരിഹാര തുക കർഷകർക്ക് ഒരു പരിധി വരെ ആശ്വാസം നൽകാൻ ഉതകുന്നതാണ്.

ലക്ഷം തൊഴിൽദാന പദ്ധതി

18നും 35നും മദ്ധ്യേ പ്രായമുള്ള കർഷകയുവാക്കൾ 1000 രൂപ അടച്ച് ഈ പദ്ധതിയിൽ അംഗമായാൽ 60 വയസുകഴിഞ്ഞാൽ മാസം 1000 രൂപ പെൻഷൻ കിട്ടും. കൂടാതെ ഈ കാലയളവിനുള്ളിൽ മരണപ്പെട്ടാൽ ആശ്രിതർക്ക് നഷ്ടപരിഹാരവും നൽകുന്നു. അവരവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് അനുസരണമായി വായ്പയും സബ്സിഡിയും നൽകുന്നു. 1995ൽ ആരംഭിച്ച പദ്ധതിയിൽ അംഗങ്ങൾ ആയി രജിസ്റ്റർ ചെയ്യുവാൻ ഒരു വർഷത്തെ കാലയളവെ അനുവദിച്ചിരുന്നുള്ളു.

വാഴക്കൃഷി വികസനം-സ്കൂൾ കുട്ടികളിലൂടെ:-

ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഹൈസ്കൂളുകളിലെ 45 കുട്ടികൾക്ക് ഒരു കുട്ടിക്ക് 3 വാഴക്കന്നുകൾ വീതം സൗജന്യമായി വിതരണം ചെയ്യുകയും അതിന്റെ സംരക്ഷണചെലവിനായി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.

പാടശേഖരങ്ങളെക്കുറിച്ചുള്ള വിവരണം

ക്രമനമ്പർ	പേര്	വാർഡ്	കർഷകരുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടർ)
1.	പേരടിയൂർ	III, IV	68	31.33
2.	കാമ്പുറത്താൽ	III,IV	54	23.88
3.	കരിങ്ങനാട്	II	58	30.05
4.	ചിറക്കൽ	I	55	21.45
5.	കണ്ടേങ്കാവ്	V	95	34.00
6.	മാങ്കൂറ്റി	VII	115	48.87
7.	വള്ളിയത്ത് കുളമ്പ്	VI	71	30.88
8.	എടപ്പാലം	VIII	76	44.86
9.	കൂരാച്ചിപ്പടി	IX	58	24.09
10.	ഉള്ളാറ്റപ്പാടം	X	80	39.08

കൃഷിഭവൻ രേഖ

പ്രശ്നങ്ങൾ

1. നെൽകൃഷി ലാഭകരമല്ല.
2. പരിചയസമ്പന്നരായ കർഷകത്തൊഴിലാളികളുടെ എണ്ണത്തിൽ വന്ന കുറവ്.
3. കൂലികൂടുതലാണ്, സേവനം മുമ്പത്തേക്കാൾകുറഞ്ഞുവരുന്നു.
4. യഥാസമയം വിത്ത്, പളം കീടനാശിനി എന്നിവ ലഭിക്കുന്നില്ല.
5. രണ്ടാം വിളക്ക് ജലസേചനസൗകര്യമില്ല.
6. ജൈവവളം വേണ്ടത്ര ഉപയോഗിക്കുന്നില്ല.
7. ഉൽപാദനച്ചെലവ് വർദ്ധിക്കുന്നതിനനുസരിച്ച് ഉൽപന്നങ്ങൾക്ക് വില കിട്ടുന്നില്ല.
8. വിറ്റഴിക്കാൻ വിപണന സൗകര്യമില്ല.
9. രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ അശാസ്ത്രീയമായ രീതിയിലുള്ള ഉപയോഗം.
10. ഉൽപന്നങ്ങൾ വിപണനകേന്ദ്രത്തിൽ എത്തിക്കാനുള്ള ചെലവ്.
11. അശാസ്ത്രീയമായ പരിചരണം
12. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വേണ്ടരീതിയിൽ നടപ്പിലാക്കാത്തത്.
13. സർക്കാർ സഹായം തക്കസമയത്ത് ലഭിക്കുന്നില്ല.
14. കൃഷി ഭൂമി തുണ്ടവൽക്കരിച്ചതുകൊണ്ട് വ്യത്യസ്ഥ വിത്തിനങ്ങൾ വ്യത്യസ്ഥ സമയങ്ങളിൽ കൃഷിചെയ്യുന്നു. അതുകൊണ്ട് കീടബാധ കൂടുന്നു.
15. ചെറുപ്പക്കാർ ഈ രംഗത്തേക്ക് വരാൻ മടിച്ചുനിൽക്കുന്നു.
16. അമിതമായ രാസവളപ്രയോഗം കൊണ്ടും ആവശ്യത്തിന് ജൈവവളം ഉപയോഗിക്കാത്തതുകൊണ്ടും മണ്ണിന്റെ ഘടന നശിക്കുന്നു.
17. കൃഷിക്കാവശ്യമായ യന്ത്രോകരണങ്ങളുടെ ലഭ്യതക്കുറവ്.
18. കൃഷിഭവനിലെ ഉദ്യോഗസ്ഥന്മാർക്ക് കൃഷിക്കാരുമായി നല്ല ബന്ധമില്ല.
19. കൃഷി മുഖ്യതൊഴിലാക്കിയിരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വരുന്നു.
20. മഴമൂലം ലഭിക്കുന്ന വെള്ളം സംഭരിച്ച് നിർത്താൻ കഴിയുന്നില്ല.
21. കുളങ്ങളോ, തോടുകളോ, പുഴയോ, വേണ്ടരീതിയിൽ സംരക്ഷിക്കുന്നില്ല.
22. പഞ്ചായത്തിലെ ഏക ലിഫ്ട് ഇറിഗേഷനായ തുടക്കല്ലിലെ ജലം ആവശ്യമനുസരിച്ച് ലഭിക്കുന്നില്ല.
23. കൃഷിഭൂമി നികത്തി കെട്ടിടങ്ങൾ വെയ്ക്കുന്നത് നീർകെട്ടിന് കാരണമാകുന്നു.
24. ജൈവവളത്തിന്റെ ഉപയോഗക്കുറവ്.

സാദ്ധ്യതകൾ

1. കൃഷിക്കാവശ്യമായ ജലസേചനത്തിന് വൈദ്യുതി ലഭ്യമാക്കുക.
2. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുക.
3. ജലസേചന സൗകര്യത്തിന് തോടുകളിൽ ചിറകെട്ടുക. കുന്തിപ്പുഴയിൽ തടയണകൾ നിർമ്മിക്കുക.
4. പാടശേഖരകമ്മിറ്റികളുടെ നേതൃത്വത്തിൽ പരീക്ഷണാർത്ഥം കൂട്ടുകൃഷി നടപ്പിലാക്കുക. വിജയപ്രദമാണെങ്കിൽ പഞ്ചായ

ത്തിൽ വ്യാപിപ്പിക്കുക.

5. സ്വകാര്യ വ്യക്തികൾക്ക് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുക.

6. രോഗബാധ തടയാൻ പ്രതിരോധ നടപടികൾ സ്വീകരിക്കുക.

7. കീടനാശിനികൾ, രാസവളങ്ങൾ എന്നിവ സൗജന്യനിരക്കിൽ നൽകുക.

8. ജലസേചനത്തിനുപയോഗിക്കുന്ന തോട്, കിണർ, കുളം എന്നിവ സ്വകാര്യ വ്യക്തികൾ നികത്തുന്നത് കർശനമായി തടയുക.

9. തുടിക്കൽ 'ലിഫ്റ്റ് ഇറിഗേഷൻ' പദ്ധതിയുടെ വെള്ളം സബ്കനാലുകൾ നിർമ്മിച്ച് എല്ലാ നെൽകൃഷി സ്ഥലത്തേക്കും എത്തിക്കുക.

10. പാടത്തേക്ക് ട്രാക്ടർ, ട്രില്ലർ എന്നിവ ഇറക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.

11. ഉള്ളാറ്റക്കുളം റിപ്പയെർ ചെയ്ത് പമ്പു സെറ്റ് സ്ഥാപിക്കുക.

12. കൃഷിസ്ഥലത്ത് പ്രാണികളെ പിടിക്കുന്നതിന് ലൈറ്റ് സ്ഥാപിക്കുക.

13. മണ്ണുപരിശോധിക്കുന്നതിന് പഞ്ചായത്തിൽ സംവിധാനമുണ്ടാക്കുക.

14. പാടം നികത്തി കെട്ടിടം നിർമ്മിക്കുന്ന സമ്പ്രദായം കർശനമായി നിരോധിക്കുക.

15. കൃഷി ചെയ്യാതെ തരിശിടുന്ന പ്രദേശങ്ങൾ കണ്ടെത്തി കൃഷിചെയ്യാൻ വേണ്ടി പ്രേരിപ്പിക്കുകയും, ആവശ്യമായ സഹായം നൽകുകയും ചെയ്യുക.

16. പാടശേഖ സമിതികളും, പഞ്ചായത്തും, കൃഷിഭവനും, സഹകരിച്ച് നെല്ലുസംഭരിക്കാനും, വിപണനം നടത്താനും, കൃഷി അഭിവൃദ്ധിപ്പെടുത്താനും വേണ്ടി ഒരു സഹകരണ സംഘം പഞ്ചായത്തിൽ സ്ഥാപിക്കുക.

17. ആധുനിക കൃഷി സമ്പ്രദായത്തെപ്പറ്റി ബോധവൽക്കരണം ഫലപ്രദമായി നടത്തുക.

18. പാടശേഖര സമിതികൾക്ക് ട്രാക്ടർ, ട്രില്ലർ, സ്പ്രേയർ നടീൽ യന്ത്രങ്ങൾ എന്നിവ സൗജന്യമായി ലഭ്യമാക്കുക.

19. തുടിക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ മോട്ടോർ വെള്ളത്തിൽ മുങ്ങിപ്പോകാത്ത വിധത്തിൽ ഉയർത്തി സ്ഥാപിക്കുക.

20. തുടിക്കൽ മെലിൻ കനാലിൽ നിന്നുള്ള സബ്കനാലുകൾ ആരംഭിക്കുന്ന ഭാഗങ്ങളിൽ ഷട്ടറിട്ട് പൂട്ടി സംരക്ഷിക്കുക.

നെല്ലിനുപുറമെ തെങ്ങ്, കവുങ്ങ്, റബ്ബർ എന്നീ വാണിജ്യവിളകളും, പയർ, എള്ള്, വാഴ മരച്ചീനി, ചക്കരക്കിഴങ്ങ് കൂർക്ക, ചേമ്പ്, ചേന കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയും, വിവിധയിനം പച്ചക്കറികളും പഞ്ചായത്തിൽ കൃഷിചെയ്തുവരുന്നുണ്ട്. 1991, 1992,1993 വർഷങ്ങളിൽ പഞ്ചായത്തിലെ S.G. നഗർ, കുപ്പൂത്ത് എന്നിവിടങ്ങളിൽ മൾബറി കൃഷി ചെയ്തിരുന്നു എങ്കിലും, ഉൽപാദനത്തിനുണ്ടായ വിലക്കുറവുകാരണം നിലച്ചുപോയി.

തെങ്ങ്

നെൽകൃഷി കഴിഞ്ഞാൽ ഈ പഞ്ചായത്തിൽ ഏറ്റുവും കൂടുതൽ സ്ഥലത്ത് കൃഷിചെയ്യുന്നത് തെങ്ങാണ്. (355ha) ഒരു തെങ്ങിൽനിന്ന് ശരാശരി 50 നാളികേരമാണ്

വർഷത്തിൽ ലഭിക്കുന്നത് ഇത് സംസ്ഥാന ശരാശരിയേക്കാൾ മീതെയാണ്. 1977നു ശേഷം വ്യാപകമായികൊണ്ടിരിക്കുന്ന ഒരു പ്രധാന വിളയാണിത്. നെൽകൃഷിയേക്കാൾ ലാഭകരം തെങ്ങ് ആണെന്ന ധാരണയിൽ കൃഷിയിടങ്ങളിൽ ഇപ്പോൾ തെങ്ങു വെയ്ക്കുന്ന പ്രവണത കൂടി വരുന്നു. ജല ദൗർലഭ്യവും, വിലക്കുറവും കേരളത്തിൽ ഈ നാണ്യവിളയെ ബാധിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. ചെന്നീരോലിപ്പ്, കൊമ്പൻചെല്ലി, ആക്രമണണം അപൂർവ്വമായി കാറ്റു വീഴ്ച എന്നീ രോഗങ്ങൾ കണ്ടു വരുന്നു. കുറ്റ്യാടി, TXD, നാടൻ, ലക്ഷദ്വീപ് (ടോൾ) എന്നീ ഇനങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ കൃഷിചെയ്തുവരുന്നത്.

പഞ്ചായത്തിന്റെ കൊഴിഞ്ഞിപറമ്പ് ഭാഗത്ത് തെങ്ങിനു പറ്റിയ മണ്ണല്ല എന്നും പറയുന്നു.

പട്ടിക 5 തെങ്ങ്

പഞ്ചായത്തിലെ തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ (കൃഷിഭവൻ രേഖാപട്ടിക 6)

തെങ്ങ് എണ്ണം				രോഗം ബാധിച്ചതെങ്ങ്					
തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	റോട്ട് ബഡ്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
335 ha	18112	54338	72450	125	150	180	150	250	855

തെങ്ങ്

പ്രശ്നങ്ങൾ

1. ജലസേചനക്കുറവ്
2. ഉൽപാദനത്തിൽ വന്നുകൊണ്ടിരിക്കുന്ന കുറവ്.
3. വിലക്കുറവ്
4. അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകളുടെ ദൗർലഭ്യം.
5. തെങ്ങുകയറ്റത്തൊഴിലാളികളുടെ അഭാവം.
6. തെങ്ങുകൃഷിക്കാർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത
7. കൊമ്പൻചെല്ലി ആക്രമണം.
8. രോഗങ്ങൾ

സാദ്ധ്യതകൾ

1. ആവശ്യമായ ജലസേചനസൗകര്യം ഏർപ്പെടുത്തുക.
2. ഡ്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുക.
3. തുടിക്കൽ ലിഫ്ട് ഇറിഗേഷൻ

പദ്ധതിയുടെ അറ്റുകുറ്റ പണികൾ അടിയന്തിരമായി യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുക.

4. നാളികേരത്തിന് മെച്ചപ്പെട്ട താങ്ങുവില നിശ്ചയിക്കുക.

5. കേരവികസന സമിതികളുടെ പ്രവർത്തനം സജീവമാക്കുക. 10 തെങ്ങുകളുള്ള എല്ലാ കൃഷിക്കാർക്കും മെമ്പർഷിപ്പു നൽകുക.

6. നാളികേരം സംഭരിച്ച് എണ്ണയാക്കി വിപണനം നടത്തുന്നതിനുള്ള സൗകര്യം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തുക.

7. തെങ്ങു കയറ്റുതൊഴിലാളികൾക്ക് പരിശീലനം നൽകി അവരുടെ സേവനം ഉറപ്പു വരുത്തുക.

8. കൃഷിക്കാർക്കാവശ്യമായ വായ്പകളും സബ്സിഡികളും ലഭ്യമാക്കുക.

9. കൃഷിഭവന്റെ സഹകരണത്തോടെ ഓരോ കേരവികസന സമിതികളും നഴ്സറികൾ സ്ഥാപിക്കുക.

കവുങ്ങ്

പഞ്ചായത്തിലെ പുഴയോരങ്ങളിൽ ആദ്യകാലം മുതൽ തന്നെ കൃഷിചെയ്തുവരുന്ന മറ്റൊരു നാണ്യവിളയാണ് കവുങ്ങ്. ഇത് 145 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്തുവരുന്നുണ്ട്. ഇതിന് കുമിൾ രോഗമായ മഹാളിരോഗം ബാധിക്കാറുണ്ട്. ശരിയായ പരിചരണമില്ലായ്മ മുമ്പത്തേക്കാൾ കൃഷിയെ പിറകോട്ടടുപ്പിക്കുന്നു.

പ്രശ്നങ്ങൾ

1. മാഹാളിരോഗം
2. നല്ലയിനം തൈകളുടെ ദൗർലഭ്യം
3. ജലസേജനസൗകര്യമില്ലായ്മ.
4. അടയ്ക്ക പറിക്കാനുള്ള തൊഴിലാളികളുടെ അഭാവം.
5. വിപണനസൗകര്യമില്ലായ്മ.

സാദ്ധ്യതകൾ

1. മാഹാളിരോഗത്തിനുള്ള മരുന്നു തളി ഫലപ്രദമാക്കുക.
2. നല്ലയിനം കവുങ്ങുകളുടെ നഴ്സറികൾ ആരംഭിക്കുക.
3. ജലസേചന സൗകര്യം ലഭ്യമാക്കുക.
4. ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകരിൽ നിന്ന് നേരിട്ട് അടയ്ക്ക സംഭരിച്ച് പഞ്ചായത്തിൽതന്നെ സംസ്കരിച്ച് വിപണനം നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.

റബ്ബർ

പഞ്ചായത്തിൽ അടുത്തകാലത്തായി വ്യാപകമായി കൃഷിചെയ്തുകൊണ്ടിരിക്കുന്ന ഒരു നാണ്യവിളയാണ് റബ്ബർ. RR. 11-105, RRIM - 600 - RRIM - 605 എന്നിവയാണ് ഇവിടെ കൃഷിചെയ്തുവരുന്ന റബ്ബർ ഇനങ്ങൾ, കുന്നിൻ പ്രദേശങ്ങലിലാണ് ഇവ കൃഷിചെയ്തുവരുന്നതെങ്കിലും, ചിലയിടങ്ങളിൽ പറമ്പുകളിലും പള്ളിയാൽ പ്രദേശങ്ങളിലും റബ്ബർ വെക്കാൻ ആരംഭിച്ചിരിക്കുന്നു. 150 ഹെക്ടർ സ്ഥലത്താണ് പഞ്ചായത്തിൽ റബ്ബർ കൃഷിയുള്ളത്. ഇതിന്റെ പ്രധാന രോഗം പട്ടമരവിപ്പാണ്. ഹെക്ടറിൽ നിന്ന് 2666Kg. ആണ് ലഭിക്കുന്നത്.

വാഴ:

പഞ്ചായത്തിൽ 40 ഹെക്ടർ സ്ഥലത്താണ് വാഴ കൃഷിചെയ്തുവരുന്നത്.

നേന്ത്ര, മൈസൂരി, കർപ്പൂരവള്ളി, ഏറാടൻ, പൊണ്ണൻ, മാണിപ്പാകുന്നൻ എന്നീ നാടൻ ഇനങ്ങളും, ഈരോടൻ കദളി, ചേർത്താളി എന്നീ ആധുനിക ഇനങ്ങളും, ഈരോടൻ കദളി, ചേർത്താളി എന്നീ ആധുനിക ഇനങ്ങളും കണ്ടുവരുന്നു. വാഴകളെ ബാധിക്കുന്ന പ്രധാനരോഗം മണ്ടയടപ്പാണ്. വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നത് നേന്ത്രവാഴ മാത്രമെയുള്ളു. ഈ കൃഷിയും ഇപ്പോൾ ക്രമേണ കുറഞ്ഞു വരുകയാണ്.

ഇടവിളകൾ:

ഇടവിളകളായി എള്ള്, പയർ, മരച്ചീനി, പച്ചക്കറി എന്നിവ ചെറിയ തോതിൽ കൃഷിചെയ്തുവരുന്നു. ഇതിൽ എള്ളുകൃഷി നിലച്ചുകൊണ്ടിരിക്കുന്നു.

മറ്റുവിളകൾ

സുഗന്ധ വ്യഞ്ജനങ്ങളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷി നാൾക്കുനാൾ കുറഞ്ഞുവരുന്നു. കുരുമുളകിനെ ബാധിച്ചിരിക്കുന്ന ദ്രുത വാട്ടം (കുമിൾരോഗം) വ്യാപകമാണ്.

ചേന, ചേമ്പ്, കാവത്ത്, കൂർക്ക എന്നിവ നമ്മുടെ പഞ്ചായത്തിൽ മുമ്പ് വ്യാപകമായി കൃഷി ചെയ്തിരുന്നു. അടുത്ത കാലത്തായി ഇത് കൃഷിചെയ്യുന്ന തോത് കുറഞ്ഞു വരികയാണ്. ഇപ്പോഴും നല്ല രൂപത്തിൽ കൂർക്ക കൃഷി ചെയ്തുവരുന്നുണ്ട്. കാവത്ത് കൃഷി ചെയ്യുന്നില്ല.

പ്രശ്നങ്ങൾ

1. റബ്ബറിനെബാധിക്കുന്ന രോഗങ്ങൾ
2. വിപണന സൗകര്യമില്ലായ്മ
3. പരിചരണക്കുറവ്
4. വാഴക്ക് ജലസേചനസൗകര്യമില്ലായ്മ.
5. താൽപര്യക്കുറവ്.

സാദ്ധ്യതകൾ

1. രോഗങ്ങൾക്ക് ശാസ്ത്രിയമായി കീടനാശിനികൾ ഉപയോഗിക്കാൻ കർഷകരെ പ്രാപ്തരാക്കുക.
2. വിപണനസൗകര്യമുണ്ടാക്കുക.
3. വാഴകൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുക.
4. കർഷകരിൽ നിന്ന് നേരിട്ട് വിളകൾ ശേഖരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. നല്ലയിനം നേന്ത്രവാഴകന്നുകളും മറ്റു വാഴക്കന്നുകളും ലഭ്യമാക്കുക.
6. തരിശുഭൂമികളിൽ ഇവ വ്യാപകമായി കൃഷി ചെയ്യാവുന്നതാണ്.
7. വാഴകൃഷിവ്യാപിപ്പിക്കൽ
8. ശാസ്ത്രീയമായ കൃഷിസമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
9. ഇഞ്ചി, മഞ്ചൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

പച്ചക്കറികൾ

മുൻപ് വർഷക്കാലത്തും, വേനൽക്കാലത്തും നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തിരുന്നു. ചിലയിടങ്ങളിൽ അപൂർവ്വമായി കൃഷിചെയ്തുവരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഫലപ്രദമായി, എല്ലാ കാലത്തും പച്ച കൃഷി ചെയ്തു വന്നിരുന്ന സ്ഥലങ്ങൾ മറ്റുവിളകൾക്ക് വഴിമാറിക്കൊടുത്തിരിക്കുന്നു. ചിലയിടങ്ങൾ തരിശിടുന്നു. 1-ാം വാർഡിലെ ബാലസുബോധനിസ്കൂളിനു സമീപം നല്ല രീതിയിൽ പച്ചക്കറിക്കൃഷി

ചെയ്യുന്ന രീതി ഇന്നു നിലനിൽക്കുന്നു.

പച്ചക്കറി കൃഷി ഉപേക്ഷിക്കാൻ തുടങ്ങിയതോടെ നാം അതിനു വേണ്ടി അന്യ സംസ്ഥാനങ്ങളെയാണ് ആശ്രയിച്ചുവരുന്നത്. ഇത് എത്രകാലം നിലനിറുത്താനാകും എന്ന് നാം ചിന്തിക്കേണ്ടതാണ്. ഇതുമൂലം സാമ്പത്തിക നഷ്ടം സംഭവിക്കുന്നു മാത്രമല്ല അമിതമായ രാസവളം, കീടനാശിനികൾ എന്നിവ ഉപയോഗിച്ച് ഉൽപാദിപ്പിക്കുന്നവയായതുകൊണ്ട് നമ്മുടെ ആരോഗ്യം നാം അറിയാതെ നശിച്ചുകൊണ്ടിരിക്കുന്നു.

ജലദൗർലഭ്യം പലതരം കീടരോഗങ്ങൾ എന്നിവയാണ് പച്ചക്കറി കൃഷിക്ക് തടസ്സമായി നിൽക്കുന്നത്. കഴിഞ്ഞ വർഷം (1996) വേനൽക്കാലത്ത് തെക്കുംമുറിയിൽ ഏകദേശം 6 ഏക്കറോളം സ്ഥലത്ത് കൃഷിചെയ്ത പച്ചക്കറി ജല ദൗർലഭ്യം മൂലം ഉണങ്ങിപോയ അനുഭവം ഉണ്ടായി.

പ്രശ്നങ്ങൾ

1. താൽപര്യക്കുറവ്
2. നല്ലയിനം വിത്തിന്റെ അഭാവം
3. ജലസേചന സൗകര്യമില്ലായ്മ
4. വിപണനസൗകര്യക്കുറവ്
5. വാങ്ങികഴിക്കുന്ന ശീലം

സാദ്ധ്യതകൾ

1. ബോധവൽക്കരണം നടത്തുക.
2. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പ്രോത്സാഹിപ്പിക്കൽ.
3. ആവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുക.
4. വിപണനസൗകര്യം പഞ്ചായത്തടിസ്ഥാനത്തിൽ ഏർപ്പെടുത്തുക.
5. ഓണക്കാലത്ത് പഞ്ചായത്തടിസ്ഥാനത്തിൽ പച്ചക്കറി വിളകളുടെ ഒരു പ്രദർശനം സംഘടിപ്പിക്കുക, കൃഷിക്കാർക്ക് പ്രോത്സാനം സമ്മാനം നൽകുക.
6. വീട്ടമ്മമാരെ സംഘടിപ്പിച്ച് അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കാനുള്ള പ്രോത്സാഹനം നൽകുക. അടക്ക സംസ്കരണം, പഴവർഗ്ഗ സംസ്കരണം, അച്ചാർ നിർമ്മാണം, ബേക്കറി നിർമ്മാണം മുതലായവ പ്രോത്സാഹിപ്പിക്കുക.
7. എല്ലാവിളകൾക്കും പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തുക.
8. മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ പദ്ധതി നടപ്പാക്കുക.
9. വിള ഇൻഷൂറൻസ് വ്യാപിപ്പിക്കുന്നു.
10. പ്രകൃതി ക്ഷോഭനഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നു.
11. കൃഷിവികസനത്തിന് പട്ടാമ്പി നെല്ലു ഗവേഷണകേന്ദ്രം ഉപയോഗപ്പെടുത്തുന്നതിന് സംവിധാനം ഉണ്ടാക്കുക.
12. അഗ്രോ ക്ലീനിക്കുകളുടെ പ്രവർത്തനം എല്ലാ പാടശേഖരങ്ങളിലും ആരംഭിക്കണം.
13. കൃഷിഭവന് സ്വന്തമായികെട്ടിടം പണിയുക.
14. പഴം പച്ചക്കറി വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
15. സ്കൂളുകൾ, മഹിളാസമാജങ്ങൾ, അംഗൻവാടികൾ എന്നിവമുഖേന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
16. ശാസ്ത്രീയമായ വളപ്രയോഗം, ആവശ്യമായ മറ്റു സാങ്കേതിക സഹായങ്ങൾ

എന്നിവ കൃഷിഭവൻ മുഖേന ലഭ്യമാക്കുക.

ഫലവൃക്ഷങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്ന ഫലവൃക്ഷങ്ങളാണ് മാവ്, പ്ലാവ്, പുളി, പപ്പായ (കുറുവത്ത്) നെല്ലി, കടപ്ലാവ് എന്നിവ അവയുടെ എണ്ണവും നാൾക്കുനാൾ കുറഞ്ഞു വരുന്നു.

പ്രശ്നങ്ങൾ

1. ചക്ക, പപ്പായ എന്നിവയുടെ പോഷക മൂല്യത്തെകുറിച്ച് ബോധമില്ലായ്മ.
2. വ്യാപകമായി മരം വെട്ടുന്ന ശീലം
3. ചക്ക, മാങ്ങ, പുളി എന്നിവയുടെ സംഭരണ സംസ്കരണ സൗകര്യങ്ങളുടെ അഭാവം.

സാദ്ധ്യതകൾ

1. കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.
2. സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുക.
3. വിപണന സൗകര്യം ഏർപ്പെടുത്തുക.
4. അത്യുൽപാദന ശേഷിയുള്ള വിത്തുകളും തൈകളും ലഭ്യമാക്കുക.
5. പഞ്ചായത്ത് റോഡുകളുടെ പുറമ്പോക്കിലും, പൊതു സ്ഥലങ്ങളിലും ഇത്തരം വൃക്ഷങ്ങൾവെച്ചുപിടിപ്പിക്കുക.

മറ്റുസാദ്ധ്യതകൾ

1. ഔഷധ സസ്യങ്ങൾവെച്ചുപിടിപ്പിക്കാൻ പ്രോത്സഹാനം നൽകുക.
2. ഇതിന്റെ വ്യാപനത്തിനായി ഗവ. ആയുർവേദ ഡിസ്പെൻസറിയുടെ സഹായം തേടണം.
3. കുറ്റിമുല്ല, ഉദ്യാന കൃഷി, മറ്റു പൂച്ചെടികൾ അലങ്കാരസസ്യങ്ങൾ എന്നിവയുടെ നഴ്സറികൾ ആരംഭിക്കുക. വിതരണം നടത്തുക.
4. തൊഴിൽ സാദ്ധ്യതയുള്ള ഒരു രംഗമാണിത്.
5. തീറ്റപ്പുൽകൃഷി, പച്ചിലവളകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക.
6. കാർഷികോൽപന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക. ഉദാ: കൊപ്ര സംസ്കരണം.
7. കൃഷിക്കാർക്ക് കൂടുതൽ പ്രോത്സാഹനം ലഭിക്കുന്നതിനുവേണ്ടി ഓരോ പ്രധാന ഇനം കൃഷിക്കും പഞ്ചായത്തുതല അവാർഡ് ഏർപ്പെടുത്തുക.
8. തൃപ്പങ്ങാവ് കയത്തിൽ മിനി ങ്ങ സേചന പദ്ധതി ആരംഭിക്കുക.
9. തൃതപ്പുഴയിൽ 4 തടയണകളും, നിലവിലുള്ള തുടിക്കല്ല് പദ്ധതിക്കുപുറമെ പുതുതായി 4 ലിഫ്ട് ഇരിഗേഷൻ പദ്ധതികളും ആരംഭിച്ചാൽ, പഞ്ചായത്തിന്റെ അരികിലൂടെ 6 കി.മീ. ഓളം ദൂരം ഒഴുകുന്ന തൃതപ്പുഴയിലെ ജലസമ്പത്ത് പരമാവധി ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

വള ഉപഭോഗം

കൊപ്പം സർവ്വീസ് കോ.ഓപ്പ്ബാങ്ക്, അതിന്റെ കൂരാച്ചിപ്പടിശാഖ, ഒരു സ്വകാര്യ കച്ചവടകേന്ദ്രം എന്നിവിടങ്ങളിൽ നിന്നാണ് പഞ്ചായത്തിലെ കൃഷിക്കാർ രാസവളം വാങ്ങുന്നതിന്. 95% കൃഷിക്കാരും ഉപയോഗിക്കുന്നവരാണ്. ഏക്കറിന് 100Kg. എന്ന തോതിൽ ഒന്നും രണ്ടും പ്രാവശ്യം രാസവളം ഉപയോഗിക്കുന്നുണ്ട്. ഇത്

ശാസ്ത്രീയമായ രീതിയിലല്ല നടന്നുവരുന്നത്. അതുകൊണ്ട് അനാവശ്യമായ ചെലവ് വർദ്ധനവിനിന്നിടയാകുന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടത്തുന്നില്ല. 80% പേർ ജൈവവളം നാമമാത്രമായി ഉപയോഗിക്കുന്നു. കൃഷിഭവൻ മുഖേന നടത്തിയവളം വിൽപനയുടെ വിശദവിവരം താഴെകൊടുക്കുന്നു.

വർഷം	നൈട്രജൻ	ഫോസ്ഫറസ്	പൊട്ടാഷ്
1993-94	8135 tons	1274 tons	1685 tons
1994-95	8250 "	1300 "	1710 "
1995-96	8320 "	1380 "	1780 "

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ ഉപയോഗിച്ചുവരുന്നത്. കീടനാശിനികളും ശാസ്ത്രീയമായരീതിയിലാണ് ഉപയോഗിക്കുന്ന തെന്നു പറഞ്ഞുകൂടാ. അവ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ പലരും വിമുഖത കാണിക്കുന്നു. അറിവില്ലായ്മയായിരിക്കാം ഇതിന് ഒരു കാരണം.

കഴിഞ്ഞകാലങ്ങളിൽ കൃഷിഭവൻ മുഖേന വിതരമം ചെയ്ത കീടനാശിനികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

കീടനാശിനികൾ
കൃഷിഭവൻ രേഖ

വർഷം	ദ്രവം	ഖരം
1993 - 94	150 Litre	100Kg.
1994 - 95	165 Litre	110Kg.
1995-96	190 Litre	125Kg..

കാർഷികമേഖലയിലെ ചിലതൊഴിലാളികളുടെ എണ്ണം അനുദിനം കുറഞ്ഞുവരികയാണ്. വിദ്യാസമ്പന്നരായത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യ കുറവ് എന്നിവ ഇതിനുകാരണമായി പറയാം.

കാർഷിക വായ്പ

കൊപ്പം സർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കും അതിന്റെ കൂരാച്ചിപ്പടി ഘടിശാഖയും, കരിങ്ങനാടുള്ള കാനറാബാങ്ക് ശാഖയുമാണ് ഈ പഞ്ചായത്തിലെ കൃഷിക്കാരെ സഹായിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ. ഇതു കൂടാതെ ഒറ്റപ്പാലം കാർഷിക വികസന ബാങ്കും കൃഷിക്കാർക്ക് വായ്പ നൽകാറുണ്ട്. കൃഷിക്കുവേണ്ടി വാങ്ങുന്ന വായ്പകൾ മറ്റ് ആവശ്യങ്ങൾക്ക് വിനി യോഗിക്കുന്നു എന്നാണ് പൊതുവെ അഭിപ്രായം. ഇത് ഗ്രാസഭയിലും ഉന്നയിക്കുകയുണ്ടായി.

പഞ്ചായത്തിലെ ഇന്നത്തെ കൂലിനിരക്ക്

	ആൺ	പെൺ
ഉഴൽ	100-120	-
കിള	100-120	-
ഞാറ് നടൽ	-	50-60
കളപറിക്കൽ	-	50-60
കൊയ്ത്ത്	120-150	60-70
തേങ്ങയിടൽ	8%-10%	-
ടാപ്പിംഗ്	90%	40%

നമ്പർ	ബാങ്ക്	ഇനം	തുക
1.	കൊപ്പം സർവ്വീസ് സഹകരണ ബാങ്ക് വിളയൂർ ശാഖ	വിളവായ്പ (ചെറുകിട കർഷകർ) വിളവായ്പ (വൻകിട കർഷകർ) ദീർഘകാല കാർഷിക വായ്പ	16, 49, 990.00 7000.00 5200.00
1.	കാനറാ ബാങ്ക് കരിങ്ങനാട് ശാഖ	ഹ്രസ്വകാലം ദീർഘകാലം	23,00,000.00

കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽവസ്തുക്കൾ

നമ്പർ	ഇനം	1993-94	1993-94	1995-96
1.	തെങ്ങ്	-	50 (DxT)	-
2.	കശുമാവ്	80	-	-
3.	കുരുമുളക്	-	-	1500
4.	കവുങ്ങ്	-	-	100
5.	ജാതി	-	-	75
6.	മാവ്	40	-	107
7.	സപ്പോട്ട	17	-	-
8.	ഗ്രാമ്പൂ	-	-	150
9.	പ്ലാവ്	-	100	29
10.	പേര	-	10	-
11.	നാരകം	-	4	-
12.	ചാമ്പ	-	5	58
13.	ഞാവൽ	-	10	20
14.	ചെറി	-	4	20
15.	ബാലിസി	-	-	50

പഴയ കൃഷിസ്ഥലം തരിശായി മാറിയത്

വിളകൾ	നിലവിലുള്ള വിസ്തീർണ്ണം (ഹെക്ടർ)	ജലസേചനം കൊണ്ട് കൂടാവുന്നത്	ജലസേചനം ഇല്ലാതെ കൂടാവുന്നത്
വിളകൾ	309	-	-
തെങ്ങ്	355	-	-
കവുങ്ങ്	145	-	-
വാഴ	40	-	-
പച്ചക്കറി	40	50	-
കുരുമുളക്	22	-	50
റബ്ബർ	150	-	60
കശുമാവ്	65	-	30
ഇഞ്ചി, മഞ്ഞൾ	10	-	20
കിഴങ്ങ് വർഗ്ഗങ്ങൾ	50	-	50
പയർ	20	-	20
എള്ള്	15	-	10
കൂൺകൃഷി	-	-	200വീട്
പുഷ്പകൃഷി	-	200 വീട്	

ജലസേചനം 12

പരമ്പരാഗതമായി മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്തുപോന്നിരുന്ന ഒരു പ്രദേശമാണ് വിളയൂർ. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഇവിടെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മഴ വെള്ളത്തെ തടഞ്ഞു നിറുത്താനുള്ള സംവിധാനമൊന്നും നിലവിലില്ല. മഴവെള്ളത്തിൽ 85%വും തോടുകൾ വഴി കുന്തപുഴയിൽ ചെന്നുചേരുന്നു.

പഞ്ചായത്തിലെ ഏക ചെറുകിട ജലസേചന പദ്ധതിയാണ് തുടിക്കൽ ഇതിന്റെ പണി 1969ൽ ആരംഭിച്ചുവെങ്കിലും 1984 ആഗസ്റ്റിൽ ആണ് അത് കമ്മീഷൻ ചെയ്തത്. അതിന്റെ എസ്റ്റിമേറ്റ് തുക 45 ലക്ഷമായിരുന്നു. 410 ഹെക്ടർ സ്ഥലത്ത് അതിന്റെ ജലം പ്രയോജനപ്പെടുത്തുന്നുണ്ട്. 110HP യുടെ 5 മോട്ടറുകൾ അവിടെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും 3 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമുള്ളത്. ഒരേ സമയത്ത് 2 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്.

മുൻ കാലങ്ങളിലുണ്ടായിരുന്ന തോടുകളും കുളങ്ങളും, കിണറുകളും, ആവശ്യമായ പരിചരണമില്ലാത്തതുകൊണ്ട് നശിച്ചുകൊണ്ടിരിക്കുന്നു അടുത്ത കാലത്തായി ചെറുകിട ജലസേചന വകുപ്പ് നിർമ്മാണം പൂർത്തിയാക്കിയ ഒരു പദ്ധതിയാണ് കരിങ്ങനാട്ടെ കരിപ്പമണ്ണചിറ.

കുന്തിപ്പുഴയോരം ചേർന്നുകിടക്കുന്ന ഗ്രാമമാണ് വിളയൂരെങ്കിലും, ഫലപ്രദമായി അതിനെ ഉപയോഗിക്കാൻ ഇതുവരെ നമുക്കു കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വർഷം 1995 ഡിസംബറിൽ ബഹുജനപങ്കാളിത്തത്തോടെ തുടിക്കല്ലിനു താഴെ കുന്തിപ്പുഴയിൽ നിർമ്മിച്ച തടയിണ ഉദ്ദേശിച്ച ഫലം ഉളവാക്കിയില്ല.

8-ാം പദ്ധതിക്കാലത്തെ ചെറുകിടജലസേചന പദ്ധതികൾ

നമ്പർ	പ്രവൃത്തിയുടെ പേര്	പൂർത്തിയാക്കിയവർ	എസ്റ്റിമേറ്റ് തുക	ആയിക്കെട്ട് (വിസ്തീർണ്ണം)
1.	L.I. സ്കീം ഇടിക്കൽ.	1994	45 ലക്ഷം രൂപ	410 ഹെക്ടർ
2.	കരിപ്പമണ്ണചിറ	1995	2.04 ലക്ഷം രൂപ	80 ഹെക്ടർ

നടപ്പാക്കാൻ ഉദ്ദേശിക്കുന്നവ

നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം	എസ്റ്റിമേറ്റ്	ലക്ഷ്യം
1.	ചടയം പാറ LI സ്കീം	60ഹെക്ടർ	25 ലക്ഷം	ജലസേചനം 3 സീസണിലായി

	പൊതുജലസേചന കിണർ	കിണർ	ലിഫ്റ്റ് ഇറിഗേഷൻ	ആയക്കെട്ട്
1.	25	315	1	175 ha

പട്ടിക 16
കിണറുകൾ

വാർഡ്	പൊതുകിണർ	സ്വകാര്യകിണർ	കുഴൽകിണർ
I	1	120	3
II	4	200	3
III	2	150	3
IV	4	150	2
V	2	150	1
VI	4	200	3
VII	1	150	1
VIII	11	150	6
IX	8	200	6
ആകെ	37	1470	28

ജലസേചനം

ജലവിഭവങ്ങൾ

പഞ്ചായത്തിലെ പ്രധാന തോടുകൾ

നമ്പർ	തോടിന്റെ പേര്	വാർഡ്
1.	കായനിപ്പാലം തോട്	1
2.	ചിറക്കൽ തോട്	
3.	നീലടിത്തോട്	
4.	കല്ലാംകുറി തോട്	
5.	ഓലഞ്ചേരി തോട്	
6.	കല്ലാംതോട്	2
7.	കാവിൽപാടം തോട്	
8.	കരിപ്പമണ്ണ തോട്	
9.	കരിങ്ങനാട് തോട്	
10.	പേരടിയൂർ തോട്	3
11.	ചിറക്കൽ തോട്	
12.	പേരടിയൂർ തോട്	4
13.	മൂതിക്കൽ തോട്	7
14.	കൈതത്തോട്	5
15.	കളരിത്തോട്	6
16.	പാലക്കിലത്തോട്	
17.	എടമനത്തോട്	
18.	മഞ്ചേരിത്തോട്	9
19.	മിച്ചാർതോട്	
20.	കോപ്പാടംതോട്	
21.	മാനാത്ത്തോട്	8



2 മൃഗസംരക്ഷണം

മൃഗസംരക്ഷണ മേഖല എന്നു വെച്ചാൽ പാലുല്പാദനം മാത്രമാണെന്ന അബദ്ധ ധാരണ പൊതുവെ ഉണ്ട്. എന്നാൽ പോഷകപ്രധാനമായ പാൽ, മുട്ട, മാംസം എന്നീ ഭക്ഷണ പദാർത്ഥങ്ങളുടെ ഉൽപ്പാദനം, വ്യാവസായികാവശ്യത്തിനുള്ള തുകൽ, എല്ല്, ഓസീൻ, ജലാറ്റിൻ, കൊഴുപ്പ്, ഔഷദവ്യവസായത്തിനുള്ള ഹോർമോണുകൾ, വാക്സിനുകൾ, എൻസൈമുകൾ, തുടങ്ങിയവയുടെ നിർമ്മാണം, പരീക്ഷണശാലയിലേക്കുള്ള മൃഗങ്ങൾ, സ്പെസിഫിക് പാത്തോജൻ ഫ്രീ മുട്ടകൾ എന്നിവ നൽകൽ, കാർഷികമേഖലക്ക് ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനും ഉള്ള മൃഗശക്തി, ബയോഗ്യാസ് പ്ലാന്റിന്റെ ഊർജ്ജ ഉറവിടം, പേവിഷബാധാ നിയന്ത്രണം, മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസ ഉല്പാദനം, തുടങ്ങിയ പൊതു ജനാരോഗ്യ സംബന്ധിയായ സേവനങ്ങൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ ഈ മേഖല പ്രവർത്തിക്കുന്നു.

പശു, ആട് എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവുകാളകളും എരുമകളും വളർത്തപ്പെടുന്നു. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണെങ്കിലും വളരെ ചെറിയ തോതിൽ താറാവും വളർത്തപ്പെടുന്നുണ്ട്.പഞ്ചായത്തിൽ 60% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

വിളയൂർ പഞ്ചായത്തിന്റെ മുഴുവൻ ചരിത്രവും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. മുൻകാലങ്ങളിൽ എല്ലാ കാർഷിക വൃത്തികൾക്കും അതിനോടു ബന്ധപ്പെട്ടുകിടക്കുന്ന പ്രവർത്തികൾക്കും കന്നുകാലികളെയാണ് ഉപയോഗിച്ചിരുന്നത്. കാർഷിക മേഖല ആധുനിക വല്കരിച്ചതോടുകൂടി കൃഷിയും മൃഗങ്ങളും തമ്മിലുള്ള ബന്ധം നാമമാത്രമായി.

ആദ്യകാലങ്ങളിൽ പശു സ്വന്തമായി ഉണ്ടായിരുന്നവർ സാമ്പത്തികമായി മുന്നിൽ നില്ക്കുന്നവരായിരുന്നു. പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം "സ്വന്തമായി പശു" എന്ന സ്വപ്നം മാത്രമെയുണ്ടായിരുന്നുള്ളു. ഉഴവുമാടുകളെ തൊഴുത്തിൽ നന്നായി സംരക്ഷിച്ചിരുന്നുവെങ്കിലും പശുക്കളെ മേയാൻ

വളർത്തു മൃഗങ്ങളും പക്ഷികളും

പട്ടിക 1

മൃഗങ്ങളുടെ ഇനം	നാടൻ	സങ്കര ഇനം
പശു	207	836
കാള	42	134
എരുമ	11	
കന്നുകുട്ടികൾ	ലഭ്യമല്ല	ലഭ്യമല്ല
ആട്	908	—
കോഴി	12600	—
താറാവ്	80	—
പോത്ത്	123	—
പട്ടി	464	—

അവലംബം:95-96 കന്നുകാലി സെൻസസ് റിപ്പോർട്ട്

വിടുന്ന പതിവായിരുന്നു. അന്നത്തെ പശുക്കളുടെ ഉല്പാദനക്ഷമത "ഇരുന്നാൽ ഉരി പാൽ" എന്ന പ്രയോഗത്തിൽ നിന്ന് വ്യക്തമാകുന്നുണ്ടല്ലോ. ശരാശരി ഉല്പാദനം അര ലിറ്റർ മുതൽ ഒരു ലിറ്റർ വരെയായിരുന്നു. വംശവർദ്ധനവിനായി വിത്തുകാളകളെയാണ് ആശ്രയിച്ചിരുന്നത്. ശാസ്ത്രീയ വിജ്ഞാനം ഇത്രയും വ്യാപകമാവാത്ത 1940 -1945 കാലത്ത് ആന്ധ്രയിൽനിന്നും ഗോവയിൽനിന്നും മേൽത്തരം വിത്തുകാളകളെ കൊണ്ടുവന്ന് ഇവിടുത്തെ പശുക്കളുമായി ഇണചേർത്തിരുന്നു. അങ്ങിനെ സങ്കരയിനം പശുക്കളുടെ വരവോടുകൂടി പാൽുല്പാദനം പടിപടിയായി വർദ്ധിച്ചു തുടങ്ങി.

പരമ്പരാഗത ചികിത്സാ സമ്പ്രദായമാണ് കൂടുതലായും സ്വീകരിച്ചിരുന്നത്. രോഗങ്ങൾ നിർണ്ണയിക്കുന്നതിനോ പ്രതിവിധികൾ ചെലുത്തുന്നതിനോ നാടൻ ചികിത്സാ രീതികൾ വേണ്ടത്ര ഫലപ്രദമായിരുന്നില്ല. അന്ധവിശ്വാസങ്ങൾ വളരെ പ്രചാരത്തിലുണ്ടായിരുന്നു. ഈ കാലഘട്ടങ്ങളിൽ ജനങ്ങൾ മരുന്നിനെപ്പറ്റി ചിന്തിക്കാതെ മന്ത്രവാദത്തിനായിരുന്നു ഊന്നൽ നൽകിയിരുന്നത്.

കുളമ്പുരോഗം വരുന്നത് മഞ്ഞിൽ നടക്കുന്നതുകൊണ്ടാണ് എന്ന ധാരണയായിരുന്നു നിലവിലുണ്ടായിരുന്നത്.

1995 വരെ വിളയൂർ പഞ്ചായത്തിൽ മൃഗാശുപത്രിയോ, വെറ്റിനറി ഡോക്ടറുടെ സേവനമോ ലഭ്യമായിരുന്നില്ല. കരിങ്ങനാട് പ്രവർത്തിക്കുന്ന കൃത്രിമ ബീജസംങ്കലന കേന്ദ്രം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഈ ഉപകേന്ദ്രം വന്നതോടെ നാടൻ പശുക്കളുടെ ഗുണമേ വർദ്ധിപ്പിക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ടെന്ന് പറയാം. വിദഗ്ദ ചികിത്സയ്ക്കായി അടുത്ത പഞ്ചായത്തിലെ ആശുപത്രിയെയാണ് ആശ്രയിച്ചിരുന്നത്.

1995 ലാണ് നമ്മുടെ പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥാപിതമായത്. കൂരാച്ചിപ്പടിയിലെ താല്കാലിക കെട്ടിടത്തിലാണ് ഇന്ന് പ്രവർത്തിക്കുന്നത്. മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അത്യാവശ്യമാണ്. മൃഗാശുപത്രിയിലെ സൗകര്യങ്ങൾ ഇന്ന് പരിമിതമാണെങ്കിലും ചികിത്സ, സർജറി, കൃത്രിമ ബീജസങ്കലനം, വന്ധ്യതാ നിവാരണം പ്രതിരോധ നടപടികൾ, കാർഷിക പരിശീലനം വീരബാധ നിർമ്മാർജ്ജനം ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ സേവനങ്ങൾ ഇവിടെ നിന്നും ലഭ്യമാണ്. എന്നിരുന്നാലും ഈ പ്രവർത്തനങ്ങളുടെ കേന്ദ്രമായി മൃഗാശുപത്രി വളരണമെങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ ലബോറട്ടറി, ഓപ്പറേഷൻ തിയ്യേറ്റർ, കർഷക പരിശീലനഹാൾ മൈക്രോസ്കോപ്പ്, ഫോൺ, സ്വന്തമായി വാഹനം എന്നീ സൗകര്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ലൈവ് സ്റ്റോക് ഇൻസ്പെക്ടർ പാർട്ട്ടൈം സീപ്പർ എന്നീ തസ്തികളിൽ എത്രയും വേഗം നിയമനവും നടത്തേണ്ടതാണ്. നിലവിലുള്ള മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ തീരെ ലഭിക്കുന്നില്ല. ഈ പ്രശ്നവുമായി ബന്ധപ്പെടുത്തി വാർഡുതോറും മൃഗാശുപത്രി സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭകൾ ഉയർത്തുകയുണ്ടായി.

കാലിത്തീറ്റയുടെദൗർബല്യമാണ് കന്നുകാലിവളർത്തുകാർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം പണ്ടുകാലങ്ങളിൽ കാലികളെ സ്വതന്ത്രമായി മേയാൻ വിടുന്ന പതിവായിരുന്നു. ഇന്നത്തെപ്പോലെ വേലിക്കെട്ടുകളോ മതിലുകളോ അന്നുണ്ടായിരുന്നില്ല. ഇന്ന് മേച്ചിൽ സ്ഥലം ഒട്ടുമില്ല. തീറ്റ പുൽ കൃഷി സമ്പ്രദായം ഗ്രാമവാസികൾക്കിടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. മാത്രമല്ല ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന വൈക്കോൽ മെതിച്ചുടനെ ഇവിടെ നിന്നും കയറ്റിക്കൊണ്ടുപോകുന്ന അവസ്ഥ ചില ഭാഗങ്ങളിൽ കൂടുതലാണ്.

ക്ഷീര വിപണ രംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടുണ്ടെന്ന് പറയാനാവില്ല. പഞ്ചായത്തിൽ

ഒമ്പതാം വാർഡിലെ അമരകുളം കേന്ദ്രമാക്കി, ഏഴ്, എട്ട് വാർഡുകളും ഒമ്പതാം വാർഡിലെ കണിയാറാവ്, കൂരാച്ചിപ്പടി, അമരകുളം പ്രദേശങ്ങളും പ്രവർത്തനമേഖലയാക്കി ക്ഷീരസഹകരണസംഘം രൂപീകരിക്കുന്നതിനുള്ള Proposal 24-9-96 ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് അയച്ചിട്ടുണ്ടെന്ന് മാത്രമാണ് ഈ രംഗത്ത് ഇതുവരെയുണ്ടായിട്ടുള്ള നേട്ടം.

വളർത്തുമൃഗങ്ങളിൽ അനുഭവപ്പെടുന്ന രോഗവിവരങ്ങൾ (പട്ടിക) താഴെ ചേർക്കുന്നു. ഇതിൽ അകിടുവീക്കം പ്രത്യേകം പരാമർശം അർഹിക്കുന്ന ഒരു രോഗമാണ്. പാൽ ഉല്പാദനം ഭാഗികമായോ പൂർണ്ണമായോ തടസ്സപ്പെടുത്തുവാൻ ഇതിനുകഴിയും. ഈ രോഗം ബഹുവിധങ്ങളായ രോഗാണുക്കളാൽ ഉണ്ടാവുന്നതാകയാൽ പൊതുപ്രതിരോധന കുത്തിവെയ്പ് നിലവില്ലാത്തതിനാൽ പ്രത്യേകം പ്രാധാന്യം അർഹിക്കുന്നതാണ്.

രോഗ വിവരങ്ങൾ (1995-1996)

പട്ടിക 2

ക്രമ നമ്പർ	രോഗങ്ങൾ	പശു	ആട്	എരുമ
1.	ദഹനസംബന്ധമായവ	161	66	6
2.	ശ്വാസകോശ സംബന്ധം	33	24	1
3.	ഉപാപചയ സംബന്ധം	25	-	-
4.	ത്വക് രോഗങ്ങൾ	28	-	-
5.	ധാതുലവണങ്ങളുടെ അഭാവം	28	-	-
6.	പരാദരോഗങ്ങൾ	348	60	23
7.	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	185	-	8
8.	അകിടുവീക്കം	23	-	14
9.	മുടന്തൻ പനി	20	-	-

കഴിഞ്ഞ പദ്ധതിക്കാലത്ത് വിളയൂർ പഞ്ചായത്തിൽ നടപ്പിലാക്കിയ സ്കീമുകൾ.

മാസ്സീവ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം ഈ പദ്ധതി പ്രകാരം 450 കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ ഗോരക്ഷാ-വന്ധ്യതാ കേമ്പുകൾ, പ്രതിരോധന കുത്തിവെയ്പു ക്യാമ്പുകൾ, പേവിഷബാധ പ്രതിരോധന കുത്തിവെയ്പ്, കാലി വസന്ത നിർമ്മാർജ്ജനപരിപാടികൾ, കന്നുകാലി സർവ്വെ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1.മൃഗാശുപത്രി പഞ്ചായത്തിന്റെ ഒരറ്റത്താണ് അതിനാൽ എല്ലാപ്രദേശത്തും മൃഗാശുപത്രിയുടെ സേവനം ലഭ്യമാകുന്നില്ല.

2.കാലിത്തീറ്റയുടെ വിലകൂടുതൽ.

3. പാലും പാലുല്പന്നങ്ങളും വിറ്റഴിക്കാൻ ആവശ്യമായ സൗകര്യം ഇല്ല.

4.ഗോബർ ഗ്യാസ് പ്ലാന്റുകൾക്ക് വിഭവ ദാരിദ്ര്യം

5.പുല്ലുകൃഷിയെ കുറിച്ചുള്ള അജ്ഞത.

6.അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം.

7.കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം.

8.കോഴി വസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ കോഴിവളർത്തൽ നിരുത്സാഹപ്പെടുന്നു.

9.പുതിയ ജനുസുകളുടെ പശു, കോഴി കുഞ്ഞുങ്ങൾ മുതലായവ ലഭ്യതകുറവ്.

10.ആധുനിക രോഗനിർണ്ണയസംവിധാനങ്ങളുടെ കുറവ്.

11.പേവിഷനിർണ്ണയത്തിനുള്ള സൗകര്യമില്ലായ്മ.

12.മരുന്ന്, വാക്സിൻ എന്നിവയുടെ അമിതമായ വില.

നിർദ്ദേശങ്ങൾ

പോഷക പരിശീലനം:-

മൃഗസംരക്ഷണരംഗത്തെ വിവിധങ്ങളായ മേഖലകളിൽ കർഷകർക്ക് ശാസ്ത്രീയമായ അറിവും പ്രായോഗികതയും പകർന്നുകൊടുക്കുന്ന കർഷക പരിശീലനകേന്ദ്രങ്ങളുടെ പ്രധാന്യം പ്രധാനമാണ്. ഉല്പാദനരംഗത്തെ അഭിവൃദ്ധിക്കും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിലും കനത്ത സംഭാവനചെയ്യുന്ന മൃഗസ്രക്ഷണരംഗത്തെ നവീനമായ കാഴ്ചപ്പാടുകൾ കർഷകർക്ക് യഥാസമയം അറിയേണ്ടത് അത്യാവശ്യമാണ്. അതിനാൽ ഓരോ മൃഗാശുപത്രിയോടനുബന്ധിച്ചും കർഷകപരിശീലനകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

മൃഗാശുപത്രി:-

മൃഗാശുപത്രിയിലെ സജ്ജീകരണങ്ങൾ ആധുനീകരിക്കുകയും, വിപുലപ്പെടുത്തുകയും ചെയ്യുക.

ആധുനിക ചികിത്സാനിർണ്ണയം, ചികിത്സാ പ്രതിരോധനടപടികൾ, കർഷകപരിശീലനം, ബോധവൽക്കരണപ്രവർത്തനങ്ങൾ, പദ്ധതി നടപ്പാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ മൃഗാശുപത്രി കേന്ദ്രമായി വളരണമെങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ ലാബറട്ടറി, ഓപ്പറേഷൻ തീയറ്റർ, കർഷകപരിശീലനഹാൾ, മൈക്രോസ്പോപ്പ്, ഫോൺ, സ്വന്തമായി വാഹനം എന്നീ സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. രക്തം, മൂത്രം, ഉമിനീർ, കഫം, വിസർജ്ജ്യങ്ങൾ മുതലായവ പരിശോധിച്ച് രോഗങ്ങളെ കൃത്യമായി നിർണ്ണയിക്കുന്നത് ചികിത്സാഗുണമേന്മ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു.

ആസ്പത്രിയിൽ ചികിത്സിക്കുന്ന കേസുകൾക്കാനുപാതികമായി വേണ്ടമരുന്നുകളും, സൗകര്യങ്ങളും ലഭ്യമാക്കുക. കന്നുകാലികളുടെ എണ്ണത്തിനനുപാതികമായി കൂടുതൽ കൃത്രിമ ബീജദാനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ (ലൈവ് സ്റ്റോറാക് ഇൻസ്പെക്ടർ, പാർട്ട്ടൈം സ്വീപ്പർ) ജീവനക്കാരെ നിയമിക്കുക.

ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭിക്കുന്നതിന് മൃഗാസ്പത്രിയോടനുബന്ധിച്ച് ജീവനക്കാർക്ക് കോർട്ടേഴ്സ് പണിയുക.

3. പാലുൽപാദനം

വിളയൂർ പഞ്ചായത്തിൽ പാൽ സംഭരണത്തിനും, വിതരണത്തിനും യാതൊരു ശാസ്ത്രീയ സംവിധാനങ്ങളും നിലവിലില്ല. പഞ്ചായത്തുതലത്തിൽ ഡയറിയൂണിറ്റുകൾ സ്ഥാപിക്കുക. അത്യുത്പാദനശേഷിയുള്ള പശുക്കളും കുറവാണ്. മേൽത്തരം പശു ജനുസുകളെ കൃത്രിമ ബീജസങ്കലനത്തിലൂടെ വികസിപ്പിക്കേണ്ടതാണ്. മാത്രമല്ല. പാൽമേഖലയെ സഹകരണവൽക്കരിക്കേണ്ടത് ആവശ്യവുമാണ്. പാൽ ഉല്പാദനം വർദ്ധിക്കുവാൻ പശുക്കളിൽ വിരബാധക്കെതിരെയുള്ള മരുന്നുകൾ പ്രസവിക്കുന്നതിനുമുമ്പും, പ്രസവശേഷവും നൽകുന്നത് വളരെ പ്രയോജനമാണെന്ന് തെളിയിക്കപ്പെട്ടതാണ്. ഇതുമൂലം പശുക്കളിൽ 20% ഉല്പാദനം വർദ്ധിക്കുവാൻ സാധിക്കും. ഈ വിഷയത്തിലുള്ള ബോധവൽക്കരണം അത്യാവശ്യമാണ്. വിവിധ രോഗങ്ങൾ പാലുല്പാദനം ഗണ്യമായി കുറയ്ക്കുന്നു. സാംക്രമികരോഗങ്ങൾക്കെതിരെ പ്രതിരോധകുത്തിവെപ്പ് വ്യാപകമാക്കണം.

മിനി ഡയറി യൂണിറ്റുകൾ:-

വാർഡുതലത്തിൽ മൂന്നുമുതൽ അഞ്ചു പശുക്കളെ വളർത്തുന്ന ചെറിയ ക്ഷീരോല്പാദനയൂണിറ്റുകൾ സ്ഥാപിക്കുക.

ഇതിനാവശ്യമായ ധനസഹായം ബാങ്കു വായ്പയിലൂടെ ലഭ്യമാക്കുക. പഞ്ചായത്തിൽ ഒരു ഡയറിഫാം സ്ഥാപിക്കുക.

4. കന്നുകുട്ടി പരിപാലന പദ്ധതി

ഈ പദ്ധതി വിളയൂർ പഞ്ചായത്തിൽ പൂർണ്ണമായും നടപ്പാക്കുക.

5. തൊഴിൽ

തൊഴിൽ രഹിതരായ ഗ്രാമീണസ്ത്രീകളെ മൃഗസംരക്ഷണപ്രവർത്തനങ്ങളിൽ ആഭിമുഖ്യമുള്ളവരാക്കി തീർക്കുക. ഈ മേഖലയിലേക്ക് ആകർഷിക്കാനുതകുന്ന ബോധവല്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

6. തൊഴുത്ത്

വൃത്തിയുള്ള തൊഴുത്തുകളുടെ നിർമ്മാണത്തിനാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങളും, ധനസഹായവും നല്കുക.

7. മാംസോല്പാദനം

മാംസോല്പാദന പദ്ധതികൾ ആവിഷ്കരിക്കുക.

നമുക്കാവശ്യമായ മാംസത്തിന്റെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയാണ്. പ്രതിവർഷം വിറഴിയുന്ന മാംസത്തിന്റെ വിലയുടെ ഏകദേശം 6 ലക്ഷം രൂപ ഈ മേഖലയിൽനിന്നും നമുക്ക് ചോർന്നുപോകുന്നു. മാംസോല്പാദനമേഖല വിപുലപ്പെടുത്തി ഈ ചോർച്ച ഒഴിവാക്കേണ്ടതാണ്. നമ്മുടെ മാംസോല്പാദനരംഗം വളരെ പരിതാപകരമായ അവസ്ഥയിലാണ്. മാംസത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ യാതൊരു സംവിധാനവും ഇല്ല. അതുകൊണ്ട് മാംസോല്പന്നങ്ങളുടെ വില്പനകേന്ദ്രങ്ങളും, (ശാസ്ത്രീയ) അറവുശാല ശുദ്ധിയായ മാംസം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും മാംസോല്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ഈ മേഖലയിൽ മാംസോല്പാദന-വിതരണ-വിപണനസഹകരണസംഘം രൂപീകരിച്ചുപ്രവർത്തിക്കാവുന്നതാണ്.

മാംസോല്പാദനത്തിനുള്ള ആടുവളർത്തൽ പദ്ധതികൾ നടപ്പിലാക്കുക.

Goat is Goald

മനുഷ്യൻ ആദ്യം ഇണക്കിയ വളർത്തുമൃഗങ്ങളിൽ രണ്ടാംസ്ഥാനം ആടിനാണ്. പാവപ്പെട്ടവന്റെ പശുവാണ് ആട്. ആട് സ്വർണ്ണപ്പണ്ടം പോലെയാണ് എന്ന് പറയാറുണ്ട് പെട്ടെന്നുള്ള ആവശ്യത്തിന് സ്വർണ്ണപ്പണ്ടംപോലെവിറ്റ് പണമാക്കാം. വീട്ടമ്മമാരുടേയും കുട്ടികളുടേയും അദ്ധ്വാനശേശി ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്ന ഒരു മേഖലയാണ് ഇത്. ഈ മേഖലയിൽ ഭൂരിപക്ഷത്തിനും ശാസ്ത്രീയ പരിചരണം ലഭിക്കുന്നില്ല. ആടുവളർത്തലിൽ ശാസ്ത്രീയരീതികൾ ഉപയോഗിക്കുവാൻ വേണ്ട പരിശീലനം നൽകേണ്ടതാണ്.

മുയൽ, കാട, ടർക്കി, താറാവുവളർത്തൽ

ഇവയുടെ പ്രചാരം നമ്മുടെ പഞ്ചായത്തിൽ കുറവാണ്. താല്പര്യമുള്ളവരെ കണ്ടുപിടിച്ച് വേണ്ട സഹായവും, പ്രോത്സാഹനവും നല്കുന്നപക്ഷം മാംസോവ്പാദനരംഗത്ത് ഗണ്യമായ നേട്ടം കൈവരിക്കാവുന്നതാണ്.

ഇറച്ചിക്കോഴി - മുട്ടക്കോഴി

ഇറച്ചിക്കോഴി വളർത്തുന്നതിനും മുട്ടക്കോഴി വളർത്തുന്നതിനും പദ്ധതികൾ തയ്യാറാക്കുക.

നമ്മുടെ പഞ്ചായത്തിൽ ചില സ്വകാര്യ ബ്രോയ്ലർ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. താരതമ്യേന ഉയർന്ന ഉല്പാദനച്ചിലവും, ഉല്പാദനത്തിൽനിന്നുള്ള

കാലതാമസവും ബ്രോയിലർക്കോഴി വളർത്തൽപോലെ മുട്ടക്കോഴി ഉല്പാദനത്തിനും നേരിടുന്ന പ്രശ്നങ്ങളാണ്. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. വാക്സിൻ, മരുന്നുകൾ കോഴിതീറ്റ എന്നിവ കുറഞ്ഞനിരക്കിൽ ലഭിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കുക. ഇറച്ചിക്കോഴി വളർത്തലിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വനിതകളെയും, യുവാക്കളേയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണ - സാമ്പത്തിക സഹായ പദ്ധതികൾ ആവിഷ്ക്കരിക്കുക. ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിന് 'എഗ്ഗർ നഴ്സറികൾ' സ്ഥാപിക്കുക. സ്ക്കൂൾ തലത്തിൽ പൗൾട്രി ക്ലബ്ബ് സ്ഥാപിക്കുക, ഇറച്ചിക്കോഴി മുട്ടക്കോഴി ഉല്പാദന - വിതരണ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ ഈ രംഗത്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ സാഹായമാകും. മാത്രമല്ല വാണിജ്യാടിസ്ഥാനത്തിൽ ഇറച്ചി-മുട്ടക്കോഴി കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കൽ വളരെ ഉപകാരപ്രദവുമാവും.

8. കാലി / കോഴിത്തീറ്റ

കർഷകർക്കാവശ്യമുള്ള തീറ്റ പുൽവിത്തുകൾ വിതരണം ചെയ്യുന്നതിനും പുൽ കൃഷി വ്യാപിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കുക.

മിശ്രിത കാലിത്തീറ്റ ശരിയായ അളവിൽ കാലികൾക്ക് നൽകുവാൻ കഴിയുന്നില്ല. മിശ്രിത കാലിത്തീറ്റയുടെ വർദ്ധിച്ച വിലയാണ് പ്രശ്നം. കുറഞ്ഞനിരക്കിൽ ഗുണമേന്മയേറിയ കാലിത്തീറ്റ കർഷകർക്ക് ലഭ്യമാവാൻ വാർഡടിസ്ഥാനത്തിൽ പദ്ധതി ആവിഷ്ക്കരിക്കുക.

കാലിത്തീറ്റയുൽപാദനത്തിന് ആവശ്യമായ അസംസ്കൃതപദാർത്ഥങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക. പ്രാദേശികമായി ലഭിക്കുന്ന പുളിങ്കുരു, പിണ്ണാക്ക്, കപ്പ, തവിട് തുടങ്ങിയവ ഉപയോഗിച്ചു കാലിത്തീറ്റ മിശ്രിതം നിർമ്മിക്കുവാൻ കർഷകർക്ക് പരിശീലനം നല്കുവാനുള്ള പദ്ധതികൾ തയ്യാറാക്കുക. കാലിത്തീറ്റയുടെ ഗുണനിലവാര നിയന്ത്രണത്തിലുള്ള സംവിധാനങ്ങളുണ്ടാക്കുക. ബ്ലോക്ക് / ജില്ലാടിസ്ഥാനത്തിൽ കാലിത്തീറ്റ മിക്സിങ്ങ് യൂണിറ്റുകൾ സ്ഥാപിച്ച് ന്യായവിലയ്ക്ക് ലഭ്യമാക്കുക.

തെങ്ങൻതോപ്പുകളിൽ തീറ്റപുൽകൃഷി വ്യാപകമാക്കുക. തീറ്റപുല്ല് വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ വാർഡ്തലത്തിൽ വെറുതെകിടക്കുന്ന ഭൂമിയിലും വഴിയും കമ്മറ്റികളുണ്ടാക്കി കർഷകർക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നത് ഒരു പരിധിവരെ സഹായകമായേക്കും.

കോഴിത്തീറ്റയുടെ വിലകുറക്കാൻ സർക്കാർ തല നടപടി സ്വീകരിക്കുക. ജില്ലാതല കോഴിത്തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക എന്നീ പരിപാടികൾ ഈ മേഖലയിലെ കോഴിത്തീറ്റ പ്രശ്നം പരിഹരിക്കുന്നതിന് ഫലപ്രദമാവും.

9. വന്ധ്യതാ നിവാരണം

ഉല്പാദന രംഗത്തെ പിറകോട്ടടിപ്പിക്കുകയും കർഷകർക്ക് സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്യുന്ന ഒരു പ്രശ്നമാണ് ഇത്. ഈ വിഷയത്തിൽ കർഷകർക്ക് യഥാർത്ഥഗുണം ലഭിക്കുംവിധം വാർഡുതോറും വന്ധ്യതാ പരിശോധന പരിഹാര ക്യാമ്പുകൾ വർഷംതോറും നടത്തണം.

വന്ധ്യതാ നിവാരണത്തിന് ബ്ലോക്ക് ലെവൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കണം. വന്ധ്യതാനിവാരണത്തിനുള്ള മരുന്നുകൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്തിന്റെ കീഴിലെങ്കിലും പ്രത്യേകം സംവിധാനം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

10. പേ വിഷബാധ നിർമ്മാർജ്ജനം

നമ്മുടെ പഞ്ചായത്തിൽ പേ ബാധിച്ച പട്ടികളുടേയും കുറുക്കന്മാരുടേയും ശല്യം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് പേ

വിമുക്തമാക്കാനുള്ള പദ്ധതി പഞ്ചായത്തിൽ ആവിഷ്ക്കരിക്കണം. പട്ടിപിടുത്തക്കാരുടെ ക്ഷാമം ഒരു പ്രധാനപ്രശ്നമാണ്. ഈ വിഷയത്തിൽ താത്പര്യമുള്ളവർക്ക് ട്രെയിനിങ്ങ്നൽകി പഞ്ചായത്തിൽ ഒരു സ്ഥിരം പട്ടിപിടുത്തസെൽ സ്ഥാപിക്കണം. പട്ടി പിടുത്തക്കാർക്കുള്ള പ്രതിഫലം വർദ്ധിപ്പിക്കണം. പ്രതിരോധന കുത്തിവെയ്പ്പ് നല്കപ്പെട്ട നായ്ക്കൾക്ക് ലൈസൻസ്, സർട്ടിഫിക്കറ്റ്, കോളർ എന്നിവ നല്കേണ്ടതാണ്. ഒരു മൃഗത്തിന് പേ വിഷബാധയുണ്ടോ എന്നറിയുന്നതിനുള്ള ലാബറട്ടറി ടെസ്റ്റിംഗ് സമ്പ്രദായം ഓരോ ജില്ലയിലും സ്ഥാപിക്കണം.

11. മീറ്റ് ഇൻസ്പെക്ഷൻ

മാംസോൽപാദനത്തിന്റെ പ്രാരംഭഘട്ടം മുതൽ അവസാനഘട്ടംവരെ ശാസ്ത്രീയമായ വെറ്റിനറി മാംസപരിശോധന അത്യാവശ്യമാണ്. ഈ സംവിധാനം ഇപ്പോൾ പഞ്ചായത്തിൽ ഇല്ല. മനുഷ്യൻ ഭക്ഷണകാര്യവുമായും പൊതുജനാരോഗ്യ പ്രശ്നവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ വിഷയത്തിൽ സജീവ ശ്രദ്ധ ആവശ്യമാണ്

കന്നുകാലികളുടെ ആകസ്മിക മരണം മൂലം ഉണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകന് പരിരക്ഷ

കന്നുകാലികളുടെ ആകസ്മികമരണം കർഷകർക്ക് തീരാ നഷ്ടമുണ്ടാക്കുന്നു. ഇൻഷ്വർ ചെയ്യുന്ന കാര്യത്തിൽ ഇന്ന് പലരും വേണ്ടത്ര ബോധവാന്മാരല്ല. മാത്രമല്ല. ഇൻഷ്വറൻസ് പ്രീമിയം കൂടുതലുമാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ എല്ലാ കന്നുകാലികളേയും ഇൻഷ്വർ ചെയ്യുന്നതരത്തിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുകയും, ഇൻഷ്വറൻസ് പ്രീമിയം കുറച്ചുകിട്ടാൻ സർക്കാർതലത്തിൽ ശ്രമങ്ങൾ നടത്തുകയും, ഈ വിഷയത്തിൽ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തുകയും വേണം.

13. മൃഗസംരക്ഷണദിനം

മൃഗസംരക്ഷണ മേഘലയിലെ കർഷകർക്ക് ലഭിക്കുന്ന അംഗീകാരം തുലോം കുറവാണ്. വർഷത്തിലൊരുദിവസം പഞ്ചായത്ത് തലത്തിൽ "മൃഗസംരഭണദിന"മായി വിവിധ പരിപാടികളോടെ കൊണ്ടാടുക. മൃഗസംരക്ഷണരംഗത്തെ സേവനങ്ങൾക്ക് അവാർഡുകൾ നല്കുക. വാർഡുതലത്തിൽ ഈ മേഖലയിലെ കർഷകരെ ആദരിക്കൽ, അവാർഡ് ഏർപ്പെടുത്തുന്ന രീതി സ്വീകരിക്കുക എന്നിവ ഈ മേഖലയെ സംരക്ഷിക്കുവാൻ ഉതകുന്ന പരിശീലനപരിപാടികളാണ്.

14. തുകൽ / അറവുശാല ഉപോല്പന്ന സംസ്ക്കരണം

തുകൽ സംസ്ക്കരണത്തിനുള്ള സാധ്യതകുറവാണെങ്കിലും ശാസ്ത്രീയമായ രീതിയിൽ പഞ്ചായത്തിൽ അറവുശാലകൾ സ്ഥാപിച്ചുകഴിഞ്ഞാൽ അതിന്റെ ഉപോൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിനുള്ള സാധ്യത ഉണ്ടാവുന്നതാണ്.

15. ഊർജ്ജം

കന്നുകാലികളുടെ ചാണകത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ പ്രചരിപ്പിക്കുവാൻ നടപടി സ്വീകരിക്കുക. ഇന്ന് നിലവിലുള്ള ബയോഗ്യാസ് പ്ലാന്റുകളിൽ പലതും പ്രവർത്തനരഹിതമാണ്. പ്രധാനമായും വിദഗ്ദ്ധാരിദ്ര്യം നേരിടുന്നു. അതുകൊണ്ട് കന്നുകാലികളെ വളർത്തുന്ന പരിപാടികൾ വീടുതോറും പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ കാലിസമ്പത്ത് വർദ്ധിക്കുകയും, തന്മൂലം ഗ്രാമീണ വികസനത്തിനും സമ്പത്ത് വ്യവസ്ഥ ശക്തമാക്കുന്നതിനും സാദ്ധ്യമാവുന്നതാണ്.

16. മുഖാമുഖം

ശാസ്ത്രീയ രീതിയിലുള്ള കറവുമാടുകൾ വളർത്തൽ.

മാംസോൽപാദനത്തിനുള്ള ആട്, പോത്ത്, കാള, മുയൽ, കാട, കോഴി (ബ്രോയിലർ കോഴി-മുട്ടക്കോഴി) എന്നിവയുടെ വളർത്തൽ, കാലിത്തീറ്റ നിർമ്മാണം, തീറ്റപുൽകൃഷി, മൃഗങ്ങൾക്കുണ്ടാവുന്ന പകർച്ചവ്യാധികൾക്കെതിരായ പ്രതിരോധപ്രവർത്തനങ്ങൾ, മൃഗപരിപാലനത്തെക്കുറിച്ച് പ്രായോഗിക പരിശീലനം, മൃഗസംരക്ഷണപദ്ധതികളുടെ ആനുകൂല്യം എല്ലാവിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ, വന്ധ്യതാ കാരണങ്ങൾ എന്നീ മൃഗസംരക്ഷണമേഖലയിലെ വിവിധ കാര്യങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവല്ക്കരണ ക്ലാസ്സുകൾ, ചർച്ചകൾ, സെമിനാറുകൾ എന്നീ മുഖാമുഖപരിപാടികൾ വാർഡുകൾതോറും സംഘടിപ്പിക്കുകയാണെങ്കിൽ നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് സുപ്രധാനമായ ഒരു പങ്ക് വഹിക്കുവാൻ ഈ മേഖലയ്ക്ക് സാധിക്കും.

17. 'ക്യാമ്പ് ഡിസ്പെൻസറി'

നിലവിലുള്ള മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ തീരെ ലഭിക്കുന്നില്ല. വാർഡുകൾതോറും മൃഗാശുപത്രി സ്ഥാപിക്കണമെന്ന ഗ്രാമസഭാ നിർദ്ദേശത്തിനുമുന്നിൽ ഓരോ വാർഡിലും മാസത്തിലൊരിക്കൽ ക്യാമ്പ് ഡിസ്പെൻസറിക്കുള്ള സൗകര്യം ഒരുക്കുക എന്നതാണ് ഇക്കാര്യത്തിൽ പെട്ടെന്ന് ചെയ്യാവുന്ന ഒരു കാര്യം.

18. തേനീച്ച വളർത്തൽ

സാമാന്യം ലാഭകരമായി വ്യവസായികാടിസ്ഥാനത്തിൽ വളർത്താവുന്ന ഒരു യൂണിറ്റാണ് ഇത്.

19. മത്സ്യബന്ധനം

മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ ജലാശയങ്ങളിലും പാടങ്ങളിലും ധാരാളം നാടൻ മത്സ്യങ്ങളുണ്ടായിരുന്നു. മീൻപിടുത്തം ഉപജീവനമാർഗ്ഗമായി കഴിഞ്ഞിരുന്നവർ നാമമാത്രമായിരുന്നുവെങ്കിലും ജനസംഖ്യയിൽ നല്ലൊരുഭാഗം സ്വന്തം ആവശ്യത്തിനുള്ള മത്സ്യം പിടിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്നു.

ഇന്ന് നാടൻ മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് മത്സ്യസമ്പത്തിന്റെ ഉറവിടമായിരുന്ന ഉൾനാടൻ ജലാശയങ്ങളിലും കുത്തിപുഴയിലും മറ്റും ഇന്ന് മത്സ്യരോഗങ്ങൾ നിമിത്തം മത്സ്യങ്ങൾ ഇല്ലാത്ത സ്ഥിതിയാണ്. പഞ്ചായത്തിൽ പ്രധാനമായും കടൽ മത്സ്യങ്ങളാണ് ഇപ്പോൾ വിപണനം നടക്കുന്നത്.

ശുദ്ധജല മത്സ്യങ്ങൾ തീരെ ലഭിക്കുന്നില്ല എന്നുതന്നെപറയാം.

ഈ മേഖലയിൽ ഇപ്പോഴുള്ള പ്രവർത്തനങ്ങൾ തുലോം കുറവാണ്. സമ്മിശ്രമൃഗപരിപാലനപരിപാടിയിൽ മത്സ്യം വളർത്തൽ പ്രധാനമാണ്. ഗ്രാമസഭയിൽ മത്സ്യകൃഷിക്ക് താൽപ്പര്യം പ്രകടിപ്പിച്ച് പലരും മുന്നോട്ടുവന്നിട്ടുള്ളത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുതകുന്ന ആസൂത്രണ പരിപാടികൾ വാർഡുകൾതോറും നടപ്പാക്കേണ്ട സമയമായിയെന്നതിന്റെ സൂചനയാണ്.

1. ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കുക.

2. പഞ്ചായത്തിലെ എല്ലാകുളങ്ങളും സംരക്ഷിച്ച് മത്സ്യം വളർത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

3. കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ താല്പര്യമുള്ളവർക്ക് ധനസഹായം നൽകുക. പുതിയ ഇനം മത്സ്യകുഞ്ഞുങ്ങളെ കിട്ടാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കുക.

പഞ്ചായത്തിന്റെ പ്രധാനകേന്ദ്രത്തിൽ ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.

കുന്നിപ്പുഴയിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ നടപ്പിലാക്കുക.

4. പഞ്ചായത്തിലെ പൊതുകുളങ്ങളിൽ ജനപങ്കാളിത്തത്തോടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

3 വിദ്യാഭ്യാസം

കേരളത്തിൽ വള്ളുവനാട് പ്രദേശത്ത് എഴുത്ത് ആശാൻമാരുടെ നേതൃത്വത്തിൽ ആരംഭിച്ച എഴുത്ത് പള്ളിക്കൂടങ്ങളിലൂടെയാണ് വിളയൂരിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചരിത്രം ആരംഭിക്കുന്നത്. പേരടിയൂർ, എടപ്പലം, കരിങ്ങനാടുള്ള കൊഴിഞ്ഞിപറമ്പ് പ്രദേശം എന്നിവിടങ്ങളിലാണ് ആദ്യമായി എഴുത്ത് പള്ളിക്കൂടങ്ങൾ ആരംഭിച്ചതെന്ന് മനസ്സിലാക്കാൻ കഴിയുന്നു. ജന്മിമാരുടെയും നാട്ടു പ്രമാണിമാരുടെയും സഹായസഹകരണത്തിലാണ് ഇത്തരം സ്ഥാപനങ്ങൾ നടന്നിരുന്നത്. അന്നത്തെ എഴുത്തുപള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചിരുന്ന എഴുത്തച്ഛന്മാർ കാര്യമായ പ്രതിഫലം ഒന്നും കിട്ടാതെ തികച്ചും സേവന മനസ്ഥിതിയോടെയാണ് പ്രവർത്തിച്ചിരുന്നത്. ഈ എഴുത്ത് പള്ളിക്കൂടങ്ങളാണ് പിന്നീട് അംഗീകാരമുള്ള സ്കൂളുകളുമായി മാറിയത്. 1909ൽ പേരടിയൂരിൽ പ്രവർത്തിച്ചിരുന്ന എഴുത്ത് പള്ളിക്കൂടത്തിനാണ് ആദ്യമായി ഗവർമെന്റിന്റെ അംഗീകാരം കിട്ടിയത്. 1910ൽ വിളയൂരിലുള്ള UP സ്കൂളിന്റെ പ്രൈമറി വിഭാഗമാണ് പൊതു ഉടമയിൽ ആരംഭിച്ച ആദ്യത്തെ വിദ്യാലയം. 1968ലാണ് ഈ വിദ്യാലയം അപ്ഗ്രേഡ് ചെയ്ത് U.P. സ്കൂളായി മാറ്റിയത്. മലബാർ ഡിസ്ട്രിക്ക് ബോർഡിന്റെ കീഴിലായിരുന്നത് കൊണ്ടാണ് ഈ സ്കൂളിനെ ബോർഡ് സ്കൂൾ എന്നു പറഞ്ഞിരുന്നത്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതി തീരുന്നത് വരെ മണലിലെഴുത്തും, ഓലയിലെഴുത്തും നിലനിന്നിരുന്നു. അക്കാലത്ത് സവർണ്ണർക്ക് മാത്രമേ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ, ഹരിജനങ്ങൾക്ക് സ്വകാര്യ വിദ്യാലയങ്ങളിൽ പ്രവേശനംപോലും നിഷേധിച്ചിരുന്നത് ഇക്കാലത്ത് നമുക്ക് കൗതുകരമായി തോന്നാം.

വിളയൂർ പഞ്ചായത്തിൽ രണ്ടു പ്രൈമറി വിദ്യാലയങ്ങൾ കുട്ടികളുടെ കുറവുകൊണ്ട് അടച്ചു പൂട്ടിയതായി അറിയാൻ കഴിഞ്ഞു. VI-ാം വാർഡിൽ കുപ്പൂത്ത് ഭാഗത്തുണ്ടായിരുന്ന മുസ്ലീം സ്കൂളും, IX-ാം വാർഡിലുള്ള തൃക്കണ്ടിയൂർ (കൂരാച്ചിപ്പടി) ഭാഗത്തുള്ള ഒരു വിദ്യാലയവുമാണ് അടച്ചുപൂട്ടിയത് തൃക്കണ്ടിയൂർ ഭാഗത്തെ സ്കൂൾ ഗവർമെന്റിന് വീട്ടുകൊടുത്തിട്ടും അതിനു നിലനിൽകാനായില്ല. കരിങ്ങനാട് ഭാഗത്ത് വളരെ പഴക്കം ചെന്ന സുപ്രസിദ്ധയായ ചന്ത നിലനിന്നിരുന്ന സ്ഥലത്ത് 1973ൽ ഒരു L.P. സ്കൂൾ ഉണ്ടായി.

ഹൈസ്കൂളില്ലാതിരുന്ന വിളയൂർ പഞ്ചായത്തിൽ 1995-ലാണ് ഹൈസ്കൂൾ ആരംഭിച്ചത്. ഒരു തീപ്പെട്ടികമ്പിനി പ്രവർത്തിച്ചിരുന്ന സ്ഥലത്താണ് സ്കൂൾ സ്ഥാപിക്കപ്പെട്ടത്.

വിളയൂർ പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ 9 (ഒൻമ്പതു) എൽ.പി. സ്കൂളുകളും L.P.യോടുകൂടിയ ഒരു U.P. സ്കൂളും, 1995ൽ പ്രവർത്തനമാരംഭിച്ച ഒരു ഹൈസ്കൂളുമാണുള്ളത്. വിളയൂർ G.M.U.P. സ്കൂളും കണ്ടേങ്കാവ് GLP സ്കൂളും ഒഴിച്ച് ബാക്കിയെല്ലാം എയ്ഡഡ് സ്കൂളുകളാണ്. കൊപ്പം എഡ്യൂക്കേഷ്ണൽ ട്രസ്റ്റിന്റെ കീഴിൽ CBSE സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും, കരിങ്ങനാട് അംഗീകാരം ഇല്ലാത്ത ഒരു ഇസ്ലാമിക് ഓറിയന്റൽ ഹൈസ്കൂളും പ്രവർത്തിക്കുന്നുണ്ട്. കരിങ്ങനാട് സലഫിയ അറബിക് കോളേജും ഉണ്ട്.

വിദ്യാർത്ഥികളിൽ പെൺകുട്ടികളാണ് കൂടുതൽ 118 അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. കഴിഞ്ഞ 5 വർഷത്തെ കുട്ടികളും പ്രവേശനം പരിശോധിച്ചാൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. ഇതിനുള്ള കാരണങ്ങൾ ജനന നിരക്ക് കുറഞ്ഞതും, ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തേടിപ്പോകുന്നതുമാണ്. അയൽ പക്ക വിദ്യാലയ സമ്പ്രദായത്തിനുവേണ്ടിയുള്ള ബോധവൽക്കരണത്തിലൂടെയും, പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്തി ആകർഷണമാക്കുന്നതിലൂടെയും ഈ പോരായ്മകൾ പരിഹരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

ഭൗതിക സാഹചര്യങ്ങൾ:
(ലഘുവിവരണം പട്ടിക III)

ഗവർമെന്റെന്നോ, എയിഡഡ് എന്നോ വ്യത്യാസമില്ലാതെ ഈ പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം വളരെ ദയനീയമാണ്. സ്കൂളിനാവശ്യമായ സ്ഥലം, കെട്ടിടങ്ങൾ ക്ലാസ്സ് മുറികൾ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, കുടിവെള്ളം, പാചകമുറി ഫർണീച്ചറുകൾ, തുടങ്ങിയ കാര്യങ്ങളിൽ ഏതാണ്ട് എല്ലാ വിദ്യാലയങ്ങളും പരിതാപകരമായ സ്ഥിതിയിലാണ്. എല്ലാ വിദ്യാലയങ്ങളും പരിതാപകരമായ സ്ഥിതിയിലാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നാം അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

പി.ടി.എ.

വിളയൂർ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും P.T.A. ഉണ്ട്. PTA യുടെ പ്രവർത്തനം ഇനിയും ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു. നന്നായി പ്രവർത്തിക്കുന്ന PTA കളിൽ പോലും 60%ത്തിലധികം പേരെ പങ്കെടുപ്പിക്കാൻ കഴിയാറില്ല. മുഴുവൻ രക്ഷാകർത്താക്കളെയും യോഗത്തിൽ പകെടുപ്പിക്കാനും സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും കഴിയണം. എല്ലാ സ്കൂളുകളിലും മദർ P.T.A. ഉണ്ടെങ്കിലും കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടില്ല. ക്ലാസ്സ് PTA കൾ ഭൂരിപക്ഷം സ്കൂളുകളിലും ഇല്ല. ക്ലാസ് PTA കൾക്ക് കൂടി അതാത് ക്ലാസ്സുകളിലെ പഠന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടിയിരിക്കുന്നു. ക്ലാസടിസ്ഥാനത്തിൽ മാതൃസംഗമം ചേർന്ന് വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താനുള്ള ചർച്ചകൾ നടത്തുന്ന പരീക്ഷണം ആദ്യമായി നടത്തിയത് പേരടിയൂർ L.P. സ്കൂളിലാണ്. 92-93 വർഷത്തിലായിരുന്നു ഇത്. ഈ പരീക്ഷണം ഒരു പരിധി വരെ വിജയിക്കുകയും ഇത് ജില്ലാടിസ്ഥാനത്തിൽത്തന്നെ ഒരു മാതൃകയായി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിളയൂർ GMUP സ്കൂളിലെ കുടിവെള്ളത്തിനുള്ള വാട്ടർ ടാങ്കും, പൈപ്പും, ടാപ്പുകളും, കണ്ടേങ്കാവ് സ്കൂളിലുണ്ടാക്കിയ വാട്ടർ ടാങ്കും, പേരടിയൂർ സ്കൂളിലുണ്ടാക്കിയ വാട്ടർ ടാങ്കും PTA കളുടെ മാതൃകാപരമായ നിർമ്മാണ പ്രവർത്തനങ്ങളാണ്. സ്കൂൾ വികസന സമിതി ഒന്നു രണ്ട് സ്കൂളുകളിലേ രൂപീകരിച്ചിട്ടുള്ള. വികസന സമിതി, PTA, മദർ PTA, ക്ലാസ്സ് PTA എന്നിവ സജീവമാക്കേണ്ടിയിരിക്കുന്നു. രക്ഷിതാക്കൾകുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിച്ചേ മതിയാകൂ.

പഠനാനുബന്ധ പ്രവർത്തനങ്ങൾ:

പഞ്ചായത്തിലെ സ്കൂളുകളിൽ 30% മാനത്തോളം കുട്ടികൾ പ്രതീക്ഷിത നിലവാരം പുലർത്താത്ത കുട്ടികളാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അനുബന്ധം അഞ്ച് നോക്കുക.

പ്രസ്തുത കണക്കുകളിൽ നിന്നും പഠന നിലവാരം കുറഞ്ഞ കുട്ടികളുടെ നിലവാരം ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അവർക്ക് വേണ്ടിയുള്ള പ്രത്യേക ആക്റ്റിവിറ്റി മെത്തേഡിലുള്ള പഠന പ്രവർത്തനം ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. സ്കൂൾ പരിസരത്തുള്ള സന്നദ്ധ പ്രവർത്തകരുടെ സഹായം തേടാനുള്ള സാധ്യത ആരായാവുന്നതാണ്. ഇതിനുപുറമെ രക്ഷിതാക്കളുടെ സജീവ സാന്നിദ്ധ്യവും ശ്രദ്ധയും ഇക്കാര്യത്തിൽ ഉണ്ടായാൽ നിലവാരം ഇനിയും ഉയർത്താൻ കഴിയുന്നതാണ്. അദ്ധ്യാപകരുടെ ആത്മാർത്ഥമായ സഹകരണവും സഹായവും, ഇക്കാര്യത്തിൽ കൂടിയേ തീരു. ഇക്കാര്യം നാം ഒരിക്കലും വിസ്മരിച്ചുകൂടാ. ഈ പഞ്ചായത്തിലെ കുട്ടികൾ കൊപ്പം, പുലാമന്തോൾ, തിരുവേഗപ്പുറ പഞ്ചായത്തുകളിലെ സ്കൂളുകളിൽ പോയാണ് SSLC വരെ പഠിച്ചിരുന്നത്. അതുകൊണ്ട് തന്നെ കൃത്യമായ വിജയശതമാനം വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ തുടങ്ങിയ ഹൈസ്കൂളിൽ അടുത്ത വർഷമേ SSLC ബാച്ച് തുടങ്ങുകയുള്ളു. ഇതിനു പുറമെ കൃത്യമായി മാസ പരീക്ഷകൾ നടത്തുന്ന സ്കൂളുകൾ അപൂർവ്വമേ ഉള്ളൂ.

പാഠ്യേതര പ്രവർത്തനങ്ങൾ:-

വിളയൂർ പഞ്ചായത്തിലെ മൂന്ന്, നാല് സ്കൂളുകൾ മാത്രമേ സബ്ജില്ലാ അടിസ്ഥാനത്തിലുള്ള കലാകായിക മത്സരങ്ങളിൽ പങ്കെടുക്കാറുള്ളു. സ്കൂൾ അസംബ്ലി, സയൻസ് ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകൾ, മാസ്ഡ്രിൽ, തുടങ്ങിയവ സജീവമാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും യൂണിഫോം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നൂറുശതമാനം കുട്ടികൾക്കും യൂണിഫോം ആയിട്ടില്ല.

സമാന്തര വിദ്യാലയങ്ങൾ

ഈ പഞ്ചായത്തിൽ 2-ാം വാർഡിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം (CBSEസിലബസ്) സ്കൂളും, കരിങ്ങനാട് ഇസ്ലാമിക് ഓറിയന്റൽ സ്കൂളും, സലഫിയ അറബിക് കോളേജും ഉണ്ട്. സലഫിയ അറബിക് കോളേജിനോടനുബന്ധിച്ച് അറബിക്ക്, ഇംഗ്ലീഷ്, Type writing ഉം ഉണ്ട്. ചില വീടുകളിൽ തുന്നൽ പരിശീലിനകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വാർഡിലും മുസ്ലീം മദ്രസകൾ ധാരാളമുണ്ട്. സ്കൂൾ എണ്ണത്തേക്കാൾ മദ്രസകൾ പ്രവർത്തിക്കുന്നുണ്ട്. മദ്രസകൾ നന്നായി പ്രവർത്തിപ്പിക്കുന്ന കമ്മറ്റികൾ സ്കൂളുകളുടെ കാര്യത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല എന്നത് വളരെ ദൗർഭാഗ്യകരമാണ്. ഇത് വലിയ പ്രശ്നം തന്നെയാണ്. സജീവമായ ചർച്ചചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

1. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
2. ക്ലാസ്മുറികൾ, കളിസ്ഥലം, ലാബോറട്ടറി,

കുടിവെള്ളം, കോമ്പൗണ്ട് മതിൽ, കെട്ടിടം, ഫർണീച്ചറുകൾ, മൂത്രപ്പുര, തുടങ്ങിയവ സ്കൂളുകളിൽ തൃപ്തികരമല്ല.

3. സ്കൂളുകളിലെ പഠനനിലവാരം തൃപ്തികരമല്ല. SSLC വിജയശതമാനവും തൃപ്തികരമല്ല.
4. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാധ്യത എല്ലാ സ്കൂളിലും നിലനിൽക്കുന്നുണ്ട്.
5. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ പ്രവർത്തനം പൊതു വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു.
6. വിളയൂർ പഞ്ചായത്തിൽ ഒരു യു.പി. സ്കൂൾ മാത്രമേ ഉള്ളു അതിനാൽ 5,6,7,8,9 വാർഡുകളിലെ കുട്ടികൾക്ക് UP സ്കൂൾ വിദ്യാഭ്യാസത്തിന് 4 കി.മീ. മുതൽ 6 കി.മീ. നടക്കേണ്ട അവസ്ഥയാണുള്ളത്.
7. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് I,II,III, IV, V, വാർഡുകൾക്ക് മറ്റു പഞ്ചായത്തിലെ സ്കൂളുകളെ ആശ്രയിക്കേണ്ടിവരുന്നു.
8. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. അത് തുടങ്ങാനുള്ള സാധ്യതകളും ഉണ്ട്.
9. അംഗനവാടി, ബാലവാടികൾക്ക് ഒരു തരത്തിലുള്ള ഭൗതിക സാഹചര്യങ്ങളും ഇല്ല (കെട്ടിടം, ഫർണിച്ചർ, സ്ഥലം, കളിക്കോപ്പുകൾ)
10. ഈ പഞ്ചായത്തിൽ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളോ, തൊഴലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല.
11. കലാകായിക വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യവുമില്ല.
12. അധ്യാപികമാർ പഞ്ചായത്തിൽ കൂടുതലാണ്.
13. UP സ്കൂളിൽ കുട്ടികളുടെ എണ്ണ കൂടുതൽ വളരെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

നടപ്പാക്കേണ്ട കാര്യങ്ങൾ (സാധ്യതകൾ)

1. നിലവിലുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഉയർത്താൻ ഗവർമെന്റും പഞ്ചായത്തും മാനേജ്മെന്റും മുൻകൈയെടുത്ത് നാട്ടുകാരുടെ സഹായത്തോടെ പരിപാടികൾ ആവിഷ്കരിക്കുക.
2. എല്ലാ സ്കൂളിനോടനുബന്ധിച്ചും പ്രീ. പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുകയും അവയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക.
3. വിളയൂരിന്റെ പടിഞ്ഞാറുഭാഗത്ത് ഒരു UP സ്കൂൾ സ്ഥാപിക്കുക, കരിങ്ങനാട് ഭാഗത്ത് മറ്റൊരു UP സ്കൂളും അനുവദിക്കുക.
4. കണ്ടേങ്കാവ് ഗവ. LP സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കണം.
5. പാലോളി കുളമ്പിൽ ഒരു LP സ്കൂൾ സ്ഥാപിക്കുക.
6. പഞ്ചായത്തിലെ കിഴക്കുഭാഗത്ത് ഒരു ഹൈസ്കൂൾ അനുവദിക്കുക. (1,2,3,4,5 എന്നീ വാർഡുകൾക്ക് മദ്ധ്യത്തിൽ)
7. നിലവിലുള്ള ഹൈസ്കൂളിൽ +2 കോഴ്സ് ആരംഭിക്കുക.
8. വിളയൂർ പഞ്ചായത്തിൽ ഒരു പോളിടെക്നിക്ക് സ്ഥാപിക്കുക.
9. പഞ്ചായത്തിൽ കോളേജ് വിദ്യാഭ്യാസത്തിന്

പട്ടാമ്പിയിലോ, പെരിന്തൽമണ്ണയിലോ പോകേണ്ട സ്ഥിതിയാണുള്ളത്. ഇതിന് പരിഹാരം കാണാൻ പഞ്ചായത്തിൽ ഒരു ജൂനിയർ കോളേജ് ആരംഭിക്കുക.

10. ഉച്ചക്കഞ്ഞി പരിപാടി എല്ലാ സ്കൂളുകളിലും തൃപ്തികരമായി നടപ്പാക്കുക.
11. PTA കൾക്ക് അംഗീകാരവും പ്രോത്സാഹനവും കൊടുക്കുകയും അവരെ പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.
12. നിർധനരായ കുട്ടികൾക്ക് സ്കൂൾ യൂണിഫോം വിതരണം ചെയ്യാൻ പഞ്ചായത്തടിസ്ഥാനത്തിൽ കമ്മറ്റിയുണ്ടാക്കുക.
13. കലാ, കായികരംഗത്ത് പ്രോത്സാഹനം കൊടുക്കാൻ പഞ്ചായത്ത് തല മത്സരങ്ങൾ സംഘടിപ്പിക്കുക.
14. കഴിവുള്ള അധ്യാപകരെ മാതൃകാപരമായ അധ്യാപകരാക്കി അവർക്ക് അംഗീകരാവും പ്രോത്സാഹനവും കൊടുക്കുക.
15. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി, പഠനപരിപാടികൾ കോംപ്ലക്സ്ടിസ്ഥാനത്തിൽ നടപ്പിലാക്കി പഠനനിലവാരം ഉയർത്തുക.
16. സ്കൂൾ വികസന സമിതി, പി.ടി.എ. മദർ PTA ക്ലാസ്സ് PTA ഇവയുടെ പ്രവർത്തനം സജീവമാക്കുക.
17. അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കാൻ നടപടികളെടുക്കുക.
18. UP സ്കൂളുകളിൽ ഒരു ക്ലാർക്കിനെയെങ്കിലും നിയമിക്കുക.
19. LP വിഭാഗം കുട്ടികൾക്ക് പുസ്തകം, ഭക്ഷണം, യൂണിഫോം എന്നിവ സൗജന്യമായി വിതരണം ചെയ്യുക.
20. അധ്യാപകരെ മറ്റുജോലികൾ ഏൽപിക്കുന്നത് പരമാവധി കുറയ്ക്കുക.
21. അംഗനവാടി, ബാലവാടികൾ സജീവമാക്കുകയും, അവിടെ പ്രവർത്തിക്കുന്ന വർക്കർമാർക്ക് വേണ്ട പരിശീലനം കൊടുക്കുകയും ചെയ്യുക.
22. വൈജ്ഞാനിക രംഗത്തും, കായികരംഗത്തും പ്രതിഭകളെ കണ്ടെത്താൻ തീവ്രശ്രമം നടത്തണം.
23. വിദ്യാഭ്യാസ കലണ്ടർ ഏകീകരിക്കണം.
24. 200 പ്രവൃത്തി ദിവസവും 5 മണിക്കൂർ പ്രവൃത്തനസമയവും ഉറപ്പുവരുത്തുക.
25. പൊതുവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകർ ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ളവരാണ്. അവരുടെ കഴിവുകൾ പരമാവധി ഉപയോഗിക്കുക.
26. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാൻ സംവിധാനമുണ്ടാക്കുക.
27. പിന്നോക്കം നിൽക്കുന്നവരെ മുന്നോക്ക കാരാക്കാൻ സന്നദ്ധ പ്രവർത്തകരുടെ സഹായം തേടാവുന്നതാണ്.
28. പഞ്ചായത്തടിസ്ഥാനത്തിൽ ഒറ്റ യൂണിഫോം നടപ്പാക്കുക, യൂണിഫോം ഇല്ലാത്തവർക്ക് സൗജന്യമായി നൽകാൻ ഏർപ്പാട് ചെയ്യുക.
29. പഞ്ചായത്തിലുള്ള ഓരോ ക്ലാസിലും നന്നായി ഏറ്റവും പാടുന്ന കുട്ടി, ഏറ്റവും നല്ല അധ്യാ

പകൻ, ഏറ്റവും നല്ല PTA മദർ പി.ടി.എ. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്കൂൾ എന്നിവക്ക് സമ്മാനം ഏർപ്പെടുത്തുക.

30. കൃത്യമായ സ്കൂൾ പരിശോധന നടപ്പിലാക്കുക. ഔദ്യോഗിക തലത്തിലും, ജനകീയ തലത്തിലും.

അനൗപചാരിക വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും വിളയൂർ ഗ്രാമത്തിലെ വിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആദ്യ കാലങ്ങളിൽ ഹരിജനങ്ങൾക്ക് സ്വകാര്യ വിദ്യാലയങ്ങളിൽ പ്രവേശനം നിരോധിച്ചിരുന്നത്രെ. തൊട്ടടുത്ത പഞ്ചായത്തായ പുലാമന്തോളിൽ ചെറുകാട്, RP, CR എന്നിവരുടെ നേതൃത്വത്തിലുണ്ടായ നവോത്ഥാന പ്രസ്ഥാനത്തിന്റെ സ്വാധീനം വിളയൂർ പഞ്ചായത്തിലുമുണ്ടായിട്ടുണ്ട്.

കരിങ്ങനാട് ഭാഗത്തുള്ള എടത്തോൾ മൊയ്തുകുട്ടിമൊല്ല എന്ന ഒരു കവി അദ്ദേഹത്തിന്റെ ചില കവിതാസമാഹാരങ്ങളും മാപ്പിളപ്പാട്ടുകളും അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരിങ്ങനാട് ഭാഗത്തുള്ള കുഞ്ഞാലിക്ക് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന് താമ്രപത്രം ലഭിച്ചിട്ടുണ്ട്.

വിളയൂർ പഞ്ചായത്തിലെ കരിങ്ങനാട് ഭാഗത്ത് തുടങ്ങിയ വായനശാല പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചിരുന്നു. മൺമറഞ്ഞ രാമപൊതുവാൾ മാസ്റ്റർ, കുഞ്ഞിമുഹമ്മദ് മാസ്റ്റർ തുടങ്ങിയവർ അതിന്റെ ആദ്യകാല പ്രവർത്തകരായിരുന്നു. സന്നദ്ധസംഘങ്ങൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ സാംസ്കാരിക മേഖലയിലും വരുന്നതിനാൽ അവയുടെ പ്രവർത്തനം ഇവിടെ വിശദമായി വിലയിരുത്തുന്നില്ല. ഇപ്പോൾ, പഞ്ചായത്തിൽ മൂന്നു നാലു ഗ്രന്ഥാളയങ്ങളുണ്ടെങ്കിലും ജനങ്ങളുടെ വായനാശീലം കുറഞ്ഞുവരികയാണ്. പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയിൽ നിരവധി പുസ്തകങ്ങളും വായനമുറിയും Part time ആയി ലൈബ്രേറിയനും ഉണ്ടെങ്കിലും ജനങ്ങൾ അതിന്റെ സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. ജനങ്ങളിൽ കുറഞ്ഞുവരുന്ന വായനാശീലം വർദ്ധിപ്പിക്കാൻ വേണ്ട ബോധപൂർവ്വമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

സാക്ഷരതാ പ്രസ്ഥാനം

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് സാക്ഷരതാ പ്രസ്ഥാനം കാര്യക്ഷമമായി നടന്ന പഞ്ചായത്തുകളിലൊന്നാണ് വിളയൂർ. 1990ലാണ് ജനകീയ സാക്ഷരത പ്രസ്ഥാനം ആരംഭിച്ചതെങ്കിലും അതിനുമുമ്പ് വയോജന വിദ്യഭ്യാസത്തിന്റെ ഭാഗമായി ബ്ലോക്ക് ഓഫീസുകൾ ഓരോന്നിനും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സാക്ഷരതാ ക്ലാസ്സുകൾ നടന്നിരുന്നു. VEO, ബ്ലോക്കോഫീസർ എന്നിവർ മുഖാന്തിരമാണ് ക്ലാസ്സുകൾ നടന്നിരുന്നത്. ക്ലാസ്സെടുക്കുന്നവർക്ക് ചെറിയ തോതിലുള്ള പ്രതിഫലം നൽകിയിരു

ന്നു. പി. സുബ്രഹ്മണ്യൻ മാസ്റ്റർക്ക് പട്ടാമ്പി ബ്ലോക്കിലുള്ള മികച്ച ക്ലാസിനുള്ള പ്രോത്സാഹന സമ്മാനം ലഭിച്ചിട്ടുണ്ട്. ഗവൺമെന്റു തലത്തിലുള്ള പദ്ധതിയായതിനാലും ജനപങ്കാളിത്തമില്ലാത്തതിനാലും പല ക്ലാസുകളും പങ്കാളിത്തം നന്നേ കുറവായിരുന്നു.

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി വിളയൂർ പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം താഴെകൊടുക്കുന്നു. 1990 ഏപ്രിൽ 8നു 73 ക്ലാസ്സുകളിലായി 219 പേർക്ക് നടത്തിയ സർവ്വെ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 17601ഉം, നിരക്ഷരിൽ പുരുഷന്മാർ 1023ഉം, സ്ത്രീകൾ 1620 ആകെ 2713 പേരായിരുന്നു. 29-4-90ന് ഇൻസ്ട്രകർമാരുടെ രജിസ്ട്രേഷൻ നടന്നു. 200 ഇൻസ്ട്രകർമാർ രജിസ്റ്റർ ചെയ്തു. 12-4-90 ന് കൂരാച്ചിപടിയിൽ വെച്ച് സാക്ഷരതാ സാമൂഹ്യ പ്രതിജ്ഞ നടന്നു. മെയ് 23,24,25 തിയ്യതികളിൽ മാസ്റ്റർ ട്രെയ്നർ: ക്യാമ്പ് നടന്നു.


ജൂൺ 1 അക്ഷര ദീപം എല്ലാ വീടുകളിലും തെളിച്ചു. ജൂൺ 8,9,10 തിയ്യതികളിൽ ഇൻസ്ട്രകർ പരിശീലന ക്യാമ്പ് നടന്നു. 11 വനിതകളടക്കം 297 പേർ പങ്കെടുത്തു. ജൂൺ 25 ആയപ്പോഴേക്കും 125 ക്ലാസ്സുകൾ രൂപീകരിച്ചു. 21.6.90ന് സ്കൂൾ സാക്ഷരതാദിനം ആചരിച്ചു ജൂലായ് 7-ാംനു പഞ്ചായത്തിലെ കലാസംഘവും, 27-7-90ന് പഞ്ചായത്ത് ഗായക സംഘവും രൂപീകരിച്ചു. ഓണക്കാലത്ത്, പഠിതാക്കളുടെ കലാമേളയും, പൂക്കള മത്സരവും നടത്തി. ബാലവേദി കൂട്ടുകാർ അക്ഷരപാവകളായി പരിപാടികൾ അവതരിപ്പിച്ചു. ലോകസാക്ഷരതദിനം 1990 സെപ്തംബർ 8-നു ആചരിച്ചു. 20-9-90 ന് കണ്ണ് പരിശോധനാക്യാമ്പും, 29-7-90ന് ചിത്രകലാക്യാമ്പും നടത്തി. വാർഡുതല ഹാജർ പ്രഖ്യാപനം 1-11-90ന് നടത്തി. 20-11-20ൽ റി സർവേ നടത്തി.

24-11-90ന് അക്ഷരഗാനസദസ്സ് നടത്തി. സമ്പൂർണ്ണ ഹാജർ 5,18, തിയ്യതികളിൽ പഠനയാത്രകൾ നടത്തി. 6-1-91ന് ഇൻസ്ട്രകർമാരെ അനുമോദിച്ചു സ്കൂളുകളുടെ സഹകരണത്തോടെ സൂ പ്രദർശനം 14-1-91ന് നടത്തി. 11-1-91ന് അക്ഷര ഗ്രാമ പാർലമെന്റും കണ്ണട വിതരണവും നടത്തി. വിളയൂർ പഞ്ചായത്ത് സാക്ഷരതാപ്രഖ്യാപനം 10-4-91ന് വിളയൂർ ALP സ്കൂളിൽവെച്ച് നടന്നു. 92% സാക്ഷരത കൈവരിച്ചതായി സാക്ഷരതാസമിതി ചെയർമാൻ ശ്രീ. കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു.



സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടങ്ങൾ/മുറികൾ	ഓഫീസ് മുറി	ഓഫീസിനായി ഇനി ആവശ്യമുള്ള മുറികൾ	സ്റ്റാഫ് റൂമിന് ഇനി ആവശ്യമുള്ള സ്ഥലം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	യൂറിനുകളുടെ എണ്ണം	കുടിവെള്ളസൗകര്യം ഉണ്ട്/ഇല്ല-കിണർ/പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചകപ്പുര	സ്റ്റാഫ് റൂം	ചുറ്റുമതിൽ/വേലി ഉണ്ട്/ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം				
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം												ഡസ്ക്	ബെഞ്ച്	മേശ	കസേര	കമ്പ്യൂട്ടർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
GLPS കണ്ടേങ്കാവ്	6	1	-	-	-	-	-	4	ഇല്ല	1	8	1	1	-	കിണർ പൈപ്പ്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	2	4	2	2	1
ALPS പേരടിയൂർ	7	2	-	-	2	-	-	1	ഉണ്ട്	1	1	3	ഇല്ല	-	ഉണ്ട് പൈപ്പ്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	10	10	8	8	2
വിളയൂർ യൂണിയൻ ALPS	6	1	1	-	4	3	-	3	ഉണ്ട്	1	8	2	1	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	15	4	4	2
BSALPSകരിങ്ങനാട്	7	4	-	-	7	-	-	-	-	2	10	-	1	-	ഉണ്ട് കിണർ	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	-	-	-	-	-
KMALPSകരിങ്ങനാട്	7	2	-	-	9	-	-	-	ഉണ്ട്	3	10	-	-	-	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	60	-	5	5	-
AMLPS എടപ്പലം	5	1	1	-	4	1	-	1	ഉണ്ട്	ഇല്ല	ഇല്ല	2	ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	-	-	3
ALP സ്കൂൾ വിളയൂർ	6	-	1	-	-	1	-	3	ഉണ്ട്	2	10	2	1	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	40	11	3	4	2
ALP സ്കൂൾ കരിങ്ങനാട്	7	4	-	-	9	-	-	-	ഉണ്ട്	2	10	4	ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	50	50	4	5	5
HALPS എടപ്പലം	4	1	-	-	ഇല്ല	ഇല്ല	ഇല്ല	-	-	ഇല്ല	-	2	ഇല്ല	-	ഉണ്ട് കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	8	4	5	1
MUPS വിളയൂർ	24	3	-	-	24	-	-	10	ഉണ്ട്	1	15	2	2	2	ഉണ്ട് കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	100	100	10	10	2
PTMYHS എടപ്പലം	11	2	സ്ഥിരം	-	സ്ഥിരം	-	-	ഇല്ല	ഉണ്ട്	2	14	-	2	-	ഉണ്ട് കിണർ	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	-	-	-	-	-



4 1

ആരോഗ്യവും, കുടിവെള്ളവും

ആരോഗ്യം

വിളയൂർ പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 19643 ആണ്. ഈ പഞ്ചായത്തിൽ പൊതു മരണനിരക്ക് 1000ത്തിന് 3.46 ആകുന്നു. ഇത് കേരള ശരാശരിയേക്കാൾ (5.9) കുറവാണ്. ആരോഗ്യ വകുപ്പിന്റെ കണക്കനുസരിച്ച് ഇവിടെ മാതൃമരണവും ശിശുമരണവും ഇല്ല. കേരളത്തിൽ ശിശുമരണനിരക്ക് 1000ത്തിന് 16 ആണ്. ഈ പഞ്ചായത്തിൽ പൊതുജനനനിരക്ക് കൂടുതലാണ്. കേരളത്തിൽ 1000ത്തിന് 16ഉം പഞ്ചായത്തിൽ ശരാശരി 19 ഉം ആണ്. ഈ വർദ്ധനവിന്റെ കാരണം കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലുള്ള ജനങ്ങളുടെ വിമുഖതയാണ്. ഇതിനുള്ള പ്രധാന കാരണം ശരിയായ ബോധമില്ലായ്മയും, തെറ്റിദ്ധാരണയുമാണ്. പഞ്ചായത്തിൽ ഒരു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 260ഉം ഒന്നുമുതൽ അഞ്ചുവയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം 2070 ആണ്. ഇതിൽ 1025 ആൺകുട്ടികളും 1045 പെൺകുട്ടികളുമാണ്. പഞ്ചായത്തിൽ അംഗവൈകല്യമുള്ള 123 പേർ ഉണ്ട്.

രോഗാതുരത:

നമ്മുടെ പഞ്ചായത്തിലെ ഏക ആരോഗ്യ സ്ഥാപനമായ ആയുർവ്വേദാസ് പത്രിയിൽ ഔട്ട് പേഷ്യന്റായി 15217 പേർ എത്തി. (1996 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) ആറു പഞ്ചായത്തുകൾക്കുള്ള കൊപ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വിളയൂർ പഞ്ചായത്തിൽ നിന്ന് 266 ഇൻപേഷ്യന്റും 5988 ഔട്ട് പേഷ്യന്റും ഉണ്ട്. സാധാരണയായി പഞ്ചായത്തിൽ കണ്ടുവരുന്ന രോഗങ്ങൾ ഛർദ്ദി, അതിസാരം, നേത്രരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവയാകുന്നു. വേനൽക്കാലത്ത് ഛർദ്ദി, അതിസാരം എന്നീരോഗങ്ങൾ കൂടുതൽ കണ്ടുവരുന്നു. ഇതിന് പുറമെ പഞ്ചായത്തിൽ പതിനഞ്ചോളം ലെപ്രസിരോഗികളുണ്ട്. കാൻസർ രോഗികളുടെ എണ്ണം കൂടി വരുന്നുണ്ട്. ഈ പഞ്ചായത്തിൽ ജനിക്കുന്ന കുട്ടികൾക്ക് 2 1/2 കിലോയും, മൂന്നിനും ഇടയിൽ തൂക്കമുണ്ട്. (കി.) ഇത് അധികവും മൂന്നുകിലോവിൽ അധികമല്ലാതെ 2 കിലോവിൽ

കുറവുവരാറില്ല. പഞ്ചായത്തിലെ 16 അംഗൻവാടികളിലൂടെ 918 കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നു. പഞ്ചായത്തിൽ 11 സ്കൂളുകളുള്ളതിൽ 4 സ്കൂളുകളിൽ മാത്രമെ ഉച്ചക്കഞ്ഞി വിതരണം നടക്കുന്നുള്ളു.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി ഒരു ആയൂർവ്വേദാസ്പത്രി സ്ഥിതിചെയ്യുന്നു. മെഡിക്കൽ ഓഫീസർ അടക്കം 4 ജീവനക്കാരാണ് ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നത്. ഇതിന്നു പുറമെ കൊപ്പം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ നാലു സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ വിളയൂർ IPP (Indian Population) എടപ്പലം PWC(Family welfare centre) എന്നിവക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്. എന്നാൽ കണ്ടെങ്കാവ്, പാലൊളിക്കുണ്ട് IPP ക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. ഈ നാലുസെന്ററുകളിൽ 4 JPHN കളും (Junior Public Health nurse) ഒരു JHI ഉം (Junior health Inspector) ഉണ്ട്. നിലവിലുള്ള JHI പ്രവർത്തിക്കുന്നത് 1,2,3,4,5 വാർഡുകളിലാണ്. എന്നാൽ 6,7,8,9 വാർഡുകളിലേക്ക് പ്രവർത്തിക്കുവാൻ ഒരു JHI കൂടി ആവശ്യമാണ്. 3929 ആൾക്ക് ഒരു സ്ഥാപനം എന്ന അനുപാതമാണ് ഇന്ന് നിലവിൽ ഉള്ളത്. എന്നാൽ 19643 പേർ താമസിക്കുന്ന ഈ പഞ്ചായത്തിൽ കേവലം ഒരു ആയൂർവ്വേദ ഡോക്ടറുടെ സേവനം മാത്രമാണ് ലഭിക്കുന്നത്. സമീപ പഞ്ചായത്തുകളായ കൊപ്പം, പുലാമന്തോൾ എന്നീ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മെഡിക്കൽ സ്ഥാപനങ്ങളും, മെഡിക്കൽ പ്രാക്ടീഷണർമാരും വളരെയധികം കുറവാണ്. ഈ പഞ്ചായത്തിലെ ആകെയുള്ള ഒരായൂർവ്വേദ ഡിസ്പെൻസറിയിൽ ഒരു മാസത്തിൽ 1866.35 രൂപയാണ് മരുന്നിനുമാത്രം ചെലവാക്കുന്നത്. ഇത് ജനസംഖ്യാനുപാതികമായി കണക്കാക്കുമ്പോൾ ഒരാൾക്ക് 1.14 രൂപയാണ്. ഇത് വളരെ ശുഷ്കമാണെന്നു പറയേണ്ടതില്ലല്ലൊ.

ഈ പഞ്ചായത്തിൽ ആയൂർവ്വേദ സിദ്ധമർമ്മ, നാട്ടുചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗതമായി ആയുർവ്വേദ രംഗത്ത് ചികിത്സ നടത്തുന്ന വ്യക്തികളും, അവർ നടത്തുന്ന സ്വകാര്യ ആയുർവ്വേദ ഫാർമസികളും പഞ്ചായത്തിലെ എല്ലാ വർഡിലുമുണ്ട്. ഒരു അലോപ്പതി മെഡിക്കൽ സ്റ്റോറും പഞ്ചായത്തിൽ ഈയിടെയായി പ്രവർത്തിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ആലിക്കൽ പള്ളിയാലിലെ പൗരസമിതി നേത്ര പരിശോധന, ആയുർവ്വേദ ചികിത്സാ ക്യാമ്പ്, ഗ്രാമിക പേരടിയൂരിന്റെ എഡ്സ് ബോധവൽക്കരണ ക്ലാസ്, ത്വക് രോഗ പരിശോധനാ ക്യാമ്പ്, മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രചരണം, ഔഷധ സസ്യസെമിനാർ, അഭയം സോഷ്യൽ വെൽഫെയർ ബോർഡ് സംയുകതമായി 12 വിഷയങ്ങളെ അടിസ്ഥാനമാകി ഒരു ക്യാമ്പും, സംഘടിപ്പിച്ചു. 1-ാം വാർഡിലെ കിഴക്കെക്കര പൗരസമിതി നേത്രചികിത്സാ ക്യാമ്പ്

നടത്തിയിട്ടുണ്ട്. തനിമ, നവഭാവന എന്നീ ക്ലബ്ബുകൾ രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു.

പ്രശ്നങ്ങൾ

- മയക്കുമരുന്ന്, മദ്യം, പാൻപരാഗ് എന്നിവക്ക് യുവാക്കൾ അടിമയാകുന്നു.
- രണ്ടാം വാർഡിൽ വ്യവസായ മലിനീകരണത്തെ ഭയപ്പെടുന്നു.
- ഉയർന്ന രോഗാതുരത, പകർച്ച വ്യാധികളുടെ തിരിച്ചുവരവ്
- പൊതുജനാരോഗ്യ സംവിധാനങ്ങളുടെ തകർച്ച
- ചികിത്സാ ചിലവുകളുടെ ഭീമമായ വർദ്ധനവ്

  ഇതിന്റെയൊക്കെ ഫലമായി 30 മുതൽ 40 ശതമാനം വരെ പേർക്ക് ആതുരസേവനം നിഷേധിക്കപ്പെടുന്ന സ്ഥിതി.
- മെഡിക്കൽ പ്രാക്ടീഷണൽമാരുടെ എണ്ണത്തിന്റെ വമ്പിച്ച കുറവ് (19643 പേർക്ക് ഒരു മെഡിക്കൽ പ്രാക്ടീഷണർ)
- പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അഭാവം.
- അലോപ്പതി ഡോക്ടർമാരുടെ സേവനം ഈ പഞ്ചായത്തിൽ ഒരു ഭാഗത്തും ഇല്ല.
- ചുരുങ്ങിയ ചിലവിൽ ആയുർവ്വേദ മരുന്നുകൾ കിട്ടാനില്ല.
- ഔഷധ സസ്യങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.
- നിലവിലുള്ള ആയുർവ്വേദ ഡിസ്പെൻസറി ഒരാസ്ത്രിയായി ഉയർത്തിയാൽ മാത്രമെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമാകുകയുള്ളു.
- ഹോമിയോപ്പോതി ചികിത്സ പഞ്ചായിത്തിൽ ലഭ്യമല്ല.
- വിഷ ചികിത്സ സൗകര്യം ലഭ്യമല്ല.
- ജനസംഖ്യാനുപാതികമായി ആരോഗ്യ പ്രവർത്തകരുടെ എണ്ണത്തിൽ ഉള്ളകുറവ്
- പഞ്ചായത്തിലെ 90% പേരും അലോപ്പതിയെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ളവർക്ക് പ്രാഥമിക ചികിത്സക്കു പോലും 10 കിലോ മീറ്ററോളം ദൂരം സഞ്ചരിക്കണം.

നിർദ്ദേശങ്ങൾ

1. മദ്യം, മയക്കുമരുന്ന്, പാൻപരാഗ്, പുകവലി, എന്നിവക്കെതിരെ വ്യാപകമായ ബോധവൽക്കരണം.
2. വ്യവസായത്തോടൊപ്പം അവ ഉയർത്തുന്ന മലിനീകരണം തടയുന്നതിന് ഫലപ്രദമായ നടപടികൾ വേണം.

3. കൊതുക് ഈച്ച എന്നിവയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള സ്ഥിരമായ സംവിധാനം ഉണ്ടാക്കുക. പൊതുസ്ഥലങ്ങളിൽ മലിനീകരണം തടയുന്നതിനായി ജനങ്ങളെ ബോധവാന്മാരാക്കുക.

4. ചപ്പുചവറുകളും മാലിന്യങ്ങളും പൊതുസ്ഥലങ്ങളിൽ നിന്ന് നീക്കം ചെയ്യാനുള്ള സ്ഥിരമായ സംവിധാനം വേണം.

5. പൊതുസ്ഥലത്ത് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

6. റോഡുകളും ചാലുകളും വൃത്തിയായി വെക്കണം. അതിനുള്ള സംവിധാനമുണ്ടാക്കുക.

7. പൊതു ജനാരോഗ്യ സംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയും, ഫലപ്രദമായ നടപടി ഉണ്ടാക്കുകയും ചെയ്യുക.

8. ആരോഗ്യ മേഖലകളിൽ ഒഴിവുള്ള തസ്തികകളിൽ യഥാസമയം നിയമനം നടത്തുക.

9. ജനസംഖ്യാനുപാതികമായി ആരോഗ്യ പ്രവർത്തകരുടെ എണ്ണം വർദ്ധിപ്പിക്കുക.

10. ജനസംഖ്യാനുപാതികമായി കൂടുതൽ ഫണ്ട് ഈ മേഖലയ്ക്ക് അനുവദിക്കണം.

11. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്നും ചികിത്സാ സൗകര്യങ്ങളും വേണ്ടത്ര ഏർപ്പെടുത്തണം.

12. പഞ്ചായത്തിൽ 25 കിടക്കകൾ ഉള്ള ഒരു അലോപ്പതി ആശുപത്രിയും, സ്ഥാപിക്കണം. ഇതിന്നാവശ്യമായ ഡോക്ടർമാരെയും മറ്റ് ആരോഗ്യ പ്രവർത്തകരെയും നിയമിക്കണം.

13. വീടുതോറും ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കാൻ വിപുലമായ പ്രചരണം നടത്തണം.

14. പേപ്പട്ടി വിഷബാധ തടയുന്നതിന് കുറക്കന്മാരെയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്കളെയും പിടിച്ച് നശിപ്പിക്കുക. വളർത്തു നായക്കൾക്ക് പ്രതിരോധ കുത്തിവെപ്പ് നിർബന്ധമാക്കുക.

15. ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക.

16. ഹെൽത്ത് ക്ലബ്ബുകൾ സ്ഥാപിക്കുക.

17. പഞ്ചായത്തിലെ എല്ലാ കേന്ദ്രങ്ങളിലും അടിയന്തിര വൈദ്യസഹായ ലഭ്യത ഉറപ്പുവരുത്തുക.

18. രക്തദാനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

19. പഞ്ചായത്തു തലത്തിൽ ശുചീകരണത്തിന് സ്വീപ്പർമാരെ നിയമിക്കുക.

20. പകർച്ചവ്യാധി തടയുന്നതിന് വേണ്ടി സമയാസമയങ്ങളിൽ പ്രതിരോധ കുത്തിവെയ്പ് നടത്തുക.

21. എയ്ഡ്സ് എസ്.ടി.ഡി. (Sexually Transmitted desease) എന്നിവ

പകരാതിരക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.

22. വിദ്യാലയങ്ങൾ താഴ്ന്ന ക്ലാസ്സുമുതൽ ഹെൽത്ത് എജുക്കേഷൻ നിർബന്ധമാക്കുക.

23. സ്കൂളുകളിൽ കാലാകാലങ്ങളിൽ വൈദ്യപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുക. ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.


24. മുലയൂട്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അമ്മമാരെ ബോധവതികളാക്കുക.

25. ജനസംഖ്യാ വർദ്ധനവിനെപ്പറ്റി വ്യാപകമായ ബോധവൽക്കരണം നടത്തുക.

26. സാംക്രമിക രോഗങ്ങൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുക.

27. 3 ാം വാർഡിൽ ഒരേക്കറോളം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥലമുണ്ട്. ഇവിടെ യൊരു അലോപ്പതി ആശുപത്രി വേണമെന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായ ത്തിന്റെ ഉൾപ്രദേശമായ 5,6,7,8 വാർഡുകളിൽ നിന്ന് പ്രസ്തുത വാർഡുകളിൽ കൂടി സൗകര്യപ്പെടുന്ന സ്ഥലത്തായിരിക്കണം ആശുപത്രി എന്ന ആവശ്യവും ഉയർന്നു വന്നിട്ടുണ്ട്.





42 കുടിവെള്ളം

വിളയൂർ പഞ്ചായത്തിൽ ജലത്തിന്റെ ലഭ്യതക്ക്വേണ്ടി മുഖ്യമായും കിണറുകളെയാണ് ആശ്രയിക്കുന്നത്. ഈ ഗ്രാമപഞ്ചായത്തിൽ 9 വാർഡുകളിലായി 680 സ്വകാര്യകിണറുകളും 36 പൊതു കിണറു കളും ഉണ്ട്. കുടിവെള്ളത്തിനുവേണ്ടി 195 ടാപ്പുകൾ 9 വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 31 കുഴൽ കിണറുകളുണ്ട്. പൊതുവെ കുഴൽകിണറുകളിലെ വെള്ളം ഗുണനില വാരം മോശമായതിനാൽ ആ വെള്ളം കുടിക്കാൻ ഉപയോഗിക്കുന്നില്ല. മറ്റു ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി 34 കുളങ്ങളും, 22 തോടുകളും, 5 വാർഡുകളെ സ്പർശിച്ചൊഴുകുന്ന തൂതപ്പുഴയും ഉണ്ട്. എന്നാൽ വേനൽക്കാലത്ത് ഇവയിൽ നിന്നുള്ള ജലലഭ്യത വളരെ കുറഞ്ഞു പോകാറുണ്ട്. കുടിനീരിന്റെ കാര്യത്തിൽ പ്രധാനമായും പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത് വിളയൂർ ശുദ്ധജല പദ്ധതിയെയാണ്. ലക്ഷങ്ങൾ ചിലവഴിച്ച് ജലം സംഭരിക്കുന്ന തിനുവേണ്ടി നിർമ്മിച്ച ജലസംഭരണി വികലമായ ആസൂത്രണത്തിന്റെ ഫലമായി ഒരു തുള്ളിജലം പോലും സംഭരിക്കാനാവാ തെ ഉപയോഗ്യശൂന്യമായി സ്ഥിതിചെയ്യുന്നു. അതുകൊണ്ട് പഞ്ചായത്തിലെ എല്ലാ വാർ ഡുകളിലേക്കും സുഗമമായി വെള്ളം എത്തിക്കാൻ കഴിയുന്നില്ല. ശരാശരി ഒരു ടാപ്പിൽനിന്നും 5 കുടുംബങ്ങൾ

വെള്ളം കൊണ്ടുപോകുന്നുണ്ട്. വേനൽക്കാലത്ത് എല്ലാ സമയങ്ങളിലും ജലവിതരണം ഉണ്ടാകാറില്ല. ശരാശരി 5 മണിക്കൂർ സമയം മാത്രമെ വേനൽക്കാലത്ത് ജലവിതരണം ഉണ്ടാകുകയുള്ളൂ. പഞ്ചായത്തിലെ ഒരേയൊരു നീരുറവ തെക്കുപടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഈ ഉറവയുടെ സമീപത്തിൽ ചളമ്പറക്കുന്നിന്റെ ഏകദേശം വടക്കുപടിഞ്ഞാറു ഭാഗത്തായി ഒരു ചോല ഒഴുകുന്നുണ്ട്. ഇവരണ്ടും വികസിപ്പിച്ചാൽ കുറെ കുടുംബങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ജലം സംഭരിക്കുന്ന തൂതപ്പുഴയിൽ ഗണ്യമായി ജലമലിനീകരണവും നടക്കുന്നുണ്ട്. ഹോട്ടലുകളിലെയും, മാർക്കറ്റുകളിലെയും അവശിഷ്ടങ്ങളും ഓടകളിലെ മലിനജലവും പുഴയിലേക്കാണ് ഒഴുകുന്നത്. ഇത് പുഴയിലെ ജലം മലിനീകരിക്കുന്നു. തീർത്ഥാടകർ, വഴിയാത്രക്കാർ എന്നി വരുടെ മലമൂത്രവിസർജ്ജനവും ജലം മലിന മാക്കുന്നു.

വെള്ളം നേരിട്ട് പമ്പ് ചെയ്യുന്നതിനാൽ വേണ്ടവിധത്തിൽ ശുദ്ധീകരിക്കുന്നില്ല. അണുവിമുക്തമാക്കുന്നതിന് ബ്ലീച്ചിംഗ് പൗഡർ മാത്രമാണ് ഉപയോഗിക്കുന്നത്.

കുടിവെള്ളത്തിന് കടുത്തക്ഷാമം നേരിടുന്ന പ്രദേശങ്ങൾ അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു.

പ്രശ്നങ്ങൾ:

- കുഴൽകിണറുകളിൽ പലതിലും ഉദ്ദേശിച്ചത്ര വെള്ളം കിട്ടുന്നില്ല. കുഴൽകിണറുകളിൽ ഇരുമ്പ് പൈപ്പ് ഇറക്കിയതുകൊണ്ട് വെള്ളത്തിന്റെ ഗുണനിലവാരം മോശമാണ്.
- ടാപ്പുകളിലെ വെള്ളം ദുരുപയോഗം ചെയ്യുന്നു.
- നേരിട്ടുള്ള പമ്പിങ്ങ് സിസ്റ്റം കാരണം പൈപ്പുകൾ വെള്ളത്തിന്റെ സമ്മർദ്ദം മൂലം പൊട്ടിപ്പോകുന്നു.
- ചിലപൊതുകിണറുകളും, കുളങ്ങളും ചിലർ സ്വന്തമാക്കി വെച്ചിരുക്കുകയാണ്.
- കുടിവെള്ളം ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ അനുവദിച്ചു കിട്ടുന്നില്ല.
- ശുദ്ധജലവിതരണത്തിന് ഫലപ്രദമായ ഒരു ടാങ്ക് ഇല്ല.
- തോട്, പുഴ, കുളം, കിണർ, എന്നിവയുടെ ജലവിതാനം നിലനിർത്താൻ കഴിയുന്നില്ല.
- സ്വകാര്യകിണർ, കുളം എന്നിവ സംരക്ഷിക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല നികത്തുന്നത് തടയുന്നുമില്ല.
- പുഴയിൽ തോട്ട പൊട്ടിക്കുക, വിഷാംശം കലർത്തുക, തെങ്ങോല ചിയുന്നതിനും വേണ്ടിയിടുക എന്നീ പ്രവർത്തനങ്ങൾ കുടിവെള്ളത്തെ മലിനീകരിക്കുന്നു.

കേടുവന്ന പൈപ്പുകളും, ടാപ്പുകളും റിപ്പയർ ചെയ്യുന്നതിനുള്ള കാലതാമസം

കിണറുകളിലെ ചളിയെടുക്കാൻ കഴിയുന്നില്ല.

നിർദ്ദേശങ്ങൾ

തുടിക്കൽ ലിഫ്റ്റ് ഇറിഗേഷന് സമീപം മോട്ടോർ സ്ഥാപിച്ച് മുള്ളൻ മടയിൽ പുതിയ ടാങ്ക് നിർമ്മിച്ച് 5,6,9 എന്നീ വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും. നിലവിലുള്ള പൈപ്പ്ലൈൻ ഉപയോഗിച്ച് പുതിയ സ്ഥലത്തേക്ക് പെപ്പ്ലൈൻ ഇടണം.

തൃപ്പങ്ങാവ് കയത്തിൽ മോട്ടോർ വച്ച് മയിലാടിക്കുന്നിൽ ടാങ്ക് നിർമ്മിച്ച് 7,8 വാർഡുകളിലേക്ക് വെള്ളം എത്തിക്കാം. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ടാങ്കിൽ ഇതുവരെ വെള്ളം എത്തിയിട്ടില്ല. ടാങ്ക് പ്രായോഗികമായി തൃപ്തികരമല്ല. അതിനാൽ പുതിയ ടാങ്ക് നിർമ്മിക്കുകയോ, നിലവിലുള്ള ടാങ്കിന്റെ പോരായ്മ പരിഹരിക്കുകയോ ചെയ്യുക.

കൂടുതൽ സ്ഥലത്തേക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുക. നിലവിലുള്ള പൊതുകിണറുകളെല്ലാം ഉപയോഗയോഗ്യമാക്കുക. പൊതുടാപ്പുകളുടെ അറ്റകുറ്റപണികൾ നിർവ്വഹിക്കുക. കുടിവെള്ളക്ഷാമം അനുഭവുക്കുന്ന സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ അനുവദിക്കുകയോ പൊതുകിണറുകൾ അനുവദിക്കുകയോ ചെയ്യുക.

സ്വകാര്യകുളങ്ങളും, കിണറുകളും വൃത്തിയാക്കുന്നതിനും താഴ്ത്തുന്നതിനും പ്രോത്സാഹനം നൽകുകയും കിണറുകൾ സംരക്ഷിക്കുന്നതിന് ആൾമറ കെട്ടുകയും ചെയ്യുക.

സ്വകാര്യവ്യക്തികൾ കൈയ്യടക്കിവെച്ചിരിക്കുന്ന കിണറുകളും, കുളങ്ങളും പഞ്ചായത്തിന്റെ അധീനതയിലാക്കുക.

ടാപ്പുകളിൽ നിന്ന് കൃഷിയാവശ്യത്തിനും, വാഹനങ്ങൾ കഴുകുന്നതിനും, അലക്കുന്നതിനും എതിരെ നടപടി സ്വീകരിക്കുക.

ടാപ്പുകൾ, കുഴൽകിണറുകൾ, കിണറുകൾ, കുളങ്ങൾ എന്നിവക്ക് ജലകീയ സംരക്ഷമ സമിതിയുണ്ടാക്കുക.. ചെറിയ റിപ്പയറുകൾ നടത്താൻ പരിശീലനം നൽകുക..

തൃത്തപ്പുഴയിൽ കിഴക്കെകര, പാറക്കടവ്, മോതിരപ്പറ്റ, ആലുക്കപ്പള്ളിയാൽ തുടങ്ങിയ സ്ഥലത്ത് തടയണകളും, അടിയണകളും നിർമ്മിക്കുക.

4,5,6,7,8,9 എന്നീവാർഡുകളിലേക്ക് പോകുന്ന പൈപ്പുകൾ ചെറിയപൈപ്പായതിനാൽ വെള്ളത്തിന്റെ ആവശ്യം നിറവേറ്റാൻ കഴിയുന്നില്ല. അതിനാൽ പൈപ്പ് ഇരട്ടിപ്പിക്കുകയോ വലുതാക്കുകയോ ചെയ്യുക.

ഓരോ വാർഡിനും ചുരുങ്ങിയത് 10 കിണർ വീതമെങ്കിലും പുതുതായി നിർമ്മിക്കണം.

കിണർ, കുളം എന്നിവയുടെ നിർമ്മാണവും സംരക്ഷണവും പ്രോത്സാഹിപ്പിക്കുക.

ജലസംരക്ഷണത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.

വിസർജ്ജ്യനിർമ്മാർജ്ജന സൗകര്യങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ആകെ 3599 വീടുകൾ ഉണ്ട്. അതിൽ 1979 വീടുകൾക്ക് കക്കൂസ് ഉണ്ട്. 1020 വീടുകൾക്ക് ശരിയായ കക്കൂസ് ഇല്ല. ഇതിൽ ഏകദേശം 7% പേർക്ക് മാത്രമെ സ്വന്തമായി കക്കൂസ് നിർമ്മിക്കുവാനുള്ള സാമ്പത്തിക ശേഷിയുള്ളൂ. ബാക്കിയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം ആവശ്യമാണ്. പൊതുസ്ഥലങ്ങളിൽ കംഫർട്ട്സ്റ്റേഷൻ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഇതിനായി ചുരുങ്ങിയ ചാർജ്ജ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

മാലിന്യങ്ങൾ:

പൊതുസ്ഥലങ്ങൾ വൃത്തിയാക്കിവെക്കാൻ നിലവിൽ സംവിധാനം ഇല്ല. ഹോട്ടലുകൾ, കടകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ പുഴയിൽ ഇടുന്നത് കർശനമായി നിരോധിക്കേണ്ടതാണ്. മാലിന്യങ്ങൾ കൂട്ടി ഇടാനുള്ള DUST BIN കൾ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കണം. ഇവയിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം. അതിനുവേണ്ട ജീവനക്കാരെ കണ്ടെത്തണം. ഈച്ച, കൊതുക് മുതലായ പ്രാണികളെ നിയന്ത്രിക്കണം. സമയാസമയങ്ങളിൽ ആവശ്യമായ മരുന്നുകൾ പ്രയോഗിക്കണം. ഇതിനായി പൊതുജനാരോഗ്യവകുപ്പിന്റെ സേവനം തേടണം.

പ്രശ്നങ്ങൾ

1. 38% (1368) കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസ് നിർമ്മിക്കാനുള്ള സാമ്പത്തികശേഷിയില്ല.
2. 252 (7%) കുടുംബങ്ങൾക്ക് കക്കൂസിനെക്കുറിച്ചുള്ള ശരിയായ ബോധമില്ലായ്മ
3. നൽകിവരുന്ന സാമ്പത്തികസഹായം കക്കൂസ് നിർമ്മിക്കാൻ അപര്യാപ്തമാണ്.

നിർദ്ദേശങ്ങൾ

1. നിർദ്ധനരായ മുഴുവൻ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ മതിയായ സാമ്പത്തികസഹായം നൽകണം.
2. പഞ്ചായത്തിൽ നിലവിൽ ഉള്ള ഹരിജൻ കോളനികളിലും ലക്ഷംവീടുകളിലും വിസർജനനിർമ്മാർജ്ജന സൗകര്യങ്ങൾ നിർജ്ജീവസ്ഥിതിയിലാണ്. ഇതുകാരണം മലിനീകരണം നിലനിൽക്കുന്നു.

പരിസരശുചീകരണം

മാലിന്യങ്ങൾ:

ഈ പഞ്ചായത്തിൽ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കാവുന്ന സംവിധാനം ഇല്ല. തൊഴിലുമായി ബന്ധപ്പെട്ട മലിനീകരണം കാര്യമായിട്ടില്ല. ഈച്ച, കൊതുക് എന്നീ പ്രാണികളുടെ ശല്യം ധാരാളമായി ഉണ്ട്.

കെട്ടിനിൽക്കുന്ന മലിനജലം, കൂടിക്കിടക്കുന്ന ചപ്പുചവറുകൾ കാടുപിടിച്ചുകിടക്കുന്ന പ്രദേശങ്ങൾ എന്നിവ ഇവയുടെ വളർച്ചക്ക് കാരണമാകുന്നു. ഇവയെ നശിപ്പെക്കേണ്ട ആവശ്യകതയെക്കുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല. പച്ചക്കറി, പച്ചമത്സ്യം, ഇറച്ചിവെട്ടുന്ന സ്ഥലം എന്നിവ വൃത്തിയായി സൂക്ഷിക്കുന്നില്ല. ഇത് ഈച്ചകളുടെ വളർച്ചക്കും, രോഗാണുബാധക്കും കാരണമാകുന്നു. ജനങ്ങൾ കൂടിനിൽക്കുന്ന സ്ഥലത്തെ പച്ചമത്സ്യ വിൽപന പരിസരം മലിനമാകുന്നു. കിണറുകളുടെ ചുറ്റുപാട് വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നതിന്റെ ഫലമായും, ചുറ്റിലും വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ട് കിണറിലെ വെള്ളം മലിനമാകുന്നു. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന എല്ലിൻ കുഴികൾ മൂലം പരിസരവാസികൾക്ക് വിഷമങ്ങൾ ഉണ്ട്. ഇത് മറ്റുകിണറുകളെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ ശുദ്ധജലവിതരണ കിണറുകൾക്ക് തൊട്ടടത്ത് മുകൾഭാഗത്തായി പുലാമന്തോൾ പഞ്ചായത്തിലെ മാലിന്യങ്ങൾ തള്ളുന്നതും വണ്ടികൾ കഴുകുന്നതും വെള്ളം ശുദ്ധിയാകാതെ അടിച്ചുകയറ്റുന്ന നമ്മുടെ പഞ്ചായത്തിലെ ആരോഗ്യമേഖലക്ക് ഇതൊരു വലിയ ഭീഷണിയാണ്.

പ്രശ്നങ്ങൾ

1. ജനങ്ങളുടെ ബോധമില്ലായ്മയാണ് പരിസരശുചീകരണസംവിധാനത്തിലുള്ള പ്രധാന അപാകത.
2. സന്നദ്ധപ്രവർത്തകരുടെ ഇടപെടലിന്റെ കുറവ്.
3. ശുചീകരണ സംവിധാനത്തിന്റെ കുറവ്.
4. ആരോഗ്യകേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കാൻ ആരോഗ്യപ്രവർത്തകർപോലും തയ്യാറാകുന്നില്ല.
5. J.P.H.N മാരുടെ ഉപദേശം ജനങ്ങൾ തള്ളിക്കളയുന്നു.
6. പഞ്ചായത്തിലെ എല്ലിൻകുഴി മൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നു.
7. ശബ്ദമലിനീകരണവും വായുമലിനീകരണവും മൂലം ജമങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

സാധ്യതകൾ:

1. ജനങ്ങളെ ശരിയായരീതിയിലുള്ള ബോധവൽക്കരണം
2. സന്നദ്ധപ്രവർത്തകരെ ആരോഗ്യപ്രവർത്തനങ്ങളിൽ ഇടപെടുന്നതിനു വേണ്ടി പ്രോത്സാഹനം നൽകുക.
3. പഞ്ചായത്തിലെ ശുചീകരണപ്രവർത്തനങ്ങൾക്കായി സ്വീപ്പറുടെ സേവനം ഉറപ്പുവരുത്തുക,
4. ചപ്പുചവറുകൾ ഇടുന്നതിനുവേണ്ടി കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുക.
5. പഞ്ചായത്തിലെ എല്ലിൻകുഴികൾ നിർബന്ധമായും എടുത്തുകളയാൻ ഉള്ള നടപടി സ്വീകരിക്കുക.
6. ശബ്ദമലിനീകരണം, വായുമലിനീകരണം എന്നിവ നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

5 വ്യവസായം

ഏകദേശം ഇരുപതിനായിരത്തോളം ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് വിളയൂർ പഞ്ചായത്ത് ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയേയും അനുബന്ധമേഖലകളേയും ആശ്രയിച്ചു ജീവിക്കുന്നവരാണ്. നമ്മുടെ പഞ്ചായത്തിന്റെ ആകെ വാർഷിക വരുമാനത്തിന്റെ (GAP) 17 ശതമാനം മാത്രമേ വ്യവസായ മേഖലയ്ക്കു സംഭാവന ചെയ്യാൻ കഴിയുന്നുള്ളൂ.

നമ്മുടെ പഞ്ചായത്തിലെ വിരലിലെണ്ണാവുന്ന വ്യവസായസ്ഥാപനങ്ങളിൽ 95 ശതമാനവും പരമ്പരാഗത മേഖലയിലാണ് അതുകൊണ്ടുതന്നെ ഈ മേഖലയിൽ നടക്കുന്ന ആധുനികവൽക്കരണ പ്രവർത്തനങ്ങളുടെ അളവിനെ ആശ്രയിച്ചാണ് ഇതിന്റെ നിലനില്പും വളർച്ചയും എന്നാൽ ഈ മേഖലകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നവീകരണ-ആധുനിക വൽക്കരണ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ്. നവീകരണ - ആധുനിക വൽക്കരണപ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിച്ചാൽ മാത്രമേ നമ്മുടെ പഞ്ചായത്തിന്റെ പ്രതിശീർഷ വരുമാനം ഗണ്യമായരൂപത്തിൽ വർദ്ധിപ്പിക്കുന്ന അടിസ്ഥാനമേഖലയായി വ്യവസായ മേഖലക്കു വളരുവാനും വികസിക്കുവാനും കഴിയുകയുള്ളൂ.

വ്യവസായസ്ഥാപനങ്ങളുടെ നില

പട്ടിക 1

കുടിൽ വ്യവസായം	ചെറുകിട മേഖല	ആധുനിക മേഖല	ആകെ
9	31	1	41

അവലംബം: ഡാറ്റാ ഫ്രം ജി.ഗ്രാമപഞ്ചായത്ത്

പട്ടിക 2

പരമ്പരാഗത മേഖല	ആധുനിക മേഖല	ആകെ
40	1	41

അവലംബം: സെക്കൻറ് ഡാറ്റാ ഫ്രം ഗ്രാമപഞ്ചായത്ത്

നമ്മുടെ പഞ്ചായത്തിലെ വ്യവസായിക മേഖലയിലെ 85 ശതമാനവും ചെറുകിട മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഭൂരിപക്ഷം തുറകളിലും പുരുഷതൊഴിലാളികൾ സ്ത്രീകളെ അപേക്ഷിച്ച് കൂടുതലാണ്.

കൂലിയുടെ കാര്യത്തിൽ സ്ത്രീപുരുഷ അന്തരം വളരെ പ്രകടമാണ്. മാത്രമല്ല എല്ലാ മേഖലകളിലും കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്കു (1990-96) 100 മുതൽ 186 ശതമാനം വരെ കൂലിവർദ്ധനവുണ്ടായിട്ടുണ്ട്.

ഉടമസ്ഥത

പട്ടിക 3

പൊതു മേഖല	സഹകാരി മേഖല	സഹകരണ മേഖല	ആകെ
ഇല്ല	41	ഇല്ല	41

പരമ്പരാഗത കുടിൽവ്യവസായങ്ങൾ

പപ്പടം, മൺപാത്രം, പനമ്പ്, കുട്ട, ഓലക്കുട, തഴപ്പായ, കാർഷികോപകരണങ്ങൾ എന്നിവയുടെ നിർമ്മാണമാണ് നമ്മുടെ പഞ്ചായത്തിലെപ്രധാനപ്പെട്ട

കുടിൽ വ്യവസായങ്ങൾ ഇവയിൽ 80 ശതമാനവും കടുത്ത വിഭവദാരിദ്രം നേരിടുന്നവയാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്നവരിൽ 40 ശതമാനം സ്ത്രീകളാണ്. സമൂഹത്തിലെ ഏറ്റവും താഴ്ന്ന സാമൂഹ്യ സാഹചര്യങ്ങളിൽ കഴിയുന്നവരാണ്. കുടിൽവ്യവസായമേഖലകളിൽ തൊഴിലെടുക്കുന്നവരിൽ ഭൂരിഭാഗവും. പുതിയ ഉപഭോക്തൃസംസ്കാരം ഈ മേഖലയെ മുച്ചൂടും നശിപ്പിച്ചു കൊണ്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ 5 ശതമാനം കുടുംബങ്ങൾ മാത്രമേ ഈ രംഗത്ത് പ്രവർത്തിക്കുന്നുള്ളൂ.

വിവിധ കുടിൽ വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ് (കളിമണ്ണ്, ഓല, ഓട, ഈറ്റ, വിറക് തുടങ്ങിയവ)

2. മെച്ചപ്പെട്ട വിപണിയുടെ അഭാവം.

3. നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചും അവയുടെ പ്രയോഗത്തെക്കുറിച്ചുമുള്ള അറിവില്ലായ്മ.

4. മൂലധനലഭ്യതയുടെ അപര്യാപ്തത.

5. കാലത്തിനനുസരിച്ചുള്ള ഉല്പാദന രംഗത്തെ പരിഷ്കാരത്തിന്റെ അപര്യാപ്തത.

6. വൻകിട വ്യവസായങ്ങളുടെ (ചിലമേഖലകളിൽ) കടന്നുകയറ്റം.

7. സർക്കാർ മുൻകയ്യെടുത്തു നടത്തേണ്ട ആധുനിക പരിശീലനസൗകര്യങ്ങളുടെ അഭാവം.

8. പരമ്പരാഗത കുടിൽവ്യവസായ മേഖലയിൽ തൊഴിലെടുക്കാൻ വളർന്നുവരുന്ന തലമുറയ്ക്കുള്ള വിമുഖത.

ചെറുകിട വ്യവസായ മേഖല

ചെറുകിട വ്യവസായമേഖല നേരിടുന്ന വെല്ലുവിളികൾ

1. വിഭവ (തടി, മണ്ണ്,ഔഷധം, ലോഹങ്ങൾ) തുടങ്ങിയവ ദാരിദ്ര്യം

2. വിപണി സൗകര്യത്തിന്റെ അഭാവം

3. ആധുനിക-നവീകരണ പ്രവർത്തനങ്ങളും വേഗതയില്ലായ്മ

4. മൂലധന ലഭ്യതയുടെ കുറവും ലഭിക്കാനുള്ള (ബാങ്കുകൾ മുഖേന) കാലതാമസവും.

5. ബന്ധപ്പെട്ട വകുപ്പ്ദ്യോഗസ്ഥൻമാരുടെ അനാരോഗ്യകരവും പ്രോത്സാഹനപരവുമല്ലാത്ത പ്രവർത്തനം

6. വൈദ്യുതി വേണ്ട അളവിൽ, വേണ്ട സമയത്ത് ലഭിക്കായ്ക.

7. അനുബന്ധ വ്യവസായങ്ങളുടെ (അടക്ക) അപര്യാപ്തത.

വിഭവോപയോഗനില

മേഖല	പഞ്ചായത്തിലെ വിഭവങ്ങൾ പൂർണ്ണമായും ഉപയോഗിക്കുന്നു.	പഞ്ചായത്തിലെ വിഭവങ്ങൾ ഭാഗീകമായി ഉപയോഗിക്കുന്നു.	പഞ്ചായത്തിലെ വിഭവങ്ങൾ ഉപയോഗിക്കുന്നില്ല.
റൈസ്&ഫ്ലർ മിൽ	X	—	—
തടിമിൽ	—	X	—
ഇഷ്ടിക	—	X	—
അടക്ക	—	X	—
കൊപ്ര	—	X	—
എഞ്ചിനിയറിംഗ്	—	—	X
ആയൂർവേദം	—	X	—
അലു.വിളക്ക്	—	—	X

അവലംബം:ഗ്രാമസഭാറിപ്പോർട്ട്

സ്ഥാപനനില

കൊപ്ര	റൈസ് & ഫ്ലവർ മിൽ	ഇഷ്ടിക	തടിമിൽ	എഞ്ചിനീയറിംഗ്	അലു: വിളക്ക്	അടയ്ക്ക	ആയു: മരുന്ന്	ആകെ
4	14	4	4	1	1	3	4	35

അവലംബം: സെക്കൻറി ഡാറ്റ ഗ്രാമ പഞ്ചായത്ത്

8. സംഭരണ സംസ്കരണങ്ങളിലുള്ള സാങ്കേതിക അജ്ഞത

9. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം

10. കെട്ടിടം, ഫർണിച്ചർ മുതലായ അനാവശ്യമായി മോടിപിടിപ്പിക്കുന്നതിനുള്ള പ്രവണത.

ആധുനിക മേഖല.

സ്ഥാപനനില

പൊതുമേഖല	സഹകാര്യമേഖല	സഹകരണമേഖല	ആകെ
ഇല്ല	1	ഇല്ല	1

ആധുനിക വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഒരുതടിവ്യവസായയൂണിറ്റ് (ദീപാപാനൽസ്) നമ്മുടെ പഞ്ചായത്തിലുണ്ട്. ആധുനിക സാങ്കേതിക പരിജ്ഞാനം അവലംഭിച്ച് റബ്ബർ തടി ട്രീറ്റ് ചെയ്ത് ഗൃഹോപകരണങ്ങളുണ്ടാക്കി കയറുമതി ചെയ്യുന്ന ഒരു യൂണിറ്റാണ് ഈ വ്യവസായ ശാല. ഈ യൂണിറ്റിൽ 50 ഓളം തൊഴിലാളികൾ തൊഴിലെടുക്കുന്നു.

ഈ ഭാഗത്തേയ്ക്ക് ഇപ്പോൾ കടന്ന് വന്ന ഒരു സ്ഥാപനമാണ് 'പ്രൻസ് അലോയ്സ്' എന്ന ഇരുമ്പുരുക്ക് കമ്പനി. ഇത് പ്രവർത്തനം ആരംഭിക്കാനിരിയ്ക്കുന്നതേയുള്ളു. ഇത് പ്രവർത്തനക്ഷമമായാൽ പരിസ്ഥിതിദുഷ്യം ഉണ്ടായേക്കും എന്ന് പ്രാദേശികവാസികളുടെ ഭയം ഗ്രാമസഭയിൽ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ജനങ്ങളും ഭരണസമിതിയും ജാഗരൂകരാണ്.

പ്രശ്നങ്ങൾ

1. അസംസ്കൃത വിഭവമായ റബ്ബർ തടി മിതമായ നിരക്കിൽ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.

2. ഉല്പന്നങ്ങൾ വിപണിയിൽ വ്യാപിക്കുന്നതിന് സർക്കാർ തലത്തിലും മറ്റുമുള്ള പ്രോത്സാഹനക്കുറവ്

വ്യവസായമേഖലയിലെ പൊതുവായ പ്രശ്നങ്ങളുടെ അവലോകനം

എല്ലാ മേഖലകളിലുമുള്ള വ്യവസായയൂണിറ്റുകളെ പൊതുവായി ബാധിക്കുന്ന ചില പ്രശ്നങ്ങളുണ്ട്. അവ താഴെ കൊടുക്കുന്നു.

1. അസംസ്കൃതപദാർത്ഥങ്ങളുടെ മിതമായനിരക്കിലും മെച്ചപ്പെട്ടവേഗതയിലും താരതമ്യേന വ്യവസായികാടിസ്ഥാനത്തിലുമുള്ള ലഭ്യതയുടെ കുറവ്.

2. ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം സമസ്തമേഖലകളിലും വ്യാപിച്ചിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത-ചെറുകിട-കുടിൽ വ്യവസായ മേഖലകളിൽ അതിന്റെ പ്രയോഗവും വ്യാപനവും വേണ്ടരൂപത്തിൽ കാണപ്പെടുന്നില്ല. ഇതുമൂലം മെച്ചപ്പെട്ട രീതിയിലും വേഗതയിലും യഥാസമയത്തു് ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കാനും വിപണനം ചെയ്യാനും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

3. പരമ്പരാഗത വ്യവസായ മേഖലയിലെ ഏറ്റവും അടിസ്ഥാനപ്രശ്നം വിപണിയുടെ അഭാവമാണ്. പൊതുവായതും സംഘടിതവും സമൂഹത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് ഉല്പന്നങ്ങളെ നവീകരിക്കാൻ പ്രേരിപ്പിക്കുന്നതുമായ ഒരു പൊതുവിപണിയുടെ അഭാവം വ്യവസായ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കാൻപോന്നതാണ്.

4. അടിസ്ഥാന സൗകര്യങ്ങൾ(വൈദ്യുതി തുടങ്ങിയ) വേണ്ട നിരക്കിലും വേഗതയിലും അളവിലും ലഭിക്കുവാൻ വ്യവസായസംരംഭകർക്കു ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

5. ധനകാര്യസ്ഥാപനങ്ങളിൽ നിന്നു വായ്പയെടുത്തു ആരംഭിക്കുന്ന യൂണിറ്റുകളെ സംബന്ധിച്ചിടത്തോളം വായ്പകൾ ലഭിക്കുവാൻ അനാരോഗ്യകരമായ കാലതാമസം അനുഭവപ്പെടുന്നു. ഇതുമൂലം പദ്ധതികളുടെ മൊത്തം ചെലവിൽ ഭീമമായ

വർദ്ധനവ് വരുന്നു. ഇത് സംരംഭകരെ നിരുത്സാഹപ്പെടുത്തുന്നു.

6. ചില മേഖലകളിൽ ബന്ധപ്പെട്ട് ചില ഉദ്യോഗസ്ഥന്മാർ നടത്തുന്ന അനാവശ്യവും അനവസരത്തിലുള്ളതുമായ ഇടപെടലുകൾ, ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

7. സഹകരണമേഖലയിൽ വിവിധ വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ വിപുലമായ സാധ്യതകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും അതിനെക്കുറിച്ചുള്ള അവബോധമില്ലായ്മ വലിയൊരുവികസന സാധ്യതയെ ഇല്ലാതാക്കുന്നു.

8. വിദ്യാലയങ്ങളിലെ തൊഴിലധിഷ്ടിത വിദ്യാഭ്യാസസത്തിന്റെ അഭാവവും

9. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായഅഭാവം

10. വ്യവസായ വികസനവുമായിബന്ധപ്പെട്ട ശാസ്ത്രീയബോധവൽക്കരണക്കുറവ്.

11. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്.

12. മുഖ്യവാണിജ്യവിളകളായ നാളികേരം, റബ്ബർ, അടക്ക തുടങ്ങിയവ വ്യവസായ രംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുത്തായ്ക.

വ്യവസായ സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ വ്യവസായ സാധ്യതകളെ പൊതുവായി രണ്ടായി തരംതിരിക്കാം

I. കൃഷി അധിഷ്ഠിത വ്യവസായം
II. കാർഷികേതര വ്യവസായം

I. കൃഷിഅധിഷ്ഠിത വ്യവസായങ്ങൾ.

1. കേര വ്യവസായം

നമ്മുടെ പഞ്ചായത്തിന്റെ മൊത്തം ഭൂമിയുടെ 25 ശതമാനം നാളികേര കൃഷിക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്. 37 ലക്ഷമാണ് നമ്മുടെ വാർഷിക നാളികേരോല്പാദനം. ഈ ഉല്പാദനത്തിന്റെ 25 ശതമാനം മാത്രമേ ഗാർഹിക-ഗാർഹികേതര ആവശ്യങ്ങൾക്കായി നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കുന്നുള്ളൂ. ബാക്കിയുള്ള 75 ശതമാനവും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കയറ്റുമതി ചെയ്യപ്പെടുന്നു. ഇങ്ങനെ കയറ്റുമതി ചെയ്യുന്ന നാളികേരം ഈ പഞ്ചായത്തിൽ തന്നെ പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ വളരെയാണ്. വിളവു ലഭിക്കാത്ത 26 ശതമാനം തെങ്ങുകളുടെ പരിപാലനം ശാസ്ത്രീയമാക്കുകയാണെങ്കിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 37 ലക്ഷം നാളികേരം 52 ലക്ഷത്തോളമാക്കി ഉയർത്താൻ കഴിയും. ഈ നാളികേരം കുത്തകാടിസ്ഥാനത്തിൽ സംഭരിക്കാൻ ഒരു സഹകരണ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കാം. ഇതുപയോഗിച്ച് തുടങ്ങാൻ സാധ്യതയുള്ള യൂണിറ്റുകൾ

1. ഓയിൽ മില്ലുകൾ
2. സോപ്പ് നിർമ്മാണം
3. കാലിത്തീറ്റ നിർമ്മാണം
4. തേങ്ങാ പൗഡറും ക്രീമും.
5. തേങ്ങാവെള്ളം ഉപയോഗിച്ച് ശീതളപാനീയങ്ങൾ.
6. യന്ത്രമുപയോഗിച്ച് ചകിരിനാര് നിർമ്മാണം, ചൂടിനിർമ്മാണം ചവിട്ടി ചകിരിനാരിന്റെ കിടക്ക, സോഫ, തലയിണ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ.
7. തെങ്ങുകൊണ്ടു കെട്ടിടനിർമ്മാണ സാമഗ്രികൾ, ഫർണിച്ചറുകൾ
8. ചിരട്ടഉപയോഗിച്ച് ഗൃഹോപകരണങ്ങളും കരകൗശലവസ്തുക്കളും.

ഇങ്ങനെ വിവിധ യൂണിറ്റുകളിലായി നിർമ്മിക്കുന്ന വസ്തുക്കൾ ഡോർ-ടു-ഡോർ കച്ചവടം വഴി വ്യാപിക്കുവാനും അതുവഴി തൊഴിൽ ശക്തിവർദ്ധിപ്പിക്കുന്നതിനു കഴിയും

2. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

മൊത്തം ഭൂവിഭാഗത്തിന്റെ 14 ശതമാനം പ്രദേശത്ത് കൃഷിചെയ്യുന്നത് റബ്ബറാണ്. നമ്മുടെ പഞ്ചായത്തിലെ 8 ശതമാനം കൃഷിഭൂമി, കൃഷിയോഗ്യ തരിശാണെന്ന് കണക്കുകൾ കാണിക്കുന്നു. ഈ തരിശാവട്ടെ റബ്ബർ കൃഷിക്കു ഏറ്റവും അനുയോജ്യമായ മണ്ണാണു താനും. ഈ സ്ഥലത്ത് ശാസ്ത്രീയ റബ്ബർ കൃഷിവ്യാപിക്കുകയാണെങ്കിൽ ഇപ്പോഴുള്ളതിന്റെ (400 ടൺ) 113 ശതമാനം വരെ ഉല്പാദനവർദ്ധനവ് ഉണ്ടാക്കുവാൻ കഴിയും. റബ്ബർ ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന വ്യവസായ യൂണിറ്റുകൾ നിരവധിയാണ്.

1. ഹവായ് ചെരുപ്പ്നിർമ്മാണം
2. ടയർ റീത്രഡിംഗ് വസ്തു നിർമ്മാണം
3. റബ്ബർതടി അധിഷ്ഠിത കെട്ടിട നിർമ്മാണ വസ്തുക്കളും ഫർണിച്ചറും
4. ലാറ്റക്സ് നിർമ്മാണം
5. ബലൂൺ നിർമ്മാണം.

3. അടക്ക അധിഷ്ഠിതം

ആകെ കൃഷിഭൂമിയുടെ 10 ശതമാനം കൃഷിചെയ്യുന്നു. ഈ അടക്ക ഉപയോഗിച്ച് പ്രവർത്തിക്കുന്ന മൂന്ന് അടക്കായൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നു. മാത്രമല്ല സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വ്യവസായികാടിസ്ഥാനത്തിൽ അടക്ക സംഭരിച്ച് ഇവിടെ പ്രവർത്തിക്കുന്ന യൂണിറ്റുകളിലേക്ക് കൊണ്ടുവരുന്നു. ഇവിടെ സംസ്കരിക്കുന്ന അടക്കയുടെ 100 ശതമാനവും കയറ്റുമതി ചെയ്യപ്പെടുന്നു.. ഈ സാധ്യത ഉപയോഗപ്പെടുത്തി അടക്ക അധിഷ്ടിതമായി പ്രവർത്തിക്കുന്ന ആധുനിക യൂണിറ്റുകളേക്കുറിച്ച് ആലോചിക്കേണ്ടതാണ്. ആധുനിക സാങ്കേതികവിദ്യപ്രയോഗിച്ച്, അടക്ക സംഭരിച്ച് ഉത്പന്നങ്ങളാക്കിമാറ്റുന്ന വ്യവസായയൂണിറ്റുകൾക്ക് വളരെ സാധ്യത യുണ്ട്.

1. പാൻമസാല
2. മറ്റു അടക്കാഉല്പന്നങ്ങൾ

4. കശുമാങ്ങ, മാങ്ങ, വാഴപ്പഴം ചക്ക

മൊത്തം കൃഷിഭൂമിയുടെ 20 ശതമാനം കൃഷിചെയ്യുന്നു. കൃഷി ശാസ്ത്രീയമല്ലാത്തതിനാൽ വിളവ് കുറവുണ്ട്. മെച്ചപ്പെട്ട കൃഷിരീതികൾ അവലംബിച്ചാൽ നിലവിലുള്ളതിന്റെ 60 ശതമാനം വരെ ഉല്പാദനവർദ്ധനവ് ഉണ്ടാക്കാൻ കഴിയും. സഹകരണസംഘങ്ങൾവഴി ഇവ സംഭരിച്ച് സംസ്കരിച്ച് പ്രവർത്തിപ്പിക്കാവുന്ന ചെറുകിട വ്യവസായയൂണിറ്റുകൾക്കു നല്ല സാധ്യതയുണ്ട്.

1. അച്ചാറ് നിർമ്മാണം (മാങ്ങ, കശുമാങ്ങ)
2. ജാമുകൾ നിർമ്മിക്കുന്ന യൂണിറ്റ്
3. സ്കാഷ് നിർമ്മിക്കുന്ന യൂണിറ്റ്
4. ചിപ്സ് നിർമ്മാണ യൂണിറ്റ്

5. കപ്പ (മരച്ചീനി)

മൊത്തം സ്ഥലത്തിന്റെ 4 ശതമാനം കൃഷി ചെയ്യുന്നു. ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചാൽ ഉല്പാദനം ഇരട്ടിയാക്കാൻ കഴിയും. അസംസ്കൃത വിഭവമായി ഉപയോഗിക്കാവുന്ന യൂണിറ്റുകൾ.

1. സ്റ്റാർച്ച് നിർമ്മാണ യൂണിറ്റ്
2. ചിപ്പ്സ് നിർമ്മാണം.
3. കാലിത്തീറ്റ നിർമ്മാണം.

6. നഴ്സറികൾ

ഒരു കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ കാർഷികാവശ്യത്തിനുള്ള തൈകൾ വ്യവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാനും, പരിപാലിക്കാനും വിതരണം ചെയ്യാനുമുള്ള സാധ്യതകൾ വളരെക്കൂടുതലാണ്.

1. റബ്ബർ നഴ്സറി
2. തെങ്ങിൻ തൈകൾ
3. കവുങ്ങ് നഴ്സറി
4. മറ്റുവിളകൾ

കാർഷികേതരവ്യവസായങ്ങൾ

1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.

തയ്യൽ പരിശീലനം ലഭിച്ച വിദഗ്ദ്ധരായ യുവതീയുവാക്കളാൽ സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. തൊഴിൽ വൈദഗ്ധ്യം ലഭിച്ചവരാണെങ്കിലും ഇവരിൽ 50 ശതമാനം പേരും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളുടെ കുറവ് അനുഭവിക്കുന്നവരാണ്. ഈ സാധ്യത പ്രയോജനപ്പെടുത്തി സഹകരണാടിസ്ഥാനത്തിലോ സ്വകാര്യപങ്കാളിത്തത്തോടെയോ ഒരു വസ്ത്രനിർമ്മാണ യൂണിറ്റിന് നല്ല സാധ്യതയുണ്ട്.

തുണിമില്ലുകളിൽ നിന്നു വിപുലമായ അടിസ്ഥാനത്തിൽ തുണിവാങ്ങി **outworker production system** (ഔട്ട് പ്രൊഡക്ഷൻ സിസ്റ്റം. വ്യക്തികൾക്കോ, ചെറിയ ഗ്രൂപ്പുകൾക്കോ വിതരണം ചെയ്തു നിർമ്മാണം നടത്തിച്ച്, ശേഖരിക്കുക) ത്തിൽ ഈ യൂണിറ്റ് പ്രവർത്തിപ്പിക്കാം.

2. ഇലക്ട്രോണിക് വ്യവസായം

അടിസ്ഥാന സൗകര്യക്കുറവ് ഏറെ ബാധിക്കാത്ത ഒരു മേഖലയാണിത്. റേഡിയോ, ടേപ്പ് റിക്കാർഡർ, ടെലിവിഷൻ, വി.സി.ആർ തുടങ്ങിയ വിവിധ ഉപകരണങ്ങളുടെ അസംബ്ലിങ്ങ് യൂണിറ്റുകൾക്ക് നല്ല സാധ്യതയുണ്ട്. സഹകരണാടിസ്ഥാനത്തിലാണെങ്കിൽ കൂടുതൽ ഫലപ്രദമാകും. ഇങ്ങനെ അസംബ്ലിങ്ങ് നടത്തിയവ വൻകിട കമ്പനികൾക്കു കരാർ അനുസരിച്ച് നൽകാവുന്നതാണ്. എന്നാൽ ഓർഡറുകൾ ശേഖരിക്കുന്നതിനാവശ്യമായ ഘടകങ്ങൾ എത്തിക്കാനും വിപണനം നടത്തുവാനും ശാസ്ത്രീയ സംവിധാനങ്ങൾ വളരെ അത്യാവശ്യമാണ്.

3. പ്ലാസ്റ്റിക് വ്യവസായം

ഇതൊരു പ്ലാസ്റ്റിക് യുഗമാണല്ലോ പ്ലാസ്റ്റിക് ജീർണ്ണത വളരെ കുറവായ ഒരു വസ്തുവുമാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് സംസ്കരിച്ചാൽ വിവിധയിനം പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ അസംസ്കൃത വിഭവം ലഭിക്കും. ഇതുപയോഗിച്ച് പ്ലാസ്റ്റിക് കുടം, ഡപ്പികൾ, മറ്റു പ്ലാസ്റ്റിക് ഉത്പന്നങ്ങൾ എന്നിനിർമ്മിക്കുന്ന യൂണിറ്റിന് സാധ്യതയുണ്ട്.

4. ജനൽ എഞ്ചിനീയറിംഗ്

ഇതൊരു നിർമ്മാണ മേഖലയാണ് പഞ്ചായത്തിലെ കെട്ടിട നിർമ്മാണ രംഗത്ത് പുതിയ മേഖലകളിൽ ആവശ്യമായ ഉല്പന്നങ്ങൾ (ജനൽ, ഗേറ്റ്, ഗ്രിൽ തുടങ്ങിയവ) നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് നല്ല സാധ്യതയുണ്ട്. ഇപ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വളരെ കുറവാണ്.

5. ആട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ

വാഹനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. ഇതു മനസ്സിലാക്കി പ്രധാന റോഡിന്റെ ഓരത്ത് ഒരാധുനിക വർക്ക് ഷോപ്പ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

6. സോപ്പ്പൊടി ഡിറ്റർജന്റ്

സോപ്പ് നിർമ്മാണം ഒരു ആധുനിക- വ്യവസായ മേഖലയാണ്. വൻകിട കുത്തകകൾ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ള ഈ രംഗത്ത് പുതിയ ഒരു സോപ്പ് നിർമ്മാണ ഫാക്ടറി എത്രമാത്രം ഗുണം ചെയ്യും എന്നത് ചിന്തനീയമാണ്. എന്നാൽ സോപ്പുപൊടി വ്യവസായികമായി

നിർമ്മിച്ച് വൻകിട നിർമ്മാതാക്കൾക്കു വ്യവസായികാടിസ്ഥാനത്തിൽ വിതരണം ചെയ്യാനുതകുന്ന യൂണിറ്റിന് സാധ്യതയുണ്ട്.

മറ്റു സാധ്യതകൾ

1. ആധുനിക വ്യവസായയൂണിറ്റുകളുടെ റിപ്പയറിംഗ് യൂണിറ്റ്
2. ഭവന നിർമ്മാണ ഉപകരണങ്ങൾ നിർമ്മിക്കുക.
3. പേപ്പർ കവർ നിർമ്മാണം.
4. കുട, നോട്ട്ബുക്ക് നിർമ്മാണം
5. കറിപൗഡർ നിർമ്മാണയൂണിറ്റ്
6. കിടക്ക നിർമ്മാണം
7. റെക്സിൻ ഉപകരണങ്ങൾ

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

സാധ്യതയുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആയി വികസിപ്പിച്ചാൽ പുതുതായി വ്യവസായം തുടങ്ങുന്ന സംരംഭകർക്കു ഒരു പ്രോത്സാഹനമായിരിക്കും.

ഗൾഫ് മലയാളികൾ

നമ്മുടെ പഞ്ചായത്തിൽ ആയിരത്തിൽപരം ഗൾഫ് മലയാളികളുണ്ട്. ഇവരുടെ വരുമാനം പ്രത്യുത്പാദനപരമല്ലാത്ത മേഖലകളിലാണ് ഇപ്പോൾ ചിലവഴിക്കപ്പെടുന്നത്. ഈ സമ്പാദ്യം ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ ഒരു ശ്രമം അത്യാവശ്യമാണ്. വ്യക്തിപരമായും കൂട്ടായും വിവിധ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ ഇവരിൽ പലർക്കും താല്പര്യമുണ്ട്. നമ്മുടെ പഞ്ചായത്തിലെ സാഹചര്യങ്ങൾക്കും സാധ്യതകൾക്കും അനുസരിച്ച് വിവിധ വ്യവസായയൂണിറ്റുകൾ തുടങ്ങാൻ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും സാങ്കേതിക വിവരം ലഭ്യമാക്കുന്നതിനും പഞ്ചായത്തടിസ്ഥാനത്തിലുള്ള ഒരു ജനകീയ സംവിധാനം ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ വ്യവസായിക വളർച്ചക്കു ഒരു മുതൽ കൂട്ടായിരിക്കും അത്. മാത്രല്ല ഗൾഫ് മേഖലയിൽ നിന്നു തൊഴിലാളികൾ അനുദിനം മടങ്ങിവന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അവരെ പുനരധിവസിപ്പിക്കാനും ഇത്തരം പുരോഗമനപരമായതും പ്രത്യുത്പാദനപരവുമായ സംരംഭങ്ങൾ അത്യാവശ്യമാണ്.

നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. വ്യവസായ രംഗത്ത് മുതൽ മുടക്കാൻ താല്പര്യമുള്ളവരെ കണ്ടെത്തി ഊർജ്ജിത ശ്രമങ്ങൾ നടത്തുകയും താത്പര്യമുള്ളവർക്കു യൂണിറ്റുകൾ തുടങ്ങുവാനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക. അഭ്യസ്ഥവിദ്യരുടെ ഇടയിൽ സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ളവരെ കണ്ടെത്താൻ സർവ്വെനടത്തുക.

2. വൈദ്യുതി ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

3. വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന വിവിധസ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ച് പരിശീലനസൗകര്യങ്ങൾ ലഭ്യമാക്കുക. (ടെക്നോളജി ക്ലിനിക്കുകൾ)

4.പൊതുരംഗത്തും, വനിത, പട്ടികജാതിമേഖലകളിലും വ്യവസായ സഹകരണസംഘങ്ങൾക്ക് രൂപം നൽകുക.

5. നാളികേര - റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പരിപാലിപ്പിക്കാൻ അതാതുമേഖലകളിൽ പ്രവർത്തിക്കുന്ന ഗവ. ഏജൻസികളുടെ പ്രവർത്തനം പ്രയോജനപ്പെടുത്താൻ സംവിധാനമുണ്ടാക്കുക.

6. വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിക്കുവാനും അവരുടെ പ്രവർത്തനം വിലയിരുത്തി മാർഗ്ഗനിർദ്ദേശം നൽകുന്നതിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

വിവിധ പദ്ധതികളനുസരിച്ച് പരിശീലനം സിദ്ധിച്ചവർ

ബ്ലോക്കു തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവരുടെ വിവരം.

1.	വസ്ത്രനിർമ്മാണം	1.
2.	വെൽഡിങ്ങ്	3
3.	വയറിംഗ്	2
4.	നെയ്ത്ത്	1
5.	ടൈലറിംഗ്	2
6.	കമ്പോസിങ്ങ്	3
7.	ഇലക്ട്രോണിക്സ്	2
8.	ബുക്കു ബൈൻറിംഗ്	5
9.	അഗർ ബത്തി	9
10.	കാർപ്പൻറി	3
	ആകെ	34

കൂടാതെ WWCRA പദ്ധതിപ്രകാരം പഞ്ചായത്തിൽ 1991-92 കാലഘട്ടത്തിൽ ബുക്ക് ബൈൻഡിംഗ് അഗർബത്തി നിർമ്മാണം എന്നിവയുടെ ഓരോയൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ചർച്ചയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ നമ്മുടെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുവാനും നല്ലൊരു ശതമാനം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. ഇതു ജനങ്ങളുടെ വാങ്ങാനുള്ള കഴിവിനെ വർദ്ധിപ്പിച്ച് ആരോഹരി വരുമാനം ഉയർത്തുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള ഒരു മാധ്യമമായി മാറുകയും ചെയ്യും





6 1
ഗതാഗതം

വിളയൂർ പഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗ്ഗം റോഡുകളാണ്. പഞ്ചായത്തിലെ റോഡ് ശൃംഖലകളുടെ ആകെ നീളം 105.920 Km ആകുന്നു. മൊത്തം ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ആളോഹരി റോഡ് 5.28 മീറ്ററാണ്. 1924-ൽ ബ്രീട്ടീഷുകാർ നിർമ്മിച്ച പാലം ഈ പഞ്ചായത്തിനെ മലപ്പുറം ജില്ലയുമായി ബന്ധിപ്പിക്കുന്നു. പെരിന്തൽമണ്ണ- പട്ടാമ്പി സ്റ്റേറ്റ് ഹൈവേ (മെയിൻ റോഡ്) പഞ്ചായത്തിലൂടെ കടന്നുപോകുന്ന. വിളയൂർ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും ഗതാഗതത്തിന് ആശ്രയിക്കുന്ന വിളയൂർ-കൈപ്പുറം PWD റോഡ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു കൂടിയും കടന്നു പോകുന്നു. പ്രസ്തുത റോഡ് വളാഞ്ചേരിയും കൊപ്പവും ബന്ധിപ്പിക്കുന്നു.

ടാർ റോഡുകൾ ചതുരശ്ര കി.മീറ്ററിന് 0.76 കി.മീറ്റർ മാത്രമെയുള്ളൂ.

റോഡുകൾ-നിലവിലുള്ള സ്ഥിതി

ഇനം	നീളം
മൺ റോഡുകൾ	59.040 കി.മീ.
മെറ്റൽ റോഡുകൾ	27.420
ടാർ റോഡുകൾ	7.500
PWD റോഡുകൾ	13.00
ആകെ	106.960 കി.മീ.

ജലഗതാഗതം

തുതപ്പുഴയുടെ തീരങ്ങളിൽ താമസിക്കുന്ന നമ്മുടെ പഞ്ചായത്തിലെ ആളുകൾക്കു സമീപ പഞ്ചായത്തുകളായ മൂർക്കനാട്, പുലാമാന്താൾ എന്നിവിടങ്ങളിൽ എത്തിച്ചേരുവാൻ തോണി കടത്തുസർവ്വീസിനെ ആശ്ര

യിക്കേണ്ടി വരുന്നു. പഞ്ചായത്തിലെ VI-ാം വാർഡിലെയും V-ാം വാർഡിലെയും വലിയൊരു വിഭാഗം ആളുകൾ മുർക്കനാട്, പുലാമാന്തോൾ എന്നീ സമീപ പഞ്ചായത്തുകളുമായി ബന്ധപ്പെടാൻ ജലഗതാഗതത്തെയാണ് ആശ്രയിക്കുന്നത്. മാത്രവുമല്ല ഇവിടങ്ങളിൽ നിന്നും വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടി സമീപ പഞ്ചായത്തുകളെ ആശ്രയിക്കേണ്ടിവരുന്ന ഈ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും, അവിടങ്ങളിൽ എത്തിച്ചേരുന്ന പ്രധാന ഗതാഗതമാർഗ്ഗം തോണിയാത്ര തന്നെയാണ്. ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലാണ് കടത്തു സർവ്വീസ് ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത്. തീരപ്രദേശത്ത് താമസിക്കുന്നവരുടെയും, പുലാമാന്തോൾ, മുർക്കനാട് എന്നീ പഞ്ചായത്തുകളിൽ കൃഷി നടത്തുന്ന കർഷകരുടെയും ഒരു പ്രധാന ഗതാഗതമാർഗ്ഗം ഈ കടത്തുകൾ തന്നെയാണ്.

കൈപ്പുറം PWD റോഡിലൂടെ പേരിന് ബസ്സ് സർവ്വീസ് നടത്തുന്നതൊഴിച്ചാൽ, പഞ്ചായത്തിന്റെ പ്രധാനമേഖലകളെ ബന്ധിപ്പിക്കുന്ന ബസ് സർവ്വീസുകൾ ഒന്നും തന്നെയില്ല. ഇതുമൂലം പഞ്ചായത്തതിർത്തിയിലുള്ള വിവിധ ഓഫീസുകളിൽ വരുക, മറ്റു ആവശ്യങ്ങൾ നിറവേറ്റുക എന്നിവക്കു മറ്റു പഞ്ചായത്തുകളിലെ ഗതാഗത മാർഗ്ഗത്തെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ഇപ്പോൾ ആശ്രയിക്കുന്നത് അധിക ചാർജ്ജ് ഈടാക്കുന്ന ജീപ്പുകളെയാണ്.

പ്രധാന കടത്തു സർവ്വീസുകൾ

കടത്തുകൾ	ബന്ധിപ്പിക്കുന്ന പ്രദേശങ്ങൾ
1. പുലാമാന്തോൾ - ഭൂതത്താൻ കോട്ട	വിളയൂർ - പുലാമാന്തോൾ
2. പാറക്കടവ്	വിളയൂർ - ചെമ്മലശ്ശേരി
3. ആന്തൂരക്കടവ്	വിളയൂർ - വളവുപുരം
4. കാരാങ്കടവ്	വിളയൂർ - മുർക്കനാട്
5. ആലിക്കപ്പള്ളിയാൽ	വിളയൂർ - മുർക്കനാട്

ഗതാഗതമേഖലയിലെ പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ 105 കി.മീ. റോഡുണ്ടെങ്കിലും ഗതാഗത ആവശ്യത്തിന് - യാത്രക്ക് - പ്രധാനമായും ജീപ്പുകളെയും ഓട്ടോറിക്ഷകളെയും ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിലൂടെ കടന്നു പോകുന്ന വിളയൂർ - പുലാമാന്തോൾ റോഡിലൂടെ മാത്രമാണ് ബസ്സുകൾ സർവ്വീസ് നടത്തുന്നത്. ഈ റോഡിലൂടെ ഓടുന്ന ബസ്സുകളിൽ പലതും തിരക്കുമൂലം വിദ്യാർത്ഥികളെ കയറ്റാറില്ല. ഇതുമൂലം പല വിദ്യാർത്ഥികൾക്കും ക്ലാസ്സിൽ കൃത്യസമയത്ത് എത്തിച്ചേരാൻ കഴിയുന്നില്ല. ഉള്ള ജീപ്പുസർവ്വീസുകളെ സ്ഥിരമായി ആശ്രയിക്കാൻ മിക്ക വിദ്യാർത്ഥികൾക്കും സാമ്പത്തിക ശേഷിയുമില്ല.

2. വിദ്യാർത്ഥികൾക്കു ബസുകളില്ലാത്തതുമൂലം കഠിനമായ യാത്രക്ലേശം അനുഭവപ്പെടുന്നു. പലപ്പോഴും കൃത്യസമയത്ത് വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ ഇതുമൂലം കഴിയുന്നില്ല. ഉള്ള ജീപ്പുസർവ്വീസുകളെ സ്ഥിരമായി ആശ്രയിക്കാൻ മിക്ക വിദ്യാർത്ഥികൾക്കും സാമ്പത്തിക ശേഷിയുമില്ല.

3. റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി യാത്രായോഗ്യമാക്കുന്നില്ല. കുണ്ടുകളും കുഴികളും മൂലം പല റോഡുകളും യാത്രക്കു യോഗ്യമല്ല.

4. ആവശ്യമായ ഓടകളും കൾവർട്ടുകളും മിക്കറോഡുകൾക്കുമില്ല. ഇതുമൂലം

മഴക്കാലത്ത് റോഡുകളിൽ വെള്ളം കെട്ടി നിൽക്കുന്നു. ഇതു റോഡിനും യാത്രക്കും അസൗകര്യങ്ങളുണ്ടാക്കുന്നു.

5. വിവിധ ഗവ:വകുപ്പുകളും സ്വകാര്യവ്യക്തികളും റോഡുകൾ വിവിധ ആവശ്യങ്ങൾക്കുവേണ്ടി കീറിമുറിക്കുന്നു. ആവശ്യം കഴിഞ്ഞാൽ ശരിയാക്കാത്തതുമൂലം വരുന്ന ബുദ്ധിമുട്ടുകളും പൈപ്പുലൈൻ പൊട്ടി വെള്ളമൊഴുകലും.

6. റോഡിന്റെ സൈഡുകളിലും ഓടകളിലും കെട്ടിടനിർമ്മാണസാമഗ്രികൾ, മറ്റു വസ്തുക്കൾ എന്നിവ ഇറക്കി വെയ്ക്കുന്നതുമൂലം വീതികുറഞ്ഞ റോഡുകളിൽ അസൗകര്യവും അപകടസാദ്ധ്യതയും വർദ്ധിക്കുന്നു.

7. പഞ്ചായത്തിന്റെ റോഡുകളിലെ 50 ശതമാനം മൺ റോഡുകളാണ്. ഇതുമൂലം മഴക്കാലത്ത് യാത്രയും ഗതാഗതവും ദുസ്സഹമാകുന്നു.

8. ഭൂരിഭാഗം റോഡുകൾക്കും വേണ്ടത്ര വീതിയില്ലാത്തതുമൂലം വരുന്ന വിഷമം.

9. റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾക്കാവശ്യമായ ഫണ്ടിന്റെ ലഭ്യതയും ആവശ്യവും തമ്മിലുള്ള പൊരുത്തക്കേട്.

10. ആവശ്യമായ സ്ഥലങ്ങളിൽ ഹമ്പുകളും സിഗ്നൽ ബോർഡുകളും ഇല്ലാത്തതുമൂലം വരുന്ന ബുദ്ധിമുട്ട്.

11. റോഡു സംരക്ഷണത്തെക്കുറിച്ച് ജനങ്ങൾക്കുള്ള വികലമായ ധാരണകൾ.

12. വേണ്ടത്ര ടാർ റോഡുകളുടെ അഭാവം പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഷെൽട്ടറുകൾ ഇല്ലാത്തതുമൂലം വരുന്ന വിഷമങ്ങൾ

സാധ്യതകളും പരിഹാരങ്ങളും

1. പഞ്ചായത്തിലെ ജനങ്ങളുടെ യാത്രക്ലേശം പരിഹരിക്കുവാൻ പ്രധാന കേന്ദ്രങ്ങളിലേക്കു ആവശ്യമായ ബസ് സർവ്വീസുകൾ ആരംഭിക്കുക.

2. ഗ്രാമപ്രദേശങ്ങളിലേക്കു സർവ്വീസ് നടത്തുന്ന ബസ്സുകൾക്കും മറ്റു വാഹനങ്ങൾക്കും സർക്കാർ പ്രോത്സാഹനം നൽകുകയും പുതുതായി പെർമിറ്റ് കൊടുക്കുമ്പോൾ ഗ്രാമീണറോഡുകളിൽ ഗതാഗതം നിർബന്ധമാക്കുകയും ചെയ്യുക.

3. റോഡുകളിൽ കാളച്ചാൽ നിർബന്ധമായും നിർമ്മിക്കുക.

4. നമ്മുടെ പഞ്ചായത്തിൽ വേണ്ടത്രയുള്ള മനുഷ്യവിഭവം വേണ്ടരൂപത്തിൽ പ്രയോജനപ്പെടുത്തി സന്നദ്ധാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയും പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യുക.

5. റോഡ് സംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും പ്രാദേശികാടിസ്ഥാനത്തിൽ ജനകീയസമിതി ഉണ്ടാക്കുക.

നിർമ്മാണ കാര്യങ്ങൾക്ക് സാങ്കേതിക പരിജ്ഞാനം നൽകാൻ വേണ്ടതു ചെയ്യുക.

6. റോഡുകൾ സർവ്വെ നടത്തി അതിർത്തിക്കല്ല് സ്ഥാപിക്കുക.

7. റോഡുകൾക്കു അത്യാവശ്യഘട്ടങ്ങളിൽ സ്ഥലമെടുപ്പു നടത്താൻ പഞ്ചായത്ത് ഭരണസമിതികൾക്കു അധികാരം നൽകുക.

8.പഞ്ചായത്തിലെ റോഡു നിർമ്മാണത്തിന് കരാർ വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കുക.

9. പ്രധാന റോഡുകൾ അടിയന്തിരമായി ടാർ ചെയ്യാൻ പദ്ധതികൾ ആസൂത്രണം ചെയ്യുക.

10. റോഡ് സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

11. ആവശ്യമായ സ്ഥലങ്ങളിൽ ഹമ്പുകൾ, സിഗ്നൽ ബോർഡുകൾ എന്നിവ സ്ഥാപിക്കുക.

12.ജലഗതാഗതം കാര്യക്ഷമമാക്കാനും അപകടരഹിതമാക്കാനും പരിപാടികൾ ആസൂത്രണം ചെയ്യുക.

13. റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും വേണ്ടത്ര ഫണ്ടുകൾ ലഭ്യമാക്കുക.

14. വൈക്കോൽ, ധാന്യങ്ങൾ, സാമഗ്രികൾ എന്നിവ റോഡുകളിൽ ഉണക്കുന്നവരെ നിരുത്സാഹപ്പെടുത്തുക.

15. ടാക്സിസ്റ്റാന്റ് നിർമ്മിക്കുക.

16. പുലാമാന്തോൾ പാലം പുതുക്കി പണിയുക.

17. താഴെപ്പറയുന്ന റോഡുകൾ മുൻഗണനാ ക്രമം നിശ്ചയിച്ച് നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുകയും ചെയ്യുക. ഈ ലിസ്റ്റിൽ പരാമർശിക്കാത്ത സ്ഥലങ്ങളിലേക്കു ആവശ്യാനുസരണം പഞ്ചായത്ത് സമിതി റോഡുകൾ മുൻഗണനയനുസരിച്ച് നിർമ്മിക്കുകയും ചെയ്യുക.


18. ആലിക്കപ്പുള്ള്യാൻ–മൂർക്കനാട്–പാലൊളിക്കുളമ്പ്–ചെമ്മലശ്ശേരി കോസ് വേ നിർമ്മിക്കുക.

PWD ഏറ്റെടുത്ത റോഡുകൾ

1. ആലിക്കപ്പുള്ള്യാൽ – നെടുങ്ങാടൂർ
2. ചകിശിയം പറമ്പ് – അമ്മച്ചി
3 എടപ്പലം P.O. – കൊപ്പം

6 2

ഊർജ്ജം



വൈദ്യുതി

കേരള സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് വിഘാതം സൃഷ്ടിക്കുന്ന പ്രധാന ഘടകമാണ് ഊർജ്ജരംഗത്തെ പ്രതിസന്ധി. മാനവരാശിയുടെ നിലനിൽപിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമായ ഊർജ്ജത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാനും, മെച്ചപ്പെട്ടതും ചെലവു കുറഞ്ഞതുമായ ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തി പ്രയോജനപ്പെടുത്തുവാനുമുള്ള നമ്മുടെ കഴിവിനെ ആശ്രയിച്ചാണ് സമസ്ത വികസന മേഖലകളിലുമുള്ള വളർച്ചയും വികാസവും നിലനിൽക്കുന്നത്.

ഊർജ്ജസ്രോതസ്സുകൾ

വിളയൂർ പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗപ്പെടുത്തുന്ന പ്രധാന ഊർജ്ജസ്രോതസ്സുകൾ വൈദ്യുതി, മണ്ണെണ്ണ, വിറക് എന്നിവയാണ്. പാചകവാതകം, ബയോഗ്യാസ് എന്നിവയുടെ ഉപയോഗം നാമമാത്രമാണ്. സൗരോർജ്ജം പോലെയുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിലൂടെയും ഊർജ്ജസംരക്ഷണത്തിലൂടെയും മാത്രമേ പഞ്ചായത്തിലെ ഊർജ്ജപ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയൂ.

കൊപ്പം ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസിലെ രേഖകൾ പ്രകാരം വിളയൂർ പഞ്ചായത്തിൽ ആകെ 2590 വൈദ്യുതി ഉപഭോക്താക്കളുണ്ട്.

വൈദ്യുതി ഉപഭോക്താക്കളുടെ പട്ടിക

ഗാർഹികം	1958	(75.7%)
വ്യാപാരം	105	(4%)
വ്യാവസായികം	34	(1.3%)
കാർഷികം	493	(19%)

ഇതിനുപുറമെ കിഴക്കേക്കര, പാലൊളികുളമ്പ്, വള്ളിത്ത് കുളമ്പ് കണ്ടേങ്കാവ് എന്നിവിടങ്ങളിൽ പുലാമന്തോൾ സെക്ഷന്റെ കീഴിൽ വരുന്ന നൂറോളം ഉപഭോക്താക്കളുണ്ട്.

235 ഓർഡിനറി അപേക്ഷകർക്കും 28 OYEC അപേക്ഷകർക്കും കണക്ഷൻ ലഭിക്കാൻ ബാക്കിയുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുത ലൈനുകളുടെ നീളം

11 KV	:	18.100 കി. മീ.
3 ഫേസ്	:	27.500 കി.മീ.
സിംഗിൾ ഫേസ്	:	107.000കി.മീ.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകളുടെ പട്ടിക അനുബന്ധം രണ്ടിൽ നോക്കുക.

ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പല പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്.

പുതുതായി വൈദ്യുതികരിക്കേണ്ട പ്രദേശങ്ങൾ

(അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ)

1. ഒതുക്കുങ്ങൽ ഹരിജൻ കോളനി
2. ഓടുപാറ ലക്ഷം വീട്
3. നെടുങ്ങാടി കുളമ്പ്
4. S.G.നഗർ
5. പുക്കോട്ടുകുളമ്പ്
6. കുളമ്പിൽ
7. വരെത്തങ്ങാടി കോളനി
8. മലപ്പുറം കുന്ന്

പഞ്ചായത്തിലെ പകുതിയിലധികം വീടുകളും വൈദ്യുതീകരിക്കാത്തവയാണ്. 1995 നവംബർ 14ന് കൊപ്പം സബ്സ്റ്റേഷൻ പ്രവർത്തനം തുടങ്ങിയതിന്റെ ഫലമായി ചില പ്രദേശങ്ങളിൽ ആവശ്യത്തിന് വോൾട്ടേജ് ലഭിക്കുന്നുണ്ടെങ്കിലും പല പ്രദേശങ്ങളിലും ഇപ്പോഴും വോൾട്ടേജ് ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുകയും വേണം.

നടപ്പു പദ്ധതിക്കാലത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമുകൾ

അനുബന്ധം മൂന്നിൽ നോക്കുക.

വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള പദ്ധതികൾ വളരെ വേഗം പൂർത്തീകരിക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും വേണം.

തെരുവുവിളക്കുകൾ (അവലംബം: പഞ്ചായത്ത് ഓഫീസ് രേഖകൾ)

1. ബൾബുകൾ – 125
2. ഫ്ളൂറസന്റ് ലാമ്പുകൾ – ഇല്ല
3. സോഡിയം വേപ്പർ ലാമ്പുകൾ – 6

പഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകൾ തീരെ അപര്യാപ്തമാണ്. പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം. മറ്റു സ്ഥലങ്ങളിൽ ആവശ്യമായ തെരുവു ബൾബുകളും ഫ്ളൂറസന്റ് ട്യൂബുകളും ഇനിയും സ്ഥാപിക്കേണ്ടതുണ്ട്.

വൈദ്യുതി സംബന്ധമായ കാര്യങ്ങൾ ശരിയാക്കുന്നതിന് പഞ്ചായത്തിലെ ജനങ്ങൾ കൊപ്പം സെക്ഷൻ ഓഫീസുമായി ബന്ധപ്പെടേണ്ടിവരുന്നു. വൈദ്യുതിബില്ല് അടക്കുന്നതിനും മറ്റും ഇത് ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണം.

ഗാർഹിക ഉപഭോക്താക്കൾ വൈദ്യുതിയുടെ ഏറിയ പങ്കും ഉപയോഗിക്കുന്നത് വെളിച്ചത്തിനു വേണ്ടിയാണ്. തുടരെതുടരെയുള്ള ലോഡ്ഷെഡിംഗ് സമയങ്ങളിൽ മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കേണ്ടിവരുന്നു.

മണ്ണെണ്ണ

പഞ്ചായത്തിലെ പകുതിയിലധികം വീടുകളും വൈദ്യുതീകരിക്കാത്തവയാണ്. അതിനാൽ വെളിച്ചത്തിനു വേണ്ടി ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ്സ് മണ്ണെണ്ണയാണ്. പാചകഗ്യാസിന്റെ ലഭ്യത കുറവായതിനാൽ വിറക് ലഭിക്കാത്ത വീടുകളിൽ മണ്ണെണ്ണയാണ പാചകഇന്ധനമായി ഉപയോഗിക്കുന്നത്.

പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്ന് ഇപ്പോൾ വിതരണം ചെയ്യുന്ന മണ്ണെണ്ണ വളരെ അപര്യാപ്തമാണ്. തുടരെ തുടരെയുള്ള ലോഡ്ഷെഡിംഗ് മൂലം വൈദ്യുതീകരിച്ച വീടുകളിൽ വെളിച്ചത്തിനു വേണ്ടി മണ്ണെണ്ണ വിളക്ക് ഉപയോഗിക്കുന്നു. വിറകിന്റെ ലഭ്യത കുറവായതിനാൽ മണ്ണെണ്ണയുടെ ഉപയോഗം കൂടി വരുന്നു. അതുകൊണ്ട് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുക തന്നെ വേണം.

വിറക്

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ഇന്ധനമായി വിറകാണ് ഉപയോഗിക്കുന്നത്. വിറകിന്റെ ലഭ്യതയിലുണ്ടായ കുറവും ഉപഭോഗത്തിലുണ്ടായ വർദ്ധനവും വിറകിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. പരമ്പരാഗതമായ രീതിയിലുള്ള അടുപ്പുകൾ ഉപയോഗിക്കുന്നതിനാൽ വളരെ കൂടുതൽ ഊർജ്ജം പാഴായി പോകുന്നു. ആരോഗ്യത്തിനു ഹാനികരമായ വിധത്തിൽ പുക ഉണ്ടാകുകയും ചെയ്യുന്നു. സുമാർ 150 ഓളം വീടുകളിൽ മാത്രമാണ് ചെലവു കുറഞ്ഞ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നത്. പാചകഗ്യാസ് വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഒന്നും തന്നെയില്ല. പാചകഗ്യാസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ മേഖലയിൽ ഗ്യാസ് ഏജൻസികൾ ആരംഭിക്കണം.

പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുവിതരണകേന്ദ്രങ്ങളിൽ വിതരണം ചെയ്ത മണ്ണെണ്ണയുടെ അളവ്

(അവലംബം: പൊതുവിതരണ കേന്ദ്രങ്ങളിലെ രേഖകൾ)

വർഷം	റേഷൻ കാർഡുകൾ		വിതരണം ചെയ്ത മണ്ണെണ്ണ	
	NE	E	കാർഡ് വഴി	പെർമിറ്റ് വഴി
91–92	1711	710	1,17,817 ലി.	14316 ലി.
92–93	1892	788	1,17,789 ലി.	14680 ലി.
93–94	1867	1075	1,24,470 ലി.	16233 ലി.
94–95	1875	1114	1,20110 ലി.	15702 ലി.
95–96	1695	1297	1,27,708 ലി.	14053 ലി.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ

വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യം നേരിടുന്നതിന് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ കഴിയുന്നത്ര ചൂഷണം ചെയ്ത് ഉപയോഗിക്കേണ്ടതുണ്ട്. വിസർജ്ജ്യവസ്തുക്കളിൽ നിന്നും മറ്റു ജൈവ വസ്തുക്കളിൽ നിന്നും ബയോഗ്യാസ് നിർമ്മിക്കുന്നതിനുള്ള പ്ലാന്റുകൾ കൂടുതൽ എണ്ണം സ്ഥാപിച്ച് ഇന്ധനക്ഷാമത്തെ നേരിടണം. വൈദ്യുതി എത്തിച്ചേരാൻ പ്രയാസമുള്ള പ്രദേശങ്ങളിൽ വെളിച്ചം ലഭിക്കുന്നതിന് സൗരോർജ്ജ വിളക്കുകൾ ഉപയോഗിക്കാവുന്നതാണ്. ഇതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാകണം.

ഊർജ്ജരംഗത്തെ പ്രശ്നങ്ങൾ

* പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
* വോൾട്ടേജ് കുറവ്
* വൈദ്യുത ലൈനുകളിലുണ്ടാകുന്ന തകരാറുകൾ ശരിയാക്കുന്നതിനുള്ള കാലതാമസം
* വൈദ്യുതി വിതരണത്തിലെ പ്രസരണ നഷ്ടം
* ആവശ്യത്തിന് തെരുവുവിളക്കുൾ ഇല്ല
* ട്രാൻസ്ഫോർമറുകളുടെ സുരക്ഷിതത്വമില്ലായ്മ
* പാചകഗ്യാസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
* വിറകിന്റെ ലഭ്യതയിലുള്ള കുറവും വില വർദ്ധനയും
* ഇന്ധനക്ഷമത കൂടുതലുള്ള അടുപ്പുകളുടെ അപര്യാപ്തത
* പൊതുവിതരണ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണ ആവശ്യത്തിന് തികയുന്നില്ല.
* വൈദ്യുതാലങ്കാരങ്ങൾ കർശനമായി തടയണം.
* സ്റ്റെപ്പുകളുടെ അമിതമായ ഉപയോഗം.

സാധ്യതകൾ

* വൈദ്യുതീകരിക്കാത്ത പ്രദേശങ്ങൾ വൈദ്യുതീകരിക്കൽ
* പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ
* വൈദ്യുതിലൈനിലെ തകരാറുകൾ ശരിയാക്കുന്നതിനുള്ള ജനകീയ പദ്ധതി
* ഇന്ധന ക്ഷമത കൂടുതലുള്ള അടുപ്പുകളുടെ ഉപയോഗം വർദ്ധിപ്പിക്കൽ.
* കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം
* ഊർജ്ജ സംരക്ഷണത്തിന് ബോധവൽക്കരണം.
* പഞ്ചായത്തിൽ വൈദ്യുതി വകുപ്പിന്റെ ഒരു ആപ്പീസ്
* ചളമ്പ്രക്കുന്നിൽ ഒരു ഡിസൽ വൈദ്യുതിനിലയം സ്ഥാപിക്കുക.
* വൈദ്യുതാലങ്കാരങ്ങൾ കർശനമായി തടയണം.
* സ്റ്റെപ്പുകളുടെ അമിതമായ ഉപയോഗം തടയുക.

7 1

പാർപ്പിടം

പാലക്കാട് ജില്ലയുടെ വടക്ക്, പടിഞ്ഞാറ് മൂലയിൽ വികസനം എത്തിനോക്കാത്ത ഒരു പ്രദേശമാണ് വിളയൂർ ഗ്രാമം. അയൽ പഞ്ചായത്തുകളിലെ കൊപ്പം, പുലാമന്തോൾ പട്ടണങ്ങളുടെ അഭൂതപൂർവ്വമായ വളർച്ച; വികസന കാര്യത്തിൽ ഈ പഞ്ചായത്തിനെ അല്പം ക്ഷീണം ഏൽപ്പിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ആകെ 3733 വാസയോഗ്യമായ വീടുകൾ ഉണ്ട്. ഇതിൽ മിനിമം സൗകര്യങ്ങൾ ഉള്ള 1250 വീടുകളുണ്ട്. ഭവനരഹിതരായി ഏതാണ്ട് 200 കുടുംബങ്ങളും ഉണ്ട്. നിലവിലുള്ള വീടുകളിൽ 225 എണ്ണം ഓലയും പുല്ലും, വൈക്കോലും ഉപയോഗിച്ച് മേഞ്ഞവയാണ്. ഇവയുടെ ചുമരുകൾ ഓലകൊണ്ട് മറച്ചതും തറ മണ്ണിട്ടു ഉയർത്തിയതുമാണ്. തറ വെട്ടുകല്ലിൽ പടുത്ത് മൺ ചുമർ കെട്ടിയ ഓല മേഞ്ഞ 300 വീടുകൾ ഉണ്ട്. അങ്ങിനെ മൊത്തം ഓല മേഞ്ഞ വീടുകൾ 750 എണ്ണം വരും.

വെട്ടുകല്ലു കൊണ്ട് തറയും മണ്ണു കൊണ്ട് ചുമരും കെട്ടി ഒടുമേഞ്ഞ സുമാർ 500 വീടുകളും, കരിങ്കല്ല് തറയും വെട്ടുകല്ലുകൊണ്ട് ചുമരും മേച്ചിൽ ഓടു കൊണ്ടും ഉള്ള 1000 വീടുകൾ അടക്കം 2500 ഓടിട്ട വീടുകൾ ഉണ്ട്. കോൺക്രീറ്റ് സ്ലാബ് ഉപയോഗിച്ചു മേൽക്കൂരയുള്ള 500 വീടുകളും ഉണ്ട്.

കഴിഞ്ഞ 10 വർഷങ്ങളിലെ ഗൃഹനിർമ്മാണ പ്രക്രിയ അതിനു മുമ്പുള്ള കാലങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. മേലുദ്ധരിച്ച ഭവനരഹിതരായ 200 പേർ സ്വന്തമായി വീടുവെക്കാൻ കഴിയാത്തവരാണ്. കഴിഞ്ഞ കാലങ്ങളിൽ ഇവിടെ അനുവദിച്ച ലക്ഷം വീടുകോളനികളിലും, ഹരിജൻ കോളനികളിലും അറ്റകുറ്റപ്പണികൾ ബാക്കി നിൽക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്രയില്ല.

ചേരികൾ ഇല്ല എന്നത് ഈ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയാണ്.

പുറമ്പോക്കിൽ താമസിക്കുന്നവർ ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം.

കടത്തിണ്ണയിൽ അന്തിയുറങ്ങുന്നവർ തമിഴ്നാട്ടിൽ നിന്ന് ജോലി അന്വേഷിച്ചു എത്തിയ ഏതാനും തൊഴിലാളികളാണ്.

വാസ്തു ശിൽപ മാതൃകയിൽ (തച്ചുശാസ്ത്രത്തിനനുസൃതമായി) വീടുകൾ നിർമ്മിക്കാൻ 20% പേർ മുന്നോട്ടു വരുന്നു. പുതിയ നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കാനും തല്പരരാണ്. വീട് ചെറുതാണെങ്കിലും മേൽക്കൂര കോൺക്രീറ്റ് മതി എന്നു വിചാ

രിക്കുന്നവരാണ് 90% പേരും. ഈ പ്രവണത കൂടി വരികയാണ്.

വിദേശങ്ങളിൽ നിന്നുള്ള കുറ്റി, കൊളുത്ത്, പൂട്ട് മുതലായ ഫർണീച്ചർ ഫിറ്റിങ്ങ് ഉപയോഗിക്കുന്നത് ഒരു ഫാഷനായി തീർന്നിരിക്കയാണ്.

വെണ്ണക്കല്ല്, കടപ്പക്കല്ല്, കുനിക്കല്ല്, മുതലായവയുടെ ഉപയോഗം കൂടി വരുന്നു. കൂടാതെ മൊസൈക്ക് ഫ്ളോർ പുതിയ എല്ലാ വീടുകൾക്കും കൊടുക്കുന്നു.

ചിലവു കുറഞ്ഞ നിർമ്മാണ ശൈലിക്ക് ഈ പ്രദേശം മുൻഗണന കൊടുക്കുന്നില്ല. കാരണം വിദഗ്ദ്ധരുടെ കുറവുതന്നെ. അത്തരത്തിലുള്ള വീടുകൾ 10ൽ താഴെ മാത്രമേ ഈ പ്രദേശത്തുള്ളു.

ചെറുതെങ്കിലും വീടിന്റെ മുൻകാഴ്ച നന്നാക്കുവാൻ കൂടുതൽ പണം ചിലവഴിക്കുന്ന പ്രവണത ഈ പ്രദേശത്തുണ്ട്.

കെട്ടിടനിർമ്മാണ സാമഗ്രികൾ കല്ല്, ഇഷ്ടിക, മണൽ, മരം എന്നിവ ഈ പഞ്ചായത്തിൽ ലഭ്യമാണ്. സിമന്റ്, കമ്പി മറ്റു സാധനങ്ങൾ പുറമേ നിന്ന് ലഭിക്കണം. കല്ല് വെട്ടുന്നതിന് പുതിയ സംവിധാനം ഈ പഞ്ചായത്തിൽ നാമമാത്രമാണ്. വെട്ടുകല്ലിന്റെയും, ഇഷ്ടികയുടെയും പകരമായി ഉപയോഗിക്കുന്ന സിമന്റ്, ബ്രിക്സ്, നിർമ്മാണ സ്ഥാപനം ഈ പഞ്ചായത്തിൽ ഈയിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

മുൻപുണ്ടായിരുന്ന മൺമതിലുകളും മുള്ളുവേലികളും ഇപ്പോൾ അപ്രത്യക്ഷമാവുന്നു. പകരം കരിങ്കല്ലും ഇഷ്ടികയും കൊണ്ട് മതിലുകൾ നിർമ്മിക്കുന്നു. മുള്ളുവേലികൾ ഏതാണ്ട് 20%മായി കുറഞ്ഞു കമ്പിവേലികളും ഇപ്പോൾ പ്രചാരത്തിലുണ്ട്.

പണി അറിയുന്ന പരമ്പരാഗത തൊഴിലാളികൾ തൊഴിൽ തേടി ഗൾഫ് നാടുകളിൽ പോയതുകാരണം ഇവിടെ പണി അറിയുന്നവർ കുറവാണ്. പിന്നെ നൂതന വൈദഗ്ദ്ധ്യം നേടിയ തൊഴിലാളികളും കുറവാണ്.

കഴിഞ്ഞ കാലഘട്ടങ്ങളിലെ കൂലിനിരക്ക് വർദ്ധന പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു.

വിഭാഗം	1985	1990	1995
(a) പുരുഷൻമാർ			
സാധാരണ കൂലിപ്പണി	25.00	50.00	120.00
കൽപണി	35.00	75.00	150.00
ആശാരി	35.00	75.00	150.00
(b) സ്ത്രീതൊഴിലാളികൾ			
സാധാരണ പണി	15.00	25.00	70.00
കോൺക്രീറ്റ് മുതലാവ			
പ്രത്യേക പണി	20.00	30.00	80.00

ഇത്രയും കൂലിവർദ്ധനവുണ്ടെങ്കിലും വേണ്ടതരത്തിൽ പണി ചെയ്യാൻ കഴിയുന്നില്ല.

സ്വന്തം വീട് സ്വയം, തൊഴിലാളികളെ ഉപയോഗിച്ച് ചെയ്യിക്കാൻ ശ്രമിക്കുന്ന 90% പേരും കോൺക്രീറ്റ് രൂപത്തിൽ പണി കഴിപ്പിക്കുന്ന 10% പേരും. ഈ പഞ്ചായത്തിൽ ഉണ്ട്.

നടപ്പു പദ്ധതികളുടെ അവലോകനം

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില ക്കയറ്റം ഇപ്പോഴുള്ള പദ്ധതികളുടെ നടത്തിപ്പിന് വിഷമങ്ങൾ സൃഷ്ടിക്കുന്നു.

2. കൃഷിസ്ഥലം മണ്ണിട്ടു നികത്തി നിർമ്മിക്കുന്ന വീടുകളുടെ എണ്ണം കൂടി വരുന്നു. കാരണം മറ്റു സ്ഥലങ്ങളുടെ വിലകൂടുതലും ദൗർലഭ്യവും.

3. നിർമ്മാണതൊഴിലാളികൾ കുറവാണെങ്കിലും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഉള്ളവർ ഉള്ളതുകൊണ്ട് നടപ്പ് പദ്ധതികൾക്ക് വിഷമമില്ല. ഭൂരഹിതരുടെ പ്രശ്നം ഉണ്ട്.

4. വായ്പകളും സൗജന്യസഹായങ്ങളും ലഭ്യമാണെങ്കിലും അത് പരമാവധി ഉപയോഗപ്പെടുത്തുവാൻ ജനങ്ങൾ ശ്രമിക്കുന്നില്ല. ലഭ്യമാകുന്ന സംഖ്യ തന്നെ പരിമിതമായതിനാൽ പലർക്കും പണി പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. വിവിധ ഓഫീസുകളിൽ നിന്ന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് നിത്യപ്രവർത്തികൾ ഒഴിവാക്കി പോകുവാനുള്ള പ്രയാസവും നേരിടുന്നുണ്ട്.

5. ഇപ്പോൾ അനുവദിച്ചിട്ടുള്ള വീടുകൾ (കോളനികൾ) മിനിമം സൗകര്യങ്ങളോട് കൂടിയവയാണ്.

6. വിദഗ്ദ്ധരുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. കൂടാതെ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിനുവേണ്ടി മൂന്നു നാലു തവണ പട്ടാമ്പിയിൽ പോകേണ്ടിവരുന്നുണ്ട്. കരാറുകാരന്റേയും എഞ്ചിനീയറുടേയും അമിതമായ സാമ്പത്തികാഗ്രഹം ഒരു പരിധിവരെ നിർമ്മാണച്ചിലവിന് വർദ്ധനവ് ഉണ്ടാക്കുന്നു.

7. ഹൗസിംഗ് സൊസൈറ്റി ഇല്ലാത്തതിനാൽ അതിനെപറ്റി ഇവിടെ പ്രതിപാദിക്കുന്നില്ല.

8. 40 Cm^2 ൽ കൂടുതലുള്ള വീടുകൾക്കുള്ള നികുതി ശാസ്ത്രീയമായി നവീകരിക്കേണ്ടതാണ്. നികുതി വർദ്ധിപ്പിക്കുന്നത് ദുർവ്യയനിർമ്മാണത്തിന് ഒരു കടിഞ്ഞാൺ കൂടിയാണ്.

9. പഞ്ചായത്തിന്റെ സമ്മതത്തോടുകൂടി മാത്രമേ പാർപ്പിട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാവൂ.

10. പരമ്പരാഗത വാസ്തുശിൽപ മാതൃകകൾ ഇവിടെ കുറവാണ്.

11. പാർപ്പിടനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും പഞ്ചായത്തിന്റെ കീഴിൽ ഒരു ലേബർ ഫോഴ്സ് രൂപീകരിയ്ക്കുന്നത് നല്ലതായിരിക്കും. ഇതുമൂലം നിർമ്മാതാവിന് തൊഴിലാളികളെ അന്വേഷിച്ച് പോകേണ്ടതായി വരുന്നില്ല.

12. ആസൂത്രിത കോളനികൾ നിർമ്മിക്കുന്നതിന് വളരെയധികം സാധ്യതകളുണ്ട്..

13. മുളയുടെ ദൗർലഭ്യം ജൈവ വേലി പ്രചരിപ്പിക്കാൻ തടസ്സമാണ്.

14. ഭൂരിപക്ഷം സാധാരണക്കാർക്കും പട്ടയമോ ആധാരങ്ങളോ ഇല്ല.

സാധ്യതകൾ

1. പുതിയതായി ഒരു ഹൗസിംഗ് സൊസൈറ്റി തുടങ്ങുകയാണെങ്കിൽ പാർപ്പിട പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയും. നിയമപരമായ നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ ഇതുമൂലം സാധിയ്ക്കും. സൊസൈറ്റിയിൽ ഒരു Graduate Engineerഉം ഒന്നോ രണ്ടോ Certificate Engineerഉം ഒരു ക്ലാർക്കും ഉണ്ടാകണം. ഇവർ നിഷ്കാമയജ്ഞത്തിൽ വിശ്വസിക്കുന്നവരായിരിക്കുന്നത് അഭിലഷണീയമാണ്. ഇതിനുള്ള സാധ്യതകൾ ഇവിടെയുണ്ട്. ഓഫീസ് ഗ്രാമപഞ്ചായത്തിനോടനുബന്ധിച്ച് ആയിരിക്കണം.

2. കടത്തുകൂലിയും നിർമ്മാണച്ചിലവുമാണ് സാധനസാമഗ്രികളുടെ വില നിയന്ത്രിക്കുന്നത്. സാധനസാമഗ്രികൾ പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിൽ ലഭ്യമായിരിക്കണം. പ്രാദേശികമായി ലഭിയ്ക്കുന്ന സാധന സാമഗ്രികൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് നല്ലതാണ്. ഇതിനുവേണ്ട സാങ്കേതിക വിദ്യകൾ ലഭ്യമാണ്.

3. ചിലവു കുറഞ്ഞ നിർമ്മാണ രീതി പ്രചരിപ്പിക്കാൻ, തൊഴിലാളികളെ പരിശീലിപ്പിക്കാൻ, യോഗ്യരായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാണ്.

4. തൊഴിലാളികൾ നവീന നിർമ്മാണ രീതികളിൽ തൽപരരാണെങ്കിലും, നിത്യപ്രവർത്തികളിൽ നിന്ന് മാറി വൈദഗ്ദ്ധ്യം ലഭിക്കാനുള്ള ഇടം തേടിപ്പോകാൻ തയ്യാറല്ല. അതിനാൽ പഞ്ചായത്തിന്റെ ചെലവിൽ ഇവർക്ക് ഇതിനുള്ള പരിശീലന സൗകര്യം ഏർപ്പെടുത്തണം.

5. വീടുകളുടെ നിർമ്മാണത്തിന് പഞ്ചായത്ത് അനുശാസിക്കുന്ന നികുതിയിൽ നിന്ന് ഹൗസിംഗ് സൊസൈറ്റിയെ ഒഴിവാക്കുക.

6. 2000 Sq. ഫീറ്റിൽ കൂടുതലുള്ളതും ആഡംബരത്തോടുകൂടി നിർമ്മിക്കുന്നതുമായ വീടുകൾക്ക് നിർമ്മാണച്ചിലവിന്റെ 5% അധികനികുതി ചുമത്തി ദുർബ്ബല വിഭാഗങ്ങളുടെ വീടുനിർമ്മാണത്തിന് ഫണ്ട് രൂപവൽക്കരിക്കുക.

7. ഭൂരഹിതർക്കും ദുർബ്ബലവിഭാഗക്കാർക്കും വീടുനിർമ്മാണത്തിന് ആവശ്യമായ സ്ഥലം മാർക്കറ്റ് റേറ്റിന് വിധേയമായി വാങ്ങാൻ പഞ്ചായത്തു സമിതിക്ക് അധികാരം നൽകണം.

8. ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങൾ വീട് നിർമ്മിക്കുന്നതിന്, നിലവിലുള്ള നിബന്ധനകൾ ലഘൂകരിക്കുകയും ഭൂമിയുടെ കൈവശ രേഖ മാത്രം ആസ്പദമാക്കി വായ്പ നൽകുകയും വേണം.

9. വീടുകൾക്ക് വായ്പ വിതരണം ചെയ്യുന്നത് തിരിച്ചടവും പഞ്ചായത്തു മുഖേനയാകണം.

10. ഓല മേഞ്ഞ വീടുകൾ ഓടു മേയുന്നതിന് ധനസഹായവും വായ്പയും നൽകണം.

11.ലക്ഷം വീടുകൾ, ഹരിജൻ കോളനികൾ, ദുർബ്ബല വിഭാഗങ്ങൾ എന്നിവരുടെ വീട് റിപ്പയറിംഗിന് വായ്പയും ധനസഹായവും നൽകണം.



7 2
സാമൂഹ്യക്ഷേമം

"സമ്പത്തിനെ ആരാധിക്കാനുള്ള പ്രവണതയും ബലഹീനൻമാർക്കു നഷ്ടം വരുത്തി പ്രബലൻമാർക്കു പണമുണ്ടാക്കാനുള്ള കഴിവും പ്രദാനം ചെയ്യുന്ന ധനശാസ്ത്രം കപടവും ഭയാനകവുമായ ശാസ്ത്രമാണ്.

മഹാത്മഗാന്ധി

മനുഷ്യന് അടിസ്ഥാനപരമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കി, അവന്റെ ഭൗതിക ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തുക എന്നതാണല്ലോ ക്ഷേമപ്രവർത്തനങ്ങളുടെ ലക്ഷ്യം. എന്നാൽ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞിട്ടും മനുഷ്യന്റെ അടിസ്ഥാന സൗകര്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ ആവശ്യക്കാർക്കു മുഴുവൻ എത്തിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല.

1991ലെ സെൻസസ് പ്രകാരം വിളയൂർ പഞ്ചായത്തിൽ 2927 കുടുംബങ്ങളാണുള്ളത്. 1992-ലെ സെൻസസ് അനുസരിച്ച് ഇതിൽ 1514 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്. അതായതു നമ്മുടെ മൊത്തം ജനസംഖ്യയുടെ 60 ശതമാനത്തിൽ കൂടുതൽ ആളുകൾ അടിസ്ഥാന ജീവിത സൗകര്യങ്ങളുടെ കുറവ് അനുഭവിക്കുന്നവരാണ് എന്നർത്ഥം. എന്നാൽ 8-ാം പദ്ധതി അവസാനിക്കാറായ ഈ സാഹചര്യത്തിൽ, അവരുടെ എണ്ണം 1372 ആയി കുറഞ്ഞിട്ടുണ്ട്.

IRDP സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ്	സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	SC/ST	ഇതുവരെ സാമ്പത്തിക സംവരണം ലഭിച്ചവർ	SC/ST	സഹായം ലഭിച്ചവരിൽ ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ളവർ	ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർ
I	63	14	16	5	9	54
II	203	65	16	5	12	191
III	186	17	24	4	15	171
IV	239	16	23	9	21	218
V	209	6	24	10	18	191
VI	161	26	20	12	14	147
VII	160	18	21	17	15	145
VIII	206	56	36	27	31	175
IX	87	24	15	11	7	80
ആകെ	1514	242	195	100	142	1372

ഗ്രാമീണ യുവജനങ്ങൾക്കു വിവിധ ട്രേഡുകളിൽ പരിശീലനം നൽകുന്നതിനുള്ള TRYSEM പദ്ധതിയിൽ പരിശീലനം ലഭിച്ചവർ

നമ്പർ	പരിശീലനം ലഭിച്ച ട്രേഡ്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടവർ
1.	ഗാർമെന്റ് മേക്കിങ്ങ്	1	–	1
2.	വയറിംഗ്	2	2	–
3.	വെൽഡിംഗ്	3	2	1
4.	വീവിങ്ങ് (നെയ്ത്ത്)	1	–	1
5.	ടൈലറിംഗ്	2	2	–
6.	കമ്പോസിങ്ങ്	3	1	2
7.	ഇലക്ട്രോണിക്സ്	2	–	2
8.	റേഡിയോ മെക്കാനിക്ക്	3	1	2
9.	ബുക്കു ബൈൻഡിംഗ്	5	5	–
10.	അഗർബത്തി	9	9	0
11.	കാർപ്പന്ററി	3	3	–
	ആകെ	34	25	9

വനിതകളുടെ സ്വാശ്രയം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കാനുദ്ദേശിച്ചു നടപ്പിലാക്കിയ DWCRAപദ്ധതി പ്രകാരം ആരംഭിച്ച വിവിധ യൂണിറ്റുകളുടെ വിവരങ്ങൾ

വാർഡ്	സംരംഭത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്നവരുടെ എണ്ണം	പ്രവർത്തനക്ഷമത
V	അടക്കസംസ്ക്കരണം	86–87	14	തൃപ്തികരമല്ല
VII	റൈസ് പ്രോസസിംഗ്	83–84	14	Do
VII	പായനെയ്ത്ത്	88–89	14	Do
VII	ചന്ദനത്തിരി	92–93	9	Do
II	ബുക്കു ബൈൻഡിംഗ്	91–92	10	Do

ഗ്രാമീണ കൈത്തൊഴിലുകാർ

Tool kitപദ്ധതി അനുസരിച്ച് സൗജന്യ നിരക്കിൽ സഹായം ലഭിച്ചവർ

സർവ്വെ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവർ	അർഹതയുള്ളവർ
216	24	192

മില്യൺ കിണർ പദ്ധതി

ഈ പദ്ധതി പ്രകാരം കാർഷികാവശ്യങ്ങൾക്കായി പട്ടിക ജാതി വിഭാഗക്കാർക്കു 7 കിണറുകൾ അനുവദിക്കുകയുണ്ടായി.

പെൻഷനുകൾ, മറ്റാനുകൂല്യങ്ങൾ

പെൻഷൻ	എണ്ണം	തുക
1. വാർദ്ധക്യകാല പെൻഷൻ	126	100
2. വിധവാ പെൻഷൻ	132	–
3. വികലാംഗ പെൻഷൻ	48	–
4. കർഷകത്തൊഴിലാളി	–	–
5. തൊഴിലില്ലായ്മവേതനം	–	–
6. നിർമ്മാണ തൊഴിലാളി	3	–

ഭവന നിർമ്മാണ പദ്ധതികൾ

വിവിധ പദ്ധതികളുടെയും അവക്കനുവദിച്ച തുകയുടെയും വിവരം

നമ്പർ	പദ്ധതി	അനുവദിച്ച വീടുകൾ	SC/ST	മറ്റുള്ളവർ
1.	ഇന്ദിര വികാസ് യോജന	28	18	10
2.	മില്യൺ ഹൗസ്	26	19	7
3.	JRY (DRDA)	07	07	–

IRDP സർവ്വെ പ്രകാരം വീടാവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകൾ	പൂർത്തിയാക്കാനുള്ളവ	അനുവദിക്കേണ്ട വീടുകൾ
360	85	35	50	275

ഗ്രാമീണ ആരോഗ്യ-ശുചിത്വ പദ്ധതികൾ

CRSP (Central Rural Sumitatin Project) പദ്ധതി പ്രകാരം അനുവദിച്ച കക്കൂസുകൾ

എണ്ണം	SC/ST	മറ്റുള്ളവർ
35	24	09

കക്കൂസുകളില്ലാത്തവർ	ഇതുവരെ അനുവദിച്ചവ	പൂർത്തീകരിച്ചവ	ഇനി ആവശ്യമുള്ളവ
725	131	92	594

വിദ്യാർത്ഥികൾക്കു ലഭിച്ചുവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ

സ്കൂൾ	മെറിറ്റ് സ്കോളർഷിപ്പ്	ലംപ്സം ഗ്രാന്റ്	മുസ്ലീം വിദ്യാർത്ഥിനി സ്കോളർഷിപ്പ്	വികലാംഗ സ്കോ.	ജവാൻമാരുടെ മക്കൾ	മത്സ്യതൊഴിലാളികളുടെ മക്കൾ
1. Govt. UP സ്കൂൾ വിളയൂർ	15	121	267	2	1	2
2. യൂണിയൻ LP സ്കൂൾ	–	03	–	–	–	–
3. BSALPS കരിങ്ങനാട്	–	9	25	1	–	–
4. AMLPS എടപ്പാലം	–	14	–	–	–	–
5. KMALPS കരിങ്ങനാട്	–	30	–	–	–	–
6. PTMHS എടപ്പലം	–	23	–	–	–	–
7. ALPS വിളയൂർ	–	24	–	8	–	–
8. HALPS	–	21	–	–	–	–
9. GLPS കണ്ടേങ്കാവ്	–	6	–	–	–	–

അംഗൻവാടികൾ

പഞ്ചായത്തിൽ 16 അംഗൻ വാടികൾ പ്രവർത്തിക്കുന്നു.

വാർഡ്	എണ്ണം
I	1
II	2
III	1
IV	1
V	2
VI	2
VII	2
VIII	2
IX	3

ക്ഷേമനിധിക്കാർ

കർഷക തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ പ്രവർത്തനങ്ങൾ ഏറെക്കുറെ നല്ല രൂപത്തിൽ നടന്നു വരുന്നു. എന്നാൽ ബന്ധപ്പെട്ട മുഴുവൻ ഗുണഭോക്താക്കളെയും ക്ഷേമനിധികളുടെ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രമങ്ങൾ ആവശ്യമാണ്.

ക്ഷേമനിധി	അംഗങ്ങളുടെ എണ്ണം
1. നിർമ്മാണ തൊഴിലാളി ക്ഷേമനിധി	170
2. കർഷക തൊഴിലാളി ക്ഷേമനിധി	756
3. ചെത്തു തൊഴിലാളി ക്ഷേമനിധി	15
4. തയ്യൽ തൊഴിലാളി ക്ഷേമനിധി	
6. മോട്ടോർ ഡ്രൈവേഴ്സ് ക്ഷേമനിധി	

പൊതുവിതരണ ശൃംഖല

പഞ്ചായത്തിൽ ആകെ 7 റേഷൻ കടകളാണുള്ളത്,

വിവിധ പദ്ധതികളുടെ നടത്തിപ്പിൽ വരുന്ന പ്രശ്നങ്ങൾ

1. വിവിധ പദ്ധതികളിൽ ആനുകൂല്യത്തിന് അർഹരായവരെ കണ്ടെത്താനുള്ള ബുദ്ധിമുട്ട്. പ്രത്യേകിച്ചു SC/ST വിഭാഗങ്ങളിൽ. ഗുണഭോക്താക്കളിൽ പലരും മറ്റു വായ്പകൾ ലഭിച്ചവരാകയാൽ വീണ്ടും മറ്റൊരു പദ്ധതി പ്രകാരം അവർക്ക് വായ്പകൾ നൽകാൻ കഴിയുന്നില്ല. ഇതുമൂലം പല വായ്പകളും ലാപ്സാവുന്നുണ്ട്.

2. ഓരോ പദ്ധതികളിലും ഉൾപ്പെടുത്തേണ്ടവരുടെ ടാർജറ്റ് നിശ്നിശ്ചയിക്കുന്നതിൽ പഞ്ചായത്ത് തലത്തിലുള്ള ഓഫീസുകൾക്കു അധികാരമില്ലാത്തതുമൂലം വരുന്ന വിഷമം.

3. IRDP പ്രകാരം ധനസഹായം നൽകാൻ ഒരു സ്വകാര്യ സ്ഥാപനം (കനറാ ബാങ്ക്) മാത്രമേയുള്ളു. ഇതുകൊണ്ട് വരുന്ന ബുദ്ധിമുട്ടുകൾ

4. നൽകിയ വായ്പകൾ ഗുണഭോക്താക്കൾ യഥാസമയം തിരിച്ചടക്കുന്നതിൽ വരുത്തുന്ന വീഴ്ച.

5. IRDP സർവ്വെയുടെ അശാസ്ത്രീയത. ഇതുമൂലം അർഹരായവർ ഒഴിവാക്കപ്പെടുന്നു.

6. TRYSEM പ്രകാരം നൽകുന്ന പരിശീലനത്തിന്റെ കാലദൈർഘ്യമില്ലായ്മ. ഇതുകൊണ്ട് ചില മേഖലകളിൽ ലഭിക്കുന്ന പരി

ശീലനം അപര്യാപ്തമാകുന്നു.

7. TRYSEM പദ്ധതി ഗുണഭോക്താക്കൾക്കു സ്റ്റൈപന്റ് ലഭിക്കാൻ വരുന്ന കാലതാമസം

8. ഈ പദ്ധതി അനുസരിച്ച് പരിശീലനം ലഭിച്ചവർ അതാതു മേഖലകളിൽ തൊഴിൽ ചെയ്യാൻ കാണിക്കുന്ന വിമുഖത.

9. CRSP പ്രകാരം കക്കൂസുകൾ നിർമ്മിക്കാൻ നൽകുന്ന ധനസഹായം (2000 രൂപ) തീരെ പര്യാപ്തമല്ല.

10. CRSP യിൽ നൽകുന്ന കക്കൂസുകളുടെ എണ്ണം വർദ്ധിപ്പക്കായ്ക മൂലം വരുന്ന വിഷമങ്ങൾ

11. Tool Kit നൽകുമ്പോൾ, ഗുണഭോക്താക്കൾക്ക് അവരുടെ ഇഷ്ടാനുസരണം ഉപകരണങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരമില്ലായ്മ.

12. മില്യൺ വെൽ സ്കീമിൽ, 30 സെന്റ് എന്ന നിബന്ധന കാരണം, SC/ST ഗുണഭോക്താക്കളെ കിട്ടാനുള്ള ബുദ്ധിമുട്ട്.

13. DWCRA പദ്ധതിയിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്കു നേരിടുന്ന വിപണി അസൗകര്യം.

14. പല വായ്പകളും ഉദ്ദേശ്യങ്ങളെ മറികടന്നു ദുരുപയോഗിക്കുന്നു.

15. ലോൺ ലഭിക്കാൻ വരുന്ന കാലതാമസം ജനങ്ങളെ പദ്ധതികളിൽ നിന്ന് അകറ്റുന്നു.

16. വിവിധ പെൻഷനുകൾക്കു നേരിടുന്ന കാലതാമസം

17. പെൻഷൻ ആനുകൂല്യം നൽകേണ്ടവരെ നിശ്ചയിക്കുന്നതിൽ വരുന്ന വിവേചനം. ഇതുമൂലം അർഹതയുള്ളവർ അവഗണിക്കപ്പെടുന്നു.

18. പെൻഷൻ നൽകാൻ വേണ്ടുന്ന ഫണ്ടിന്റെ അപര്യാപ്തത

19. പെൻഷൻ അനുവദിക്കുന്നതിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന അലംഭാവം.

20. അംഗൻവാടികൾക്കു സ്വന്തമായി കെട്ടിടങ്ങൾ, ഫർണീച്ചറുകൾ, കളിക്കോപ്പുകൾ എന്നിവയുടെ അഭാവം മൂലം കുട്ടികളെ ആകർഷിക്കാൻ കഴിയുന്നില്ല.

21. അംഗൻ വാടിവർക്കർ, ഹെൽപ്പർ എന്നിവർക്കു നൽകിവരുന്ന ശമ്പളത്തിന്റെ അപര്യാപ്തത.

22.പല വായ്പകളെ കുറിച്ചും ജനങ്ങൾക്കുള്ള ബോധമില്ലായ്മ.

23. റേഷൻ കട ഡീലർമാർക്കു നൽകുന്ന കമ്മീഷന്റെ അപര്യാപ്തത.

24. പ്രാദേശികാടിസ്ഥാനത്തിൽ വേണ്ടത്ര അംഗൻവാടികൾ ഇല്ല.

25. ചില പെൻഷനുകൾക്കു (വികലാംഗ പെൻഷൻ) അപേക്ഷിക്കാൻ സർട്ടിഫിക്കറ്റ് കിട്ടാനുള്ള ബുദ്ധിമുട്ട്.

സാധ്യതകൾ

1. വിവിധ പദ്ധതികളിലൂടെ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുക.

2. എല്ലാ പദ്ധതികളുടെയും അവലോകനത്തിന് ജനകീയ സമിതികൾ പഞ്ചായത്തു തലത്തിൽ രൂപീകരിക്കുക.

3. IRDP സർവ്വെ കുറ്റമറ്റതാക്കുക.

4. സഹകരണ ബാങ്കുകൾ മുഖേന വായ്പ ലഭ്യമാക്കുക.

5. വായ്പ തിരിച്ചടച്ചവ്, ഉദ്ദേശ്യത്തിന് ചെലവഴിക്കൽ എന്നിവയെക്കുറിച്ച് ആളുകളെ ബോധവൽക്കരിക്കുക.

6. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കു പൂർണ്ണമായി നൽകുക.

8. റേഷൻ ഡീലർമാരുടെ കമ്മീഷൻ യുക്തിസഹമായി വർദ്ധിപ്പിക്കുക.

9. റേഷൻ കാർഡ് നൽകുക, തിരുത്തുക, പുതുക്കുക എന്നിവക്ക് പഞ്ചായത്തിന് അധികാരം നൽകുക.

10. പൊതുവിതരണ സമ്പ്രദായം അവലോകനം ചെയ്യാൻ ജനകീയ സമിതികൾ രൂപീകരിക്കുക.

11. ഓരോ വാർഡിലും സാധ്യതക്കനുസരിച്ച് പുതിയ പദ്ധതികൾ ആരംഭിക്കുക.

12. ഒരു വാർഡിൽ ചുരുങ്ങിയതു ഒരു റേഷൻ ഷാപ്പ് എന്ന തത്വം നടപ്പിലാക്കുക.

13. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കുക.

14. പഞ്ചായത്തിലെ മുഴുവൻ ആളുകളെയും ഇൻഷുറൻസ് സംരക്ഷണ പരിധിയിൽ കൊണ്ടുവരിക.

15. തൊഴിലാളി ക്ഷേമനിധികളിൽ കൂടുതൽ പേരെ ചേർക്കുകയെന്ന ദൗത്യം അടിയന്തിരമായി ഏറ്റെടുക്കുക.

16. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ബ്ലോക്കുതലത്തിലെങ്കിലും നടപ്പിൽ വരുത്തുക.

17. ആലംബഹീനരായ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കാൻ വൃദ്ധ സദനങ്ങൾ ആരംഭിക്കുക.

18. പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കുകത.

19. ഒരു ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുക


20 ബ്ലോക്ക് തലത്തിൽ ഒരു പോസ്റ്റ്മോർട്ടം യൂണിറ്റ് ആരംഭിക്കുക.

21. എല്ലാതരം പെൻഷനുകൾക്കും സർട്ടിഫിക്കറ്റ് നൽകാൻ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സംവിധാനമുണ്ടാക്കുക.

23. ഗ്രാമതല തൊഴിൽ സർവ്വെ നടത്തി, വാർഡടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കുകയും കാർഷിക സഹായ സംഘങ്ങൾ, ഗ്രാമീണ ടെക്നീഷ്യൻമാരുടെയും തൊഴിൽ സംഘങ്ങൾ (ലേബർ കോൺട്രാക്ട് സൊസൈറ്റി) എന്നിവ രൂപീകരിക്കുകയും ചെയ്യുക.

24. വികലാംഗർക്കു പുനരധിവാസ സൗകര്യങ്ങൾ ലഭ്യമാക്കുക.

25. അംഗൻവാടി ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുക.



8 സംസ്കാരം



പാലക്കാട് ജില്ലയുടെ വടക്കുടിഞ്ഞാറെ അതിർത്തിപ്രദേശത്ത് കിടക്കുന്ന വിളയൂർ ഗ്രാമ പഞ്ചായത്ത് ഇതരപഞ്ചായത്തുകളെ പോലെ സംസ്കാരസമ്പന്നമായ ഒരു പ്രദേശമാണ്. വിവിധ ജാതിമത വിഭാഗങ്ങൾ ഒത്തൊരുമയോടെ ജീവിക്കുന്ന ഈ പ്രദേശം ഭാരതത്തിന്റെ വൈവിധ്യപൂർണ്ണമായ ജീവിതരീതിക്ക് ഉത്തമ ഉദാഹരണമാണ്.

പടപൊരുതുന്ന യോദ്ധാക്കളേക്കാൾ, തോക്കുകളേക്കാൾ, തടവറകളേക്കാൾ, നിയമത്തേക്കാൾ ശക്തിയാർജ്ജിച്ചതാണ് ചിന്താശക്തി
പണ്ഡിറ്റ് ജവഹർലാൽ നെഹ്റു.

ഹിന്ദു, മുസ്ലിം മത വിഭാഗങ്ങളിൽപെട്ടവരാണ് ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും. ക്രൈസ്തവൻ മതവിഭാഗത്തിൽ പെട്ടവർ നാമമാത്രമെയുള്ളു. ക്ഷേത്രങ്ങളും, മുസ്ലിം പള്ളികളുമാണ് പ്രധാന ആരാധനാലയങ്ങൾ. ക്ഷേത്രങ്ങളോടനുബന്ധിച്ച് വിവിധ ആഘോഷങ്ങൾ നടക്കുന്നു. കളരിഭഗവതി ക്ഷേത്രത്തിലെ ആറാട്ടുത്സവവും വിളങ്ങോട്ടുകാവ് ഗോവിന്ദപുരം ക്ഷേത്രത്തിലെ പാട്ട് താലപ്പൊലി ഉത്സവങ്ങളും കല്ലറക്കോട്ട് ശിവക്ഷേത്രത്തിലെ പ്രതിഷ്ഠാദിനാഘോഷവും ആണ് ഇവയിൽ പ്രധാനപ്പെട്ടത്. മുമ്പ് വിപുലമായ രീതിയിൽ നടത്തപ്പെട്ടിരുന്ന നേർച്ചകൾ ഇപ്പോൾ വളരെ പരിമിതമായ തോതിലേ ആഘോഷിക്കപ്പെടുന്നുള്ളൂ. ഇതിനു പുറമെ ഓണം, വിഷു, ശ്രീകൃഷ്ണജയന്തി, നബിദിനം, പെരുന്നാളുകൾ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവങ്ങളും വിപുലമായ രീതിയിൽ ആചരിക്കപ്പെടുന്നു. സ്വാതന്ത്ര്യദിനവും, റിപ്പബ്ലിക് ദിനവും, ഗാന്ധിജയന്തിയും തനിമയോടെ കൊണ്ടാടുന്നു.

മുകളിൽ പറഞ്ഞ ഉത്സവങ്ങളിലും, ആഘോഷങ്ങളിലുമെല്ലാം ജാതിമത രാഷ്ട്രീയ വ്യത്യാസമില്ലാതെ ആളുകൾ ഒത്തൊരുമിച്ച് പങ്കെടുക്കുന്നു.

പഞ്ചായത്തിലെ ജാതിഘടനയനുസരിച്ച് മുസ്ലീം, ഈഴവ, ഹരിജൻ തുടങ്ങിയ പിന്നോക്കവിഭാഗങ്ങളാണ് കൂടുതൽ. ബ്രാഹ്മണവിഭാഗത്തിൽപെട്ടവർ നാമമാത്രമെ ഉള്ളു. വിവിധ ജാതികളിൽപെട്ടവരാണെങ്കിലും കല്ല്യാണം, മരണം, ആഘോഷങ്ങൾ തുടങ്ങിയ എല്ലാ സാമൂഹിക ചടങ്ങുകളിലും ജാതിമതവ്യത്യാസം കൂടാതെ ജനങ്ങൾ കൂട്ടമായി പങ്കെടുക്കുന്നു. മുമ്പുണ്ടായിരുന്ന അവസ്ഥയിൽ നിന്നും വളരെ പുരോഗമനപരമായ ഒരു മാറ്റമാണിത്. പ്രസിദ്ധമായ

ചെറുമുക്ക് മന ഈ പഞ്ചായത്തിലാണ്. ചെറുമുക്ക് മനക്കൽ വല്ലടൻ സോമാജിപാടും അതിന്റെ മുമ്പുള്ള തലമുറയും വൈദിക കാലഘട്ടങ്ങളിലുണ്ടായിരുന്ന യാഗങ്ങൾ നടത്തിയിരുന്നവരിൽ പ്രധാനികളാണ്. 1975ൽ പാഞ്ഞാളിൽ നടന്ന "അതിരാത്രം" തുടങ്ങി കേരളത്തിൽ നടന്ന വിവിധയാഗങ്ങളിലും ഇവർ പങ്കെടുത്തിട്ടുണ്ട്. ഈയിടെ എറണാംകുളം ജില്ലയിൽ നടന്ന "പുത്രകാമേഷ്ടിയാഗ" ത്തിലും ഇവർ പങ്കാളികളായിരുന്നു.

സ്വാതന്ത്ര്യത്തിനു മുമ്പ് ഈ ഗ്രാമത്തിൽ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സായിരുന്നു പ്രധാന രാഷ്ട്രീയ കക്ഷി. ഇന്ന് ഈ പാർട്ടിയെകൂടാതെ C.P.I.(M), C.P.I., I.U.M.L., CONGRESS.(S) I.N.L., BJP തുടങ്ങിയ രാഷ്ട്രീയ കക്ഷികളുമുണ്ട്. ഇവയുടെയൊക്കെ യുവജനവിഭാഗങ്ങളുമുണ്ട്.

1960-70 കാലഘട്ടങ്ങളിൽ നടന്ന ശക്തമായ ചെറുത്തുനിൽപ്പിന്റെയും, പോരാട്ടത്തിന്റെയും ഫലമായി ജാതിക്കും മതത്തിനും അതീതമായി കർഷകപ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി ഭൂപരിഷ്കണവും, തന്മൂലം ഉണ്ടായ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക വളർച്ച അയിത്തവും, തൊട്ടുകൂടായ്മയും ക്രമേണ കുറച്ചുകൊണ്ടുവന്നു. എങ്കിൽപോലും അടുത്തകാലത്തായി സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ചില വിഭാഗങ്ങളെ ചൊല്ലി അന്ധവിശ്വാസങ്ങളുടെ പേരിൽ മനുഷ്യമനസ്സാക്ഷിയെ ഞട്ടിച്ച ഒരു സംഭവം നടന്നു. ഈ പഞ്ചായത്തിൽ നടന്ന ഒടിയൻ സംഭവം നമ്മുടെ മനഃസ്സാക്ഷിയെ ലജ്ജിപ്പിക്കേണ്ടതാണ്. പഞ്ചായത്തിലെ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തകരുടെ നിരന്തരപരിശ്രമ ഫലമായി ഒരു പരിധിവരെ ഈ അന്ധവിശ്വാസത്തെ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 40% പേർ ദാരിദ്ര രേഖക്ക് താഴെയാണ്. ബാക്കിയുള്ളവരിൽ കൂടുതലും ഇടത്തരക്കാരാണ്. ജന്മികുടുംബങ്ങൾ പരിമിതമായേ ഉള്ളൂ. കൃഷിയെ ആശ്രയിച്ച് കഴിഞ്ഞിരുന്നവരായിരുന്നു അധികം ജനങ്ങളും. എന്നാൽ ഇപ്പോൾ ഗൾഫിനെ ആശ്രയിച്ചാണ് ഭൂരിഭാഗവും കഴിഞ്ഞ് കൂടുന്നത്. തൊഴിൽ മേഖലയിൽ കർഷക തൊഴിലാളികളും നിർമ്മാണ തൊഴിലാളികളും ആണ് പ്രധാന വിഭാഗങ്ങൾ. സാങ്കേതിക വൈദഗ്ദ്യമുള്ള തൊഴിലാളികൾ കുറവാണ്.

വിവാഹച്ചടങ്ങുകൾ മുമ്പ് നടന്നിരുന്നതിൽ നിന്നും വ്യത്യസ്തമായി വളരെ ആർഭാടത്തോടെയാണ് നടക്കുന്നത്. പണ്ട് രാത്രിയിൽ നടന്നിരുന്ന കല്ല്യാണങ്ങൾ മുഴുവനും ഇപ്പോൾ പകലാണ് നടക്കുന്നത്. കൊട്ടും കുരവയും ആർപ്പുവിളികളുമായി നടത്തിയിരുന്ന വിവാഹങ്ങൾ ഇന്ന് മറ്റു വേഷപ്പകിട്ടുകൾക്കാണ് പ്രധാന്യം നൽകുന്നത്. ഹരിജനങ്ങൾ വിവാഹം കഴിഞ്ഞാൽ കാഴ്ച ദ്രവ്യങ്ങളുമായി തമ്പ്രാക്കളെ (ജന്മിമാരെ) സന്ദർശിക്കണമെന്ന പതിവ് മുമ്പുണ്ടായിരുന്നു. എന്നാൽ ഈ സമ്പ്രദായം ഇപ്പോൾ നിലവിലില്ല. സാംസ്കാരികമായി ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായം, ശൈശവ വിവാഹം, ആഢംബര വിവാഹം, വിവാഹമോചനം, മന്ത്രവാദം, തുടങ്ങിയ അനാചാരങ്ങൾ ഇന്നും നിലനിൽക്കുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യപുലരിയോട് കൂടി വിളയൂർ പഞ്ചായത്തിൽ സാംസ്കാരികരംഗത്ത് ചില ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1950-51 കാലത്ത് കരിങ്ങനാട് ചന്തപ്പടിയിൽ പ്രവർത്തിച്ചിരുന്ന കരിങ്ങനാട് ഗ്രാമീണ ഗ്രന്ഥശാല, വിളയൂർ പഞ്ചായത്തിൽ മാത്രമല്ല, മറ്റു പ്രദേശങ്ങളിലെ ഗ്രന്ഥശാലകൾക്കും ആവേശവും പ്രചോദവും നൽകിയിട്ടുണ്ട്. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കായി പ്രയ്തനിച്ചിരുന്ന ഈ സ്ഘടന അടിയന്തിരാവസ്ഥക്കാലത്ത് പ്രവർത്തനം നിലച്ചുപോയി. വിളയൂർ പഞ്ചായത്തിൽ ഇന്ന് നാല് വായനശാലകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ കീഴിൽ സാംസ്കാരിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയടക്കം നാല് ഗ്രന്ഥശാലകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മൂന്നു ഗ്രന്ഥശാലകളോടനുബന്ധിച്ച് വായനശാലകൾ കൂടിയുണ്ട്. പഞ്ചായത്ത് ഗ്രന്ഥശാലയിൽ 1500ൽ അധികം പുസ്തകങ്ങളുണ്ട്. പ്രതിമാസം ശരാശരി 50 പുസ്തകങ്ങൾ ഇവിടെ നിന്ന് വിതരണം ചെയ്യപ്പെടുന്നുണ്ട്. പഞ്ചായത്തിലെ ആകെ ജനങ്ങളുടെ വളരെ ചെറിയൊരു ഭാഗം മാത്രമേ പഞ്ചായത്ത് വായനശാല ഉപയോഗപ്പെടുത്തുന്നുള്ളൂ. ഇതിന് പ്രധാനപ്പെട്ട കാരണം വളരെയേറെ പേർക്ക് ഇങ്ങനെയൊരു വായനശാല ഉണ്ടെന്നറിയില്ല എന്നതാണ്. ശരിയായ ബോധവൽക്കരണ പരിപാടികൾ നടത്തി ഇതുകുറച്ചൊക്കെ പരിഹരിക്കാവുന്നതാണ്.

കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ളതും 2 താലൂക്ക് ഗ്രന്ഥശാല കൗൺസിലിൽ അംഗങ്ങളുള്ളതുമായ പഞ്ചായത്തിലെ ഏക വായനശാലയാണ് നവശക്തി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബിൽ പ്രവർത്തിക്കുന്ന ശ്രീ. പി.വി.കെ. ഉണ്ണിനായർ സ്മാരക വായനശാല. പഞ്ചായത്തിലെ രണ്ട് എണ്ണത്തിൽ ഒരു ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നതും ഇവിടെയാണ്. ഇവിടെ 1800 ഓളം പുസ്തകങ്ങൾ ഉണ്ട്. ശരാശരി പ്രതിമാസ വിതരണം 30 പുസ്തകങ്ങളാണ്. ഈ വായനശാലക്ക് ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റ് ലഭിക്കുന്നുമുണ്ട്. ഇവിടുത്തെ ലൈബ്രേറി ചാർജ് ഒരു വനിതക്കാണ് പുരുഷന്മാരെപോലെ സ്ത്രീകളും ഈ വായനശാലയിൽ നിന്ന് പുസ്തകം എടുക്കുന്നുണ്ട്. ഒരു വ്യാഴവട്ടക്കാലമായി ഈ വായനശാല പ്രവർത്തിക്കാൻ തുടങ്ങിയിട്ട്. ഈ ഗ്രന്ഥശാലയിലെ പുസ്തകശേഖരം ശരിയായ രീതിയിൽ വിനിയോഗിക്കാൻ ജനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1970 കളിൽ പേരടിയൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന 'കലാസമിതിയുടെ' മുഖ്യപ്രവർത്തകനായിരുന്ന ശ്രീ. N.P. പരമേശ്വരൻ മാസ്റ്ററുടെ സ്മരണക്കായി 1988ൽ N.P. പരമേശ്വരൻ മാസ്റ്റർ വായനശാല പേരടിയൂരിൽ രൂപംകൊണ്ടു. പ്രസ്തുത വായനശാല പ്രവർത്തകർ, പ്രവർത്തനം മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1993ൽ ഗ്രാമിക എന്ന സംഘടന രൂപീകരിച്ച് സ്വന്തം കെട്ടിടത്തിലേക്കുമാറി. ഏകദേശം 600 ഓളം പുസ്തുകങ്ങളുള്ള ഈ വായനശാലയിലെ ശരാശരി പ്രതിമാസവിതരണം 30 പുസ്തകങ്ങളാണ്. സാമൂഹ്യം, കല, കായികം, വിദ്യാഭ്യാസം, ആരോഗ്യം, വനിത, ശിശുക്ഷേമം, നിയമം തുടങ്ങി 11 സബ്കമ്മറ്റികളുടെ കീഴിയിൽ അതാതു മേഖലകളിൽ പ്രവർത്തനം സംഘടിപ്പിക്കുന്നു.

1992ൽ കണ്ടേങ്കിവാൽ സ്ഥാപിതമായ 'യുവചേതന' വായനശാല ഇന്ന് മൃതാവസ്ഥയിലാണ്. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തതിനാൽ ഇനിയും ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസമാണ്. 270 ഓളം പുസ്തങ്ങളുള്ള ഈ വായനശാലക്ക് പഞ്ചായത്തിന്റെ സഹായ സഹകരണങ്ങൾ അത്യാവശ്യമാണ്. ഈ വായനശാലയുടെ കീഴിലുള്ള യുവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ വായനശാലയിലുള്ള പുസ്തകങ്ങൾ എല്ലാം തന്നെ ഈ ഭാഗത്തെ ജന

ങ്ങൾ ഒന്നും, രണ്ടും. പാവശ്യം വായിച്ചു കഴിഞ്ഞതാണ്. അത് കൊണ്ട് തന്നെ ഈ വായനശാലയിൽ പുതിയ പുസ്തകങ്ങൾ വാങ്ങിക്കൽ അത്യാവശ്യമാണ്.

വായനശാലകളുടെ പ്രവർത്തനം നല്ല രൂപത്തിലാണ് നടക്കുന്നത് എന്ന് പറഞ്ഞുകൂടാ. ജനങ്ങളിൽ വായാശീലം കുറഞ്ഞുവരികയാണ്. തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരും, വിദ്യാർത്ഥികളുമാണ് ഗ്രന്ഥശാലകൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നത്. ഗുണനിലവാരമുള്ള പുസ്തകങ്ങളാണ് ലൈബ്രറികളിൽ ഉള്ളത്. മുൻകാലങ്ങളിൽ പുസ്തകങ്ങൾക്കായി ചെറുപ്പക്കാർ ഗ്രന്ഥശാലകളെയാണ് സമീപിച്ചിരുന്നതെങ്കിൽ ഇന്ന് ആനുകാലിക പ്രസിദ്ധീകരണങ്ങളിലേക്ക് അവരുടെ ശ്രദ്ധ തിരിഞ്ഞിരിക്കുന്നു. പൈങ്കിളി വാരികകളുടെ പ്രചുര പ്രചാരം യുവജനങ്ങളേയും, സ്ത്രീകളേയും അതിന് അടിമയാക്കുകയും വഴിതെറ്റിക്കുകയും ചെയ്യുന്നു. ഗ്രന്ഥശാലകളിൽ നിന്ന് പുസ്തകം എടുക്കാതിരിക്കാനും ഇത് കാരണമാണ്. സെക്സിന്റെ അതിപ്രസരമുള്ള സിനിമാ പ്രസിദ്ധീകരണങ്ങൾ യുവജനങ്ങളുടെ സാംസ്കാരിക ബോധത്തെ നശിപ്പിക്കുന്നു. ബാല പ്രസിദ്ധീകരണങ്ങൾ പിഞ്ചുമനസ്സുകളിൽ അന്ധവിശ്വാസങ്ങളും, ശാസ്ത്രീയ വിരുദ്ധ ആശയങ്ങളും പ്രചരിപ്പിക്കുകയും അവരുടെ മനസ്സിനെ സിനിമാ പ്രസിദ്ധീകരണങ്ങൾക്കും, പൈങ്കിളി വാരികകൾക്കും പകരമാക്കുകയും ചെയ്യുന്നു. പെൺവാണിഭം, ആത്മഹത്യ എന്നിവയ്ക്ക് പ്രചോദനം നൽകുന്നതും ഈ വാരികകളാണ്.

വിളയൂർ പഞ്ചായത്തിലെ ഏകദേശം 10% ത്തോളം ആളുകൾമാത്രമാണ് സ്ഥിരമായി പത്രം വായിക്കുന്നത്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള പത്രങ്ങൾ (ഏകദേശം)

ദേശാഭിമാനി	-	166
മലയാളമനോരമ	-	150
മാതൃഭൂമി	-	150
മാധ്യമം	-	50
ചന്ദ്രിക	-	50
കേരളകൗമുദി	-	50
ഇന്ത്യൻ എക്സ്പ്രസ്സ്	-	10

കേരളത്തിൽ ഇറങ്ങുന്ന (മലയാളത്തിൽ) ഒട്ടുമിക്ക പ്രസിദ്ധീകരണങ്ങളും ഏറ്റകുറച്ചിലോടുകൂടി നമ്മുടെ പഞ്ചായത്തിൽ വരുന്നുണ്ട്. കൈയെഴുത്ത് മാസികകൾ മുമ്പ് നമ്മുടെ പഞ്ചായത്തിൽപല പ്രദേശങ്ങളിലും ഉണ്ടായിരുന്നു എന്നാൽ ഇന്ന് ഇത്തരം സാംസ്കാരിക പ്രസിദ്ധീകരണങ്ങളോ പ്രാദേശികമായി പ്രസിദ്ധീകരിക്കുന്ന സുവനീറുകളോ ഇല്ല.

തനത് നാടൻ കലാരൂപങ്ങളായ പൂതൻ, തിറ, പറപ്പൂതൻ, ആണ്ടി എന്നിവ ഉത്സവങ്ങളോടനുബന്ധിച്ച് ഇപ്പോഴും കാണാറുണ്ട്. കോൽക്കളി, വാർത്ത്യമുട്ട്, തുമ്പിതുള്ളൽ, ദഫ്മുട്ട്, പലജാതി വിഭാഗങ്ങളും അവരുടേതായ തനത് ശൈലിയോടു കൂടി നീട്ടി പാടിയിരുന്ന പാട്ടുകൾ, തിരുവാതിരക്കളി, അറബനമുട്ട്, ചെറുമക്കളി എന്നിവ സാവധാനം നമ്മുടെ പ്രദേശത്ത് നിന്ന് മറഞ്ഞുകൊണ്ടിരിക്കുകയാണ്. അവയെ പുനഃരുദ്ധരിക്കേണ്ടതുണ്ട്. പഞ്ചായത്ത് കേരളോത്സവങ്ങൾ മുമ്പ് നല്ല രീതിയിൽ നടന്നിരുന്നു.

എല്ലാ പ്രദേശങ്ങളും വാശിയോടുകൂടി മത്സരങ്ങളിൽ പങ്കാളികളാവുകയും ചെയ്തിരുന്നു. പല ക്ലബ്ബുകളിലും വാർഷികത്തോടനുബന്ധിച്ച് അടുത്തകാലം വരെ കലാമത്സരങ്ങളും, കലാപരിപാടികളും നടത്തിയിരുന്നു ഇപ്പോഴില്ല. എന്നാൽ നവശക്തി അമരക്കുളം ഇപ്പോഴും വിവിധ കലാപരിപാടികളോടെ അതിന്റെ വാർഷികം ആഘോഷിക്കുകയും അതിന്റെ കീഴിലുള്ള നൃത്തപരിശീലന ക്ലാസ് നിലനിർത്തുകയും ചെയ്യുന്നുണ്ട്. ഇതിലെ വനിതാപങ്കാളിത്തം ശ്രദ്ധേയമാണ്. മുൻകാലങ്ങളിൽ നിന്ന് വിത്യസ്തമായി പ്രൊഫഷണൽ ട്രൂപ്പുകളെ കൊണ്ടുവന്ന് വാർഷികം ആഘോഷിക്കാനുള്ള പ്രവണത വളർന്നുവരുന്നു ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ 10% ത്തോളം വീടുകളിൽ ടെലിവിഷൻ ഉണ്ട്. മൊത്തം 30%ത്തോളം ജനങ്ങൾ ടെലിവിഷൻ പരിപാടി കാണുന്നവരാണ്. 2%ത്തോളം ഡിഷ് ആന്റിന വഴി വിദേശ പ്രോഗ്രാമുകൾ ലഭിക്കുന്നവയാണ്. പഞ്ചായത്തിൽ സിനിമാശാലകൾ ഒന്നും തന്നെയില്ല. ടെലിവിഷൻ മാധ്യമങ്ങൾ ജനങ്ങളെ കാര്യമായി സ്വാധീനിക്കുന്നുണ്ട്. ഇത് ജനങ്ങളെ അലസൻമാരാക്കുകയും, ഉപഭോഗ സംസ്കാരത്തോട് ആഭിമുഖ്യമുള്ളവരാക്കി മാറ്റുകയും ചെയ്യുന്നു. പ്രതികരണശേഷി നശിപ്പിക്കുകയും, കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ തെറ്റായ പങ്കു വഹിക്കുകയും ചെയ്യുന്നു.

മുമ്പുണ്ടായിരുന്ന നാടൻ കളികളായ തലമപ്പന്തുകളി, ഓണത്തല്ല്, കാരകൊട്ട് ആട്ടക്കളം ഗോലികളി, കമ്പവലി, കുട്ടിയും കോലും കളി, തുടങ്ങിയവ നമുക്ക് ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. ഫുട്ബോൾ വോളിബോൾ, ക്രിക്കറ്റ്, ചെസ് എന്നിവ കയ്യടക്കിയിരിക്കുന്നു. 90 കളുടെ ആദ്യത്തിൽ ഫുട്ബോളിനായിരുന്നു പ്രമുഖസ്ഥാനമെങ്കിൽ ഇപ്പോൾ ആസ്ഥാനം ക്രിക്കറ്റ് കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. 93,94 ലുമൊക്കെ 4ഉം5ഉം ഫുട്ബോൾ ടൂർണ്ണമെന്റുകൾ നടക്കുകയും ചെയ്തു. ഇത് നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ ഈ രാഗങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തിന്റെ പ്രതിഫലനമാണ്. കാണികൾ കൂടുതൽ ഇപ്പോഴും ഫുട്ബോളിനാണ്. മറ്റ് കായിക മത്സരങ്ങൾ കേരളോത്സവത്തോടനുബന്ധിച്ച് നാമമായി മാത്രമെ നടക്കാറുള്ളു. പഞ്ചായത്തിൽ പൊതുവായുള്ള ഏക കളിസ്ഥലം സാംസ്കാരിക നിലയത്തോടനുബന്ധിച്ചുള്ള കളിസ്ഥലമാണ്. ഇത് ഉപയോഗശൂന്യമായി കിടക്കുന്നു. പഞ്ചായത്തിലെ ജനങ്ങൾ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളാണ് കളിക്കുപയോഗിക്കുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങളോട് ബന്ധപ്പെട്ട് കളിസ്ഥലങ്ങൾ ഇല്ല. കായിക ഇനങ്ങൾക്ക് പരിശീലനം നൽകുന്ന സംഘടനകളോ വ്യക്തികളോ ഇല്ല.

പ്രശ്നങ്ങൾ

1. ഇലക്ട്രോണിക് മാധ്യമങ്ങൾ വൈദേശിക സംസ്കാരത്തെ നമ്മിലേക്ക് അടിച്ചേൽപ്പിക്കുകയും നമ്മുടെ തനതായ സാംസ്കാരത്തെ നശിപ്പിക്കുകയും സർഗശേഷിയെ മുരടിപ്പിക്കുകയും ചെയ്യുന്നു. കുടുംബബന്ധങ്ങളിൽപോലും ശൈഥില്യമുണ്ടാക്കുന്നു.

2. പൈങ്കിളിവാരിക കർച്ചടെയും അശ്ലീല പ്രസിദ്ധീകരണങ്ങളുടെയും അതിപ്രസരം. സാമൂഹത്തെ തിൻമയിലേക്ക് നയിക്കുന്നു. നല്ലവായ നാശീലത്തെ മുരടിപ്പിക്കുന്നു.

3. നഷ്ടമായിക്കൊണ്ടിരിക്കുന്ന തനത് നാടൻ കലകൾ.

4. കേരളോത്സവ ഇനങ്ങളിൽ നിന്ന് നാടൻ കലകളെ അകറ്റിനിർത്തുന്നു.

5. നാടൻ കലകൾക്ക് പ്രോത്സാഹനം നൽകുന്നതിനുപകരണം സമൂഹം അവയെ അകറ്റിനിർത്തി. ഇത് മൂലം നാടൻകലകൾക്ക് പകരം വൈദ്ദേശിക കലകൾ ഇവിടെ വേരോടി.

6. അധ്യാപകരും, വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരും കലാകായിക സമിതികൾക്കു നേതൃത്വം നൽകുന്നതിന് മുന്നോട്ട് വരുന്നില്ല.

7. സ്വന്തം സാമ്പത്തിക പരിധിക്കുള്ളിൽ നിൽക്കുന്ന കല്യാണങ്ങളും, ആഘോഷങ്ങളും നടത്താൻ ജനങ്ങൾ തയ്യാറാകുന്നില്ല.

8. പൊതുരംഗത്തേക്കിറങ്ങുന്ന സ്ത്രീകളെ നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രവണത സമൂഹത്തിൽ നിലനിൽക്കുന്നു.

9. അന്ധമായ പാശ്ചാത്യസംസ്കാരത്തോടുള്ള അഭിനിവേശം.

10. ആരോഗ്യപരമായ ലൈംഗികവിദ്യാഭ്യാസത്തിന്റെ അഭാവത്തിൽ സിനിമകളുടെ അതിപ്രസരം യുവതലമുറയെ വഴിതെറ്റിക്കുന്നു.

സാധ്യതകൾ:

ക്ലബ്ബുകളുടെയും സംഘടനകളുടെയും പഞ്ചായത്തടിസ്ഥാനത്തിൽ കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

2. സംഘടനകളുടെ പ്രവർത്തനങ്ങളിൽ മോണിറ്ററിങ്ങ് ഏർപ്പെടുത്തുക.

3. അഞ്ഞൂറുപേർക്കെങ്കിലും ഇരിക്കാൻ കഴിയും വിധത്തിലുള്ള ഒരു ഓഡിറ്റോറിയം (കമ്മ്യൂണിറ്റി ഹാൾ) നിർമ്മിക്കുക.

4. വാർഡുകൾ കേന്ദ്രീകരിച്ച് ഓരോ വികസനസേന രൂപീകരിക്കുകയും അവ രജിസ്റ്റർ ചെയ്ത് നെഹ്റു യുവകേന്ദ്രവുമായി അഫിലിയേറ്റുചെയ്തു പ്രവർത്തിക്കുകയും ചെയ്യുക.

5. ഒരു വാർഡിൽ ഒരു സാംസ്കാരിക സംഘടനയെങ്കിലും രൂപീകരിച്ചു പ്രവർത്തിക്കുക.

6. പഞ്ചായത്ത് ഗ്രന്ഥശാലയിൽ പ്രമുഖദിനപത്രങ്ങൾ ഫയൽചെയ്തു സൂക്ഷിക്കുകയും ആവശ്യക്കാർക്ക് പരിശോധിക്കാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

7. റജിസ്റ്റർ ചെയ്ത എല്ലാ ക്ലബ്ബുകൾക്കും കലാ-കായികോപകരണങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

8. പഞ്ചായത്തു തലത്തിൽ സ്കൂൾ കലാമേളയും കായികമേളയും സംഘടിപ്പിക്കുക

9. കലാ-കായികരംഗത്ത് താത്പര്യമുള്ളവർക്ക് മികച്ച പരിശീലനം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കുക.

10. പഞ്ചായത്തുതലത്തിൽ കലാ-കായിക

പ്രതിഭകളെക്കണ്ടെത്തി അർഹിക്കുന്ന പ്രോത്സാഹനം നൽകുക.

11. സാഹിത്യാഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിന് വർഷത്തിൽ ഒരു തവണയെങ്കിലും ഒരു സോവനീർ പ്രസിദ്ധീകരിക്കുക.

12. സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന ചില അന്ധവിശ്വാസങ്ങൾക്കെതിരെ ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുക.

13. കലാ-സാംസ്കാരിക നായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സാംസ്കാരിക സമ്മേളനങ്ങളും സെമിനാറുകളും മറ്റും സംഘടിപ്പിക്കുക.

14. 400 മീറ്റർ ട്രാക് ഉൾക്കൊള്ളാൻ കഴിയും വിധത്തിലുള്ള കളിസ്ഥലം നിർമിക്കുക.

15. വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ ടെലിവിഷൻ പരിപാടികളുടെ സമയ ക്രമീകരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.

16. കലാമൂല്യമുള്ള സിനിമകൾ ഗ്രാമീണ ജനങ്ങൾക്ക് കാണാൻ പറ്റുന്ന തരത്തിലുള്ള ഫിലിം സൊസൈറ്റികൾ വീഡോയ ക്ലബ്ബുകൾ തുടങ്ങിയവ രൂപീകരിക്കുക.

17. നാടൻകലാമത്സരങ്ങൾ, പഴഞ്ചൊല്ല്, ശൈലികൾ തുടങ്ങിയവയുടെ മത്സരങ്ങൾ സംഘടിപ്പിച്ച് അവയ്ക്കൊക്കെ വേണ്ട പ്രധാന്യം കൊടുക്കുക.

18. മതസൗഹാർദ്ദം വളർത്തുന്നതിനായി സർവ്വ മത സമ്മേളനങ്ങൾ ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങളുടെ എണ്ണം	മറ്റു അനുബന്ധ പ്രവർത്തനങ്ങൾ
സാംസ്കാരിക നിലയം വിളയൂർ പഞ്ചായത്ത് വക	1994-95	--	1534	53	2	സാംസ്കാരിക പ്രവർത്തനങ്ങൾ
ഗ്രാമിക പേരടിയൂർ	1993	--	600	30	5	സാമൂഹ്യം, കല, കായികം, വിദ്യാഭ്യാസം, ആരോഗ്യം, വനിത, കുട്ടികൾ, എന്നീ മേഖലകളിലുള്ള പ്രവർത്തനം
യുവചേതന കണ്ടേങ്കാവ്	1992	--	271	15	1	കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
നവശക്തി എടപ്പലം	1982	E	1800	30	1	സമഗ്രഗ്രാമ വികസന പ്രവർത്തനങ്ങൾ വിദ്യാഭ്യാസം, സാംസ്കാരികം, ആരോഗ്യം വനിത, ശിശുക്ഷേമം, കാർഷികം, കായികം.

പഞ്ചായത്തിലെ ക്ലബ്ബുകളുടെയും കലാകായിക സമിതികളെയും സംബന്ധിച്ച പട്ടിക.

പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	സ്വന്തമായി കെട്ടിടം	റേഡിയോ ടെലിവിഷൻ	മുഖ്യപ്രവർത്തനങ്ങൾ
ഗ്രാമിക - പേരടിയൂർ	1993	93	ഉണ്ട്	-	കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക
നവശക്തി ആർട്ട്സ് സ്പോർട്സ് എടപ്പ.	1982	130	ഉണ്ട്	ഇല്ല	കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക, ബോധവൽക്കരണക്യാമ്പുകൾ ഗ്രാമീണർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ
നവഭാവന-കുരാച്ചിപ്പടി	1984	-	ഇല്ല	ഇല്ല	കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക പങ്കെടുക്കുക
യുവസാഗര കിഴക്കേക്കര	1996	-	-	-	കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക
യുവചേതന കണ്ടേങ്കാവ്	1994	35	-	-	കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക പങ്കെടുക്കുക
തനിമ കരിങ്ങനാട്	1988	100	-	-	കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കൽ
യുവത വിളയൂർ	1996	42	-	-	സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
ത്രിവേണി എടപ്പലം	1993	-	-	-	കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കൽ



വനിതാക്ഷേമം

"പുരുഷനെക്കാൾ ദുർബലയാണ് താൻ എന്ന് സ്ത്രീ ഒരിക്കലും കരുതരുത്. അതു കൊണ്ടുതന്നെ ഒരു പുരുഷന്റെയും ദയക്കു വേണ്ടി അവൾ യാജിക്കാൻ പാടില്ല. ഒരിക്കലും പുരുഷനെ ആശ്രയിക്കാൻ പാടില്ല."

-ഗാനധിജി

നമ്മുടെ പഞ്ചായത്തിൽ 8543 പുരുഷന്മാരും 9330 സ്ത്രീകളും ഉണ്ട്. ആറുവയസ്സിനിടയിലുള്ള 1589 ആൺകുട്ടികളും, 1519 പെൺകുട്ടികളും ഉണ്ട്. ഈ കണക്കുകൾ വ്യക്തമാക്കുന്നത് സ്ത്രീ പിരുഷാനുപാതത്തിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും കുട്ടികളുടെ എണ്ണമെടുക്കുമ്പോൾ ആൺകുട്ടികളുടെ എണ്ണം കൂടുതലാണ്. ആകെ നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 17873 ആണ്. (1991 ലെ സെൻസസ് പ്രകാരം)

ആയിരത്തിന് 478 പുരുഷന്മാരും, 522 സ്ത്രീകളും ആണ്. പഞ്ചായത്തിൽ ആരോഗ്യ, വിദ്യാഭ്യാസ കാര്യങ്ങളിൽ സ്ത്രീപുരുഷാന്തരമില്ല. ആയിരത്തിന് 488 പുരുഷന്മരും 512 സ്ത്രീകളും സാക്ഷരരാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 1070 ആൺകുട്ടികളും, 1124 പെൺകുട്ടികളും പഠിക്കുന്നുണ്ട്. ആകെ വിദ്യാർത്ഥികൾ 2194 ആണ്.

നമ്മുടെ പഞ്ചായത്തിൽ മറ്റുള്ള പഞ്ചായത്തിലെപ്പോലെത്തന്നെ രോഗബാധിതരായവരിൽ പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതൽ സ്ത്രീകളുടെ എണ്ണമാണ്. പുരുഷന്മാരുടെ ഇരട്ടിയിലധികം സ്ത്രീകളാണെന്ന് കൊപ്പം PHC യുടെ കണക്കുകാണിക്കുന്നു.

സ്ത്രീധനം കൊടുക്കാൻ കഴിവില്ലാത്തതു കൊണ്ട് അവിവാഹിതരായി കഴിയുന്ന സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. വിവാഹിതരുടെ ഇടയിൽത്തന്നെ പുരുഷനേധാവിത്വമാണ് കൂടുതലുള്ളത്. മിക്ക വീടുകളിലും കുടുംബനാഥൻ പുരുഷൻ തന്നെയാണ് അപൂർവ്വം ചില വീടുകളിൽ സ്ത്രീകൾ കുടുംബത്തിന്റെ സംരക്ഷകരായുണ്ട്.

സാമൂഹിക സാംസ്കാരിക രംഗത്തും രാഷ്ട്രീയ രംഗത്തും തൊഴിൽ മേഖലകളിലും സ്ത്രീകൾ അവഗണിക്കപ്പെടുന്നു. എന്നാൽ

അതേസമയം തന്നെ ഉള്ള സമയം ഉപയോഗപ്പെടുത്തുന്നതിൽ സ്ത്രീകളും തത്പരരല്ല. ഉള്ള അവസരങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനാണ് കൂടുതൽ സ്ത്രീകൾക്കും താത്പര്യം. അതുകൊണ്ടുതന്നെ അതതു സ്ഥാനങ്ങളിൽ അനർഹരും അയോഗ്യരും ആയവർ കയറിക്കൂടുന്നു.

കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന സ്ത്രീകൾ ഇന്ന് നിർമ്മാണത്തൊഴിലാളികളായി മാറിയിരിക്കുന്നു. തൊഴിൽ രംഗത്തും മറ്റുമേഖലകളിലെന്ന പോലെ സ്ത്രീകൾ ചൂഷണത്തിന് വിധേയരാകുന്നു. തുല്യ ജോലിക്ക് തുല്യവേതനമല്ല സ്ത്രീകൾക്ക് ലഭിക്കുന്നത്.

മുൻ കാലങ്ങളിൽ നിന്നും വ്യവത്യസ്ഥമായി കൂടുതൽ സ്ത്രീകൾ തൊഴിൽ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. അതുകൊണ്ട് തന്നെ അവരുടെ അദ്ധ്വാനഭാരം ഇരട്ടിക്കുന്നു. പുരുഷന്മാരോടൊപ്പം ജോലിക്ക് പോയി തിരിച്ചെത്തുന്ന സ്ത്രീ വീട്ടുജോലികൾ കൂടി ചെയ്യാൻ നിർബന്ധിതയാകുന്നു. വീട്ടുജോലികളിൽ സ്ത്രീകളെ സഹായിക്കുന്ന പുരുഷൻ തുലോം കുറവാണ്.

ബാല്യവിവാഹം, സ്ത്രീധന പീഠനം, ലൈംഗികാക്രമണം, മാധ്യമങ്ങളിലെ അസ്ലീലങ്ങൾ, അതിലുപരിയായി കലാസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ സമൂഹം മോശമായി ചിത്രീകരിക്കുന്നുവെന്നതും വനിതകൾ രംഗത്തേക്ക് കടന്നുവരുന്നതിന് തടസ്സമാണ്. വായനാശീലം സ്ത്രീകളിൽ കുറഞ്ഞുവരുന്നു. വിശ്രമസമയം മുഴുവൻ സ്ത്രീകൾ ടി.വി.ക്കു മുന്നിൽ ചിലവഴിക്കുന്നു. ഇന്നത്തെ ഭൂരിഭാഗം സ്ത്രീകളും വായിക്കുന്നത് കൂടുതൽ പൈങ്കിളി വാരികകൾ മാത്രമാണ്. ഇന്നത്തെ കൗമാരപ്രായത്തെ വഴിതെറ്റിക്കുന്നതിനാൽ പൈങ്കിളി സാഹിത്യങ്ങൾക്കുള്ള പങ്ക് കുറച്ച് കണ്ടുകൂടാ.

സ്ത്രീകളുടെ ആരോഗ്യസ്ഥിതി പൊതുവെ മോശമാണ്. അടുത്തടുത്ത പ്രസവങ്ങൾ, ദാരിദ്ര്യം, പോഷകാഹാരക്കുറവ് സ്ഥിരം ചെയ്യുന്ന വീട്ടുജോലികൾക്കു പുറമെ കുടുംബം പോറ്റാനുള്ള വ്യഗ്രത എന്നിവ സ്ത്രീകളുടെ ആരോഗ്യം ക്ഷയിപ്പിക്കുന്നു.

വിളയൂർ പഞ്ചായത്തിൽ 16 അംഗൻവാടികൾ ഉണ്ട്. ഈ സ്ഥാപനങ്ങളിൽ 32 പേർ ജോലി ചെയ്യുന്നു. സ്കൂൾ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇഷ്ടിക വ്യവസായ ശാലകളിലും, അടക്കാ വ്യവസായ രംഗങ്ങളിലും സ്ത്രീ തൊഴിലാളികളാണ് കൂടുതൽ.

സ്ത്രീകൾക്ക് അർഹമായ പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. വിധവാപെൻഷൻ വിധവകളുടെ കുട്ടികളെ വിവാഹം കഴിപ്പിക്കുന്നതിനുള്ള ധനസഹായതുക വർദ്ധിപ്പിക്കുകയും അർഹരായവർക്ക് യഥാസമയം ലഭ്യമാക്കുകയും വേണം.


ബഹുജന സംഘടനകളിൽ സ്ത്രീകളുടെ നേതൃത്വം നിലവിൽ ഇല്ല. സ്ത്രീകളുടെ താത്പര്യക്കുറവും, നിലവിലുള്ള സാമൂഹ്യ വ്യവസ്ഥിതിയും ഇതിന് കാരണങ്ങളാണ്.

വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ
2. തൊഴിൽമേഖലകളിൽ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും, ചൂഷണങ്ങളും.
3. സുരക്ഷിതത്വമില്ലായ്മ; സ്ത്രീപീഠനം
4. പൊതുരംഗങ്ങളിൽ സ്ത്രീകളുടെ അഭാവം
5. ബാല്യവിവാഹം, സ്ത്രീധനം, മതപരമായ വിലക്കുകൾ എന്നിവ
6. അമിതമായ ജോലിഭാരം
7. സമ്പാദ്യശീലമില്ലായ്മ
8. നേതൃത്വഗുണമുള്ള മഹിളാസമാജങ്ങളുടെ അഭാവം
9. സ്വയംതൊഴിൽ യൂണിറ്റുകൾ, കുടിൽ വ്യവസായങ്ങൾ എന്നിവയിലുള്ള അജ്ഞത.
10. ആരോഗ്യം, പോഷകാഹാരം, പരിസരശുചിത്വം എന്നിവയെക്കുറിച്ചുള്ള അജ്ഞത.
11. തുടരെത്തുടരെയുള്ള പ്രസവം
12. സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങളുടെ അപര്യാപ്തത.
13. വീട്ടുജോലികളിൽ പുരുഷൻമാരുടെ പങ്കാളിത്തക്കുറവ്
14. കുടുംബനാഥന്റെ മദ്യപാനം

സാധ്യതകൾ

1. സ്ത്രീകൾക്ക് ഒരു സ്വയംതൊഴിൽ പരിശീലന പരിപടി സംഘടിപ്പിക്കുക.
2. വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് അച്ചാറുനിർമ്മാണം, സോപ്പ് നിർമ്മാണം, പാലുല്പന്ന നിർമ്മാണം, കോഴിവളർത്തൽ, ഗാർമെന്റ്സ്, പച്ചക്കറികൃഷി, കറി പൗഡർ എന്നിങ്ങനെയുള്ള മേഖലകളിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക.
3. വാർഡുതോറും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും, സാമൂഹിക സാംസ്കാരക രംഗങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കാൻ അവസരമുണ്ടാക്കുകയും ചെയ്യുക.
4. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നൽകുക.
5. തുല്യജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക.
6. എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ പരിപാടികൾ തയ്യാറാക്കുയും, മാതൃകാ അടുക്കളത്തോട്ടങ്ങൾക്ക് വാർഡടിസ്ഥാനത്തിൽ പ്രോത്സാഹനസമ്മാനം നൽകുകയും ചെയ്യുക.
7. വീടും, അടുക്കള പരിസരവും ശുചയായി സൂക്ഷിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
8. സ്ത്രീകൾക്ക് ശാസ്ത്രീയ ബോധം വളർത്തുന്നതിനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുക.
9. മദ്യം, മയക്കുമരുന്ന എന്നിവയുടെ ഉപയോഗത്തിനെതിരായി പ്രചരണപ്രവർത്തനങ്ങൾ നടത്തുക.
10. വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നല്കുക.
11. ആരോഗ്യം, ശിശുപരിപാലനം, പോഷകാഹാരം എന്നിവയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
12. സ്ത്രീകൾ കുടുംബ നാഥകളായ കുടുംബങ്ങൾക്ക് പ്രത്യേക പരിഗണനയും, ധനസഹായവും നല്കുക.



10
സഹകരണം

ഒരു കാർഷി മേഖലയാണ് വിളയൂർ പഞ്ചായത്തെങ്കിലും, കാർഷികരംഗത്തോ, മറ്റു മേഖലകളിലോ പ്രവർത്തനസാധ്യതകൾക്കനുസരിച്ചുള്ള ഒരു വളർച്ചയും വികാസവും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

സഹകരണചരിത്രം

സഹകരണരംഗത്ത് പ്രവർത്തിച്ചും, സഹകരണ സംഘങ്ങൾ സംഘടിപ്പിച്ചും നമ്മുടെ പഞ്ചായത്തിലെ ആളുകൾക്ക് മുമ്പ് തന്നെ പരിചയമുണ്ടായിരുന്നു. 1950 കളിൽ നമ്മുടെ പഞ്ചായത്തിലെ കൂരാച്ചിപ്പടി കേന്ദ്രമായി 150 ഓളം കള്ളുചെത്തു തൊഴിലാളികൾ ചേർന്ന് ഒരു പനഞ്ചാക്കര നിർമ്മാണ സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. ഈ സംഘത്തിന് കരിങ്ങനാട്ട്, കൈപ്പുറം തുടങ്ങിയ പ്രദേശങ്ങളിൽ ശാഖകളും ഉണ്ടായിരുന്നു. പനങ്കള്ള് ഉപയോഗിച്ച് പഞ്ചസാര നിർമ്മിക്കുന്നതിനുള്ള യൂണിറ്റും പ്രവർത്തിച്ചിരുന്നു. എന്നാൽ 1967 ൽ നടപ്പിലാക്കിയ മദ്യനിരോധനം മൂലം (Prohibition) ഈ സംഘത്തിന്റെ പ്രവർത്തനം നിലക്കുകയാണ് ഉണ്ടായത്.

ക്രഡിറ്റ് സഹകരണ സംഘം	നോൺക്രഡിറ്റ് സഹകരണ സംഘം
1. കൊപ്പം സർവ്വീസ് സഹകരണ ബാങ്ക് വിളയൂർ ശാഖ 2. വിളയൂർ ജി.എം.യു.പി. കോംപ്ലക്സ് കോ-ഓപ്പ്റേറ്റീവ് സൊസൈറ്റി	നിലവിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ, 7,8,9 എന്നീ വാർഡുകൾ ചേർത്ത് ഒരു ക്ഷീര സഹകരണ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ കൈകൊണ്ടിട്ടുണ്ട്.

1. കൊപ്പം സർവ്വീസ് സഹകരണ ബാങ്ക് ലി.മി. ശാഖ വിളയൂർ

നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും കാർഷിക കാർഷികേതര വായ്പകൾക്കും മറ്റുമായി ആശ്രയിച്ചിരുന്നത് ഈ ബാങ്കിന്റെ 1950ൽ സ്ഥാപിതമായ കൊപ്പം പ്രധാന ശാഖയെയായിരുന്നു. എന്നാൽ ജനങ്ങളുടെ വർദ്ധിച്ച തോതിലുള്ള ആവശ്യം കണക്കിലെടുത്ത് പ്രസ്തുത ബാങ്കിന്റെ ഒരു ശാഖ 1988 ജനുവരി 14ന് വിളയൂർ പഞ്ചായത്തിലെ കൂരാച്ചിപ്പടിയിൽ സ്ഥാപിക്കുകയുണ്ടായി. ഈ ശാഖയാണ് പഞ്ചായത്തിലെ ഏകദേശം മുഴുവൻ ബാങ്കിംഗ് പ്രവർത്തനങ്ങളും നടത്തി വരുന്നത്.

ഇത് കൂടാതെ ഒറ്റപ്പാലം പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക്, പട്ടാമ്പി ഭവനനിർമ്മാണ സഹകരണ സൊസൈറ്റി, പട്ടാമ്പി എംപ്ലോയീസ് സഹകരണസംഘം എന്നിവയുടെ പ്രവർത്തനപരിധിയിലും നമ്മുടെ പഞ്ചായത്ത് ഉൾപെടുന്നു.

സ്ഥാപനം	സ്ഥാപിതം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം
കൊപ്പം സർവ്വീസ് കോ-ഓപ് ബാങ്ക്	1988		7	14,45,405 1,00,000 ഗവ. ഷെയർ

നിക്ഷേപങ്ങൾ

സ്ഥാപനം	സ്ഥിരം	ഹ്രസ്വകാലം
കൊപ്പം സർവ്വീസ് സഹകരണ ബാങ്ക്	8039185	20,40,280

വായപകൾ

കാർഷിക വായ്പകൾ

ഇനം	തുക
വിള വായ്പ(crop Loan) ചെറുകിടകർഷകർ	16,49,990
വിള വായ്പ(crop Loan) വൻകിടകർഷകർ	7000
ദീർഘകാല കാർഷിക വായ്പ (Long Term Agri. Loan)	5200

കാർഷികേതര വായപകൾ

ഇനം	തുക
എംപ്ലോയീസ് ലോൺ	3600
NAMT(Non. Agri. Medium Term) വായ്പകൾ	20,38,377
NAST(Non Agri. Short term) വായ്പകൾ	1,79,635
Loan Cash Credit	49,738
സ്വർണ്ണ പണയം (Gold Loan)	95,23,659

ബാങ്കുകളിൽ നിന്നും സ്വീകരിച്ച വായ്പകൾ

ബാങ്ക്	ഇനം	തുക
പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ലിമി.	Crop Loan	19,65,220
ICDP (Integreated Development Programme)		2,70,000

കാലാവധി കഴിഞ്ഞ് കിട്ടാനുള്ള വായ്പകൾ

ഇനം	തുക
Crop Loan - Large Farm	7.000
Crop Loan - Small Farm	2,36,220
Employees loan	3,600
NAMT Loans	2,19,518
NAST Loans	60,557
Total	**8,27,950**

മറ്റു ചിലവുകൾ

Item	Amount Rupeees
Establishment Charges	24,620
Configgerries	Nil

മറ്റു ബാങ്കുകളുടെ പ്രവർത്തനങ്ങൾ [പഞ്ചായത്ത് പരിധിയിൽ വരുന്ന]

I ഒറ്റപ്പാലം പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക്, പട്ടാമ്പി ശാഖ

വായ്പകൾ

ഇനം	എണ്ണം	തുക
പദ്ധതി വായ്പ	38	9,30,766
സാധാരണ വായ്പ	1	13,000
കാർഷികേതര വായ്പ	8	11,10,180
ഭവന നിർമ്മാണ വായ്പ	49	20,67,000

II പട്ടാമ്പി സഹകരണ ഭവന നിർമ്മാണ രംഗം

ഇനം	എണ്ണം	തുക
ഭവന നിർമ്മാണ വായ്പ	4	1,89,244

ഗവ: യു.പി. സ്കൂൾ കോ-ഓപ് സൊസൈറ്റി

ഇത് ഒരു ക്രെഡിറ്റ് സ്ഥാപനമാണ്. 1976ൽ സ്ഥാപിക്കപ്പെട്ടു. 161 ഓളം മെമ്പർമാരും 805 രൂപ ഓഹരിമൂലധനത്തിലും പ്രവർത്തിക്കുന്നു. ഗവ: ഓഹരി 500 രൂപയാണ്.

വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളും പുസ്തകങ്ങളും ലഭ്യമാക്കുകയാണ് ഈ സൊസൈറ്റി ചെയ്യുന്നത്. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലെയും പാഠപുസ്തകവിതരണം ഈ സൊസൈറ്റി വഴിയാണ്.

പ്രവർത്തനക്ഷമത

പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ വായ്പകളും മറ്റ് ബാങ്കിംഗ് പ്രവർത്തനങ്ങളും നടത്തുന്ന പ്രധാനപ്പെട്ട സ്ഥാപനം കൊപ്പം സർവ്വീസ് കോ-ഓപ്പ. ബാങ്കിന്റെ വിളയൂർ ശാഖ തന്നെയാണ്. ഈ സ്ഥാപനം ജനകീയാടിത്തറയുള്ളതും ഏറെക്കുറെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമാണ്. അപ്പെക്സ് സംഘങ്ങളുടെ സഹായത്തേക്കാൾ വിപുലമായ ജനകീയ പിൻബലമാണ് ബാങ്കിന്റെ പ്രവർത്തനത്തിന്റെ വിജയരഹസ്യം.

സഹകരണമേഖലയിലെ പ്രശ്നങ്ങൾ

1. മൂലധനലഭ്യതക്കുറവ്: അംഗങ്ങളുടെ വർദ്ധിച്ചതോതിലുള്ള വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ ഒരു സാമ്പത്തികാടിത്തറ സഹകരണ സ്ഥാപനങ്ങൾക്കില്ല.
2. വായ്പകൾ യഥാസമയം തിരിച്ചടക്കാത്തതുമൂലം ബാങ്ക് പ്രവർത്തനത്തിലും, വായ്പാവിതരണത്തിലും വരുന്ന ബുദ്ധിമുട്ട്.
3. സഹകരണമേഖലയിലുള്ള സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുടെ അറിവില്ലായ്മ.
4. കാർഷികാവശ്യങ്ങൾക്ക് നൽകിവരുന്ന വായ്പകളുടെ പലിശ വർദ്ധനവ് മൂലം കൃഷി വികസനം എന്ന അടിസ്ഥാന ലക്ഷ്യം നിറവേറ്റുന്നതിൽ വരുന്ന പരാജയം.
5. കാർഷിക വായ്പകൾക്ക് നൽകിവരുന്ന സബ്സിഡികൾ ലഭിക്കുന്നതിനുള്ള കാലതാമസം
6. ആവശ്യമായ വായ്പകൾ ആവശ്യക്കാർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ (കുടിക്കട സർട്ടിഫിക്കേറ്റ്, പണയാധാര രജി: തുടങ്ങിയവ) മൂലം വരുന്ന ബുദ്ധിമുട്ട്.
7. വായ്പ നൽകുന്ന തുകയും വായ്പയുടെ ആവശ്യവും തമ്മിലുള്ള പൊരുത്തക്കേട്.
8. പല വായ്പകളെക്കുറിച്ചുള്ള ജനങ്ങളുടെ അറിവില്ലായ്മ, പ്രസ്തുത പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിൽ നിന്നും അവരെ തടയുന്നു.
9. മെമ്പർമാരല്ലാത്തവർക്ക് മെമ്പർഷിപ്പ് ലഭിക്കുവാനും അതുവഴി വായ്പ ലഭിക്കുവാനും വരുന്ന കാലതാമസം.
10. NRI, A/c സൗകര്യമില്ലായ്മ DD എടുക്കുക, വിനിമയം നടത്തുക തുടങ്ങിയ സൗകര്യങ്ങളുടെ അഭാവം.

നിർദ്ദേശങ്ങളും സാധ്യതകളും

1. സഹകരണരംഗത്ത് സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. മെമ്പർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ ഓഡിറ്റ് നടത്തുന്നത് മൂലം ജനങ്ങൾക്ക് ഈ സ്ഥാപനത്തിലുള്ള വിശ്വാസം വർദ്ധിക്കാനും അതുവഴി മൂലധന ലഭ്യത വർദ്ധിപ്പിക്കുവാനും കഴിയും.

2. പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾക്കായി ഒരു പട്ടികജാതി സൊസൈറ്റി രൂപീകരിക്കുക.

3. പഞ്ചായത്തിലെ തൊഴിൽവൈദഗ്ദ്യവും, വിദ്യാഭ്യാസവും ഉള്ള വനിതകളെ സംഘടിപ്പിച്ച് വിവിധ മേഖലകളിൽ (അച്ചാറ്, റെഡിമെയ്ഡ് വസ്ത്രം, പുസ്തക നിർമ്മാണം, തുടങ്ങിയവ) വനിതാ സഹകരണസംഘങ്ങൾക്ക് രൂപരേഖ തയ്യാറാക്കുക.

4. എല്ലാ കാർഷിക വാണിജ്യ വിളകളും അതിന്റെ സംഭരണം, സംസ്കരണം, വിതരണം തുടങ്ങിയവക്ക് വിപുലമായ മൂലധനാടിത്തറയിൽ മാർക്കറ്റിംഗ് സഹകരണസംഘങ്ങൾക്ക് രൂപം നൽകുക.

5. ബാങ്കുകളിൽ ലിസ്റ്റ് ചെയ്യാത്ത വിളകൾക്കും വായ്പകൾ ലഭ്യമാക്കുക.

6. പഞ്ചായത്തിൽ സാധ്യതക്കനുസരിച്ച് ക്ഷീര സഹകരണസംഘങ്ങൾ രൂപീകരിക്കുക.

7. പഴം, പച്ചക്കറികൾ എന്നിവ കുത്തകാടിസ്ഥാനത്തിൽ സംഭരിക്കുന്നതിന് ഒരു പഴം,പച്ചക്കറി സഹകരണസംഘം ആരംഭിക്കുക.

8. വർദ്ധിച്ച വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റാൻ സഹകരണാടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഒരു ജൂനിയർ സഹകരണകോളേജിനും രൂപം നൽകുക.

9. വിദേശ മലയാളികൾക്ക് NRE A/c തുടങ്ങുവാനും മറ്റു വിനിമയ ഇടപാടുകൾ നടത്തുവാനുമുള്ള അധികാരം സഹകരണ ബാങ്കുകൾക്ക് നൽകുക.

10. ഗവ: ചെക്കുകൾ ട്രഷറിക്കു പകരം സഹകരണബാങ്ക് വഴി വിനിമയം സാധ്യമാക്കുക. കൂടാതെ പഞ്ചായത്ത് ഫണ്ടുകൾ, ഗ്രാന്റുകൾ തുടങ്ങിയവയും ട്രഷറിക്കുപകരം സഹകരണബാങ്കിലേക്ക് മാറ്റുക.

11. ഗൾഫ് മലയാളികളുടെ പുനരധിവാസം, ക്ഷേമപ്രവർത്തനം പുതിയവ്യവസായ സംരംഭങ്ങൾ എന്നിവക്കുവേണ്ടി പ്രത്യേക സഹകരണസംഘം രൂപീകരിക്കുക.

12. സഹകരണരംഗത്തെ വിവിധ പ്രവർത്തനങ്ങളെ കുറിച്ച് അറിവ് നൽകാൻ മെമ്പർമാർക്ക് വാർഡടിസ്ഥാനത്തിൽ ബോധവൽക്കരണം നല്കുക.

13. ഉത്സവ ചന്തകൾ ഫലപ്രദമാക്കുക. (ഓണം. പെരുന്നാൾ, ക്രിസ്തുമസ്)

14. ഓരോ സ്കൂളുകളിലും വിദ്യാർത്ഥികളെ വർദ്ധിച്ചതോതിൽ ഉൾപ്പെടുത്തി സഹകരണസംഘങ്ങൾക്ക് രൂപം നൽകുക.

15. നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ വിതരണം നടത്താൻ കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ സ്ഥാപിക്കുക.

16. പഞ്ചായത്തിലെ അവികസിത പ്രദേ

ശങ്ങൾ ദത്തെടുത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുക.

17. ചിട്ടികൾക്കും, മറ്റ് പുതുമയാർന്ന നിക്ഷേപ സമ്പാദ്യങ്ങൾക്കും രൂപം നൽകുക.

18. സഹകരണാടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക.

19. ഗൾഫ് മലയാളികളുടെ ക്ഷേമപ്രവർത്തനം, പുനരധിവാസം, പുതിയ തൊഴിൽ രംഗങ്ങൾ സൃഷ്ടിക്കൽ എന്നിവക്ക് സഹകരണസംഘങ്ങൾ രൂപീകരിക്കുക.

20. വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

21. ഭൂവിഭവങ്ങൾ സംരക്ഷിക്കാൻ സ്കീമുകളുണ്ടാക്കുക

22. നെല്ല് സംഭരിച്ച് അരിയാക്ക് വിതരണം ചെയ്യുക.

23. വിളയൂർ പഞ്ചായത്തിന് സ്വന്തമായി ഒരു സഹകരണബാങ്ക് സ്ഥാപിക്കുക.

24. വിദ്യാഭ്യാസരംഗത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ടത് ചെയ്യുക.

25. വിവിധ ക്ഷേമപദ്ധതികളുടെ വിഹിതം ജില്ലാ ബാങ്കിൽ നിക്ഷേപിക്കുന്നതിന് പകരം പഞ്ചായത്തിലെ സഹകരണ ബാങ്കിൽ നിക്ഷേപിക്കുക.

26. ഗൾഫ് മലയാളികളുടെ സഹകരണത്തോടെ ഒരു കോ-ഓപ്. ആശുപത്രി സ്ഥാപിക്കുക.



11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 17000 ത്തിലധികം വരും. 426 കുടുംബങ്ങളിലായി 2200ൽ പരം പട്ടികജാതിക്കാർ പഞ്ചായത്തിലുണ്ട്. പട്ടികവർഗ്ഗക്കാർ പഞ്ചായത്തിലില്ല. പട്ടികജാതിക്കാർ പഞ്ചായത്തിലെ ജനസംഖ്യയുടെ 13% ത്തോളം വരും.

ചെറുമ	358
മണ്ണാൻ	33
പറയ	21
പാണ	12
കുറവർ	2

സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധി കാലം കൊടിയചൂഷണത്തിന് വിധേയരായിരുന്ന ഇക്കൂട്ടരുടെ ജീവിതം അങ്ങേയറ്റം ദുരിതപൂർണ്ണമായിരുന്നു. വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ വളരെയധികം പിന്നോക്കം നിന്നിരുന്ന ഇവരുടെയിടയിൽ 1960ന് ശേഷമാണ് വിദ്യാഭ്യാസം നേടുന്നതിനുള്ള കാര്യമായ ശ്രമങ്ങൾ നടക്കുന്നത്. 1970ന് ശേഷം മുഴുവൻ കുട്ടികളും സ്കൂളിൽ എത്തുന്ന സ്ഥിതിയുണ്ടായി. സർക്കാർ ജീവനക്കാരായി പുതിയ തലമുറയിൽ വിരലിലെണ്ണാവുന്നവർ മാത്രമെ ഉള്ളു. ഇന്ന് എല്ലാവരും സാക്ഷരരാണെങ്കിലും ചെറുപ്പക്കാർക്കിടയിൽ മാത്രമാണ് അത്യാവശ്യം വിദ്യാഭ്യാസം ഉള്ളത്. നാമമാത്രമായി ബിരുദം നേടിയവർ ഉണ്ടെങ്കിലും അതിനു മുകളിൽ വിദ്യാഭ്യാസം നേടിയവർ പഞ്ചായത്തിലില്ല.

മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽനിന്ന് പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാ തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുയും, എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്. എന്നാൽ ഒടിയൻ അന്ധവിശ്വാസത്തിന്റെ പേരിൽ ഇതിലൊരു വിഭാഗത്തിനുനേരെ പഞ്ചായത്തിൽ സമീപകാലത്തുണ്ടായ നിർഭാഗ്യകരമായ സംഭവവികാസങ്ങൾ ഈ ആധുനികയുഗത്തിൽ നമ്മുടെ പഞ്ചായത്തിനുണ്ടാക്കിയ ചീത്തപ്പേര് കുറച്ചൊന്നുമല്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാരിന്റെ പ്രത്യേകമായ നിയമപരിരക്ഷയും മറ്റും വേണമെന്നുള്ളതിന് അടിവരയിടുന്നതായിരുന്നു പ്രസ്തുത സംഭവം.

ക്രമനമ്പർ	വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം (ഏകദേശം)
1.	II	കോതേമാരിൽ	23	115
2.	II	കരമ്പനത്തോട്ടം	16	80
3.	I	പൂക്കാടം കുന്ന്	42	210
4.	V	താമരശ്ശേരിപ്പടി-പൂവ്വാനിക്കുന്ന്	26	130
5.	IX	മൂച്ചിക്കൂട്ട് പറമ്പ്	27	140
6.	VII	കോട്ടേംകുന്ന്	43	240
7.	IV	ഒതുക്കുങ്ങൽ	15	80
8.	VIII	പാറമ്മേൽ	16	96
9.	VIII	ചാലപ്പുറത്ത് പടി	5	30
10.	VII	വരയറ	9	54
11.	III	മാടായിൽ	6	30
12.	III	പൂത്തൂർകുന്ന്	11	60
13.	VI	നായരുവീട്ടു പടി	6	36
14.	VIII	അമ്പാടിക്കുന്ന്	9	51
15.	III	ചിറക്കൽപ്പടി	5	30
16.	I	മൂരിക്കുന്ന്	4	24
17.	VIII	പൊറ്റേക്കാട്ടു പടി	5	23
18.	VIII	പൂക്കോട്ടുകുളമ്പ്	7	40
19.	IV	തെക്കുംമുറി പേരടിയൂർ	15	70
20.	iV	തോട്ടാങ്ങര	11	56
21.	II	മഞ്ചേരി പറമ്പ്	7	37
22.	VIII	മലപ്പുറംകുന്ന്	4	22

ഇവയിൽ അംഗീകരിക്കപ്പെട്ട കോളനികൾ ഏഴെണ്ണമാണ്. പൂക്കാടം കുന്ന്,മൂച്ചിക്കൂട്ടുപറമ്പ്, കോട്ടേം കുന്ന്, പാറമേൽ, കരിമ്പനത്തോട്ടം, കോതേമാരിയിൽ, താമരശ്ശേരിപടി-പൂവ്വാനിക്കുന്ന്, എന്നിവയാണവ. പഞ്ചായത്തിലെ VIII ാം വാർഡിലാണ് കൂടുതൽ പട്ടികജാതിക്കാർ താമസിക്കുന്നത്. പുറമെ ഒറ്റപ്പട്ട വീടുകളും ഉണ്ട്. ഒതുക്കുങ്ങൽ

കോളനി അംഗീകരിക്കുന്നതിനായി സമർപ്പിച്ച കോളനിയാണ്.

അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ കോളനികളിലെ മുഴുവൻ വീടുകൾക്കും ഇപ്പോഴും ലഭിച്ചിട്ടില്ല. അതുപോലെത്തന്നെ ഓട് മേയാത്ത വീടുകളും ഉണ്ട്. പൂവ്വാനിക്കുന്ന്, കോട്ടേംകുന്ന് വരേതൊടി കോളനികളിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്നു. കോളനിയായി അംഗീകരിക്കാത്ത മറ്റുപ്രദേശങ്ങളിലും ഒറ്റക്ക് താമസിക്കുന്ന കുടുംബങ്ങൾക്കും അടിസ്ഥാനസൗകര്യങ്ങളില്ല. പാറമ്മേൽ, കോട്ടേംകുന്ന് കോളനികളിൽ TV സ്ഥാപിച്ചിട്ടുണ്ട്.

1992 ലെ IRDP സർവ്വെ പ്രകാരം 242 പട്ടികജാതി കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 156 ആൺകുട്ടികളും 161 പെൺകുട്ടികളും ഉൾപ്പെടെ 317 പട്ടിക ജാതി കുട്ടികൾ പഠിക്കുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്ന സ്വഭാവമില്ല.

പഞ്ചായത്തിൽ മിക്ക പട്ടികജാതി കുടുംബങ്ങൾക്കും IRDP ധനസഹായം ലഭിച്ചിട്ടുണ്ട്. മുഴുവൻ കുടുംബങ്ങൾക്കും IRDP ധനസഹായം നൽകേണ്ടതാണ്. IRDP ഗുണഭോക്താക്കളായവരിൽ സാമ്പത്തികപ്രയാസം മൂലം തിരിച്ചടക്കാൻ കഴിയാത്തവരുടെ വായ്പകൾ മുഴുവൻ എഴുതിത്തള്ളണം. വായ്പ തിരിച്ചടക്കാൻ വീഴ്ച വരുത്തുന്നവരിൽനിന്നും സംഖ്യ വസൂലാക്കുമ്പോൾ സബ്സിഡി അനുവദിക്കുകയും വേണം.

പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങളുടെയും ജീവിതനിലവാരം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നത് കൊണ്ട് വളരെ മോശപ്പെട്ട നിലയിൽ ആണ്. ഇവരിൽ 40% ത്തോളം പേരും കാർഷികമേഖലയിലും, സുമാർ 35%ത്തോളം പേർ നിർമ്മാണരംഗങ്ങളിലും തൊഴിലെടുക്കുന്നു. സീസണുകളിലാണ് കാർഷികതൊഴിൽ എന്നതുകൊണ്ട് ഇവർക്ക് വളരെച്ചുരുങ്ങിയ ദിവസങ്ങളെ തൊഴിൽ ലഭിക്കുന്നുള്ളു. കാർഷികമേഖലയുടെ തകർച്ച, പരമ്പരാഗത തൊഴിൽ മേഖലയിൽവന്ന ആധുനികവൽക്കരണം എന്നിവ ഇവരുടെ സാമ്പത്തിക അവസ്ഥ പരിതാപകരമാക്കി. ഇതിന്റെ എല്ലാം ഫലമായി 20% ത്തോളം വരുന്ന പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾ തൊഴിൽരഹിതരാണ്. 5% ത്തോളം പേർ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

പ്രശ്നങ്ങൾ

1. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയു് ഗുണനിലവാരക്കുമ്മിയും
2. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും ഇപ്പോഴും നിലനൽക്കുന്നു.
3. ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
4. പട്ടികജാതിക്കാർക്കിടയിലുള്ള അപകർഷതാ ബോധം
5. താമസിക്കുന്ന സ്ഥലമൊഴികെ പട്ടികജാതിക്കാർക്ക് സ്വന്തമായി ഭൂമിയില്ല.
6. ഒരേവീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു.
7. വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ഭാഗികമായി നിറവേറ്റിട്ടുള്ളു.
8. കാർഷിക, നിർമ്മാണ, പരമ്പരാഗത

മേഖലകളിൽ പണി കുറയുന്നു.

9. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

10. നിർദ്ധന കുടുംബങ്ങളുടെ ചികിത്സ, വിവാഹസഹായധനം എന്നിവ ലഭിക്കുന്നില്ല.

11. IRDP പട്ടികജാതി വികസന കോർപ്പ റേഷൻ എന്നിവയുടെ പദ്ധതികൾ ഫലപ്രദ മായി ഉപയോഗപ്പെടുത്തുന്നില്ല.

12. കടബാധ്യതകളും, കടക്കെണികളും (തമിഴന്മാരുടെ ബ്ലേഡ് കമ്പനികൾ)

സാധ്യതകൾ

1. പരമ്പരാഗത കുടിൽവ്യവസായങ്ങൾ ആധുനിക രീതിയിൽ പ്രോത്സാഹിപ്പിച്ച് ധന സഹായം നൽകി അഭിവൃദ്ധിപ്പെടുത്തുക.

2. ചികിത്സ, ശവസംസ്കാരം, പെൻഷൻ, വിവാഹം തുടങ്ങിയവക്ക് ധന[illegible]ം വർദ്ധിപ്പിച്ച് പഞ്ചായത്തുമുഖേന കൊടുക്കുക

3. പഞ്ചായത്ത്തലത്തിൽ പട്ടികജാതി സഹകരണസംഘം രൂപീകരിക്കുക.

4. ഹരിജൻ വിദ്യാർത്ഥികൾക്ക് സാസ്കാ രിക സംഘടനകളുടെ നേതൃത്വത്തിൽ സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.

5. വൈദ്യുതി കണക്ഷൻ കിട്ടുന്നതിന് മുൻകൈ എടുക്കുക.

6. അനധികൃത മദ്യവിൽപ്പനക്കെതിരെ ജനകീയ കമ്മിറ്റി രൂപീകരിക്കുക.

7. ഹരിജനങ്ങളുടെ കലാരൂപങ്ങൾ അവ തരിപ്പിക്കാനും, പ്രോത്സാഹിപ്പിക്കാനും ധന സഹായം നൽകുക.

8. ഹരിജൻ കോളനികളിൽ വാർത്താ ബോർഡുകൾ സ്ഥാപിക്കുക.

9. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുക. പട്ടികജാതിയിൽ നിന്ന് വിവാഹം കഴിക്കു ന്നവർക്ക് ഗവൺമെന്റ് ജോലികളിൽ മുൻഗ ണന നൽകുക.

10. ഒരു വർഷത്തിനുള്ളിൽ എല്ലാ പട്ടിക ജാതികുടുംബങ്ങൾക്കും കൈവശഭൂമിയിൽ പട്ടയം കിട്ടാൻ ഏർപ്പാടുണ്ടാക്കുക.

11. കാർഷികരംഗം അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയും കാർഷിക തൊഴിലിനെ മാന്യമായി അംഗീക രിക്കുകയും ചെയ്യുക.

12. സ്ഥലം മാർക്കറ്റ് റേറ്റിൽ വാങ്ങി വീട് നിർമ്മിക്കാൻ 4 സെന്റ് വീതം നൽകുന്ന തിന് മുൻഗണന നൽകുക. IRDP ലോൺ, ഗ്രാന്റുകൾ തുടങ്ങിയവയുടെ മേനോട്ടത്തിന് പഞ്ചായത്ത്തല കമ്മിറ്റി രൂപീകരിക്കുക.

13. ബ്ലേഡ് കമ്പനി, കടക്കെണി എന്നിവ യിൽ നിന്നും മുക്തരാക്കാൻ ബോധവൽക്ക രണം നടത്തുക.


14. പട്ടികജാതി വികസനകോർപറേഷൻ മറ്റു സമിതികൾ എന്നിവ യോജിച്ച് സഹായ ധനം പഞ്ചായത്ത് മുഖേന വിതരണം ചെയ്യു കയും നിബന്ധനകൾ ലഘൂകരിക്കുകയും ചെയ്യുക.

15. 10 വർഷത്തിലധികം പഴക്കമുള്ള വീടു കൾ റിപ്പെയർ ചെയ്യാൻ പലിശയില്ലാത്ത വായ്പയും ഗ്രാന്റും നൽകുക.

16. S.S.L.C. വരെയും, തുടർന്നും വിദ്യാ ഭ്യാസത്തിന് വിദ്യാർത്ഥികൾക്ക് പ്രോത്സാഹ നവും, ധനസഹായവും നൽകുന്നതിന് പഞ്ചാ യത്ത് പദ്ധതി തയ്യാറാക്കുക.

17. അനധികൃത മദ്യവിൽപന, മദ്യപാനം, മയക്കുമരുന്ന് വ്യാപാരം എന്നിവക്കെതിരെ ജനകീയ സമിതികൾ രൂപീകരിച്ച് ഊർജ്ജി തമായ ബോധവൽക്കരണം നടത്തുക.

18. SC/ST വിദ്യാർത്ഥികൾക്ക് പുസ്തകങ്ങ ളും പഠനോപകരണങ്ങളും സൗജന്യമായി വിതരണം ചെയ്യാൻ സംവിധാനം ഏർപ്പെടു ത്തുക.



വിഭവ സമാഹരണം

" എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരകൾ തൃപ്തിപ്പെടുത്താനാവശ്യമായ വിഭവങ്ങൾ ഇല്ലതാനും"

മഹാത്മഗാന്ധി

ഒരു കാർഷിക മേഖലയാണ് വിളയൂർ പഞ്ചായത്ത് നമ്മുടെ പഞ്ചായത്തിലെ ഏകദേശം 80 ശതമാനം വിഭവങ്ങളും സമാഹരിക്കപ്പെടുന്നത്, ഈ മേഖലയിൽ നിന്നാണ്.

ഭൂമിശാസ്ത്രപരമായി ഏറെക്കുറെ കൃഷിയോഗ്യമായ ഒരു ഭൂപ്രദേശമാണ് നമുക്കുള്ളത്. ഈ ഭൂവിഭാഗങ്ങളിൽ നിന്നും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിഭവങ്ങൾ, നമ്മൾ പ്രതീക്ഷിക്കുന്ന തോതിലല്ല. കൃഷി നടത്തുന്ന പ്രദേശത്തിന് ആനുപാതികമായി ഉൽപാദനം വർദ്ധിപ്പിക്കാൻ നമുക്കു കഴിയുന്നില്ല. കാർഷിക രംഗത്തെ പുതിയ പ്രവണതകൾ മനസ്സിലാക്കുകയും നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ, ഈ രംഗത്ത് ഗണ്യമായ മാറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളു.

പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഏതൊരു ജനസമൂഹത്തിന്റെയും പ്രധാന വിഭവസ്രോതസ്സായി കരുതപ്പെടുന്നത്, വ്യാവസായിക മേഖലയെയാണ്. പക്ഷെ ഈ രംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പുറകിലാണ്. പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നാമമാത്ര വ്യവസായ സ്ഥാപനങ്ങളിൽ 90 ശതമാനത്തിലധികവും പരമ്പരാഗത മേഖലയിലുമാണ്. ആധുനിക വിജ്ഞാനങ്ങൾ ഈ രംഗത്ത് നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള അറിവില്ലായ്മയും മറ്റു പ്രശ്നങ്ങളും മൂലം, ഈ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളുടെ നിലവിലുള്ള സ്ഥിതി തീരെ ആശാവഹമല്ല. ആധുനിക വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനം മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളു. ആധുനിക വ്യവസായ രംഗത്ത് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനും, പരമ്പരാഗത വ്യവസായമേഖലയിലെ നവീകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും കഴിഞ്ഞാൽ മാത്രമേ, ഈ മേഖലയിൽനിന്നും കാര്യമായ തോതിലുള്ള വരുമാനം ലഭിക്കുകയുള്ളു.

വരുമാനമാർഗ്ഗങ്ങൾ

1) പഞ്ചായത്തു വരുമാനം

കെട്ടിട നികുതി	1,36,790. 25 രൂപ
ലൈബ്രറി സെസ്	6,625.25 "
തൊഴിൽ നികുതി	53,260.00 "
വസ്തു കൈമാറ്റ നികുതി	2,34,56.00 "
Deposits	14,504.00 "
മറ്റുള്ളവ	23,874.00 "
ആകെ	5,77,231.50 രൂപ

II) ഗ്രാന്റുകൾ

JRY	2,07,900 രൂപ
VTC	1,37,621 "
VRM	1,18,588 "
MI	1,067 "
UNTIED	3,17,500 "
ആകെ	8,82,676 രൂപ

ആകെ	വരുമാനം
പഞ്ചായത്തുതലം	5,77,231.50
ഗ്രാന്റുകൾ	8,82,676.00
Total	14,59,907.50

III) ഗൾഫ് മലയാളികൾ

ഏകദേശം ആയിരത്തിൽ പരം ഗൾഫു മലയാളികൾ 9 വാർഡുകളിലുമായി നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രശ്നങ്ങൾ

1. കെട്ടിട നികുതി നിർണ്ണയം ശാസ്ത്രീയമല്ലാത്തതുമൂലം കെട്ടിടങ്ങൾക്കു ചുമത്തുന്ന നികുതിയിനത്തിൽ നിന്ന് വരുന്ന വരുമാനക്കുറവ്.

2. വിദേശ മലയാളികളുടെ വരുമാനത്തിന്റെ പ്രത്യുത്പാദനപരമല്ലാത്ത വിനിയോഗം

3. പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ നിക്ഷേപത്തിന് ആനുപാതികമായി വായ്പകൾ നൽകാത്തതുമൂലമുള്ള ബുദ്ധിമുട്ട്.

4. നമ്മുടെ പഞ്ചായത്തിൽ മനുഷ്യ വിഭവശേഷി ധാരാളമുണ്ട്. ഈ ശേഷി പ്രത്യുൽപാദനപരമായി പ്രയോജനപ്പെടുത്താനുള്ള കൂട്ടായ പ്രവർത്തനത്തിന്റെ അഭാവം.

5. കാർഷികരംഗത്തെ മുരടിപ്പ്. മെച്ചപ്പെട്ട കൃഷി രീതികൾ നടപ്പിലാക്കാത്തതുമൂലം വരുന്ന ഉൽപാദനക്കുറവ്

6. കൃഷിയോഗ്യമായ ഭൂമി തരിശായിട്ടുള്ളതുമൂലം വരുന്ന ഉൽപാദനക്കുറവ്

7. വ്യാവസായിക രംഗത്ത് ഉയർന്ന തോതിലുള്ള നിക്ഷേപത്തിന്റെയും അതുവഴി ഉയർന്ന വളർച്ചാനിരക്കിന്റെയും അഭാവം.

8. പരമ്പരാഗത വ്യവസായമേഖല ആധുനീകരിക്കാത്തതുമൂലം വരുന്ന നഷ്ടം.

9. കൃഷിഭൂമി നികത്തി മറ്റാവശ്യങ്ങൾ നിറവേറ്റുന്നതിനാൽ വരുന്ന കാർഷികോദ്പാദനക്കുറവ്

10. വിപണി സൗകര്യങ്ങളുടെ കുറവ്

11. സഹകരണമേഖലയിലെ വളർച്ചയുടെയും, വികസനത്തിന്റെയും കുറവ്.

12. സ്വകാര്യ കുറികൾ, വായ്പകൾ, മറ്റു പണമിടപാടുകൾ എന്നിവയ്ക്കു ലൈസൻസ് ഫീ നടപ്പാക്കാത്തുമൂലം വരുന്ന വരുമാനകുറവ്

13. വസ്തു കൈമാറ്റത്തിൽ യഥാർത്ഥ വില കാണിക്കാത്തതുമൂലം വസ്തു കൈമാറ്റ നികുതിയിനത്തിൽ വരുന്ന ഭീമമായ കുറവ്

14. വിനോദ നികുതി ഇനത്തിലെ വരുമാനത്തിന്റെ അഭാവം

15. ഒരു പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ അഭാവം മൂലം, ചടങ്ങുകൾക്കും മറ്റു പൊതുപരിപാടികൾക്കും വൻ തുക വാടക നൽകി മറ്റു സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇതുമൂലം കിട്ടാവുന്ന വാടകയുടെ നഷ്ടം.

16. ത്രിതല കൃഷി സമ്പ്രദായം നടപ്പാക്കത്തതുമൂലം ഉൽപാദനരംഗത്ത് വരുമാനകുറവ്. (ഉദാ: മാവ്, വാഴ, ചീര)

17. കാർഷിക മേഖലയിൽ വിളപരിപാലന, മൃഗപരിപാലന സൗകര്യത്തിന്റെ അഭാവം

18. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലൈസൻസുള്ള അറവുശാലകളുടെ അഭാവം.

സാധ്യതകളും നിർദ്ദേശങ്ങളും

1. കെട്ടിട നികുതി നിർണ്ണയം യുക്തിസഹമാക്കുക. ആഢംബര ചിലവുകൾ, മൊത്തം വിസ്തീർണ്ണം, തുടങ്ങിയവക്കു ആനുപാതികമായി നികുതി നിർണ്ണയം നടത്തുക. നികുതി നിർണ്ണയം യുക്തിസഹമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കുക.

2. തൊഴിൽ നികുതിയുടെ പരിധി വ്യാപിപ്പിക്കുക. ഈ പഞ്ചായത്തിലെ വിവിധരംഗങ്ങളിൽ ജോലിയെടുക്കുന്നവരെക്കൂടി നികുതിയുടെ പരിധിയിൽ കൊണ്ടു വരിക. അവരെ അതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.

3. വിവിധ ഉൽപന്നങ്ങളുടെ ക്രയവിക്രയത്തിന് പ്രധാന കേന്ദ്രങ്ങളിൽ ആഴ്ച ചന്തകൾ ഏർപ്പെടുത്തുക.

4. കാർഷികോത്പന്നങ്ങൾക്കു മെച്ചപ്പെട്ട വിപണി സൗകര്യം ലഭ്യമാക്കുക.

5. ഒരു സിനിമാ ടാക്കീസ് തുടങ്ങാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

6. ഒരു പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക.

7. ത്രിതല കൃഷിരീതി ഏർപ്പെടുത്തി കാർഷികോത്പാദനം വർദ്ധിപ്പിക്കുക.

8. വ്യവസായ സ്ഥാപനങ്ങൾ പുതിയതായി ആരംഭിക്കുവാനും ഉള്ളവ നവീകരിച്ച് ഉൽപ്പാദന വർദ്ധനവ് ഉണ്ടാക്കാനും ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

9. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ധനകാര്യസ്ഥാപനങ്ങളുടെ നിക്ഷേപത്തിന്റെ 80 ശതമാനം പഞ്ചായത്തിലെ വിവിധ പദ്ധതികൾക്കു ചിലവാക്കാൻ സംവിധാനമുണ്ടാക്കുക.

10. സ്വകാര്യ കുറികൾ, പണമിടപാടുകൾ എന്നിവക്ക് ലൈസൻസ് ഏർപ്പെടുത്തുകയും നിയന്ത്രണം കൊണ്ടുവരികയും ചെയ്യുക.

11. ഗൾഫു പണം ഗുണപരമായി ഉപയോഗപ്പെടുത്താൻ സംവിധാനമുണ്ടാക്കുക.

12. നമ്മുടെ പഞ്ചായത്തിൽ മനുഷ്യ വിഭവം വേണ്ടത്ര ലഭ്യമാണ്. ഇതു ഗുണപരമായി, നിർമ്മാണ പ്രവർത്തനങ്ങളിൽ, സന്നദ്ധ പ്രവർത്തനാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്താൻ കൂട്ടായ ശ്രമങ്ങൾ നടത്തുക. റോഡുകൾ തുടങ്ങിയ മേഖലകളിൽ സന്നദ്ധ തൊഴിൽ സേനകളുടെ സേവനം പ്രയോജനപ്പെടുത്തുക.

14. വിളപരിപാലനം, മൃഗപരിപാലനം, മത്സ്യകൃഷി എന്നിവ ഏകോപിപ്പിക്കുക.

15. പഞ്ചായത്തിലെ തെരുവവിളക്കുകൾക്കു മീറ്റർ ഏർപ്പെടുത്തി അധികച്ചിലവ് ഒഴിവാക്കുക.

16. പഞ്ചായത്ത് ലൈസൻസ് നൽകി അറവുശാലകൾ സ്ഥാപിക്കുക.

17. പഞ്ചായത്തിലെ വിഭവ സമാഹരണത്തിന് സംവിധാനമുണ്ടാക്കുക.

18. രജിസ്റ്റർ ചെയ്യുന്ന ഭൂമികളുടെ വില നിർണ്ണയാവകാശം കലക്ടറിൽ നിന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുക.

19. സൈക്കിൾ ഒഴികെയുള്ള എല്ലാ വാഹനങ്ങൾക്കും പഞ്ചായത്ത് തലത്തിൽ സ്പെഷൽ നികുതി ഏർപ്പെടുത്തുക.

ഗ്രാമങ്ങളുടെ സമഗ്രവികസനത്തിന് വേണ്ടി, പഞ്ചായത്തുകളിലൂടെ കൂടുതൽ തുക ലഭ്യമാക്കുക എന്നതാണ് പൊതുധാരണ. വിഭവസമാഹരണമെന്നാൽ മുകളിൽ നിന്ന് കൂടുതൽ തുക ലഭ്യമാക്കലാണ് എന്ന ധാരണ തിരുത്തപ്പെടണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും പഞ്ചായത്തുകൾക്കും ജനങ്ങളിൽ നിന്നും പിരിച്ചെടുക്കാവുന്ന തുകയ്ക്കു ഒരു പരിധിയുണ്ടെന്നും, ഈ പരിധി എത്ര തന്നെ ഉയർത്തിയാലും ആവശ്യങ്ങളുടെ ഒരു ഭാഗം പോലും നിറവേറ്റാൻ പര്യാപ്തമാവുകയില്ലെന്നും ഉള്ള സത്യം ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഈ വസ്തുത അംഗീകരിച്ചുകൊണ്ട്, പണമായിട്ടല്ലാതെ മറ്റു രൂപത്തിലുള്ള വിഭവങ്ങൾ സമാഹരിക്കുവാനുള്ള തന്ത്രങ്ങളാണ് ആവിഷ്ക്കരിക്കേണ്ടത്.

അനുബന്ധം I

കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ

വാർഡ് നമ്പർ	പ്രദേശങ്ങൾ
1	1) പൂക്കാടം കുന്ന് 2) അയ്യപ്പൻ പറമ്പ് 3) വൈദ്യർ പടി 4) കിഴക്കേക്കര 5) ഇടുകുഴി കോളനി 6) കോതർ തൊടി
2	1) കല്ലേക്കുന്ന് ലക്ഷം വീട് കോളനി 2) കരിമ്പനത്തോട്ടം ഹരിജൻ കോളനി. 3) മഞ്ചേരിക്കുന്ന് 4) പടിഞ്ഞാക്കരമുക്ക് 5) കൊടലോഴിപ്പറമ്പ്
3	1)കളപ്പാറ ചീരങ്കോട് ഭാഗം 2) ഓടുങ്ങാം പുറം 3) കരിയൻ തിരുത്തി 4) പുത്തൂർകുന്ന് മാടായി പ്രദശം 5)പറമ്പം കാട്ടുതൊടി 6) കളപ്പാറ ചീരകോട് റോഡ് പ്രദേശം
4	1) തെക്കും മുറി 2) ഓടുപാറ ലക്ഷംവീട് കോളനി 3) ഉരുണിയൻ പുലാക്കൽ ഭാഗം, 4) ഓടുപാറകുളക്കട ഭാഗം
5	1) കണ്ടേങ്കാവ് മുണ്ടോടു കുന്ന് ഭാഗം 2) പൂവ്വാനിക്കുന്ന് 3) കണ്ടേങ്കാവ്സ്കൂൾ, പള്ളി ഭാഗങ്ങൾ 4) താമരശ്ശേരി പടി 5) പനമ്പറ്റക്കുന്ന് ഭാഗം
6	1) ചിത്തനം പള്ളി 2) തുടിക്കൽ മാടായി ഭാഗം, 3) മുക്കിലെ പീടിക 4) സ്കൂൾ പറമ്പ് 5) കുപ്പൂത്ത് സെൻറർ 6)കൈപ്രത്തൊടി 7) മുണ്ടംപറമ്പ് 8) കടവങ്ങാട്.
7	1)വരേത്തൊടി 2)കോയാ കോളനി 3) ചകിരിയൻ പറമ്പ് 4) വാരിയർപ്പടി 5)ആലങ്ങാട്ടുകുഴി 6)അമ്മച്ചിക്കണ്ടം 7)കോട്ടയംകുന്ന് 8) കൊടവൻ കുന്ന്
8	1) മേലീട് ഭാഗം 2) അമ്പാടിക്കുന്ന് 4) തിട്ടക്കോൾ 4) മലംകുളമ്പ് 5) പുവ്വത്തിൻ ചോട് 6) പൂക്കോട്ടുകുളമ്പ്
9	1) കണിയറാവ് 2) SG. നഗർ

അനുബന്ധം II

L.T. ട്രാൻസ്ഫോർമറുകളുടെ പട്ടിക

ക്രമ നമ്പർ	സ്ഥലത്തിന്റെ പേര്	കപ്പാസിറ്റി
1	കരിങ്ങനാട് I	160 KVA
2	കരിങ്ങനാട് II	63 KVA
3	വിളയൂർ I	160 KVA
4	വിളയൂർ II	100 KVA
5	വിളയൂർ PHED	100 KVA
6	പൂക്കാടൻ കുന്ന്	100 KVA
7	കണിയറാവ്	100 KVA
8	കൂരാച്ചിപ്പടി I	100 KVA
9	കൂരാച്ചിപ്പടി II	100 KVA
10	കോതേമാരിൽ	63 KVA
11	കോട്ടയം കുന്ന്	100 KVA
12	പാറമ്മൽ	100 KVA
13	എടപ്പലം	100 KVA

അനുബന്ധം III

നടപ്പു പദ്ധതിക്കാലത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമുകൾ

ക്രമ നമ്പർ	വർഷം	സ്ഥലം	അടങ്കൽ തുക	റിമാർക്സ്
1	1992–93	കുരാച്ചിപടി	33,300/–	95–96ൽ പൂർത്തീകരിച്ചു
2	95–96	പൂക്കാടൻ കുന്ന് ഹരിജൻ കോളനി	2,55,582/–	95–96ലെ ആക്ഷൻ പ്ലാൻ അനുസരിച്ച് പൂർത്തീകരിച്ചു
3	95–96	കുരാച്ചിപ്പടി പാറമ്മൽ (11 K.V ഫീഡർ)	3,88,300/–	സാധന സാമഗ്രികളുടെ കമ്മി കാരണം പൂർത്തീകരിച്ചിട്ടില്ല.
4	95–96	പേരടിയൂർ	90,882/–	പൂർത്തീകരിച്ചിട്ടില്ല
5	95–96	കുപ്പൂത്ത്	2,80,032/–	പണി ആരംഭിച്ചിട്ടില്ല,.
6	95–96	ചോലപ്പാറ ഒഴുകിൽമുക്ക്	3,43,082/–	”
7	95–96	കണ്ടേങ്കാവ്	4,91,811/–	”
8	95–96	കരിമ്പനത്തോട്ടം	2,25,960/–	”
9	95–96	പൊറ്റേക്കാട്ട് പടി (നടുവട്ടം)	2,24,300/–	”

അനുബന്ധം IV

വിളയൂർ പഞ്ചായത്ത്

സാക്ഷരതാ പ്രഖ്യാപനം : 92% (10-4-91)

വാർഡ്	മൂല്യനിർണ്ണയത്തിന് ഹാജരായവർ		പട്ടിക ജാതി		60വയസ്സിൽ കുറവുള്ളവർ		70% ത്തിൽ കൂടുതൽ മാർക്ക് നേടിയവർ	
	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ
1.	10	36	2	18	10	36	10	32
2.	15	61	8	40	15	60	15	60
3.	19	33	11	11	17	32	18	33
4.	31	86	8	18	31	87	30	73
5.	16	43	2	3	16	42	14	44
6.	7	29	6	20	9	26	7	22
7.	33	51	13	24	30	49	29	45
8.	17	45	6	15	18	42	15	42
ആകെ	148	384	56	149	146	374	139	351
	7	7					3	5
	155	391					142	368
ആകെ	546		205		520		510	

അനുബന്ധം V

കുട്ടികളുടെ പൊതു നിലവാരം
(അക്കാദമിക്ക് നിലവാരം)

ലോവർ പ്രൈമറി

ക്ലാസ്	ആകെ കുട്ടികൾ	30%ൽ താഴെ മാർക്കുനേടിയവർ	30% to40%	40% to50%	50% to60%	60%ൽ കൂടുതൽ മാർക്കുനേടിയവർ
3	509	81	125	110	93	100
4	467	68	100	101	81	117
ആകെ	976	149	225	211	174	217

അപ്പർ പ്രൈമറി

5	389	134	68	87	56	44
6	323	92	78	75	40	38
7	369	148	95	51	37	38
ആകെ	1081	374	241	213	133	120

ഹൈസ്കൂൾ

8	276	176	65	10	15	10
9	163	75	25	10	33	20
ആകെ	439	251	90	20	48	30

അനുബന്ധം VI

കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങൾ

STD	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റു പഠിക്കുന്നവർ SC/ST കുട്ടികൾ/മറ്റുള്ളവർ						പഠനം നിർത്തിയവർ SC/ST കുട്ടികൾ/മറ്റുള്ളവർ					
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
1	208	239	447	19	27	46	–	–	–	–	–	–	–	–	–	–	–	–
2	239	221	460	23	18	41	–	–	–	22	14	36	–	–	–	–	–	–
3	253	256	509	29	23	52	6	3	9	16	9	25	–	–	–	–	–	–
4	229	238	467	28	23	51	3	2	5	16	17	33	–	–	–	2	1	3
ആകെ	929	954	1883	99	91	190	9	5	14	54	40	94	–	–	–	2	1	3
5	207	182	389	13	17	30	2	0	2	9	2	11	–	–	–	–	–	–
6	164	159	323	14	17	31	2	0	2	13	3	16	–	–	–	–	–	–
7	201	168	369	20	19	39	2	1	3	21	8	29	–	–	–	–	–	–
ആകെ	572	509	1081	47	53	100	6	1	7	43	13	56	–	–	–	–	–	–
8	133	143	276	4	11	15	–	1	1	9	9	18	–	–	–	5	1	6
9	70	93	163	3	5	8	–	–	–	2	3	5	–	–	–	–	–	–
ആകെ	203	236	439	7	16	23	–	1	1	11	12	23	–	–	–	5	1	6

അനുബന്ധം VII

മെറ്റലിങ്ങും അഭിവൃദ്ധിപ്പെടുത്തലും നടത്തേണ്ട റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്
1.	ആലിക്കപ്പള്ള്യാൽ – മൂതിക്കൽപ്പടി റോഡ്
2.	കരിങ്ങനാട് പൂക്കാടൻ കുന്ന് അയ്യപ്പൻ കാവ് റോഡ്
3.	കരിങ്ങനാട് – ചുണ്ടമ്പറ്റ റോഡ്
4.	ഗവ. യു.പി. സ്കൂൾ – പേരടിയൂർ ചിറക്കൽതോട് റോഡ്
5.	പേരടിയൂർ – തെക്കും മുറി
6.	പേരടിയൂർ – ഇരുളൻകാട് കുപ്പൂത്ത് റോഡ്
7.	ഉദയപുരം – ആയുർവ്വേദ ഡിസ്പെൻസറി
8.	ഉരുണിയം പൂലാക്കൽ – പൂവ്വാനിക്കുന്ന് കോളനി
9.	ചിത്തനം പള്ളി – മോതിരപ്പറ്റ
10.	കുപ്പൂത്ത് സെന്റർ – വേട്ടക്കൊരു മകൻ കാവ് – മൂതിക്കൽ റോഡ്
11.	കൂരാച്ചിപ്പടി – കാരാങ്കടവ്
12.	എടപ്പലം– മേലീട്
13.	കീഴ് വീട്ടുപടി – കൊടക്കാ പറമ്പ്
14.	പൊറ്റേക്കാട്ടുപടി – പൂക്കോട്ടു കുളമ്പ്
15.	നവശക്തി – S.G. നഗർ
16.	നാരകത്തിൽ പടി – പൂക്കോട്ടു കുളമ്പ്
17.	മുക്കിൽ പീടിക – പാലൊളിക്കുളമ്പ്
18.	ഓടുപാറ – കണ്ടേങ്കാവ് LPS വഴി പറക്കാട്ടു തൊടി
19.	മുക്കില പീടിക – കടവങ്ങാട്
20.	കുപ്പൂത്ത് – മുളക്കൽ കടവ്
21.	പാലോളിക്കുളമ്പ് പള്ളിപ്പടി – ആന്തൂരക്കടവ്
22.	താമരശ്ശേരിപ്പടി – പാലൊളിക്കുളമ്പ്
23.	ഓടുപാറ – കുളക്കട
24.	പന്തീരാഴിക്കണ്ടം (ചോലപ്പാറ) പുലാശ്ശേരി
25.	കരിങ്ങനാട്, കരീപ്പക്കണ്ണ, വെള്ളടിക്കുന്ന് റോഡ്
26.	കരിങ്ങനാട് പനമ്പറ്റപ്പടി
27.	കരിങ്ങനാട്-കളപ്പാറ റോഡ്
28.	പഴത്തിൽ പറമ്പ് – കണ്ട ത്തൊടിപ്പടി
29.	കൊഴിഞ്ഞിപ്പറമ്പ് – കിഴുത്രകോവിൽ റോഡ്
30.	BSLPS തൂതപ്പുഴ
31.	കൊഴിഞ്ഞിപ്പറമ്പ് – LPS കൊപ്പം പഞ്ചായത്ത അതിർത്തി
32.	വിളയൂർ – കടുക്കാം കുന്ന്
33.	ചിറക്കിൽ – മുരിക്കുന്ന്

അനുബന്ധം VIII

P.W.D. ഏറ്റെടുക്കേണ്ട റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്
1	ആലിക്കപ്പള്ള്യാൽ – നെടുങ്ങോട്ടൂർ
2.	ചകിരിയം പറമ്പ് – അമ്മച്ചിക്കണ്ടം
3.	എടപ്പലം – പോസ്റ്റാഫീസ് – കൊപ്പം
4.	ചെമ്മലശ്ശേരി – വിളയൂർ
5.	വെള്ളം കൊള്ളി – ഉദയപുരം – കരിങ്ങനാട് – പ്രഭാപുരം
6.	വിളയൂർ – ചുണ്ടമ്പറ്റ
7.	പന്തിരാങ്കണ്ടം – പുലാശ്ശേരി

അനുബന്ധം IX

ടാറിംഗ് & ടാറിംഗ് റിപ്പയർ നടത്തേണ്ട റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്
1	കരിങ്ങനാട് – ഉദയപുരം
2.	ഉദയപുരം – വെള്ളം കൊള്ളി
3	ഉരുണിയം പുലാക്കൽ – താമരശ്ശേരിപ്പടി
4	താമരശ്ശേരിപ്പടി – പൂവ്വാനിക്കുന്ന്
5	ഓടുപാറ –കണ്ടേങ്കാവ് – പൂവ്വാനിക്കുന്ന്
6	പടത്തിലാൽ – നെച്ചിക്കാട് പടി
7	ഉദയപുരം – മൂച്ചിക്കൂട്ടുപറമ്പ്
8	എറാളത്ത് പടി – പയനിയംപാടം
9	പഞ്ചായത്ത് ആഫീസ് – ഓലഞ്ചേരി
10	കരിങ്ങനാട് – എടത്തോൾ പടി
11	കരിങ്ങനാട് – പ്രഭാപുരം
12	ആലിക്കപ്പള്ള്യാൽ – നെടുങ്ങോട്ടൂർ
13	ചകിരിയം പറമ്പ് – അമ്മച്ചി റോഡ്
14	പടത്തിൽ പറമ്പ് – മുളക്കിൽ കടവ്
15	കരിങ്ങനാട് ചോലപ്പള്ള്യാൽ

അനുബന്ധം X

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്
1	എടത്തോൾ പടി – പൂക്കാടംകുന്ന്
2.	മുരിന്നൻ പടി – ഓലഞ്ചേരി
3	ഓലഞ്ചേരി – ഇടുകുഴി
4	ഓലഞ്ചേരി –ഇടത്തോൾപടി
5	പൂക്കാടൻ കുന്ന്– കോതാർതൊടി
6	കുളക്കാട്ടിൻ പടി – കല്ലുകോരിത്തോട്
7	കരിങ്ങനാട് കുണ്ട് – മദ്രസ്സ
8	പനമ്പറ്റ മന ബാലവാടി – വിളങ്ങോട്ടുകാവ്
9	ഒടുങ്ങാംപുറം – പാടം– 4–ാം വാർഡ്
10	കളപ്പാറ – കാമ്പുറത്ത് ആൽ
11.	ഓടുപാറ – ഒതുക്കുങ്ങൽ – പേരടിയൂർ
12	ഓടുപാറ– നായ്ക്കൻ തൊടി
13	ചളമ്പ – പുലാശ്ശേരി റോഡ്
14	ചോലക്കൽ പടി – മൊട്ടം (ചളമ്പ)
15	പൂവ്വാനിക്കുന്ന് – പനമ്പറ്റക്കുന്ന്
16	പാലൊളിക്കുളമ്പ് – കോഴിച്ചുമുറി
17	കുപ്പൂത്ത് – കോട്ടയിൽ പടി
18	കുപ്പൂത്ത് – വള്ളീത്ത് (കല്ലു ക്വാറി വഴി)
19	ചിത്തനം പള്ളി – വള്ളീത്ത് കാട് – മഞ്ഞളാം കുഴി
20	പാലൊളിക്കുളമ്പ് (പാറക്കടവ്) – കല്ലും കടവ്
21	കളരിക്കൽ – കാരാം കടവ്
22	കിഴക്കേതൊടിപറമ്പ് – കടേംങ്ങാട്
23	കാൻഗ്രാം ശിക്ഷൺ കേന്ദ്ര – കുപ്പൂത്ത് റോഡ്
24	ആലിക്കപ്പള്ളിയാൽ – കളരിക്കൽ ക്ഷേത്രം
25	എടപ്പലം – എച്ച്.എ. എൽ.പി. സ്കൂൾ
26	കുപ്പൂത്ത് – ഉളാറ്റക്കുളം – S.G. നഗർ
27	അരണാത്തുപടി –കോട്ടയംകുന്ന് കോളനി
28	ചോലപ്പള്ളിയാൽ – പൂക്കാടൻ കുന്ന്
29	കരിമ്പനത്തോട്ടം – കരിങ്ങനാട് കുണ്ട്
30	കരിമ്പനത്തോട്ടം – പൊന്നത്തുപടി
31	കരിങ്ങനാട് കുണ്ട് – മഞ്ചേരിക്കുന്ന്
32	കളപ്പാറ – ചീരംകോട്
33	ഒറവുതൊടി – പൂക്കാടൻ കുന്ന്
34	അയ്യപ്പൻ കാവ് – പൂക്കാടൻ കുന്ന്
35	പള്ളിക്കരപ്പടി –പയ്യനാട് പടി – വിളയൂർ
36	പള്ളിക്കരപ്പടി – തെക്കുംമുറി
37	കാമ്പ്രത്താൽ – ചീരംകോട് (ആക്കത്തടം വഴി)
38	പറക്കാട്ടുതൊടിപ്പടി മുതൽ കോഴിപ്പറമ്പ് കോളനി വഴി പുഴ വരെ
39	താമരശ്ശേരിപ്പടി മുതൽ ചിത്തനപ്പള്ളി കോളനി റോഡ്
40	ഭഗവതിവളവ് മുതൽ മൂർത്തൊടിക്കുണ്ട്

വികസന രേഖ തയ്യാറാക്കിയവർ

1. കെ. ഗോവിന്ദൻ കുട്ടി
2. പി.കെ. ചാമി
3. കെ.വി. ഗംഗാധരൻ
4. വി. പ്രസന്നകുമാർ
5. എം. ശിവശങ്കരൻ
6. കെ.പി. ഉണ്ണികൃഷ്ണൻ
7. ഇ. സെയ്തലവി
8. പി. സെയ്തലവി
9. ഒ. ശങ്കരൻ കുട്ടി
10. പി.കെ. സെയ്തലവി
11. വി.കെ. മുഹമ്മദ് ബഷീർ
12. എൻ.പി. രാമദാസ്
13. പി.പി.ശങ്കരൻ
14. എൻ. അനിൽകുമാർ
15. പി. സിറാജുദ്ദീൻ
16. ടി. ഗോപാലകൃഷ്ണൻ
17. കെ.പി. വിമലകുമാരി
18. കെ.പി. മുഹമ്മദാലി
19. ടി. വത്സല
20. പി. ലക്ഷ്മി
21. എം. ലക്ഷ്മിക്കുട്ടി ടീച്ചർ
22. ഡോ. പി.കെ പ്രതാപ്
23. പി. സുബ്രഹ്മണ്യൻ
24. കെ. സുബൈർ
25. വി.ടി. മുസ്തഫ
26. വി. ബാബു
27. വി. അഹമ്മദ്കുഞ്ഞി
28. വിജയശിഖാമണി
29. വി. സുരേന്ദ്രൻ
30. കെ. കൃഷ്ണൻ
31. ബി.വി. സുബ്രഹ്മണ്യൻ

നന്ദി

നന്ദി മാത്രമേയുള്ളൂ.....

വികസനരേഖയുടെ പണിപ്പുരയിലേക്ക് നിറഞ്ഞ വിവരങ്ങൾ തന്നവരോട്.

വാർദ്ധക്യത്തിന്റെ പിടിയിൽനിന്നും ഓർമ്മകളെ അരിച്ചെടുത്ത്

നാളേക്കായി പകർന്നുതന്ന

ഗുരുസ്ഥാനീയർക്ക്

പിന്നെ

യുഗപ്രഭാവനിൽ മനവും, മിഴിയും തുറന്ന് കർമ്മപഥത്തിലെത്തിയവർക്ക്


നന്ദി.....

നന്ദി മാത്രമേയുള്ളൂ.....



നമ്മുടെ ഗ്രാമലക്ഷങ്ങളെ
സേവിക്കുകയാണ്
സ്വരാജിന്റെ ഉദ്ദേശം

- ഗാന്ധിജി-


1
2
3
4
5
6
7
8
9



4288

KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680581